V നിയമനിർമ്മാണം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കുന്നുണ്ടോ ?

ഡോ. തോമസ് ഐസക് : ഇല്ല.

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുള്ള ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ പറയുന്ന ഫിനാൻസ് ബില്ലിൽ ധാരാളം അപാകതകൾ കടന്നുകൂടിയിട്ടുണ്ട്. ഇന്നത്തെ ദീപിക പത്രത്തിൽ അങ്ങയുടെ ഒരു പ്രസംഗമുണ്ട്. ഞാൻ അത് ക്വാട്ട് ചെയ്യുന്നില്ല. കേരളത്തിൽ ഭരണയന്ത്രത്തിന് കാര്യക്ഷമതയില്ലെന്ന്, എന്നു മാത്രമല്ല അങ്ങ് പറഞ്ഞത് വളരെ കറക്ടാണ്. കോ-ഓർഡിനേഷൻ മന്ത്രിമാർക്ക് തന്നെയില്ലല്ലോ. മന്ത്രിമാർക്ക് തമ്മിൽതന്നെയില്ല. അങ്ങ് ഉദ്യോഗസ്ഥന്മാർക്ക് കോ-ഓർഡിനേഷനില്ലായെന്ന് പറഞ്ഞു. അങ്ങും മുഖ്യമന്ത്രിയും ഒന്നിച്ചു നിൽക്കുമോ ?

ഡോ. തോമസ് ഐസക് : നിയമം ......

ശ്രീ. ആര്യാടൻ മുഹമ്മദ് : നിയമമെന്ന് പറഞ്ഞാൽ കൂട്ടുത്തരവാദിത്വമാണല്ലോ. കോൺസ്റ്റിറ്റ്യൂഷൻ പ്രൊവിഷനാണ് കൂട്ടുത്തരവാദിത്വം. അതില്ലായെന്ന് ഇവിടെ തെളിഞ്ഞിട്ടില്ലേ ? ഇപ്പോൾ ഏതായാലും മുഖ്യമന്ത്രിക്ക് കുറേ മാറ്റം വന്നു. ശ്രീ. പിണറായി വിജയനെ കുറേ പേടിയുണ്ട്, പാർട്ടി സെക്രട്ടറിയെ. അതാണല്ലോ പി.ഡി.പി.യെ പറയാത്തത്. അതല്ലെങ്കിൽ പി.ഡി.പി.യെ പറയുമല്ലോ. അതിനുള്ള തന്റേടം ഇപ്പോൾ ഇല്ല.

ശ്രീ. എം. വിജയകുമാർ : ബില്ലിൽ ഉണ്ടോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : ബില്ലിൽ ഇല്ല, ഇവിടെ നടക്കുന്ന കാര്യമല്ലേ. കോ-ഓർഡിനേഷനില്ല. പക്ഷേ മുഖ്യമന്ത്രി ഇപ്പോൾ ഏതായാലും ശ്രീ.പിണറായി വിജയനെ അംഗീകരിക്കുന്നു, ബഹുമാനിക്കുന്നു, അക്ഷരംപ്രതി അംഗീകരിക്കുന്നു. അങ്ങയുടെ പ്രസംഗം കഴിഞ്ഞ ദിവസവും

LIBRARY ARCHIVES Kerala Legislative Assembly

ഇന്നും ഞാൻ കേട്ടു. പോപ്പുലർ ഫ്രണ്ടിനെക്കുറിച്ച് പറയുന്നു. എത്ര പറഞ്ഞാലും അങ്ങേക്ക് മനസ്സിലാകില്ല അല്ലേ ? ഇതിനു മുമ്പ് ശ്രീമാൻ ഉമ്മൻ ചാണ്ടി ഈ സഭയിൽ പറഞ്ഞില്ലേ, പത്രക്കാരോട് പറഞ്ഞില്ലേ, ഇന്ന് പറഞ്ഞില്ലേ. എന്നിട്ടും അങ്ങ് പറയുന്നത് എന്താണ് ? അങ്ങേക്ക് ശ്രീ. പിണറായി വിജയന്റെ സേവ വേണം, അല്ലേ? അതല്ലേ ഇപ്പോൾ വേണ്ടത് ?

ശ്രീ. എം. വിജയകുമാർ : ഇത് ഫിനാൻസ് ബില്ലിന്റെ ഏത് ഭാഗത്താണ് ?

ശ്രീ. ആര്യാടൻ മുഹമ്മദ് : പ്ളീസ്, പ്ളീസ്. ഞാൻ പറയാം. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രീ, ഫിനാൻസ് ബില്ലിൽ ഏത് ഭാഗത്താണെന്ന് മനസ്സിലായോ ? ഇവിടെ ടാക്സ് കുറയുന്നു. ഈ ഭീകരപ്രവർത്തനത്തിന്റെ ഫലം. അതിന് മുഖ്യമന്ത്രി സഹായിക്കുന്നു. ആ ഭാഗം. മനസ്സിലായോ അതാണ് ഇവിടെ ടാക്സ് കുറയാൻ കാരണം. അതായത് വരുമാനം കുറയുന്നു. കാരണം ഭീകരവാദം ശക്തിയാർജ്ജിക്കുന്നു. അതിൽ ചിലരെ മുഖ്യമന്ത്രി സംരക്ഷിക്കുന്നു. പി.ഡി.പി.യെ പോലുള്ള ആളുകളെ മുഖ്യമന്ത്രി സംരക്ഷിക്കുന്നു. പോപ്പുലർ ഫ്രണ്ട്, പി.ഡി.പി., എൻ.ഡി.എഫ്., സിമി, ജമാഅത്തെ ഇസ്ലാമി, ഇതിനെയെല്ലാം ഞങ്ങൾ ഒറ്റക്കെട്ടായി എതിർക്കും. യാതൊരു സംശയവും വേണ്ട.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. സി. കെ. പി. പത്മനാഭൻ : ലീഗിനെ എതിർക്കുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : എന്തിനാണ് അവരെ എതിർക്കുന്നത് ? അതൊരു പൊളിറ്റിക്കൽ പാർട്ടിയല്ലേ. നിങ്ങൾ പറയുന്നതിനൊക്കെ എതിർക്കാൻ നിൽക്കണോ ? ലീഗിനെ ഞങ്ങൾ ഇന്നു വിട്ടാൽ നാളെ രണ്ടു കൈയും കെട്ടി നിങ്ങളെടുക്കുകയില്ലേ. പണ്ടും എടുത്തിട്ടില്ലേ ? ഞങ്ങളുടെ കൂടെ നിന്നിട്ട് നിങ്ങൾ എന്താ ചെയ്തത് ? ഞങ്ങളുടെ കൂടെ നിന്നിട്ട് അടവുനയമുണ്ടാക്കിയില്ലേ ? മലപ്പുറം ജില്ലയിൽ പല സ്ഥലത്തും ഉണ്ടാക്കിയില്ലേ ? ഇപ്പോൾ ഐ.എൻ.എൽ. ഞങ്ങൾ ഇല്ല എന്നു പറഞ്ഞതല്ലെ. അല്ലെങ്കിൽ നിങ്ങൾ വിടുമോ ? ഒരു കാര്യം ഞാൻ പറഞ്ഞേക്കാം. യാതൊരു സംശയവും നിങ്ങൾക്ക് വേണ്ട. എൻ.ഡി.എഫ്-നെപോലെ, പി.ഡി.പി.-യെപോലെ, ജമാഅത്തെ ഇസ്ലാമിയെപോലെയുള്ള തീവ്രവാദം അവർക്കില്ല. ഒരു സംശയവും വേണ്ട. (ബഹളം)..... യാതൊരു സംശയവും വേണ്ട. ഏതായാലും.... ഇനി പറയുന്നതൊന്നും ബില്ലിന്റെ ഭാഗമല്ല. ഈ ബില്ലിൽ 1959-ലെ കേരള മുദ്രപത്രം സർചാർജ്ജ് ആക്ട്.... ഒരു കാര്യം ഞാൻ പറഞ്ഞേക്കാം, ഞാൻ നാളെ ഒരു സബ്മിഷൻ കൊണ്ടുവരുന്നുണ്ട്. ഞാൻ നിങ്ങളോട് ചോദിച്ചതാണ്. ഇവിടെ താലിബാൻ കോടതി പ്രവർത്തിക്കുന്നുണ്ട്. എനിക്ക് ഒരു സംശയവുമില്ല. ഒറ്റക്കെട്ടായി എതിർക്കണം. യാതൊരു സംശയവുമില്ല. ഒരു കാര്യം കൂടി ..... നാളെ എനിക്ക് സബ്മിഷൻ തരുമെന്ന് ഉദ്ദേശിക്കുന്നു. അതുകൊണ്ട് ഞാനത് പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് ആവശ്യപ്പെടുന്ന എല്ലാ സബ്മിഷനും കിട്ടിയിരിക്കും.

ശ്രീ. ആര്യാടൻ മുഹമ്മദ് : നാളെ തരാമെന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് തരാമെന്ന് പറഞ്ഞിരുന്നു. അത് നാളേയ്ക്കു മാറ്റി, അതുകൊണ്ട് ഞാൻ നാളെ പറയും. അപ്പോൾ യാതൊരു സംശയവും വേണ്ട. നിങ്ങൾ എങ്ങനെ പിന്തുണച്ചാലും ഞങ്ങൾ പിന്തുണയ്ക്കുകയില്ല. ഇനി ഞാൻ മുഖ്യമന്ത്രിയോട് ഒരു കാര്യം പറയുന്നു. അങ്ങേയ്ക്ക് ഇനി ഞങ്ങളെ വിശ്വാസം വരണമെങ്കിൽ അങ്ങ് തലകുത്തിയൊന്ന് മറിഞ്ഞിട്ട് പോപ്പുലർ ഫ്രണ്ടിനെ എതിർക്കുമോ യെന്ന് ചോദിച്ചാൽ ഞങ്ങൾ രണ്ടു മറിച്ചിലുമറിഞ്ഞിട്ട് എതിർക്കുമെന്ന് പറയാം. അപ്പോൾ വിശ്വാസമാകുമോ ? ഇത്രയും പറഞ്ഞിട്ട് അങ്ങേയ്ക്ക് വിശ്വാസമാകുന്നില്ലല്ലോ. അങ്ങേയ്ക്ക് വിശ്വാസമാകില്ല. ശ്രീ. പിണറായി വിജയന് വിശ്വാസമായാലേ അങ്ങേയ്ക്കാവൂ. അങ്ങ് ഇപ്പോൾ അടിമപ്പെട്ടിരി ക്കുകയല്ലേ. ഇനിയിപ്പോൾ ആ വർത്തമാനമൊന്നും പറയണ്ട. നാട്ടു കാർക്കൊക്കെ അങ്ങയെക്കുറിച്ച് മനസ്സിലായിരിക്കുകയാണ്. മനസ്സിലായോ, അപ്പോൾ ഞാൻ ഇനി അതിലേക്കില്ല. പോപ്പുലർ ഫ്രണ്ടിനെ മരണംവരെ എതിർക്കും. ഒരു സംശയവും വേണ്ട. ജമാഅത്തെ ഇസ്ലാമിയെ എതിർക്കും, എൻ.ഡി.എഫി-നെ എതിർക്കും, പി.ഡി.പി.-യെ എതിർക്കും. അങ്ങേയ്ക്ക് പി.ഡി.പി. എന്ന വാക്കു പറയാനുള്ള തന്റേടമുണ്ടോ ? അതിനുള്ള തന്റേടമുണ്ടോ അങ്ങേയ്ക്ക്? അതിന് അങ്ങ് തയ്യാറാകുമോ ? ഞങ്ങൾ ഇവിടെനിന്നു ചോദിച്ചല്ലോ, അങ്ങ് മിണ്ടിയില്ലല്ലോ. ശ്രീ. ഉമ്മൻ ചാണ്ടി ആദ്യം പറഞ്ഞു, പറഞ്ഞത് ചെകിടുള്ളവരൊക്കെ കേട്ടല്ലോ.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഈ തീവ്രവാദ സംഘടനകളുടെയൊന്നും വോട്ട് വേണ്ട എന്ന് പ്രഖ്യാപിച്ചു. അങ്ങനെ പറയാനുള്ള ധിക്കാരം ഞങ്ങൾക്കില്ലായെന്ന് ബഹുമാ നപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതായിട്ടാണ് കാണുന്നത്. എന്താണ് കോൺഗ്രസ്സിന്റെ അഭിപ്രായം ?

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : തെറ്റിദ്ധരിക്കരുത്, ഞാൻ വളരെ വ്യക്തമായി പറഞ്ഞു. തീവ്രവാദ സംഘടനകളുമായി ഒരു കാലത്തും ബന്ധപ്പെട്ടിട്ടില്ല, ബന്ധപ്പെടുകയുമില്ല. തെരഞ്ഞെടുപ്പുകാലത്ത് പത്ത് വോട്ടിനുവേണ്ടി ഈ നിലപാട് മാറ്റുകയുമില്ല എന്നുകൂടി പറഞ്ഞു. അതില്ലാതെ ഒരു വാക്കു മാത്രം അടർത്തിയെടുത്ത് അങ്ങ് പറയുന്നതാണ് തെറ്റ്......(ബഹളം)....

ഡോ. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട ആലപ്പുഴ എം.എൽ. എ., എ.എ.ഷുക്കൂർ ഇവിടെയുണ്ട്. ഞാനും ആ തെരഞ്ഞെടുപ്പു രംഗത്തുണ്ടാ യിരുന്നു. അദ്ദേഹം നിഷേധിക്കട്ടെ, എസ്.ഡി.പി.യുടെ പരസ്യം വയ്ക്കുന്നയിടത്ത് അദ്ദേഹം ഉണ്ടായിരുന്നില്ലെന്ന് ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എ. എ. ഷുക്കൂർ</u> : എൻ.ഡി.എഫിന്റെയും പി.ഡി.പി.യുടെയും വോട്ട് വേണ്ടായെന്ന് പറഞ്ഞ് ആ തെരഞ്ഞെടുപ്പിൽ മത്സരിച്ച ഒരാൾ ഞാൻ മാത്രമായിരുന്നു. വേറെ ആരുമില്ലായിരുന്നു. .... (ബഹളം)......

<u>ശ്രീ. കെ. ബാബു</u> : എറണാകുളത്ത് പാർലമെന്റ് തെരഞ്ഞെടുപ്പിൽ എസ്.ഡി.പി. നിങ്ങളോടൊപ്പമായിരുന്നു. നിങ്ങൾ ആ വോട്ട് വേണ്ടെന്ന് പറഞ്ഞില്ലല്ലോ ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : അത് പോകട്ടെ, ഒരു കാര്യം ഞാൻ വളരെ ക്ലിയറായിട്ട് പറയാം. എനിക്ക് പാർട്ടി ടിക്കറ്റ് തരുന്ന കാര്യമൊക്കെ തീരുമാനിക്കുന്നത് എന്റെ പാർട്ടിയാണ്. അല്ലാതെ ഞാനല്ല. എന്റെ പാർട്ടി എനിക്ക് ടിക്കറ്റ് തന്നാലും ഞാൻ പറയും, ഇവരുടെ വോട്ട് എനിക്ക് വേണ്ടായെന്ന്. ഒരു സംശയവും വേണ്ട. അങ്ങനെ പറയാൻ അവിടെ ആർക്ക് ധൈര്യമുണ്ട് ? ..... (ബഹളം).... മുഖ്യമന്ത്രി പറയുമോ. പറഞ്ഞിട്ടില്ലല്ലോ. ഇനി ഞാൻ ഈ ബില്ലിന്റെ ബാക്കി ഭാഗത്തേയ്ക്ക് വരുന്നു. ബില്ലിൽ 1959-ലെ കേരള മുദ്രപ്പത്ര സർച്ചാർജ്ജ് ആക്റ്റിലെ 30-ാം വകുപ്പിന് ഒരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നു. ആ ഭേദഗതി എന്താണെന്നു ചോദിച്ചാൽ, ഏതെങ്കിലും നിയമത്തിൽ അതായത്... ഇവിടെ പറഞ്ഞത് വളരെ വ്യക്തമായിട്ടാണ്. "30 എ. മുദ്രവിലയിന്മേൽ സർച്ചാർജ്ജ് ഇല്ല" എന്നു പറഞ്ഞിട്ട് 30-ൽ കൊണ്ടുവന്ന ഭേദഗതി, '1994-ലെ പഞ്ചായത്ത് രാജ് ആക്റ്റിലോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു കരണത്തിന്മേൽ ഒരു ഗ്രാമപഞ്ചായത്തോ മുനിസിപ്പാലിറ്റിയോ അല്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷനോ മുദ്രവിലയിന്മേൽ സർച്ചാർജ്ജ് ചുമത്തുവാനോ സമാഹരിക്കുവാനോ പാടുള്ളതല്ല' എന്നാണ്. സംസ്ഥാനത്ത് 1994-ൽ ഈ നിയമം കൊണ്ടുവരുമ്പോൾ പരേതനായ ഇ.എം.എസ്. അടക്കം, ശ്രീ. കെ. എൻ. രാജ് അടക്കം സെക്രട്ടേറിയറ്റിനു മുമ്പിൽ ഇതിൽ അധികാരം പോരാ, ഫിനാൻഷ്യൽ പവർ പോരാ എന്നു പറഞ്ഞുകൊണ്ട് സമരം നടത്തിയ കാലം ഞാനോർക്കുന്നുണ്ട്. അന്ന് നിങ്ങളെല്ലാവരുമുണ്ടായിരുന്നു. ആ ആക്റ്റിലുള്ള നിയമത്തിനെപ്പോലും മറികടന്നുകൊണ്ട് ആ ആക്റ്റിൽ ഞങ്ങൾ കൊടുത്ത അധികാരം പോലും ഇന്ന് ഹനിക്കുന്ന ഭേദഗതിയല്ലേ ഈ കൊണ്ടുവന്നിട്ടുള്ള ഭേദഗതി. പഞ്ചായത്ത് രാജ് ആക്റ്റിൽ 206, വസ്തു കൈമാറ്റത്തിന്മേലുള്ള കരം, (1) വസ്തു കൈമാറ്റത്തിന്മേലുള്ള കരം താഴെപ്പറയുന്ന പ്രകാരം ചുമത്തേണ്ടതാണ്. (എ) താഴെപ്പറയുന്ന വിവരത്തിലുൾപ്പെടുന്ന ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്ഥാവര വസ്തുവെ സംബന്ധിച്ചുമായ ഓരോ കരണത്തിനും 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റ് പ്രകാരം ചുമത്തിയിട്ടുള്ള നികുതിയിന്മേലുള്ള ഒരു സർച്ചാർജ്ജ് രൂപത്തിലും (ബി) താഴെ അത്തരം കരണങ്ങൾക്ക് നേരെ പറഞ്ഞിരിക്കുന്ന തുകയുടെ അഞ്ച് ശതമാനത്തിൽ കവിയാത്ത സംഖ്യ സർക്കാർ നിശ്ചയിക്കാവുന്ന നിരക്കിലും ചുമത്തേണ്ടതാകുന്നു. 'മാൻഡേറ്ററിയാണ്, ചുമത്താവുന്നതല്ല, ചുമത്തേണ്ടതാകുന്നു. അത് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷനുകൾക്കും ഞങ്ങൾ നൽകിയ അധികാരമാണ്. താങ്കളുടെ ബില്ലിൽ എന്താണ് പറയുന്നത്? 1994-ലെ പഞ്ചായത്ത് രാജ് ആക്റ്റിലോ മുനിസിപ്പാലിറ്റി ആക്റ്റിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ആ സർച്ചാർജ്ജ് പിരിക്കാൻ പാടില്ല എന്നു പറഞ്ഞാൽ പഞ്ചായത്തുകൾക്ക് ഞങ്ങൾ നൽകിയ അധികാരം കവർന്നെടുത്ത് ആ പണം കൂടി സർക്കാരിന്റെ ഖജനാവിലേക്ക് കൊണ്ടുവരാനല്ലേ അങ്ങ് ശ്രമിക്കുന്നത്. അതല്ലേ അങ്ങയുടെ ഈ ഭേദഗതിയുടെ അർത്ഥം. അങ്ങ് കഴിഞ്ഞ പ്രാവശ്യം നിയമസഭയിൽ പറഞ്ഞു, അത് പോകില്ലായെന്ന്, പിന്നെ എന്തിനാണ് ഈ ആക്റ്റിൽ അതിന് ഭേദഗതി കൊണ്ടുവരുന്നത് ? 1994-ലെ പഞ്ചായത്ത് രാജ് ആക്റ്റിലോ മുനിസിപ്പാലിറ്റി ആക്റ്റിലോ എന്തുതന്നെ അടങ്ങിയിരുന്നാലും അത് പിരിക്കാൻ പാടില്ല. അവിടെ പിരിക്കാനുള്ള അവകാശമാണ് 206-ാം വകുപ്പനുസരിച്ച് ഞങ്ങൾ നൽകിയത്. അത് പോരാ എന്നു പറഞ്ഞ ആളുകളാണ് നിങ്ങൾ. എന്നിട്ട് ഇപ്പോൾ അത് മറികടന്ന് ആ അധികാരം കൂടി നിങ്ങൾ കൈവശപ്പെടുത്തുകയാണ്, അല്ലേ. ആ പണം കൂടി സർക്കാരിലേക്ക് കൊണ്ടുവരുന്നു. ഞങ്ങൾ പറയുന്നത് എന്താണെന്ന് അറിയാമോ, അന്നത്തെ സ്ഥിതിക്ക് അഞ്ച് ശതമാനം, അത് പത്ത് ശതമാനമാക്കി കൂട്ടണം. അത് നിലനിർത്തണം എന്നു മാത്രമല്ല അത് പത്ത് ശതമാനമാക്കി മാറ്റണം. പഞ്ചായത്തിന് അധികാരം വേണം. പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനുമൊക്കെ ഫണ്ട് വേണം. അവർക്കുണ്ടായിരുന്ന അധികാരം എടുത്തുകളയുന്ന ഈ നിയമം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടു ചെയ്യുന്ന കടുത്ത അനീതിയാണ്. യാതൊരു സംശയവും വേണ്ട. കടുത്ത അനീതിയാണ് എന്നു മാത്രമല്ല നിങ്ങൾ അധികാരത്തിൽ വന്നതിനുശേഷം നിങ്ങളുടെ ഓരോ നടപടിയുമെടുക്കൂ. നിങ്ങൾ പ്രസംഗിക്കുന്നതൊക്കെ ജനകീയാസൂത്രണം, പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും സഹായിക്കണം. ബഹുമാനപ്പെട്ട മന്ത്രി, ഞാനൊരു കാര്യം ചോദിക്കട്ടെ. ഇന്ന് ലോക്കൽ ബോഡീസിനെ സംബന്ധിച്ചിടത്തോളം എന്തൊക്കെയാണ് സ്ഥിതി ? എന്തെല്ലാം അധികാരങ്ങളാണ് നിങ്ങൾ എടുത്തുകളഞ്ഞത്. ഇവിടെ നിങ്ങൾക്കു കാണാം, പഞ്ചായത്ത് വാർഡിന്റെ അധികാരം.... ഇ.എം. എസ്. ഭവനനിർമ്മാണ പദ്ധതിയെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പക്ഷെ അവരുടെ ഡിസ്ക്രീഷനറി പവേഴ്സ് നിങ്ങൾ എടുത്തു കളഞ്ഞു. 15% ഫണ്ടിൽ നിന്ന് അതിനു മാറ്റണം. എന്തായിരുന്നു നമ്മൾ പറഞ്ഞിരുന്നത്. ഈ ലോക്കൽ ബോഡീസിന്റെ അധികാരം, എവിടെ ചെലവാക്കണം, എന്തിനു ചെലവാക്കണം എന്നൊക്കെ തീരുമാനിക്കാനുള്ള അധികാരം അവർക്കാണ്. അവിടെ നിങ്ങൾ കൈകടത്തി. 15 അല്ല 25 ശതമാനം വേണമെങ്കിൽ അവർ വയ്ക്കട്ടെ. ചില പഞ്ചായത്തുകൾക്ക് വേണ്ടെങ്കിൽ വേണ്ട. അവിടെ നിങ്ങൾ കൈകടത്തി. എന്നിട്ട് നിങ്ങൾ അവിടെ 15 ശതമാനം എന്ന അധികാരം എടുത്തു കളഞ്ഞു. ഒരു കാര്യം ഞാൻ ചോദിക്കട്ടെ, കുറേ പഞ്ചായത്തുകൾക്ക് റോഡ് മെയിന്റനൻസിന് സാദ്ധ്യമല്ല. അങ്ങനെ വന്നപ്പോൾ ആ പഞ്ചായത്തുകളുടെ ആവശ്യപ്രകാരം കുറേ റോഡുകൾ ഞങ്ങൾ ഡിസ്ട്രിക്റ്റ് റോഡുകളാക്കി മാറ്റി. 13,000 കി.മീറ്റർ നിങ്ങൾ അവരുടെ പേരിൽ അടിച്ചേൽപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ആ പഞ്ചായത്തുകളുടെ ഭാരം നിങ്ങൾ കൂട്ടി. എന്നു മാത്രമാണോ അവരുടെ ഗ്രാന്റ് വല്ലതും വർദ്ധിപ്പിച്ചോ ? ഇപ്പോൾ കർണ്ണാടകയിൽ വർദ്ധിപ്പിച്ചിരിക്കുന്നു. കർണ്ണാടക ഗവൺമെന്റ് ബി.ജെ.പി.യാണ്. പക്ഷേ, അവർ വർദ്ധിപ്പിച്ചിരിക്കുന്നു. നിങ്ങൾ ഫിനാൻഷ്യൽ പവർ എടുത്തു കളയുന്നു. അവരുടെ ചുമലിലേക്ക് ഭാരം അടിച്ചേൽപ്പിക്കുന്നു. ഇതല്ലേ നിങ്ങളുടെ ഭരണം ? ഒരു കാര്യം കൂടി പറയട്ടെ, പി.എം.ജി.എസ്.വൈ. റോഡുകൾ, ആ റോഡുകളിലെ ഇലക്ട്രിക് പോസ്റ്റ്, ടെലഫോൺ പോസ്റ്റ്, വാട്ടർ അതോറിറ്റിയുടെ ലൈൻ ഇതൊക്കെ പൊളിച്ചു മാറ്റണമെങ്കിൽ അതിൽ നിങ്ങൾ എന്താണ് ചെയ്തത് ? അതിന്റെ ചെലവൊക്കെ പഞ്ചായത്തുകൾ വഹിക്കണം. ബാക്കി സംസ്ഥാനങ്ങളിൽ എന്താണ് ചെയ്യുന്നത് ? അത് സ്റ്റേറ്റ് ഗവൺമെന്റ് വഹിക്കുന്നു. ബാക്കി മുഴുവൻ കേന്ദ്രം വഹിക്കുന്നു. പൊളിച്ചു മാറ്റേണ്ടതിന്റെ ചെലവ് മുഴുവൻ സ്റ്റേറ്റ് ഗവൺമെന്റ് വഹിക്കുന്നു. ഇവിടെ നിങ്ങൾ അതും മുഴുവൻ പഞ്ചായത്തിലേക്ക്. അപ്പോൾ ആ പണവും അവർക്ക് പോയി. എന്നു മാത്രമല്ല, ഇപ്പോൾ എസ്.എസ്.എ.യിൽ 75 ശതമാനം 25 ശതമാനം എന്നതിനെ 60 ശതമാനവും 40 ശതമാനവുമാക്കി. നിങ്ങൾ എന്താണ് ചെയ്തത് ? അതും പഞ്ചായത്തിന്റെ ചുമലിൽ വച്ചു. അപ്പോൾ പഞ്ചായത്തിന്റെ അധികാരങ്ങൾ കവർന്നെടുത്ത്, അവരുടെ സാമ്പത്തിക സ്ഥിതി മോശമാക്കി നിങ്ങളുടെ ഖജനാവ് നന്നാക്കാൻവേണ്ടി നിങ്ങൾ ശ്രമിച്ചു. നിങ്ങളാണ് ജനകീയാസൂത്രണം പറയുന്നത്. ഇപ്പോൾ അതിന്റെ മറ്റൊരു പതിപ്പാണ് നിങ്ങൾ കൊണ്ടുവന്നിട്ടുള്ള ഈ പഞ്ചായത്തിന്റെ അധികാരം വെട്ടിക്കുറച്ച്, അവർക്ക് നികുതി കെട്ടേണ്ടതാണ് എന്നുള്ളതാണ് നിയമത്തിലെ വ്യവസ്ഥ. കെട്ടാവുന്നതാണ് എന്നല്ല. രണ്ടും രണ്ടാണ്. മാൻഡേറ്ററിയാണ് പഞ്ചായത്തുകൾ ചെയ്യേണ്ടത്. ആ അധികാരം എടുത്തു കളയാനുള്ളതാണ് ഇപ്പോൾ നിങ്ങൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതി. ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നു. ഇതുപോലെ 199 മുനിസിപ്പൽ ആക്ടിലും ഈ അധികാരമുണ്ട്. ആ രണ്ട് അധികാരവും നിങ്ങൾ എടുത്തു കളഞ്ഞു. എന്നിട്ട് മന്ത്രി പറയുന്നത് എടുത്തു കളഞ്ഞാലും കിട്ടുമെന്ന്. പിന്നെ എന്ത് ആവശ്യത്തിനുവേണ്ടി എടുത്തു കളയണം ? അതിനെ ഞങ്ങൾ എതിർക്കുന്നു. അതുപോലെ തന്നെ 45-ാം വകുപ്പിൽ പട്ടികയിൽ ക്രമനമ്പർ 21. അതിൽ രജിസ്ട്രേഷനിൽ നിങ്ങൾ മര്യാദ വില നിജപ്പെടുത്തി. എത്ര അശാസ്ത്രീയമാണെന്നറിയുമോ ? സർവ്വേ നമ്പർ വച്ച് കെട്ടിയിരിക്കുകയാണ്. അതിന്റെ ഫ്രണ്ട് പോർഷന്റെ പത്തിലൊരു ഭാഗം അതിന്റെ ബേക്ക് പോർഷനിൽ കിട്ടുമോ ? അവിടെയൊക്കെ ഒരേ വില. ആർക്ക് രജിസ്റ്റർ ചെയ്യാൻ സാധിക്കും ? പാവപ്പെട്ടവരുടെ സ്ഥിതി എന്താണ് ? ഒരു വീട് വയ്ക്കണമെങ്കിൽ നാല് സെന്റ് സ്ഥലം വാങ്ങണം. അല്ലെങ്കിൽ മൂന്ന് സെന്റ് സ്ഥലം. തീപിടിച്ച വില. അതിനുപുറമേ നിങ്ങളുടെ സർച്ചാർജ് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ ഇതെല്ലാമുണ്ട്.

ഡോ. തോമസ് ഐസക്: അങ്ങ് ഇപ്പോൾ ഉദ്ധരിച്ചതുപോലെ ഇത് മാൻഡേറ്ററിയാണ്. പിരിക്കണം. അപ്പോൾ നിർദ്ദേശത്തിൽ പറയുന്നതുപോലെ 10 ശതമാനമായി വർദ്ധിപ്പിച്ച് പിരിച്ചാൽ മൊത്തത്തിലുള്ള സ്റ്റാമ്പ് ഡ്യൂട്ടി എത്രയാണ്. 7-ന് പകരം 17 ആകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: ഏതിൽനിന്നാണ് പിരിക്കുന്നത് എന്നറിയുമോ ? ആ വിലയുടെ ഇത്ര സർക്കാർ പിരിച്ചിട്ടുണ്ടായിരുന്നതാണല്ലോ അതാണ് ഫിനാൻസ് കമ്മീഷൻ ഡിവൈഡ് ചെയ്ത് കൊടുക്കുന്നത്. അങ്ങനെ ഡിവൈഡ് ചെയ്യുമ്പോൾ 10 ശതമാനം വരെ പഞ്ചായത്തിന് കൊടുത്ത് ബാക്കി കയ്യിൽ വച്ചാൽ മതി എന്നാണ് പറയുന്നത്.

ഡോ. തോമസ് ഐസക്: സർച്ചാർജ് എന്നുപറഞ്ഞാൽ സർക്കാർ പിരിച്ച നികുതിയുടെ ഒരു ഭാഗം നീക്കിവയ്ക്കുന്നു എന്നാണോ അങ്ങ് പറഞ്ഞുവരുന്നത് ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ചില നികുതി സെൻട്രൽ പിരിച്ചു വരുന്നുണ്ട്. രജിസ്ട്രേഷൻ ഫീ പഞ്ചായത്താണ് പിരിക്കുന്നത്. ആണ്ടവസാനം പിരിച്ചു കൊടുക്കുകയാണ്. അതുപോലെ സർചാർജ് വീതിച്ചുകൊടുക്കണം എന്നാണ് പറഞ്ഞത്. കേന്ദ്ര ഗവൺമെന്റിന്റെ ഇൻകംടാക്സ് നിങ്ങളാണോ പിരിക്കുന്നത്?

ഡോ. തോമസ് ഐസക്: സർചാർജ് പിരിക്കുന്നത് സംസ്ഥാന സർക്കാർ. എന്നിട്ട് ആ പിരിക്കുന്ന പണം പഞ്ചായത്തിന് നൽകുന്നു. ഫിനാൻസ് കമ്മീഷൻ ഇങ്ങനെയുള്ള എല്ലാ നിരക്കുകൾക്കും പകരം വ്യത്യസ്ത ഗ്രാന്റുകൾക്ക് പകരം, മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ്, ഡെവലപ്മെന്റ് ഫണ്ട് എന്നിവ കൊടുക്കുന്നു. ഇനിയിപ്പോൾ അങ്ങ് പറയുന്ന ഭേദഗതി അംഗീകരിച്ചാലുള്ള സ്ഥിതി എന്താണെന്നറിയുമോ? 10 ശതമാനം ഇപ്പോൾ നിശ്ചയിച്ചതിനേക്കാൾ കൂടുതലായിട്ട് പിരിക്കും. അത് പഞ്ചായത്തിന് അർഹതയില്ല. കാരണം, പഞ്ചായത്തിന് അർഹതപ്പെട്ടത് ഫിനാൻസ് കമ്മീഷൻ തീരുമാനിച്ചതാണ്. അങ്ങ് നിർബന്ധിക്കുന്നത് റേറ്റ് കൂട്ടാനാണ്. അങ്ങനെ ചെയ്യരുത്. അങ്ങ് എത്ര നിർബന്ധിച്ചാലും എനിക്ക് താൽപ്പര്യമില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇങ്ങനെയൊക്കെ തെറ്റിദ്ധരിപ്പിക്കാൻ അങ്ങ് ശ്രമിച്ചാൽ വലിയ പ്രയാസമാണ് കേട്ടോ. ഈ തെറ്റിദ്ധാരണയുണ്ടാക്കുന്നതെല്ലാം അങ്ങയുടെ ഖജനാവിലേക്ക് കൊണ്ടുവരാനല്ലേ? ഇതിൽനിന്നും 5 ശതമാനം കൊടുക്കേണ്ടത് ഇല്ലാതാക്കിയിട്ട് മുഴുവൻ അങ്ങേക്ക് കൈകാര്യം ചെയ്യാൻ കൺസോളിഡേറ്റ് ഫണ്ടിലേക്ക് കൊണ്ടുവരണം. എന്നിട്ട് അങ്ങേക്ക് കൈകാര്യം ചെയ്യാനല്ലേ ? മറ്റു മന്ത്രിമാരോട് ചെയ്യുന്നതുപോലെ തന്നെ. പി.ഡബ്ല്യു.ഡി.-ൽ കുറച്ച് പണമൊക്കെ ഉണ്ടല്ലോ. ഇപ്പോൾ ഈ വർഷകാലത്ത് നടന്നിട്ട് കംപ്ലീറ്റ് ഓട്ടയടയ്ക്കുകയല്ലേ എന്താണ് കാര്യം ? നിങ്ങളുടേതാണ് വകുപ്പ്. അങ്ങേയ്ക്ക് പണം ചെലവാക്കാൻ കഴിയും. മുൻപ് കൊടുത്തോ ? കൊടുത്തിരുന്നെങ്കിൽ ഈ വർഷകാലത്ത് ചെലവാക്കേണ്ടി വരുമായിരുന്നോ ? ഈ ഓട്ടയുണ്ടാക്കിയതിന് ഉത്തരവാദി അങ്ങാണ്. കാരണം, യഥാസമയം ഓട്ടയടയ്ക്കാനുള്ള പണം കൊടുത്തിരുന്നെങ്കിൽ ഈ ഓട്ടയുണ്ടാകുമോ ? അങ്ങ് എന്നേക്കാൾ വിവരമുള്ളയാളാണ്. പക്ഷേ പ്രായോഗികമായിട്ടും കുറവാണ്. അത് എല്ലാവർക്കുമറിയാം. അല്ലെങ്കിൽ വർഷകാലത്ത് ഈ ഓട്ടയുണ്ടാക്കിയിട്ട് അത്

LIBRARY ARCHIVES Kerala Legislative Assembly

അടയ്ക്കാൻവേണ്ടി നടക്കുമോ ? ഈ പണം എന്തുകൊണ്ട് നേരത്തെ കൊടുത്തുകൂടായിരുന്നു. ഓട്ടയടയ്ക്കൽമന്ത്രി എന്നുള്ള പേര് കിട്ടനാണെങ്കിൽ എനിക്ക് വിരോധമില്ല. സർച്ചാർജ് ഉള്ള റേറ്റിൽ പിരിക്കണം. ആ റേറ്റ് കുറച്ച് കുറയ്ക്കണം. എന്റെ അഭിപ്രായത്തിൽ പഴയ റേറ്റിനേക്കാൾ കുറയ്ക്കണം. അത് വന്നുകഴിഞ്ഞാൽ അത് ഗവൺമെന്റ് കളക്ട് ചെയ്യണം. ഗവൺമെന്റ് കളക്ട് ചെയ്തിട്ട് ആ പണം ഇതിനു പുറമെ കൊടുക്കണം. ഇന്ന് അത് ചെയ്യണമെന്ന് പറഞ്ഞാൽ അത് ഫിനാൻസ് കമ്മീഷൻ ചെയ്യേണ്ടതല്ല. ഇന്നത് ചെയ്യണമെന്നു പറഞ്ഞാൽ അത് അവരുടെ അധികാരമാണ്. ഇവിടെ സെയിൽസ് ടാക്സ് കെട്ടാൻ നിങ്ങൾക്ക് അധികാരമുണ്ട്. അത് കണക്കിലെടുത്തിട്ടാണോ ഇവിടെ ഫിനാൻസ് കമ്മീഷൻ ചെയ്യുന്നത്? ഓരോ സ്റ്റേറ്റിന്റെയും സാമ്പത്തിക സ്ഥിതി നോക്കും. എന്റെ വാദം ഈ പറയുന്ന മുഴുവൻ സർച്ചാർജും ഈ പറയുന്ന റേറ്റിൽ പിരിച്ചെടുക്കണം. എന്നിട്ട് അവിടെയാണ് ഗവൺമെന്റ് തീരുമാനിക്കാൻ. ഓരോ കൊല്ലത്തെയും സ്ഥിതി നോക്കി 10 ശതമാനം വരെ ലോക്കൽ ബോഡീസിന് കൊടുക്കാൻ തീരുമാനിക്കണം. മുൻപ് അങ്ങനെയാണ് റോഡ് ടാക്സ് കൊടുത്തത്. ഇപ്പോൾ റോഡ് ടാക്സ് ഫിനാൻസ് കമ്മീഷനാണോയെന്ന് എനിക്കറിയില്ല. രജിസ്ട്രേഷൻ അങ്ങനെയാണ് കൊടുത്തത്. അതിനൊക്കെ വ്യവസ്ഥയുണ്ട്. അങ്ങ് പറഞ്ഞതല്ല ശരി. അതുകൊണ്ട് അങ്ങ് ആളുകളെ തെറ്റിദ്ധരിപ്പിക്കരുത്. സീരിയൽ നമ്പർ 21-ൽ വസ്തുവിന്റെ തീറാധാരവിലയോ ന്യായവിലയോ കൂടുതലെങ്കിൽ അതിന്റെ 100 രൂപയ്ക്ക് 7 രൂപ എന്നാണ്. അത് ശരിയല്ല. മുൻപ് 6 രൂപ ആയിരുന്നു. അത് അമന്റ് ചെയ്ത് ഏഴ് രൂപാ ആക്കുകയാണ്. അപ്പോൾ ഫെയർ വാല്യൂ കൂടി അതിനുപുറമെ ഈ പറയുന്ന ടാക്സും കൂടി കഴിഞ്ഞാൽ നാട്ടിലെ പാവപ്പെട്ടവർക്ക് വലിയ പ്രയാസമുണ്ടാകും. പാവപ്പെട്ടവന് നാല് സെന്റ് വാങ്ങാൻ സാധിക്കുമോ ? ഇപ്പോൾത്തന്നെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പാവപ്പെട്ടവന്റെ സ്ഥിതി എന്താണ് ? പണ്ട് നമുക്ക് അച്ചുതമേനോന്റെ കാലത്ത് കുടികിടപ്പ് അവകാശം കിട്ടി. അതിനുശേഷം ആ കുടികിടപ്പ് കിട്ടിയ സ്ഥലത്ത് അഞ്ചും ആറും കുടുംബങ്ങൾ താമസിക്കുകയാണ്. അത് ഇന്ന് കേരളത്തിൽ ഒരു സോഷ്യൽ പ്രോബ്ളമാണ്. മുമ്പാണെങ്കിൽ ഒരു മകൻ കല്യാണം ചെയ്താൽ അങ്ങേപ്പുറത്ത് അഞ്ച് സെന്റ് സ്ഥലം വീടുവയ്ക്കാൻ ജന്മിമാർ കൊടുക്കുമായിരുന്നു. ഇന്ന് അതില്ല. അപ്പോൾ ഈ പത്ത് സെന്റ് അല്ലെങ്കിൽ അഞ്ച് സെന്റിൽത്തന്നെ അവൻ കഴിയുകയാണ്. വേറെ വീടില്ല. ഒരു വീട്ടിൽ രണ്ട് മുറി അല്ലെങ്കിൽ ഒരു മുറി. അതിൽ നാലു മക്കളും അവരുടെ ഭാര്യമാരും കിടന്നുറങ്ങുന്നു. എന്താ സ്ഥിതി, അങ്ങ് ഒന്ന് ആലോചിച്ചു നോക്കൂ. അപ്പോൾ അത് ഒരു സോഷ്യൽ പ്രോബ്ലമാണ്. ആ സന്ദർഭത്തിൽ എവിടെനിന്നെങ്കിലും കടം വാങ്ങിച്ച് രണ്ട് സെന്റ് ഭൂമി വാങ്ങി ഒരു വീട് വയ്ക്കണമെങ്കിൽ അവർക്ക് ഇന്ന് സാധിക്കുമോ ? വലിയ വില, അതിനുപുറമേ ഈ പറയുന്ന ഫെയർ വാല്യൂ. അതുകഴിഞ്ഞ് ഒരു കാര്യം കൂടി ഈ ഗവൺമെന്റ് കൊണ്ടുവന്നില്ലേ ? ഒരു ഓർഡർ കൊടുത്തു പഞ്ചായത്ത് നിലമാണെങ്കിൽ പാടില്ല. .നൂറു കൊല്ലം മുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

നിലമാണ് പിന്നെ റബ്ബർ വച്ചു, തെങ്ങ് വച്ചു അടിയാധാരത്തിൽ ഇപ്പോഴും നിലമാണ്. പഞ്ചായത്ത് സമ്മതം കൊടുക്കുമോ ? കൊടുക്കില്ല. അതിന് ഇപ്പോൾ ഒരു നിയമം കൊണ്ടുവന്നു, നിയമത്തിൽ പഞ്ചായത്ത് കമ്മിറ്റിയും ജില്ലാ കമ്മിറ്റിയുമൊക്കെയുണ്ട്. അതിന് ലാന്റ് ബാങ്ക് വേണം, അതിന് ലാന്റ് ബാങ്ക് എവിടെ ശരിയായി ? എത്ര കാലമായി. ഏതൊരു പാവപ്പെട്ടവന് വീടുവയ്ക്കാൻ സാധിക്കും ? എല്ലാ പഞ്ചായത്തിലും ബിൽഡിംഗ് റൂൾസ് നിങ്ങൾ കൊണ്ടുവന്നു. അതിന്റെ ഫലമായി ഇവർക്ക് ഒന്ന്, രണ്ട് സ്ഥല മൊക്കെ ആയിക്കിട്ടിയാൽപ്പോലും ഇവൻ അതും കൊണ്ട് ഓടുകയാണ് വര യ്ക്കാൻ. നിങ്ങൾ ആലോചിക്കൂ എന്തൊക്കെയാണ് നിങ്ങൾ ഈ നാട്ടിലെ പാവങ്ങളോട് ചെയ്തത് ? അതിനൊക്കെപ്പുറമേ ഇപ്പോൾ ഇങ്ങനെയൊന്ന് കൊണ്ടുവന്നിരിക്കുന്നു. കടംവാങ്ങിച്ച് രണ്ട് സെന്റ് വാങ്ങിക്കാൻ സാധിക്കുമോ ? ഇപ്പോൾ അതിന് 6 ശതമാനം ടാക്സ് ഉണ്ടായിരുന്നത് ഏഴ് ശതമാനമാക്കിയിരിക്കുന്നു. സീരിയൽ നമ്പർ-21. അത് നാലാക്കണമെന്നാണ് എന്റെ അഭിപ്രായം. ഇത് വർദ്ധിപ്പിക്കുക എന്നാണോ അർത്ഥം ? അതിനെ അങ്ങനെയാണോ വ്യാഖ്യാനിക്കുന്നത്. 1963-ലെ പൊതുവിൽപ്പന നികുതി, ബിയ റിന്റെ ടാക്സ് 60 എന്നുള്ളത് 50 ആക്കി. പ്രത്യക്ഷത്തിൽ കണ്ടാൽ തോന്നും, പറഞ്ഞത് എന്താ ചുരുങ്ങിയ വിലയ്ക്ക്, വീര്യം കുറഞ്ഞത് പ്രചരിപ്പിക്കാനാ ണെന്ന്. കേട്ടാൽ ശരിയാണ് എന്ന് തോന്നും, അതേയവസരത്തിൽ ബിയർ മാനുഫാക്ച്ചേഴ്സ് മല്ല്യയെപ്പോലുള്ള ആളുകൾ അവർക്ക് വില കൂട്ടിക്കൊടുത്തു സർക്കാർ. ബിവറേജസ് കോർപ്പറേഷനാണെങ്കിൽ ചിലപ്പോൾ പറയും അത് കോർപ്പറേഷനാണ്, ഞങ്ങൾ ടെൻഡർ വിളിച്ചതാണ്. ഒരു കാര്യം ഈ രൂപത്തിലുള്ള മല്ല്യയെപ്പോലുള്ള മാനുഫാക്ച്ചേഴ്സിനെയല്ല സഹായിക്കേണ്ടത്. അവിടെ ബിയറിന്റെ വില കുറയ്ക്കണം. ബിവറേജസ് വലിയ വില കൊടുത്ത് വാങ്ങുന്നു. എന്നിട്ട് 60 ശതമാനം 50 ശതമാനമാക്കി മാറ്റുന്നു. സർക്കാരിന് നഷ്ടമൊന്നുമില്ല. വില കൂടിയതാണല്ലോ കൺസ്യൂ മേഴ്സിന് കിട്ടുന്നത്. എന്നിട്ട് കൺസ്യൂമേഴ്സിന്റെ പേര് പറയുന്നു. എന്റെ അഭിപ്രായത്തിൽ ഈ പറയുന്ന ബിയറിന്റെ, മദ്യത്തിന്റെ വില നിശ്ചയിക്കുന്നത് മാക്സിമം പ്രൈസ് കാൽക്കുലേറ്റ് ചെയ്യണം. അതിന്റെ കോസ്റ്റ് കാൽക്കുലേറ്റ് ചെയ്യണം. ഇത്ര ശതമാനം ലാഭം എന്ന് കാൽക്കുലേറ്റ് ചെയ്യണം. അത് കൂട്ടിയിട്ട് വില നിജപ്പെടുത്തണം. അതിൽക്കൂടുതൽ പാടില്ല. അങ്ങനെ ടെൻഡർ വിളിക്കണം. മാക്സിമം പ്രൈസ് വച്ചിട്ട് ടെൻഡർ വിളിക്കണം. കിട്ടും. യാതൊരു സംശയവും വേണ്ട. അതിനുപകരം അവർ ചോദിച്ചിട്ട് ഇങ്ങനെ എഴുതിക്കൊടുക്കുകയാണ്. ബിവറേജസ് കോർപ്പറേഷന്. നിങ്ങൾ അങ്ങനെ കൂട്ടിക്കൊടുക്കുകയാണ്. എന്നിട്ട് ടാക്സ് കുറയ്ക്കുകയാണ്. പാവപ്പെട്ടവനെ സഹായിക്കാനാണെന്നുള്ള വ്യാജേനയാണ് നിങ്ങൾ ഇതൊക്കെ ചെയ്യുന്നത്. വാസ്തവത്തിൽ ഇത് മല്ല്യയെപ്പോലുള്ള മാനുഫാക്ച്ചേഴ്സിന് സഹായകരമാണ്. അതാണ് എനിക്ക് അക്കാര്യത്തെ ക്കുറിച്ച് പറയാനുള്ളത്. അതിനുപുറമേ ഞാൻ ഒരു കാര്യം ചോദിക്കട്ടെ, ഈ ഗവൺമെന്റ് സാധാരണക്കാരന്റെ പേര് എല്ലാത്തിനും പറയും. ഇവിടെ 1996-ൽ

LIBRARY ARCHIVES Kerala Legislative Assembly

എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോളിന്, ഒരു പ്രൂഫ് ലിക്കറിന് അഞ്ച് ഉറുപ്പിക ടാക്സ് വച്ചു. ഈ മുതലാളിമാരൊക്കെ കോടതിയിൽ പോയി, കോടതിയിൽ പോയിട്ട് അത് കൊടുത്തില്ല, സ്റ്റേ ചെയ്തു. അവസാനം ഇപ്പോൾ എന്താ സ്ഥിതിയെന്നറിയാമോ ? സി.എ.ജി. അത് ചൂണ്ടിക്കാണിച്ചു -2007-ൽ 124 കോടി രൂപ. പിറ്റേവർഷം 2008-ലെ സി.എ.ജി. ആഡിറ്റ് റിപ്പോർട്ടിൽ 17-ൽ ചില്വാനം കോടി രൂപ. അതിപ്പോൾ നിങ്ങൾ എന്താ ചെയ്തത് ? കഴിഞ്ഞ അസംബ്ലിയിൽ, അബ്കാരി അമെൻഡ്മെന്റ് ആക്ട് കൊണ്ടുവന്നിട്ട് അത് നിങ്ങൾ എടുത്തുകളഞ്ഞു. പത്ത്, 150 കോടി രൂപ ഒരു പ്രയാസവും കൂടാതെ, നിങ്ങൾക്കുണ്ടായില്ലല്ലോ ? അത് കിട്ടിയതാർക്കാ ? ലിക്കർ മാനുഫാക്ച്ചേഴ്സിന്. പക്ഷെ, അങ്ങ് വളരെ ബുദ്ധിപൂർവ്വം എക്സൈസ് മിനിസ്റ്ററെക്കൊണ്ട് അമെന്റ്മെന്റ് കൊണ്ടുവന്നു. അങ്ങയെ കുറ്റപ്പെടുത്താം. പക്ഷെ, കൂട്ടുത്തരവാദിത്തമുണ്ടല്ലോ ? ഇതൊക്കെ ഫൈനാൻസ് അറിയാതെ ചെയ്യാനൊന്നും പറ്റില്ലല്ലോ ? 150-കോടിയോളം രൂപ കേരള ഗവൺമെന്റിന്റെ എക്സ്ചെക്കർക്ക് വരേണ്ടുന്ന പണം, ഒരു മന്ത്രിക്ക് ഒരു ബിൽ കൊണ്ടുവന്ന് കാബിനറ്റ് അംഗീകരിക്കാതെ ഫിനാൻസിന്റെ അംഗീകാരമില്ലാതെ അത് പാസ്സാക്കാൻ സാധിക്കുമോ ? 150-കോടി രൂപ നിങ്ങൾ ഉണ്ടാക്കിക്കൊടുത്തു. അതിനുപുറമേയാണ് ഇപ്പോൾ ഈ സഹായം ചെയ്യുന്നത്. ഇത് നിങ്ങൾ ആരെയാണ് സഹായിക്കുന്നത്, ആർക്കുവേണ്ടിയാണ് നിൽക്കുന്നത്. സി.എ.ജി. റിപ്പോർട്ട് 2006-07 പാരഗ്രാഫ് 5.2., 124.82 കോടി രൂപ, അതുകഴിഞ്ഞതിനു ശേഷം എല്ലാംകൂടി 142.18 കോടി രൂപ. അതിനുശേഷമുള്ളത് പിന്നെയും വരും. ഏറ്റവും ചുരുങ്ങിയത് 150 കോടി രൂപ. റെക്ടിഫൈഡ് സ്പിരിറ്റിന്റേത് പോട്ടെ, ഞാൻ ഒരു കാര്യം കൂടി പറഞ്ഞ് നിർത്തുകയാണ്. ഇപ്പോൾ എല്ലാത്തിനും ടാക്സ് കൂട്ടി. കേന്ദ്രം പെട്രോളിന് ടാക്സ് വർദ്ധിപ്പിച്ചു എന്ന് എന്നും അങ്ങ് പ്രസംഗിക്കാറുണ്ട്. 2008-ൽ കേന്ദ്രം പെട്രോളിനും ഡീസലിനും വില കുറച്ചു, അപ്പോൾ താങ്കൾ എന്താ ചെയ്തത് ? 2009 ഫെബ്രുവരി മാസത്തിൽ പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ചു. പെട്രോളിന് 2.98 ശതമാനം വർദ്ധിപ്പിച്ചു. ആ വർദ്ധനവ് ഇപ്പോൾ കേന്ദ്രത്തിന്റെ വർദ്ധനവിൽ നിന്ന് ഈടാക്കുന്നു. എന്നിട്ട് താങ്കൾ വർദ്ധിപ്പിച്ചത് കുറയ്ക്കാൻ തയ്യാറില്ല. കേന്ദ്രം കുറയ്ക്കണം എന്നാണ് പറയുന്നത്. ഇന്ന് ഇൻഡ്യാ രാജ്യത്ത് ഡീസലിന് ഏറ്റവുമധികം ടാക്സുള്ള സംസ്ഥാനമാണ് കേരളം. ആ ടാക്സ് കുറച്ചാൽ ഇവിടെ പെട്രോളിന്റേയും ഡീസലിന്റേയും വില കുറയും. 12 ശതമാനമാണ് വെസ്റ്റ് ബംഗാളിലെ ഡീസലിന്റെ ടാക്സ്. ഇവിടെ 29.69 ശതമാനം. നിങ്ങളുടെ ടാക്സ് 29.01 ശതമാനം. ബംഗാളിൽ നിങ്ങളെപ്പോലെ ഒരു ധനകാര്യ മന്ത്രി, നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കാൾ വിവരമുള്ള ഒരു മുഖ്യമന്ത്രി അല്ലേ ? അത് അങ്ങ് അംഗീകരിക്കുമോ ? മൗനം സമ്മതം. ഞാൻ ഒരു കാര്യം പറയട്ടെ, ഡീസലിന് പഞ്ചാബിൽ 8 ശതമാനമാണ് ടാക്സ്. ഹരിയാനയിലും എട്ട് ശതമാനം. ഇൻഡ്യാ രാജ്യത്ത് ഡീസലിന് ഏറ്റവും കൂടുതൽ ടാക്സുള്ള സംസ്ഥാനമാണ് കേരളം. ഇവിടെ വർദ്ധിപ്പിച്ചത് കുറയ്ക്കാൻ തയ്യാറുണ്ടോ ? ബംഗാളിന്റേത് വേണ്ട, ബംഗാൾ 12 ശതമാനം, നിങ്ങൾ 29 ശതമാനത്തിന് മീതെ. ഡോക്ടർ

LIBRARY ARCHIVES Kerala Legislative Assembly

തോമസ് ഐസക് ഞാൻ ഒരു കാര്യം പറയട്ടെ, ഈ നാട്ടിലെ വില വർദ്ധന വിനെ നേരിടണമെന്നുണ്ടെങ്കിൽ ഈ ടാക്സ് കുറയ്ക്കണം. ഇത് കുറയ്ക്കാൻ തയ്യാറാകുമോ ? സാധാരണക്കാരനെ ബാധിക്കുന്ന ഏതെങ്കിലും ഒരു ടാക്സ് ഈ സർക്കാർ കുറച്ചോ ? നിങ്ങൾ വന്നതിനു ശേഷമല്ലേ ഒരു ശതമാനം സെസ്സ് കൊണ്ടുവന്നത്. അപ്പോൾ വാറ്റിന് പുറമേ ഒരു ശതമാനം സെസ്സ്. അത് ഞങ്ങളുടെ കാലത്തില്ല. നിങ്ങളല്ലേ പത്ത് ശതമാനം സർചാർജ്ജ് കൊണ്ടുവന്നത്. അത് ഏതെങ്കിലും നിങ്ങൾ പിൻവലിച്ചോ ? ഈ പറയുന്ന ടാക്സൊക്കെ കൂട്ടി, എന്നിട്ടും വല്ല രക്ഷ യുണ്ടോ ? ടാക്സിന്റെ ഗ്രോത്ത് കുറയുകയാണ്. ഞാൻ ഏതായാലും അതിലേക്ക് കടക്കുന്നില്ല. സാധാരണക്കാരനെ ദ്രോഹിക്കൽ ഒരു കൈമുദ്രയാക്കി സ്വീകരിച്ച ഈ സർക്കാരിന്റെ നയം ഈ ബില്ലിൽക്കൂടി വളരെ പ്രകടമാണ്. അതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

<u>ശ്രീ. കെ. ബാബു</u> : സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായി എന്നുള്ള ഡോ. തോമസ് ഐസകിന്റെ പ്രസ്താവന പലപ്പോഴും വരാറുണ്ട്. അത് വിശദമായി പരിശോധിച്ചാൽ നികുതി വരുമാനത്തിന്റെ പെർസെന്റേജ് കണക്കാക്കിയാൽ നമ്മുടെ വർദ്ധ നവിന്റെ പെർസെന്റേജ് യഥാർത്ഥത്തിൽ കുറഞ്ഞിരിക്കുകയാണ് എന്ന് മനസ്സിലാകും. ഇവിടെ ഡോ. തോമസ് ഐസക് ധനകാര്യ മന്ത്രിയെന്നുള്ള നിലയിൽ ഇപ്പോൾ ടാക്സ് കളക്ഷൻ വർദ്ധിച്ചതിനെക്കുറിച്ച് ധാരാളം പ്രസ്താവനകൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനം കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന വാറ്റ് നികുതി നിർദ്ദേശങ്ങളാണ് എന്നുള്ള കാര്യം നിഷേധിക്കാൻ സാധ്യമല്ല. അതിനെ ശക്തമായി എതിർത്ത ഒരു പ്രതിപക്ഷ നേതാവായിരുന്നു ഡോ. തോമസ് ഐസക്. ഇവിടെയിരുന്നു കൊണ്ട് അദ്ദേഹം വാറ്റ് സമ്പ്രദായം കൊണ്ടുവന്നതിനെതിരായി വളരെ ശക്തമായി എതിർത്തതാണ്, അത് പ്രായോഗികമല്ല എന്നുള്ള എതിർപ്പുകൾ പ്രകടിപ്പിച്ചിരുന്നു. എന്നാൽ ഇന്നൊരു യാഥാർത്ഥ്യം വ്യക്തമായിരിക്കുകയാണ്. വാറ്റ് നികുതി സംസ്ഥാനങ്ങൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതാണെന്നും ഇടക്കാലത്ത് ധനകാര്യ കമ്മീഷനെതിരായി കേസ് കൊടുക്കുമെന്നുവരെ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ആ ധനകാര്യ കമ്മീഷന്റെ സംസ്ഥാനത്തിന്റെ വിഹിതം നിശ്ചയിക്കുന്നതിന് പ്രയോജനകരമായ വിധത്തിൽ ജി.എസ്.ടി. കൊണ്ടുവരാൻ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഏതായാലും ഈ സംസ്ഥാന ഗവൺമെന്റ് ശ്രീ. കോടിയേരി ബാലകൃഷ്ണനുൾപ്പെടെ യുള്ള മാർക്സിസ്റ്റ് പാർട്ടി കേന്ദ്ര ഗവൺമെന്റിനെ അധികമൊന്നും അനുകൂ ലിച്ചിട്ടില്ല. ഞാൻ നോക്കിയിട്ട്ആകെ രണ്ടു കാര്യത്തിനാണ് നിങ്ങൾ ആകെ അനുകൂലിച്ചിട്ടുള്ളത്. ഒന്ന്, രൂപയ്ക്ക് ചിഹ്നമുണ്ടാക്കിയപ്പോൾ നിങ്ങൾ അനു കൂലിച്ചു, അത് അനുകൂലിക്കാൻ കാരണം അത് അരിവാൾ ചുറ്റിക നക്ഷത്രം പോലെ ഇരിക്കുന്നു എന്നുള്ളതുകൊണ്ടാണ്. നാളെ വേണമെങ്കിൽ താഴോട്ട് പറയാം. നമ്മുടെ പാർട്ടിയുടെ തെരഞ്ഞെടുപ്പ് ചിഹ്നം കേന്ദ്ര ഗവൺമെന്റ് രൂപയുടെ മുദ്രയായി അംഗീകരിച്ചു. നിങ്ങൾ അതിനെ അനുകൂലിച്ചിട്ടുണ്ട്. കഴിഞ്ഞദിവസം ഈ ബിൽ ഇൻട്രൊഡ്യൂസ് ചെയ്തുകൊണ്ട് ജി.എസ്.ടി.യെ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുമെന്ന് ഡോ. തോമസ് ഐസക് പറഞ്ഞു. ബഹുമാനപ്പെട്ട ചെയർ മനസിലാക്കേണ്ടത് ധനകാര്യമന്ത്രിയും ഇവിടത്തെ ഭരണകക്ഷിയും കേന്ദ്ര ഗവൺമെന്റിനെ ഒരു കാര്യത്തിലും അനുകൂലിച്ചിട്ടില്ല. ഞാൻ പറഞ്ഞല്ലോ, വാറ്റ് ഇൻട്രോഡ്യൂസ് ചെയ്ത സമയത്ത് ഇപ്പോഴത്തെ ധനകാര്യമന്ത്രി ഈ വാറ്റിനെ ശക്തമായി എതിർത്തതാണ്. പിന്നെ ഇന്നിപ്പോൾ പുതിയ ടാക്സേഷനിലേക്ക് മാറുന്നതിനെ (ജി.എസ്.ടി) അനുകൂലിച്ചു. അപ്പോൾ ചില കാര്യങ്ങളൊക്കെ കൊള്ളാമെന്ന് സമ്മതിച്ചല്ലോ.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, എല്ലാം അംഗീകരിച്ചു എന്ന് കരുതണ്ട. ഇപ്പോൾ ഭരണഘടന ഭേദഗതിയുടെ ഡ്രാഫ്ട് വന്നിട്ടുണ്ട്. അതുപ്രകാരം ജി.എസ്.ടി. കൗൺസിൽ എടുക്കുന്ന തീരുമാനങ്ങൾ മൂന്നിൽ രണ്ട് ഭൂരിപക്ഷം വച്ച് കേന്ദ്ര സർക്കാരിന്റെ അംഗീകാരമുണ്ടെങ്കിൽ, എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഒരു ഫെഡറൽ രാജ്യത്ത് കേന്ദ്ര ഗവൺമെന്റിന് ഒരു അധികാരം വേണ്ട. എല്ലാ അധികാരങ്ങളും സംസ്ഥാനത്തിന്റെ പോക്കറ്റിൽ തന്നെ ഇരിക്കണമെന്ന് വാശിപിടിക്കുന്നത് തന്നെ ഡിസ്ഇന്റഗ്രേഷന്റെ ഒരു ഭാഗമല്ലേ.

ഡോ.തോമസ് ഐസക്: ഭരണഘടന പ്രകാരം സംസ്ഥാനങ്ങൾക്ക് ആകെയുള്ള നികുതി അവകാശം ഈ വിൽപ്പന നികുതിയാണ്. ആ വിൽപ്പന നികുതിയവകാശം രാജ്യത്തിന്റെ പൊതു താൽപ്പര്യം അനുസരിച്ച് ഏകീകൃതമാക്കാൻ വേണ്ടി തീരുമാനിക്കുന്നു. അപ്പോൾ സംസ്ഥാനങ്ങൾ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടുകൂടി എടുക്കുന്ന തീരുമാനങ്ങൾ വീറ്റോ ചെയ്യാനുള്ള അധികാരമുള്ള ഒരു ജി.എസ്.ടി. കൗൺസിലിനായിരിക്കും പരമാധികാരം എന്ന് പറയുന്നത് സംസ്ഥാനത്തിന് അംഗീകരിക്കാൻ പറ്റില്ല.

ശ്രീ. കെ. ബാബു: സർ, എല്ലാ അധികാരവും കൈവിട്ട് പിന്നെ ഒരു കേന്ദ്ര ഗവൺമെന്റ് നിലനിൽക്കേണ്ട കാര്യമില്ലല്ലോ ?

ശ്രീ. പി. സി. ജോർജ്: സർ, ഈ തർക്കത്തിൽ ഒരു അഭിപ്രായം എനിക്കുണ്ട്. 50 ശതമാനം സംസ്ഥാനങ്ങൾ ഒരു കാര്യം അംഗീകരിച്ചാൽ കേന്ദ്രം അത് അംഗീകരിച്ചു കൊടുക്കണ്ടേ ? സംസ്ഥാന പാർട്ടിയെന്നുള്ള നിലയിൽ ഞങ്ങളുടെ അഭിപ്രായം പറയുകയാണ്. യു.ഡി.എഫ്-ന് ഒരു കുഴപ്പവുമില്ല. പക്ഷേ, സംസ്ഥാനത്തിന് സംസ്ഥാനത്തിന്റേതായ അധികാരം വിട്ടുകൊടുക്കണമെന്നുള്ള അഭിപ്രായമാണ് കേരളാ കോൺഗ്രസിനുള്ളത്. നമ്മൾ ത്രിതല പഞ്ചായത്തിന് അധികാരം കൊടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഇവിടെയിരിക്കുകയാണ്. എല്ലാ അധികാരവും മന്ത്രിമാർ കെട്ടിപ്പിടിച്ചു കൊണ്ടിരുന്നാൽ മതിയോ ? ത്രിതല പഞ്ചായത്തുകൾക്ക് കൊടുക്കണം. അതുകൊണ്ട് അമ്പതുശതമാനം സംസ്ഥാനങ്ങളെങ്കിലും അംഗീകരിക്കുന്ന കാര്യങ്ങൾ വീറ്റോ അധികാരമൊന്നും ഉപയോഗിക്കാതെ കേന്ദ്രം അംഗീകരിക്കണം എന്നുള്ള അഭിപ്രായം തന്നെയാണ് ഞങ്ങളുടെ പാർട്ടിക്കുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: ഇപ്പോൾ എന്തു പറയുന്നു ശ്രീ. ബാബു ?

ശ്രീ. കെ. ബാബു : ഇപ്പോൾ എനിക്ക് യോജിക്കാൻ വയ്യ. വരട്ടെ. അവസാനം വരട്ടെ. അദ്ദേഹം അദ്ധ്വാന വർഗ്ഗ പാർട്ടിയുടെ ഏക വൈസ് പ്രസിഡന്റാണ്. അദ്ദേഹം അദ്ദേഹത്തിന്റെ നയം പറഞ്ഞു.

ശ്രീ. പി. സി. ജോർജ് : അദ്ധ്വാന വർഗ്ഗ സിദ്ധാന്തമെന്നുപറയുന്നത് മാർക്സിയൻ തിയറിയേക്കാൾ കൂടിയ ഒരു തിയറിയാണ്. അദ്ധ്വാനിക്കുന്നവൻ, വിയർപ്പൊഴുക്കുന്നവൻ, ആ വിയർപ്പൊഴുക്കുന്നവന് വിയർപ്പിന്റെ വില കിട്ടണമെന്നുപറഞ്ഞ സിദ്ധാന്തത്തെ എതിർക്കുന്നത് എന്തിനാണ്. അത് ഇൻഡ്യാ രാജ്യത്തെ മുഴുവൻ ആളുകൾക്കും സ്വീകരിക്കാവുന്ന ഒരു തത്വമാണെന്നാണ് എന്റെ അഭിപ്രായം.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. ബാബു, മാണി സാർ ഇല്ലാത്ത തുകൊണ്ട് അഭിപ്രായം പറയാൻ പിന്നെയുള്ളത് ശ്രീ. പി. സി. ജോർജാണ്. ഏക വൈസ് ചെയർമാനാണ്.

ശ്രീ. കെ. ബാബു : അതാണ് ഞാൻ പറഞ്ഞത്. അദ്ദേഹം അദ്ദേഹത്തിന്റെ പാർട്ടിയുടെ നയമാണ് പറഞ്ഞത്. ഏതായാലും ആ പുതിയ നികുതി മാറ്റത്തെ ഇപ്പോൾ സ്വാഗതം ചെയ്തല്ലോ. അപ്പോൾ ഇതേ നില പാടായിരുന്നില്ല വാറ്റ് വന്നപ്പോൾ അങ്ങയുടെ നിലപാടും നിങ്ങളുടെ പാർട്ടി യുടെ നിലപാടും. അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. സാജു പോൾ : ബഹുമാനപ്പെട്ട കെ. ബാബു, ഞങ്ങൾ കേന്ദ്രത്തിന്റെ ഒരു കാര്യവും അംഗീകരിച്ചിട്ടില്ല എന്നുപറഞ്ഞു, പരാജയ ത്തിന്റെ പടുകുഴിയിൽ കിടന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസിനെ അധികാരത്തിലെത്തിച്ച് നാലുവർഷക്കാലം ഞങ്ങൾ പിന്താങ്ങി നിർത്തിയത് വിസ്മരിച്ചുകൊണ്ട് ഇങ്ങനെ പറയാൻ പറ്റുമോ ?

ശ്രീ. കെ. ബാബു : അതിനുള്ള മറുപടി ഞാൻ പറയാം.

ഡോ. തോമസ് ഐസക് : അതിനുള്ള മറുപടി പറയുന്നതിനുമുമ്പ്, വാറ്റിനെ എതിർത്തു എന്നുപറയുന്നത് ശരിതന്നെ. ആ എതിർപ്പൊന്നും മാറ്റിയിട്ടുമില്ല. പക്ഷേ, വാറ്റ് യാഥാർത്ഥ്യമായിക്കഴിഞ്ഞിരിക്കുന്നു. നനഞ്ഞാൽ കുളിച്ചുകയറുന്നതാണ് നല്ലത്. ഇനി വാറ്റിൽ നിൽക്കുന്നതിനേക്കാൾ നല്ലത് കേരളത്തിന് ജി.എസ്.ടി.-യിലേക്ക് പോകാനാണ്. അതുകൊണ്ടാണ് ജി.എസ്.ടി.-യെ അനുകൂലിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഒരു യാഥാർത്ഥ്യം വന്നു കഴിഞ്ഞാൽ അതിനെ അംഗീകരിക്കുമെന്നുവരികിൽ ആണവ നിലപാടും നമുക്ക് ആ രീതിയിൽ അഡ്ജസ്റ്റ് ചെയ്ത് എടുക്കാൻ പറ്റുമെന്നല്ലേ ഈ പറഞ്ഞതിന്റെ അർത്ഥം.

ശ്രീ. കെ. ബാബു : അപ്പോൾ ശ്രീ. സാജു പോൾ പറഞ്ഞതിന് മറുപടി പറയാം. മുൻ സ്പീക്കർ ശ്രീ. സോമനാഥ് ചാറ്റർജി പറഞ്ഞിട്ടുണ്ട്. അത് ഒന്നുവായിച്ചാൽ അതിനുള്ള സംശയം തീരും. (മെമ്പർ ഒരു പത്രം

417/13

LIBRARY ARCHIVES Kerala Legislative Assembly

ഉയർത്തിക്കാണിച്ചു വായിച്ചു) അദ്ദേഹം പറഞ്ഞിരിക്കുന്നതെന്താണ് ? "കാരാട്ടിന്റെ ധാർഷ്ട്യവും അസഃഹിഷ്ണുതയും അതിന്റെ ഉച്ചകോടിയിലെത്തിയതിന് തെളിവാണ് പാർട്ടിയിൽ തന്റെ തിട്ടൂരം ആരെങ്കിലും എതിർക്കുന്നത് കാരാട്ടിന് ആലോചിക്കാൻപോലും സാധ്യമല്ല." ഞാൻ വിശദമായി അതിലേക്ക് പോകുന്നില്ല. ഏതായാലും പത്തുവർഷക്കാലം, പത്തു ടേൺ പാർലമെന്റിൽ എം.പി.ആയിരുന്ന സോമനാഥ് ചാറ്റർജി പറഞ്ഞിട്ടുണ്ട്. ഇനിയും കൂടുതൽ കൂടുതൽ വെളിപ്പെടുത്തലുകൾ വരാൻ പോകുകയാണ്. അപ്പോൾ കേന്ദ്ര ഗവൺമെന്റിനെ പിൻതാങ്ങിയതിനെക്കുറിച്ച് കൂടുതൽ ചർച്ചകൾ നടന്നു. ഇന്ന് എന്റെ അഭിപ്രായത്തിൽ കേന്ദ്ര ഗവൺമെന്റിനുള്ള പിന്തുണ, ഒന്നാം യു.പി.എ. ഗവൺമെന്റിനുള്ള പിന്തുണ പിൻവലിച്ചതിൽ ഈ രാജ്യത്തെ ഏതെങ്കിലും ഒരു പാർട്ടി ദുഃഖിക്കുന്നുണ്ടെങ്കിൽ അത് മാർക്സിസ്റ്റ് പാർട്ടിയായിരിക്കും. ബംഗാളിലുള്ളവർ അത് പറയുന്നുണ്ടല്ലോ. ബംഗാളുകാർ അത് പറഞ്ഞുകൊണ്ടിരിക്കുകയാണല്ലോ. അപ്പോൾ എനിക്ക് ഒരു കാര്യം മനസ്സിലായി. സോമനാഥ് ചാറ്റർജിയെ പുറത്താക്കിയ അഞ്ച് പി.ബി. അംഗങ്ങളിൽ ഒരാൾ അങ്ങാണെന്ന് മനസ്സിലായി. കാരണം 17 പേരിൽ അഞ്ചു പേരെ ഉണ്ടായിരുന്നുള്ളു. അതിനകത്തെ ഒരാൾ ഇദ്ദേഹമാണ്. അഞ്ച് പേർ യോജിച്ചില്ല. ഇവിടെ നമ്മുടെ നികുതി വരുമാനത്തിന്റെ മുഖ്യ സ്രോതസ് ഇപ്പോൾ കെ.ജി.എസ്.ടി.യാണ്. ഇഫക്ടീവായിട്ടുള്ള പ്രവർത്തനം കൊണ്ട് കാര്യമായി വാറ്റിൽ ഒരു വർദ്ധനവുണ്ടായി എന്നുള്ളത് പറയാൻ സാധിക്കുകയില്ല. കാരണം കെ.ജി.എസ്.ടി.യിലുള്ള വരുമാനമാണ്, കാരണം മദ്യം, പെട്രോളിയം, അതുപോലുള്ള വരുമാനമാണ്. വലിയ എഫർട്ടില്ലാതെ കിട്ടുന്നതാണ് പെട്രോളിയം ഉല്പന്നങ്ങൾ, മദ്യം ഇതെല്ലാം. അതിന്റെ വരുമാനം ഗണ്യമായി അവിടെ നിൽക്കുകയാണ്. കെ.ജി.എസ്.ടി. അസെസ്സ്മെന്റ് 2005-ൽ പൂർത്തിയാക്കുമെന്നാണ് അങ്ങ് പറഞ്ഞത്. അന്ന് പറഞ്ഞത് കെ.ജി.എസ്.ടി അസെസ്സ്മെന്റ് പൂർത്തിയാക്കി വാറ്റിലേക്ക് കടക്കും. നീട്ടിക്കൊണ്ടു പോകില്ല എന്നാണ് പറഞ്ഞത്. പക്ഷേ, ഇപ്പോൾ പറഞ്ഞിരിക്കുന്നത് 2011-ൽ പൂർത്തിയാക്കുമെന്നാണ്. അപ്പോൾ ഇത് എവിടെയെങ്കിലും വച്ചൊന്ന് അവസാനിപ്പിക്കണ്ടേ ? ഇത് എവിടെയെങ്കിലും വച്ച് അവസാനിപ്പിക്കണം. അങ്ങ് ഇഫക്ടീവ് ആയിട്ട് ഈ കാര്യങ്ങളിൽ ശ്രമിക്കുന്നുവെങ്കിൽ ഇത് എവിടെയെങ്കിലും വച്ച് അവസാനിപ്പിക്കണം. അങ്ങ് ഈ വാറ്റ് മാനുവൽ പുതുക്കുമെന്നു പറഞ്ഞു. അതിനൊരു കമ്മിറ്റിയെ നിയോഗിച്ചു. എന്നാൽ അതിന്റെ യാതൊരു പ്രവർത്തനവും നടക്കുന്നില്ല. മാനുവൽ പുതുക്കുന്നില്ല. അങ്ങ് ഇപ്പോൾ പി.ഡബ്ള്യു.ഡി. മാനുവൽ പുതുക്കുന്നതിലാണ് ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നത്.

ഡോ. തോമസ് ഐസക് : വാറ്റ് മാന്വൽ പുതുക്കുമെന്നു എവിടെ പറഞ്ഞിട്ടുണ്ട് ?

ശ്രീ. കെ. ബാബു : പറഞ്ഞിട്ടുണ്ട്. ഞാൻ വിശദമായിട്ടു പറഞ്ഞുതരാം. ടാക്സേഷനുമായി ബന്ധപ്പെട്ട ഒന്നുരണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് മറ്റു കാര്യങ്ങളിലേക്ക് വരാം. 20 ലിറ്ററോ അതിൽ കൂടുതലോ പാക്ക്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത കുടിവെള്ളത്തിന് പുതുതായി ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ടാക്സ് ഏർപ്പെടുത്തുമ്പോൾ അങ്ങ് ഉൾപ്പെടെയുള്ള മന്ത്രിസഭ മറ്റൊരു കാര്യം വിസ്മരിക്കുകയാണ്. കൊക്കക്കോള വെള്ളം ഊറ്റുന്നതിനെതിരായി ഒരു ട്രൈബ്യൂണൽ കൊണ്ടുവരാൻ തീരുമാനിച്ചു. ഞാൻ കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞതാണ്. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ അദ്ധ്യക്ഷനായ സബ്ജക്ട് കമ്മിറ്റി പെപ്സി കൊക്കക്കോളയെക്കാൾ വെള്ളം ഊറ്റുന്നു എന്നുള്ള ആക്ഷേപം ഉന്നയിച്ചു. അവർ ഒരു ദിവസം ഏഴായിരം ലിറ്റർ വെള്ളം ഊറ്റുന്നുണ്ട്. നിങ്ങൾ അത് വിട്ടുകളഞ്ഞിരിക്കുകയാണ്. ജാറിൽ കൊണ്ടുവരുന്ന വെള്ളത്തിന് അങ്ങ് നാല് ശതമാനം ടാക്സ് കൊണ്ടുവരാൻ തീരുമാനിച്ചു. അത് ഒഴിവാക്കുന്നതാണ് നല്ലത്.

ഡോ. തോമസ് ഐസക് : നേരത്തെ 12.5 ശതമാനമായിരുന്നു കുപ്പി വെള്ളത്തിനുണ്ടായിരുന്നത്. ജാറിൽ കൊണ്ടുവരുന്നതിന് 4 ശതമാനമായി ചുരുക്കുകയാണ് ചെയ്തിട്ടുള്ളത്. കൂട്ടുകയല്ല ചെയ്തിട്ടുള്ളത്. പെപ്സിക്കും കൊക്കക്കോളയ്ക്കും ജാർ സപ്ലൈ ഇല്ല. അവർക്ക് കുപ്പി വെള്ളം മാത്രമേയുള്ളു.

ശ്രീ. കെ. ബാബു : പെപ്സിക്ക് ജാർ വെള്ളമുണ്ടെന്ന് ഞാൻ പറഞ്ഞില്ല. ഞാൻ പറഞ്ഞത്, പെപ്സി ദിവസവും ഏഴായിരം ലിറ്റർ വെള്ളം ഊറ്റുകയാണ്. നിങ്ങൾ അത് വിട്ടുകളയുകയാണ്. അത് വിട്ടുകളഞ്ഞിട്ട് വലിയൊരു വരുമാനം കിട്ടേണ്ടത് ഒഴിവാക്കി ജാറിൽ കൊണ്ടുവരുന്ന വെള്ളത്തിന് നാല് ശതമാനം ടാക്സ് ഏർപ്പെടുത്തി എന്നാണ് ഞാൻ പറഞ്ഞത്. മറ്റൊരു കാര്യം, അപ്പീൽ സംബന്ധിച്ചാണ് ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ) ക്കും അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽ) ക്കുമുള്ള അപ്പീലുകൾ. ഇക്കാര്യം ഞാൻ കഴിഞ്ഞ പ്രാവശ്യം പറഞ്ഞതാണ്. അപ്പോൾ അങ്ങ് അത് ഉൾക്കൊണ്ടില്ലെന്ന് എനിക്ക് തോന്നുന്നു. ഡെപ്യൂട്ടി കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ ഇങ്ങനെയുള്ള അപ്പീലുണ്ടായിരുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ ട്രൈബ്യൂണൽ കൊണ്ടുവന്നു. അപ്പോൾ ഡെപ്യൂട്ടി കമ്മീഷണർ ലെവലിലുള്ള അപ്പീൽ എടുത്തുകളഞ്ഞു. നേരെ ട്രൈബ്യൂണലിലേയ്ക്കാക്കി. അപ്പോൾ ഫസ്റ്റ് അപ്പീൽ, സെക്കന്റ് അപ്പീൽ, ട്രൈബ്യൂണൽ എന്ന നില വന്നു. ഫസ്റ്റ് അപ്പീൽ കഴിഞ്ഞാൽ നേരെ ട്രൈബ്യൂണലിൽ പോകണം. അതുകഴിഞ്ഞ് ഹൈക്കോടതി റിവിഷനേയുള്ളു. ഞാൻ കഴിഞ്ഞ പ്രാവശ്യം ചൂണ്ടിക്കാണിച്ചപ്പോൾ അങ്ങ് ഉൾക്കൊണ്ടില്ല. ഇപ്പോൾ ഒരു തിരിച്ചുപോക്കാണ്. ട്രൈബ്യൂണലിന്റെ എണ്ണം കൂട്ടിയാൽ മതിയായിരുന്നു. ഇങ്ങനെ തിരിച്ചുപോകേണ്ട കാര്യമില്ലായിരുന്നു. ഓരോ സ്റ്റേജ് കൂടുന്തോറും സമയം നീളാൻ സാദ്ധ്യതകൾ വർദ്ധിക്കുമെന്ന് കഴിഞ്ഞ പ്രാവശ്യം അങ്ങ് പറഞ്ഞ ന്യായം ഇപ്പോൾ നിലനിൽക്കുന്നുണ്ട്. അതിനെക്കുറിച്ച് വിശദീകരിക്കേണ്ടതുണ്ട്. വരുമാനം കൂടിയതിനെക്കുറിച്ച് പറഞ്ഞു. ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് ഇന്ധനത്തിന്റെ ടാക്സിനെക്കുറിച്ച് പറഞ്ഞു. പെട്രോളിയം ഉൽപ്പന്നങ്ങളിൽ നിന്ന് കിട്ടുന്ന അധിക നികുതി സാധാരണ ജനങ്ങൾക്ക് ആശ്വാസം കിട്ടാൻ വേണ്ടി ഡൽഹി, ഗോവ ഗവൺമെന്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഉപേക്ഷിച്ചു. ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞല്ലോ, പശ്ചിമ ബംഗാളിലെ നിങ്ങളുടെ പാർട്ടിയിലെ നിലപാടുകളോട് പി.ബി.യിലും കേന്ദ്ര കമ്മിറ്റിയിലും വിയോജിപ്പുള്ള ഘടകമായതുകൊണ്ടായിരിക്കാം, ഏറ്റവും കൂടുതൽ ഇന്ന് കേരളത്തിലാണ്. Atleast ബംഗാളിലെ നികുതിയിലേക്കെങ്കിലും കേരളത്തിലെ നികുതി കുറച്ചുകൊണ്ടുവരാൻ അങ്ങ് തയ്യാറാകണം. അങ്ങേക്ക് താല്പര്യമില്ലെങ്കിൽ അധിക നികുതി പൂർണ്ണമായും ഉപേക്ഷിക്കണ്ട. പക്ഷേ, വിലക്കയറ്റത്തിനെതിരെ ഒരുഭാഗത്ത് പ്രക്ഷോഭണം നടത്തുമ്പോൾ ആ വിലക്കയറ്റത്തിൽ നിന്ന് ജനങ്ങളെ ആശ്വസിപ്പിക്കാൻ നിങ്ങൾക്ക് സ്വീകരിക്കാവുന്ന ചെറിയൊരു നടപടിയെങ്കിലും സ്വീകരിക്കണ്ടേ ? മറ്റ് സംസ്ഥാനങ്ങൾ ഇതുപോലെ നികുതി കുറയ്ക്കുമ്പോഴും ബംഗാൾ ഗവൺമെന്റ് ഉൾപ്പെടെയുള്ള ഗവൺമെന്റുകൾ നികുതിയുടെ നിരക്ക് കുറയ്ക്കുമ്പോഴും ഇവിടെ അതിലൊരു നിലപാടും സ്വീകരിക്കുന്നില്ല എന്നുള്ളത് സാധാരണ ജനങ്ങളെ ആശ്വസിപ്പിക്കാനുള്ള നിങ്ങളുടെ നിലപാടിന്റെ ഭാഗമായി കാണാൻ സാധിക്കില്ല. മറ്റൊരു കാര്യം എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്, വരുമാനം കൂടുന്നതിൽ ഒരു ഘടകം ഇൻഫ്ളേറ്റഡ് ഡിമാന്റ് ഉണ്ടാക്കാനുള്ള ഒരു നിലപാടാണ്. അങ്ങ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കാരണം സെൽഫ് അസ്സെസ്സ്മെന്റ് എന്നതിന് പകരം അടിസ്ഥാനമില്ലാതെ ടേൺ ഓവർ കൂട്ടും. ടേൺ ഓവർ കൂട്ടി അസ്സെസ്സ്മെന്റ് ഓർഡർ കൊടുക്കുകയാണ്. സെൽഫ് അസ്സെസ്സ്മെന്റ് അംഗീകരിക്കുന്നില്ല. സപ്രഷൻ നടത്തിയെന്നുള്ള ഏകപക്ഷീയമായ നിഗമനത്തിലെത്തിക്കൊണ്ടാണ് ഇൻഫ്ളേറ്റഡ് ഡിമാന്റുണ്ടാക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ടാക്സ് ഡിമാന്റ് ചെയ്യും. കച്ചവടക്കാർക്ക് അപ്പീൽ മാത്രമാണ് മാർഗ്ഗം. അപ്പീൽ ഫയലിൽ സ്വീകരിക്കണമെങ്കിൽ സ്റ്റേ ചോദിക്കുമ്പോൾ ഡിമാന്റിന്റെ 50 ശതമാനം കെട്ടിവയ്ക്കാൻ പറയും. ഹൈക്കോടതിയിൽ പോയാൽ 30 ശതമാനം അല്ലെങ്കിൽ 40 ശതമാനം കെട്ടിവയ്ക്കാനാണ് പറയുന്നത്. അതനുസരിച്ച് കോർട്ട് ഫീ കൂടും. വ്യാപാരി ജയിച്ചാലും ഈ കോർട്ട് ഫീ തിരിച്ചുകിട്ടില്ല. വളരെ കൂടുതൽ ഡിമാന്റിന് നോട്ടീസ് കൊടുക്കുകയാണ്. നിയമാനുസൃതമല്ലാതെ അസ്സെസ്സ്മെന്റ് നടത്തിപോയാൽ, അങ്ങ് ഇപ്പോൾ പി.ഡബ്ല്യു.ഡി.യിൽ എ.എസ് കൊടുക്കുന്നതുപോലെ, ഒരു പൈസ ഈ സ്ഥാനത്ത് ഇരിക്കുമ്പോൾ കൊടുക്കേണ്ടി വരില്ല. ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. നമ്മുടെ ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക അരാജകത്വം നടന്ന കാലഘട്ടമായിരുന്നു കഴിഞ്ഞ നായനാർ ഗവൺമെന്റിന്റെ അവസാന കാലഘട്ടം. അതായത് 1999-2000, 2000-2001 കാലഘട്ടം. ലോട്ടറി ടിക്കറ്റ് അടിച്ചവർക്ക് ലോട്ടറിയുടെ പൈസ കൊടുത്തിരുന്നില്ല, സർവ്വീസിൽ നിന്നും പിരിഞ്ഞുപോകുന്നവർക്ക് പെൻഷൻ കൊടുത്തിരുന്നില്ല, പി.എഫ്-ന്റെ ആനുകൂല്യം കൊടുത്തിരുന്നില്ല. സർക്കാർ ചെക്ക് കിട്ടിയാൽ അത് വണ്ടിച്ചെക്കായി മാറുന്ന ഒരു കാലമായിരുന്നു. സർക്കാർ ചെക്കാണല്ലോ ഏറ്റവും ഉറപ്പുള്ളത് ? കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ അവസാനകാലത്ത് കൊടുക്കുന്ന ചെക്കിന് കടലാസ് വില പോലും ഉണ്ടായിരുന്നില്ല. അത്രയും വലിയ അരാജകത്വത്തിലേക്കാണ് അന്ന് പോയത്. മരിച്ചുപോയ ജവാൻമാരുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭാര്യമാർക്ക് കൊടുക്കേണ്ട ആനുകൂല്യം പോലും അന്ന് കൊടുത്തിരുന്നില്ല. ഞാൻ പറഞ്ഞുവന്നത്, അതുപോലൊരു അരാജകത്വത്തിലേക്ക് പോകേണ്ട ഒരു സ്ഥിതിയിലേക്കാണ് വരുന്നത്. കാരണം ഇപ്പോൾ എ.എസ് കൊടുക്കുന്ന ഒരു വർക്കുകളുടേയും പണം കൊടുക്കേണ്ടി വരില്ല. ലാന്റ് അക്വിസിഷൻ എപ്പോഴെങ്കിലും പൂർത്തിയാകുമോ ? പണം കൊടുക്കേണ്ടി വരില്ല. ആ അരാജകത്വം കേരളത്തിൽ ആവർത്തിക്കപ്പെടുന്ന സാഹചര്യമാണ്. ആ കൂട്ടത്തിൽ ഇങ്ങനെ ഇൻഫ്ളേറ്റഡായിട്ടുള്ള ടാക്സ് ഡിമാന്റ് ചെയ്യുമ്പോൾ ഇത് വേറൊരു ഘട്ടത്തിൽ തിരിച്ചുകൊടുക്കേണ്ടി വരും. അപ്പോൾ സ്വാഭാവികമായിട്ടും സർക്കാരിന് ഇത് ബാദ്ധ്യതയാകും. അടുത്ത രണ്ടുമൂന്ന് വർഷത്തിനുള്ളിൽ ഇത് തിരിച്ചുകൊടുക്കേണ്ടിവരും. കാരണം ഈ കേസ് തീരണമല്ലോ ? ഹൈക്കോടതിയിലും ട്രൈബ്യൂണലിലുമുള്ള കേസ് തീർന്ന് വരുമ്പോൾ അനാവശ്യമായി നിങ്ങൾ ഊതിവീർപ്പിച്ച് ഡിമാന്റ് കൊടുത്തിട്ടുള്ളതിന്റെയെല്ലാം തിരിച്ചുകൊടുക്കേണ്ടിവരും. കാരണം 50 ശതമാനം കെട്ടിവച്ചാലെ സ്റ്റേ കൊടുക്കുകയുള്ളു. അങ്ങനെ വരുമ്പോൾ വ്യാപാരിക്ക് കോർട്ട് ഫീ നഷ്ടം വരുമെന്ന് മാത്രമല്ല ഈ പ്രശ്നവും വരും. ഇങ്ങനെ ടാക്സ് വർദ്ധിക്കുന്നതിന് മറ്റ് ചില കാരണങ്ങളുണ്ട്. നിങ്ങൾ പറഞ്ഞല്ലോ കേരളത്തിലെ ജനങ്ങൾ പാപ്പരായി എന്ന്. യഥാർത്ഥ സ്ഥിതി അതല്ല. അവരുടെ സ്ഥിതിയിൽ മാറ്റമുണ്ടായിട്ടുണ്ട്. അത് നിങ്ങളുടെ ഭരണം കൊണ്ടല്ല. കേന്ദ്ര ഗവൺമെന്റിന്റെ നയംമൂലമാണ്, ലോകം മുഴുവൻ സാമ്പത്തിക പ്രതിസന്ധിയുണ്ടായപ്പോഴും ഇൻഡ്യ അതിനെ അതിജീവിച്ചല്ലോ ? ആ മാറ്റത്തിന്റെ ഫലമായി ആളുകളുടെ ക്രയശക്തി വർദ്ധിച്ചിട്ടുണ്ട്. അപ്പോൾ കേരളത്തിൽ വ്യാപാരം വർദ്ധിച്ചിട്ടുണ്ട്. നിങ്ങൾ വില വർദ്ധിച്ചുവെന്ന് പറയുന്നത് അടിസ്ഥാനപരമായി ശരിയാണെങ്കിൽ ടാക്സ് അതിലും കൂടിയിട്ടുണ്ട്. ടാക്സ് കൂടുന്നതിന് അതൊരു ഘടകമാണ്. സ്വർണ്ണത്തിന്റെ വില എത്രയോ കൂടിയെങ്കിലും അവിടെ കോമ്പൗണ്ടിംഗായതുകൊണ്ട് ടാക്സ് അതനുസരിച്ച് കൂടിയിട്ടില്ല. നിങ്ങൾ പറയുന്നു, മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചുവെന്ന്. അപ്പോൾ സ്വാഭാവികമായിട്ടും അതിന് അനുസരിച്ച് ടാക്സും വർദ്ധിക്കില്ലേ ? ലോട്ടറി നികുതി, നാളെ ആ വിഷയം ഞങ്ങൾ എടുക്കുന്നുണ്ട്. ലോട്ടറി നികുതി കുടിശ്ശിക 9287 കോടി രൂപ പിരിച്ചെടുക്കാൻ നാല് വർഷമായിട്ടും നടപടിയുണ്ടായിട്ടില്ല. മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് മറുപടിയായി അങ്ങയുടെ ഒരു പ്രസ്താവന വായിച്ചു, "എല്ലാ വകുപ്പിലും ഉള്ളതുപോലെ ഞാൻ കൈകാര്യം ചെയ്യുന്ന ടാക്സ് വകുപ്പിലും നല്ല രീതിയിൽ അഴിമതിയുണ്ട്." അങ്ങ് എത്ര പേരുടെ മേൽ നടപടിയെടുത്തു ? ടാക്സ് വകുപ്പിൽ അഴിമതിയുണ്ടെന്ന് ധനകാര്യ വകുപ്പുമന്ത്രി നടത്തിയ പത്രസമ്മേളനമാണ് വെളിപ്പെടുത്തിയത്. അങ്ങയുടെ കുറ്റസമ്മതമാണെങ്കിൽ അങ്ങേയ്ക്ക് ഇത് ബോദ്ധ്യമുണ്ടല്ലോ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനാവശ്യമായി ഒരു കാര്യം പറയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എനിക്ക് അങ്ങയെ വിശ്വാസമാണ്. എത്രയോ കാലമായിട്ട് നമുക്കറിയാം. എനിക്ക് വിശ്വാസമാണ്. പക്ഷേ, ടാക്സേഷൻ വകുപ്പിൽ അഴിമതി നടക്കുന്നുണ്ട് എന്ന അങ്ങയുടെ പ്രസ്താവന ശരിയായിട്ടാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് എത്ര പേരുടെ പേരിൽ നടപടി എടുത്തുവെന്ന് പറയണം. ലോട്ടറി നികുതിയുമായി ഇത് കൂട്ടി വായിക്കണം. ലോട്ടറി നികുതി ഉദ്യോഗസ്ഥന്മാരുടെ മാത്രം കൈയിൽ നിൽക്കുന്ന കാര്യമല്ല. നിങ്ങളുടെ ഗവൺമെന്റും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും മനഃപ്പൂർവ്വമായി ചില കാര്യങ്ങളിൽ കണ്ണ് അടച്ചു കളയുകയാണ്. ഈ ലോട്ടറി നികുതി പിരിച്ചെടുക്കാൻ പറ്റാത്തതിന്റെ കാരണം എന്താണ് എന്ന് ചോദിച്ചാൽ നിങ്ങൾ ഉടനെ പറയും ഞങ്ങൾ കൊടുത്ത അഫിഡവിറ്റ് ആണെന്ന്. അങ്ങ് പറഞ്ഞല്ലോ കഴിഞ്ഞ ഗവൺമെന്റ് സുപ്രീംകോടതിയിൽ കൊടുത്ത അഫിഡവിറ്റാണ് തടസ്സമെന്ന് അങ്ങ് ഇവിടെ പറഞ്ഞിട്ടുണ്ട്.

ഡോ: തോമസ് ഐസക് : സർ, അഫിഡവിറ്റല്ല. കാരണം ലോട്ടറിയുടെ മേൽ നികുതി ചുമത്താൻ അവകാശമില്ല. ലോട്ടറി എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ ഒരു ആക്ഷണബിൾ ക്ലെയിമാണ്. ചരക്കിനുമേൽ മാത്രമെ സംസ്ഥാന സർക്കാരിന് നികുതിയുള്ളു. വേണ്ടിവന്നാൽ ലോട്ടറി ടിക്കറ്റ് അടിച്ച കടലാസിന് ഒന്നോ രണ്ടോ പൈസ തരും അതിനുമേൽ നികുതിയാവാം. ഇതാണ് സുപ്രീംകോടതിയുടെ വിധി.

ശ്രീ. പി. സി. ജോർജ് : സർ, ലോട്ടറി ഇടപാടിൽ ഗവൺമെന്റ് ഭാഗം ന്യായീകരിക്കാൻ കഴിയില്ല ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി. ഭൂട്ടാന്റെ ലോട്ടറി വരുന്നു. സത്യത്തിൽ ഭൂട്ടാൻ ഗവൺമെന്റിന്റെ യാതൊരു ബന്ധവുമില്ലാതെ കള്ളലോട്ടറി, ഇപ്പോൾ പാക്കിസ്ഥാനിൽ നിന്ന് കള്ള നോട്ട് വരുന്നതുപോലെ, സെയിം ലോട്ടറി ടിക്കറ്റ് കൊണ്ടുവന്നു കച്ചവടം നടത്തുന്നു. ഇവിടെ പോലീസില്ലേ, അങ്ങയുടെ വകുപ്പില്ലേ, എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല. എത്ര കോടി രൂപയാണ് മലയാളികളെ കൊള്ളയടിച്ചുകൊണ്ടിരിക്കുന്നത്.

ഡോ. തോമസ് ഐസക് : സർ, ഇവിടെ ശ്രീ. കെ. ബാബു നേരത്തെ പറഞ്ഞതിന്റെ വിശദീകരണം പറയാം. കാരണം സുപ്രീം കോടതിയിൽ കൊടുത്ത അഫിഡവിറ്റ് സംബന്ധിച്ച് ഇതുവരെയുള്ള പിൻവലിക്കാനുള്ള വിധി ഹിയറിംഗ് നടന്നെങ്കിലും വന്നിട്ടില്ല. മാത്രമല്ല ഇങ്ങനെ ഒരു നടപടിയും എടുക്കാനുള്ള അധികാരമില്ല, നിയമലംഘനം നടന്നു കഴിഞ്ഞാൽ കേന്ദ്ര സർക്കാരിനെ അറിയിക്കാനുള്ള അവകാശമെ സംസ്ഥാനത്തിനുള്ളുവെന്നു പറഞ്ഞ് ലോട്ടറി ചട്ടങ്ങളിൽ തന്നെ ഭേദഗതി വരുത്തി.

ശ്രീ. പി. സി. ജോർജ് : സർ, അതിനെപ്പറ്റി പറയുമ്പോൾ നമ്മുടെ ബഹുമാനപ്പെട്ട കോടതിയെപ്പറ്റി ഒരു വാക്ക് പറയേണ്ടിവരും. വിധി പറയാൻവേണ്ടി കേസ് മാറ്റി വച്ച്, 20 അവധി വച്ച് 20 മാസം കഴിഞ്ഞിട്ടും വിധി പറയാത്ത കോടതിയാണ് കേരള ഹൈക്കോടതി. ഇവിടെ ഗവൺമെന്റ് കോടതി കോടതി എന്ന് പറഞ്ഞ് ബഹുമാനം പറയുമ്പോൾ അല്പം ബഹുമാനം വിട്ട് സഭയിൽ സംസാരിക്കേണ്ടിവരും. നമ്മുടെ ജഡ്ജിമാർ ഇക്കാര്യത്തിൽ നീതി കാണിക്കുന്നില്ല. സംസ്ഥാനത്തെ ജനങ്ങളുടെ ജനാധിപത്യ സംവിധാനമല്ല ഇത്. ജനങ്ങളുടെ അവകാശം ഗവൺമെന്റിന്റെ കടമകൾ നിർവ്വഹിക്കുന്നതിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പലവിധികളും രാജ്യദ്രോഹപരമാണെന്നുള്ള കാഴ്ചപ്പാടാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ആ ഒരു ഭാഗം അവിടെ നിൽക്കട്ടെ. ഇവിടെ ഈ ഗവൺമെന്റിന് ചില കാര്യങ്ങൾ ചെയ്യാൻ പറ്റുമല്ലോ. നമ്മൾ പറയുന്നത് കോടതി, അഫിഡവിറ്റ്, അതിനെത്തുടർന്നുള്ള നടപടികൾ ഇതൊക്കെ പറയുന്നത് ഒരു ഭാഗമാണ്. ഇങ്ങനെ കള്ള ലോട്ടറി കേരളത്തിൽ വരാതിരിക്കുന്നതിനുവേണ്ടി കേരള ലോട്ടറിക്ക് അകത്ത് ഒരു പരിഷ്ക്കരണം വരുത്തിയാൽ മതിയല്ലോ. അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് നേരിട്ട് ചെയ്യാൻ കഴിയുന്നതാണല്ലോ. ഞാൻ അങ്ങയോട് പലവട്ടം ചോദിച്ചു കേരള ലോട്ടറിയുടെ അവസാനത്തെ മൂന്നക്കത്തിന് സമ്മാനം കൊടുക്കാൻ നമ്മൾ തീരുമാനം എടുത്ത് കഴിഞ്ഞാൽ ഇന്ന് ഇവിടെ വിറ്റുകൊണ്ടിരിക്കുന്ന പല ലോട്ടറിയുടേയും ആഫീസ് പൂട്ടേണ്ടി വരും. പക്ഷേ, നമ്മളും അത് ചെയ്യുന്നില്ല. നമ്മളും ചെയ്യാത്തതുകൊണ്ട് ആളുകളെ മോഹിപ്പിച്ച് ഈ ലോട്ടറി രംഗത്ത് നിൽക്കുകയാണ്. അതുകൊണ്ട് ഈ കേരള ഗവൺമെന്റും ലോട്ടറി ഡിപ്പാർട്ടുമെന്റും ലോട്ടറി കള്ള ലോട്ടറി കച്ചവടക്കാർക്ക് അനുകൂലമായി കണ്ണ് അടയ്ക്കുന്നുവെന്നുള്ളത് അങ്ങേക്ക് അറിയില്ലേ.

½ • ശ്രീ. കെ. ബാബു : സർ, തീർച്ചയായിട്ടും, ഞാൻ പറഞ്ഞു വന്നത് അതാണ്. ലോട്ടറി നിയമത്തിൽ, ലോട്ടറി റെഗുലേഷൻ

ആ ക്ക

1998-നകത്ത് വന്ന ഭേദഗതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കണ്ടില്ലെന്ന് നടിക്കുകയാണ്. കേരളത്തിൽ ലോട്ടറി ഏജന്റില്ലാത്ത സിക്കിം ലോട്ടറി, ഏജന്റ് ഇവിടെ ഏജന്റില്ലാത്ത അവരുടെ റിക്കാർഡിൽ ഏജന്റില്ലാത്ത ആളുടെ ടാക്സ് ഇവിടെ വാങ്ങുകയാണ്. അത് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം. ശ്രീ. പി. ടി. തോമസ് അത് എം.പി.മാരുടെ യോഗത്തിൽ ഉന്നയിച്ചിരുന്നു. സിംഗിൾ ലോട്ടറിയുടെ കാര്യം പറഞ്ഞല്ലോ. ഇവിടെ സിംഗിൾ നമ്പർ ലോട്ടറി വ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്. ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് ഇപ്പോൾ കടന്നു പോകാത്തത് പിന്നീട് എടുക്കാൻ ഉദ്ദേശിക്കുന്ന ഭാഗമായതുകൊണ്ടാണ്. അങ്ങേക്ക് അറിയാമല്ലോ. ഒറ്റ നമ്പർ ലോട്ടറി കേരളത്തിൽ വ്യാപകമായിരിക്കുകയാണ്. ആ ലോട്ടറി ഡിപ്പാർട്ടുമെന്റും പോലീസും അങ്ങയുടെ വകുപ്പും മാപ്പ് സാക്ഷിയായിട്ട് നിൽക്കുകയാണ് ഇക്കാര്യത്തിൽ. ഒരു നടപടിയും സ്വീകരിക്കുന്നില്ല. സാന്റിയാഗോ മാർട്ടിൻ, അദ്ദേഹത്തിന്റെ ബന്ധുവായ കെന്നഡി തുടങ്ങിയ ആളുകളുമായി നിങ്ങളുടെ പ്രസ്ഥാനങ്ങൾക്കുള്ള ബന്ധം ഇതിന്റെ പിന്നിലുണ്ട് എന്ന് ആരെങ്കിലും സംശയിച്ചാൽ അത് കുറ്റപ്പെടുത്താൻ പറ്റാത്ത സാഹചര്യമാണ് കേരളത്തിലുള്ളത്. നമ്മുടെ നാട്ടിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് വന്ന ബിൽഡർമാരുണ്ട്. ഈ ബിൽഡർമാർ മൂല്യവർദ്ധന നികുതി രജിസ്ട്രേഷൻ എടുക്കുന്നില്ല. കൊച്ചിയിലും തിരുവനന്തപുരത്തും നമ്മുടെ നഗരങ്ങളിലെല്ലാം വന്നിട്ടുള്ള, ഞാൻ കമ്പനികളുടെ പേര് പറയുന്നില്ല. കേരളത്തിലെ എല്ലാ ബിൽഡേഴ്സിനും ഇവിടെ രജിസ്ട്രേഷൻ എടുക്കണം. എന്നാൽ പുറത്ത് നിന്നു വന്നിട്ടുള്ള പല ബിൽഡേഴ്സും രജിസ്ട്രേഷൻ എടുക്കുന്നില്ല.

എന്തുകൊണ്ട് അവരെ രജിസ്റ്റർ ചെയ്യിപ്പിക്കുന്നില്ല എന്നുള്ളത് പരിശോധിക്കണം. കേരളത്തിലുള്ളവർക്ക് ബാധകമായിട്ടുള്ള നിയമം എല്ലാവർക്കും ബാധകമാണ്. പക്ഷേ, അവർ രജിസ്റ്റർ ചെയ്യുന്നില്ല. അവർ ഈ സർക്കാരിനെ നിരന്തരമായി കബളിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ രജിസ്ട്രേഷൻ ആക്ട് ഭേദഗതി ചെയ്തു. അതിന്റെ ചർച്ചയിലെല്ലാം ഞാൻ തന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യമാണ്. പവ്വർ ഓഫ് അറ്റോർണി. പവ്വർ ഓഫ് അറ്റോർണി നൽകുന്നതിന് ഇപ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി 7.5 ശതമാനമാണ്. ഇത് വളരെയേറെ പ്രയാസങ്ങൾ ഉണ്ടാക്കുന്ന ഒരു കാര്യമാണ്. ഞാൻ അന്നു തന്നെ പറഞ്ഞിരുന്നു പവ്വർ ഓഫ് അറ്റോർണി കൊടുക്കുന്നതുതന്നെ മിക്കവാറും വിദേശത്തുള്ള മലയാളികളാണ്. പത്ത് പേരിൽ ഒരാൾ കേരളത്തിൽ നിന്ന് വിദേശത്ത് പോയിട്ടുണ്ട്. അവരെ ഏറ്റവും കൂടുതൽ ബാധിക്കുന്ന ഒരു കാര്യമാണ്. അതിനൊരു സംവിധാനം ഉണ്ടാക്കണം. സാധാരണ ജനങ്ങൾക്ക് നിങ്ങൾ കൊണ്ടുവന്നിട്ടുള്ള ഫെയർ വാല്യു അനുസരിച്ച് ഒരു ആധാരം രജിസ്ട്രേഷൻ നടത്താൻ സാധിക്കുന്നില്ല. ചെറിയ ഒരു ഭേദഗതി അങ്ങ്, കുടുംബാംഗങ്ങൾ തമ്മിലുള്ള മാറ്റത്തിൽ ഒരു ഭേദഗതി അംഗീകരിച്ചത് സ്വാഗതാർഹമാണ്. കാരണം അത് വലിയ പ്രയാസമായിരുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, യഥാർത്ഥത്തിൽ അട്ടപ്പാടിയിൽ നടക്കുന്ന, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഉണ്ടായിട്ടുള്ളത് ഏറ്റവും ഭീമമായ തട്ടിപ്പാണ്. അങ്ങ് ഇതുവരെ അതിനെക്കുറിച്ച് മിണ്ടിയിട്ടില്ല. ഇവിടെ 1985-ലെ സ്റ്റാമ്പ് പേപ്പർ വാങ്ങാൻ കാരണമെന്താണ്. 1986-ൽ പുതിയ നിയമം വന്നു. അതുകൊണ്ട് ആധാരം എഴുത്തുകാർ ഇതിന് ഒത്താശ ചെയ്തു കൊടുക്കും. ഇവർ ട്രഷറിയിൽ നിന്ന് നേരിട്ട് സ്റ്റാമ്പ് പേപ്പർ വാങ്ങി വച്ചിരിക്കുകയാണ്. എന്നിട്ട് ഈ സ്റ്റാമ്പ് പേപ്പർ കൈയിൽ വച്ചുകൊണ്ട് പഴയ ഡേറ്റുള്ള സ്റ്റാമ്പ് പേപ്പറിലോട്ട് പുതിയ ഡീഡ് എഴുതി വയ്ക്കുകയാണ്. അങ്ങനെയുള്ള വമ്പിച്ച തട്ടിപ്പാണ്. ചെറിയ തട്ടിപ്പല്ല, പച്ചയായ തട്ടിപ്പ്. ബഹുമാനപ്പെട്ട അങ്ങ് എല്ലാ കാര്യത്തെക്കുറിച്ചും പ്രതികരിക്കുന്നല്ലോ ? ഇതുവരെ നമ്മുടെ വിദഗ്ദ്ധനായ ധനകാര്യ വകുപ്പുമന്ത്രി ഇതിനെക്കുറിച്ച് കമന്റ് ചെയ്തിട്ടില്ല എന്നുള്ള യാഥാർത്ഥ്യം അങ്ങേയ്ക്ക് അറിയില്ലേ.

<u>ശ്രീ. കെ. ബാബു</u> : സർ, അതുപോലെ, ഞാൻ പറഞ്ഞു വന്നത് 7.5 ശതമാനം അത് സ്റ്റാമ്പ് ഡ്യൂട്ടിയുടെ കാര്യത്തിൽ ഒരു മാറ്റം വരുത്തേണ്ടത് ആവശ്യമാണ്. കാരണം അത് അധിക ബാദ്ധ്യതയാണ്. പവ്വർ ഓഫ് അറ്റോർണി കൊടുക്കുമ്പോൾ 7.5 ശതമാനം ടാക്സ് അടയ്ക്കണം. പിന്നെ രജിസ്ട്രേഷൻ നടത്തുമ്പോൾ വീണ്ടും അടയ്ക്കണം. അത്തരം കാര്യങ്ങളിൽ അതുകൂടി നമ്മുടെ ഇൻപുട്ട് ടാക്സ് എല്ലാം കൈകാര്യം ചെയ്യുന്ന പോലെ കൈകാര്യം ചെയ്താൽ വലിയ ആശ്വാസമായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന ബിൽഡർമാരെ ഒന്നുകിൽ നികുതി അടയ്ക്കുവാൻ നിർബന്ധിക്കണം. അവരിപ്പോൾ വൻ തോതിലുള്ള നികുതി വെട്ടിപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. അവർ ആരും

LIBRARY ARCHIVES Kerala Legislative Assembly

രജിസ്ട്രേഷൻ എടുക്കുന്നില്ല. അതല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തുനിന്നുള്ള ബിൽഡേഴ്സിനെ ഇതിൽനിന്ന് ഒഴിവാക്കണം. ബിൽഡർമാർ ഫ്ളാറ്റുകൾ വിൽക്കേണ്ടത് ഒരേ മാർക്കറ്റിലാണ്. അന്യ സംസ്ഥാനത്തുനിന്നുള്ളവർക്ക് രജിസ്ട്രേഷൻ എടുക്കുന്നതിന് നിർബന്ധിക്കുന്നില്ല. അവർക്ക് ടാക്സ് ഫ്രീയാണ്. ആ സമയത്ത് സംസ്ഥാനത്തെ ബിൽഡേഴ്സിനെ ഇത് പ്രതികൂലമായി ബാധിക്കുന്നു.ഒന്നുകിൽ ഇതിനകത്ത് ഒരു തട്ടിപ്പുണ്ട്. അല്ലെങ്കിൽ വിട്ടുപോയിട്ടുണ്ട്. അങ്ങനെയെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കണം. ഒരു വലിയ അഴിമതി നടത്തി എന്നുള്ള ആക്ഷേപം ഞാൻ ഉന്നയിക്കുന്നില്ല. പക്ഷേ, എന്തോ പ്രശ്നം ഉണ്ടെന്നുള്ള കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് അത് ഗൗരവമായി പരിശോധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ബാബു, കഴിഞ്ഞില്ലേ ?

ശ്രീ. കെ. ബാബു : കഴിഞ്ഞില്ല. സർ, പൊളിറ്റിക്സ് ഒന്നും പറഞ്ഞില്ല. പറയാൻ പോകുന്നതേയുള്ളൂ. ഇന്നത്തെ മാതൃഭൂമിയിൽ എട്ട് ശതമാനം നികുതി ആവശ്യപ്പെട്ടത് ശരിയായില്ല. കരാർ പണിക്കാരിൽനിന്ന് വാറ്റ് നിയമ പ്രകാരവും കേന്ദ്ര വിൽപ്പന നിയമ പ്രകാരവും രജിസ്ട്രേഷനുണ്ട്. അത് പരിശോധിക്കണം. ആഡിറ്റ് പ്രോംപ്ട് ആക്കണം. ഇപ്പോൾ ആഡിറ്റ് പ്രോംപ്ടായി നടക്കുന്നില്ല. റീഫണ്ട് പ്രോംപ്ടാക്കണം. ഇതിനെല്ലാം ട്രാൻസ്പരൻസി വളരെ കുറവാണ്. റീഫണ്ട് കൊടുക്കുമെന്ന് പ്രഖ്യാപിക്കുന്നുണ്ടെങ്കിലും അത് കൊടുക്കുന്നില്ല. അതുകൊണ്ട് അത് പ്രോംപ്ട് ആക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇവിടെ ബേക്കേഴ്സ് അസ്സോസിയേഷൻ 14-12-2009-ൽ അങ്ങേയ്ക്ക് ഒരു നിവേദനം തന്നു. ഞാൻ കഴിഞ്ഞ ദിവസം വ്യവസായ വകുപ്പിന്റെ ഒരു ചോദ്യം ചോദിച്ചപ്പോൾ അങ്ങ് ഇടപെട്ട് മറുപടി പറഞ്ഞു. കേരളത്തിലെ ട്രേഡ്മാർക്കുള്ളവർക്ക് ഇപ്പോഴും ടാക്സ് വേണം. ട്രേഡ്മാർക്ക് ഇല്ലാത്തവർക്ക് ടാക്സ് വേണ്ട. ബ്രാന്റഡ് അല്ലാത്തവർക്ക് ടാക്സ് വേണ്ട. രജിസ്ട്രേഷൻ ബ്രാന്റ് ഉള്ളവർക്ക് ടാക്സ് വേണമെന്നാണ് പറഞ്ഞത്. ഇത് കേരളത്തിലെ ലക്ഷക്കണക്കിന് ബേക്കറി വ്യവസായ തൊഴിലാളികളേയും ബേക്കറികളേയും ബാധിക്കുന്നുണ്ട്. യു. ഡി. എഫ് ഗവൺമെന്റിന്റെ കാലത്ത് ഇവിടെ അത് അര ശതമാനമായിരുന്നു എന്നാണ് എന്റെ ഓർമ്മ. അതിലേക്ക് തിരിച്ചു കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ പ്രാവശ്യം പറഞ്ഞ വിശദീകരണം മറ്റു സംസ്ഥാനങ്ങളിലെ വലിയ കമ്പനികളെ ടാക്സ് ഇനത്തിൽ കൊണ്ടുവരാൻ വേണ്ടിയാണെന്നാണ് പറഞ്ഞത്. പക്ഷേ, ഫലത്തിൽ കേരളത്തിലെ ബേക്കറി വ്യവസായത്തെ തകർക്കുന്ന ഒരു നിലപാടാണ് നിങ്ങൾ സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇടയലേഖനത്തെക്കുറിച്ച് പറഞ്ഞു. വലിയ പ്രഖ്യാപനങ്ങളൊക്കെ നടത്തി. ഇടയലേഖനം പുതിയ കാര്യമാണോ ? കേരളത്തിൽ കത്തോലിക്ക സഭ ഉണ്ടായ കാലം മുതൽ അല്ലെങ്കിൽ ക്രൈസ്തവ സഭ ഉണ്ടായ കാലം മുതൽ ഇടയ ലേഖനമുണ്ട്. അത് തുറുപ്പുചീട്ടാക്കുവാനുള്ള അങ്ങയുടെ ശ്രമം ഒട്ടും ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : സർ, ഒരു ഇടയ ലേഖനം സി.പി. ഐ.(എം.)-ന്റെ നയത്തിന് വിരുദ്ധമായി വന്നപ്പോൾ അവർ എതിർക്കുകയും വലിയ പ്രചരണം നടത്തുകയും ചെയ്തു. അതിന്റെ പേരിൽ സഭയ്ക്ക് അകത്തുപോലും ഗോഗോ വിളി നടക്കുകയാണ്. കഴിഞ്ഞ നിയമസഭാ ഇലക്ഷൻ നടക്കുമ്പോൾ കത്തോലിക്കാ സഭയെ സംബന്ധിച്ച് ഏറ്റവും വലിയ ആളെന്നു പറയുന്നത് കർദിനാൾ ആണ്. വർക്കി വിതയത്തിൽ അദ്ദേഹമാണ് സുപ്രീം കമാൻഡർ. അദ്ദേഹം ഇടതുപക്ഷത്തിന് വോട്ട് ചെയ്തതിൽ തെറ്റില്ലെന്ന് പറഞ്ഞപ്പോൾ ചുമന്നുകൊണ്ടാണ് നടന്നത്. ഇപ്പോൾ എതിരുമായി. രാഷ്ട്രീയമാണ് ഇവരുടെ കാഴ്ചപ്പാട്.

ശ്രീ. കെ. ബാബു : സർ, അദ്ദേഹം ഇടതുപക്ഷത്തിന് വോട്ട് ചെയ്യാൻ പറഞ്ഞിട്ടില്ല. വെറുതേ ദുർവ്യാഖ്യാനം ചെയ്യരുത്.

ശ്രീ. പി. സി. ജോർജ് : തെറ്റില്ല എന്നാണ് പറഞ്ഞത്.

ശ്രീ. കെ. ബാബു : ഇല്ല, വ്യക്തികളെ നോക്കി വോട്ട് ചെയ്യാനാണ് പറഞ്ഞത്. ഇടതുപക്ഷത്തിന് വോട്ട് ചെയ്യാൻ അദ്ദേഹം പറഞ്ഞിട്ടില്ല. അദ്ദേഹത്തെ വെറുതേ ദുർവ്യാഖ്യാനം ചെയ്യേണ്ട. ശ്രീ. ജോർജ് അന്ന് പള്ളിയുമായി ഇത്രയും അടുത്തിട്ടില്ല. അതായിരുന്നു പ്രശ്നം.

ശ്രീ. പി. സി. ജോർജ് : ഒരു തെറ്റിദ്ധാരണയും വേണ്ട. ഫാ. വർക്കി വിതയത്തിൽ നടത്തിയ പ്രസ്താവനയിൽ കമ്മ്യൂണിസ്റ്റുകാർക്ക് വോട്ട് ചെയ്യുന്നത് പാപമല്ലെന്നു തന്നെയാണ് പറഞ്ഞത്. അതാണ് ഞാൻ ഉദ്ദേശിച്ചത്. അദ്ദേഹം കമ്മ്യൂണിസ്റ്റുകാരനൊന്നുമല്ല.

ശ്രീ. കെ. ബാബു : എനിക്കു തോന്നുന്നത് ഏക വൈസ് പ്രസിഡണ്ട് അന്ന് പള്ളിയുമായി ഇത്രയും അടുത്തിട്ടില്ല എന്നാണ്. ഏക വൈസ് പ്രസിഡണ്ട് ആയതിൽപ്പിന്നെയാണ് കുറച്ചുകൂടി അടുത്തത്. അദ്ദേഹത്തിന്റെ പ്രസ്താവന ദുർവ്യാഖ്യാനം ചെയ്യുകയാണ് ശ്രീ. ജോർജ്. ഞാൻ പറഞ്ഞു വന്നത്.........

മി. ഡെപ്യൂട്ടി സ്പീക്കർ : സമയം കഴിഞ്ഞു.

ശ്രീ. കെ. ബാബു : ഇല്ല കഴിഞ്ഞിട്ടില്ല, ടാക്സുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ........

മി. ഡെപ്യൂട്ടി സ്പീക്കർ : ഇല്ല അതൊക്കെ പറഞ്ഞു, നന്നായി പറഞ്ഞു.

ശ്രീ. കെ. ബാബു : താങ്ക്യു സർ, ഇനി ഞാൻ പറയാൻ പോകുന്നതും നന്നാകും. ഡോ. തോമസ് ഐസക് അന്ന് ഇടയ ലേഖനത്തെപ്പറ്റി ഒരുപാട് വിമർശിച്ച് പറഞ്ഞു. അങ്ങ് ആലപ്പുഴ ബിഷപ്പിനെ സന്ദർശിച്ചു എന്ന് ഞാൻ ഇന്നലെ പത്രത്തിൽ വായിച്ചു. എന്തിനാണ് പോയത് ? ഞാൻ വെറുതെയല്ല പറഞ്ഞത്. നിങ്ങളുടെ കാപട്യത്തിനെയാണ് ഞങ്ങൾ എതിർക്കുന്നത്. നിങ്ങൾ പരസ്യമായി ഇടയ ലേഖനത്തെ എതിർക്കുക, ബിഷപ്പുമാരെ നികൃഷ്ട ജീവികൾ എന്ന് പറയുക, ഇതൊക്കെ പറഞ്ഞിട്ട് രഹസ്യമായി തലയിൽ മുണ്ടിട്ട് ബിഷപ്പ് ഹൗസുകൾ സന്ദർശിക്കുക. ഇത് ശരിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: ആലപ്പുഴ ബിഷപ്പ് ഹൗസിൽനിന്ന് തീരദേശത്തെ റോഡിന്റേയും മറ്റും ചില പ്രശ്നങ്ങൾ സംസാരിക്കാൻ എന്നെ കാണാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു. എന്നെ ഇങ്ങോട്ട് വന്ന് കാണേണ്ട, ഞാൻ ചെന്ന് കാണാമെന്ന് പറഞ്ഞു. ചെന്നു കണ്ടു. അവിടത്തെ ഈ പ്രശ്നങ്ങളെ കുറിച്ച് സംസാരിച്ചു. വേറെ ഒരു കാര്യവുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അതൊക്കെ നാളേയും വേണ്ടി വരും.

ശ്രീ. കെ. ബാബു: ബിഷപ്പിനെ ചെന്നു കാണാനുള്ള അങ്ങയുടെ ഔചിത്യത്തെ ഞാൻ അനുമോദിക്കുന്നു. പക്ഷേ, നിങ്ങൾ പൊതുവേ എടുക്കുന്ന നിലപാട് നികൃഷ്ട ജീവികളെന്ന് ബിഷപ്പുമാരെ ആക്ഷേപിക്കുക, എന്നിട്ട് രഹസ്യമായി എല്ലാ അരമനകളിലും കയറിയിറങ്ങുക. ഈ കാപട്യം നിങ്ങൾ അവസാനിപ്പിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് തലയിൽ മുണ്ടിട്ട് രഹസ്യമായി അരമനയിൽ പോയി എന്നാണല്ലോ ? ധനകാര്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് അവിടെ പോയത് പരസ്യമായിട്ടാണ്. ഔദ്യോഗിക കാറിലാണ് അവിടെ പോയി ഇറങ്ങുന്നത് കണ്ടത്. ഔദ്യോഗിക കാറിൽ പോയി ഇറങ്ങുന്നത് എങ്ങനെയാണ് തലയിൽ മുണ്ടിട്ട് രഹസ്യമായിട്ടാകുന്നത് ?

ശ്രീ. കെ. ബാബു: അല്ല, 'തലയിൽ മുണ്ടിട്ടു' എന്ന് പറഞ്ഞാൽ തല പൊതിഞ്ഞുകെട്ടി എന്നല്ല അർത്ഥം. അത് ഒരു ഫ്രെയിസ് ആണ്. തലയിൽ മുണ്ടിട്ടു എന്ന് പറഞ്ഞാൽ പോസ്റ്റ്മോർട്ടം ചെയ്ത് ഡെഡ് ബോഡി കൊണ്ടുവരുന്നതുപോലെ പൊതിഞ്ഞു കെട്ടിയാണോ കൊണ്ടു വരുന്നത് ? അങ്ങനെയൊന്നും പറയരുത്. അത് നമ്മുടെ നാട്ടിലുള്ള ഒരു ഫ്രെയിസ് ആണ്. പോസ്റ്റ്മോർട്ടം ചെയ്ത് ഡെഡ് ബോഡി കൊണ്ടുവരുന്നതു പോലെയൊന്നും ആരും പോകാറില്ല. ഇവിടെ രാവിലെ ഞാൻ ഒരു സബ്മിഷൻ കൊടുത്തു. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞു. അദ്ദേഹം പറഞ്ഞ കൂട്ടത്തിൽ നരേന്ദ്ര മോഡി, സംഘ് പരിവാർ എന്നൊക്കെ പറഞ്ഞു. അദ്ദേഹം വന്നത് എവിടെനിന്നാണ് ? പാർട്ടി മീറ്റിംഗിൽ പങ്കെടുത്തിട്ട് ഡൽഹിയിൽനിന്നാണ് വന്നത്. സെൻട്രൽ കമ്മിറ്റി കഴിഞ്ഞിട്ടാണ് വന്നത്. നമ്മുടെ ശ്രീ. കോടിയേരി ബാലകൃഷ്ണനും വന്നു. വിജയവാഡ പാർട്ടിയുടെ വിപുലീകരിച്ച കേന്ദ്ര കമ്മിറ്റിയിലേക്ക് കൊണ്ടു പോകുന്ന പാർട്ടി രേഖയിൽ എന്താണ് പറഞ്ഞിട്ടുള്ളത് ? അങ്ങ് കേന്ദ്ര കമ്മിറ്റി അംഗമാണല്ലോ ? അങ്ങ് മറുപടി പറയണം. നിങ്ങൾ കോൺഗ്രസ്സിനേയും ബി.ജെ.പി.യേയും ഒരുപോലെ എതിർക്കുവാനുള്ള തീരുമാനവുമായിട്ടാണ് ഇങ്ങോട്ടു വരുന്നത്. എവിടെയാണ് മതേതരത്വം ? നിങ്ങൾക്ക് എവിടെയാണ് മത നിരപേക്ഷത. നിങ്ങൾ പറഞ്ഞത് മത നിരപേക്ഷതയാണല്ലോ ? ഗുജറാത്തിലെ നരേന്ദ്ര മോഡിയുടെ പാർട്ടിയെ ബി.ജെ.പി.-യേയും കോൺഗ്രസ്സിനേയും ഒരുപോലെ ശത്രുവായി കാണുന്ന പാർട്ടി രേഖ അംഗീകരിച്ചുകൊണ്ടാണ് നിങ്ങളുടെ പാർട്ടി ഇപ്പോൾ തീരുമാനം എടുത്തിട്ടുള്ളത്. നിങ്ങളുടെ നിലപാട് ഒന്നു പറയാമോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ബാബു, അങ്ങ് സഹകരിക്കുക.

ശ്രീ. കെ. ബാബു : ഇന്ന് പാർലമെന്റ് സമ്മേളനം തുടങ്ങുകയാണ്.

ശ്രീ. പി. ജയരാജൻ : സർ, മത നിരപേക്ഷതയ്ക്ക് ഏറ്റവും കടുത്ത ശത്രുവായിട്ടാണ് ബി.ജെ.പി.-യും ആർ.എസ്.എസ്സും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ആ ആർ.എസ്.എസ്.-ബി.ജെ.പി.ക്ക് വളരാനുള്ള സൗകര്യം ഇന്ത്യാ രാജ്യത്ത് എല്ലാ സംസ്ഥാനങ്ങളിലും ഒരുക്കിക്കൊടുത്ത പാർട്ടിയായതുകൊണ്ടാണ് കോൺഗ്രസ്സിനെക്കൂടി ഞങ്ങൾ എതിർക്കുന്നത്.

ശ്രീ. കെ. ബാബു : നിങ്ങൾ കോൺഗ്രസ്സിനെ എതിർക്കുന്നത് ആ ന്യായം പറഞ്ഞു കൊണ്ടല്ല. നിങ്ങൾ ഇപ്പോഴും പറയുന്നത് എന്താണ് ? കോൺഗ്രസ് പല പ്രാവശ്യം, ഇനി പറഞ്ഞത് തിരുത്തുമോ എന്ന് അറിഞ്ഞു കൂടാ. ഇന്ത്യയിൽ ഏറ്റവും വലിയ മതേതര കക്ഷി കോൺഗ്രസ് ആണെന്ന് നിങ്ങൾ ഇപ്പോഴും സമ്മതിച്ചിട്ടുള്ളതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. ബാബു, ഇനി അങ്ങ് സഹകരിക്കുക.

ശ്രീ. കെ. സി. ജോസഫ് : ശ്രീ. ബാബു, കാലാകാലങ്ങളിൽ തെറ്റുകൾ ചെയ്യുകയും പിന്നീട് തിരുത്തുകയും ചെയ്യുന്നത് സി.പി.ഐ. (എം)-ന്റെ ശൈലിയാണ്. കോയമ്പത്തൂർ പാർട്ടി കോൺഗ്രസ്സിൽ പറഞ്ഞു, കോൺഗ്രസ്സിനെതിരായ നിലപാട് തെറ്റിപ്പോയി. നിങ്ങൾ യു.പി.എ.-യെ സഹായിക്കുവാൻ പറഞ്ഞത്, കോൺഗ്രസ് വിരുദ്ധ നിലപാട് തെറ്റിപ്പോയി. അതുകൊണ്ട് ഇന്ത്യയിൽ ബി.ജെ.പി. വളർന്നു എന്ന് പറയുന്നു. ഇന്ന് പറയുന്നു കോൺഗ്രസ്സും ബി.ജെ.പി-യും ഒന്നിച്ചു ചേരുന്നു. അപ്പോൾ നിങ്ങളുടെ ജോലി തെറ്റ് ചെയ്യുക, തിരുത്തുക.

മി. ഡെപ്യൂട്ടി സ്പീക്കർ : ധനകാര്യ ബില്ലിനെക്കുറിച്ച് ചർച്ച നടത്തുന്നതിനാണ് സമയം. അല്ലാതെ പറയുന്നത് ശരിയല്ല.

ശ്രീ. പി. സി. ജോർജ് : ഇവിടെ നമുക്ക് നിഷ്പക്ഷമായി വിലയിരുത്തേണ്ടേ ? ഇന്ത്യയിൽ കോൺഗ്രസ്സിനെതിരായി പ്രചരണം നടത്തിയാൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് എന്താണ് ? ലാഭം മുഴുവൻ ബി.ജെ.പി.ക്ക് അല്ലേ ? അപ്പോൾ ഇടതുപക്ഷം കോൺഗ്രസ് വിരോധം പറയുന്നത് ബി.ജെ.പി.-യെ വളർത്താൻ വേണ്ടിയാണ്. എന്താണ് സംശയം ?

ശ്രീ. കെ. ബാബു : ശ്രീ. പി. സി. ജോർജ് പറഞ്ഞതും ശ്രീ. കെ. സി. ജോസഫ് പറഞ്ഞതും ശരിയാണ്. നിങ്ങൾക്ക് ദേശീയ രാഷ്ട്രീയത്തിൽ ഒരു നിലപാടില്ല എന്നുള്ളതിന് ധാരാളം തെളിവുണ്ട്. കേന്ദ്രത്തിൽ കോൺഗ്രസ്സിനോടൊപ്പം ഭരിക്കുകയല്ലേ എൻ.സി.പി. ഇവിടെ നിങ്ങൾ അയ്യു പറഞ്ഞല്ലേ എൻ.സി.പി.-യെ പുറത്താക്കിയത്. ഇപ്പോൾ തിരിച്ചെടുത്തില്ലേ ? എന്താണ് ന്യായം ? കേന്ദ്രത്തിൽ കോൺഗ്രസ്സിനോടൊപ്പം ഭരിക്കുന്ന എൻ.സി.പി.-യെ ഇപ്പോൾ മുന്നണിയിൽ എടുക്കുവാൻ തീരുമാനിച്ചു. എന്ത് ന്യായമാണ് ?

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് അങ്ങ് സഹകരിക്കണം. ധനകാര്യ ബില്ലിനെക്കുറിച്ച് സംസാരിക്കുന്ന സമയത്താണ് നിയന്ത്രണം ഇല്ലാത്തത്. ബാക്കി രാഷ്ട്രീയ കാര്യങ്ങൾ മാത്രമാണെങ്കിൽ ഇവിടെ വച്ച് അവസാനിപ്പിക്കണം.

ശ്രീ. കെ. ബാബു : അഞ്ച് മിനിട്ട് അങ്ങ് ഇടപെടാതിരുന്നാൽ ഞാൻ പൂർത്തിയാക്കാം. ഇവിടെ മന്ത്രി ശ്രീ. സി. ദിവാകരൻ കഴിഞ്ഞ ദിവസം ഡിമാന്റിന് മറുപടി പറഞ്ഞുകൊണ്ട് ഞങ്ങൾ മായാവതിയെ കൂട്ട് പിടിച്ചില്ലേ എന്ന് ചോദിച്ചു. നിങ്ങൾ യു.പി.എ ഗവൺമെന്റിന്റെ പിൻതുണ പിൻവലിച്ചിട്ട് നേരെ എങ്ങോട്ടാണ് പോയത് ? കാസ്റ്റ് മുൻനിർത്തിയിട്ടുള്ള ഒരു രാഷ്ട്രീയ പാർട്ടിയാണ് മായാവതിയുടേത്. ആ മായാവതിയുമായിട്ടാണ് നിങ്ങൾ മൂന്നാം മുന്നണി ഉണ്ടാക്കാൻ പോയത്. നിങ്ങൾ കൈ പൊക്കിപ്പിടിച്ചു നിന്നില്ലേ ? ഞാൻ ഇവിടെ പ്രശ്നം ഉന്നയിച്ചപ്പോൾ തർക്കം ഉണ്ടായതാണ്. നിങ്ങൾ എ.ബി. ബർദാനും പ്രകാശ് കാരാട്ടും എല്ലാം പോയി കൈ പൊക്കിപ്പിടിച്ചത് എവിടെ പോയിട്ടാണ്. യു.പി.എ. യെ താഴെയിറക്കിയിട്ട് നിങ്ങൾ എവിടെയാണ് പോയത്. മായാവതിയുടെ അടുത്ത്. അല്ലേ ? ഇപ്പോൾ നിങ്ങൾ അവിടെയും വിട്ടു. ഇപ്പോൾ നിങ്ങൾക്ക് മൂന്നാം മുന്നണിയും പ്രായോഗികമല്ല. നിങ്ങൾ കുറേ വർഷങ്ങളായി ദേശീയ രാഷ്ട്രീയത്തിൽ മൂന്നാം മുന്നണി എന്നുള്ള മുദ്രാവാക്യമാണ് മുന്നോട്ട് വയ്ക്കുന്നത്. ഇപ്പോൾ മൂന്നാം മുന്നണി എന്നുള്ളത് പ്രായോഗികമല്ല എന്നുള്ള നിഗമനത്തിൽ നിങ്ങളുടെ പാർട്ടി എത്തിച്ചേർന്നിരിക്കുകയാണ്. മൂന്നാം മുന്നണി പ്രായോഗികമല്ല എന്നുള്ള നിഗമനത്തിൽ നിങ്ങൾ ബി.ജെ.പി. യുമായി അടുത്തുകൊണ്ടിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴാണ് അങ്ങ് രാഷ്ട്രീയം പറഞ്ഞ് സമയം കളയുന്നത്.

ശ്രീ. കെ. ബാബു : ശ്രീ. പി. ജയരാജൻ പറഞ്ഞില്ലേ, ഏത് ചെകുത്താനേയും കൂട്ട് പിടിച്ച് കോൺഗ്രസിനെ തോൽപ്പിക്കണമെന്നുള്ള 1977-ലെ നിങ്ങളുടെ മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ ആദ്യമായി കേന്ദ്ര മന്ത്രിസഭയിൽ ബി.ജെ.പി. യുടെ നേതാക്കൻമാരായ, ജനസംഘത്തിന്റെ നേതാക്കൻമാരായ വാജ്പേയിയേയും അദ്വാനിയേയും കേന്ദ്ര മന്ത്രിമാരാക്കി അവർക്ക് സാമൂഹിക അംഗീകാരം കൊടുത്ത നിങ്ങളുടെ നിലപാടാണ് ആർ.എസ്.എസ്. നേയും ബി.ജെ.പി.യേയും രാജ്യത്ത് വളർത്തിയത് എന്ന്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. ബാബു, അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിച്ചപ്പോൾ പറഞ്ഞു, പോപ്പുലർ ഫ്രണ്ടിനെ ഞങ്ങളുടെ സഖ്യ കക്ഷിയാക്കി മാറ്റിയെന്ന്. ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഇപ്പോഴും പി.ഡി.പി.-യുമായി ഇനി കൂട്ട് കൂടില്ല എന്ന് പ്രഖ്യാപിക്കാമോ ? ഇനി ഒരിക്കലും പി.ഡി.പി. യുമായി കൂട്ട്കെട്ടില്ലെന്ന് പറഞ്ഞ മുഖ്യമന്ത്രിയുടെ പ്രസ്താവനയെ നിങ്ങളുടെ പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടേറിയറ്റ് തിരുത്തി. നിങ്ങളുടെ നിലപാടെന്താണ് ? പി.ഡി.പി. യുടെ വോട്ട് വേണ്ടെന്ന് പറയാമോ ? ഞാൻ വെല്ലുവിളിക്കുന്നു. കേന്ദ്ര കമ്മിറ്റി അംഗമായ ധനകാര്യമന്ത്രി ഡോ. തോമസ് ഐസക്കിനെ ഞാൻ വെല്ലുവിളിക്കുകയാണ്. പി.ഡി.പി. യുടെ വോട്ട് ഇനി ഞങ്ങൾക്ക് വേണ്ട. ഞങ്ങൾ അവരുമായി കൂട്ട് കൂടില്ല എന്ന് പറയാമോ ?

ഡോ. തോമസ് ഐസക് : സർ, (തടസ്സം) ....

മി. ഡെപ്യൂട്ടി സ്പീക്കർ : ഇത് അങ്ങനെ പോകാനാകില്ല. നോ........ചെയർ ഇടപെടേണ്ടി വരും. ശരിയല്ല അത്.

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട മന്ത്രി അങ്ങ് പറഞ്ഞത് ഞാൻ കേട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ആര് ഇടപെട്ടാലും ധനകാര്യ ബില്ലിനെക്കുറിച്ച് സംസാരിക്കുമ്പോൾ സമയം കൊടുക്കും. ശ്രീ. ആര്യാടൻ മുഹമ്മദ് സംസാരിച്ചപ്പോൾ ഇഷ്ടംപോലെ സമയം കൊടുത്തു. രാഷ്ട്രീയ പ്രസംഗം മാത്രമാകുമ്പോൾ സമയം അനുവദിക്കാനാകില്ല.

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് മൈക്കിൽ കൂടി പറയാൻ..... മൈക്കിൽകൂടി പറഞ്ഞാൽ റെക്കോർഡ് ആകും. ....(ബഹളം)......... എന്നാൽ മൈക്കിൽ കൂടി പറയൂ. ഞാൻ ഇരിക്കാം.

ഡോ. തോമസ് ഐസക് : പി.ഡി.പി. യുടെ വോട്ട് വേണ്ടെന്ന് പറയുന്നില്ല.

ശ്രീ. കെ. ബാബു : അപ്പോൾ ഞാൻ പറഞ്ഞുവന്ന കാര്യം...

മി. ഡെപ്യൂട്ടി സ്പീക്കർ : പ്രൊഫ. എൻ. ജയരാജ്, അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. കെ. ബാബു : പി.ഡി.പി. യുമായി ഒരിക്കലും കൂട്ട് കൂടില്ല എന്ന് മാർക്സിസ്റ്റ് പാർട്ടിക്ക് നിലപാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങേക്ക് അനുവദിച്ച സമയം കഴിഞ്ഞു. പ്ലീസ്...........സഹകരിക്കണം..........(ബഹളം).......... ശ്രീ. ആര്യാടൻ മുഹമ്മദ് സംസാരിച്ചത് ബില്ലിനെക്കുറിച്ചാണ്. അങ്ങ് പറഞ്ഞത് അര മണിക്കൂർ രാഷ്ട്രീയമാണ്.

ശ്രീ. കെ. ബാബു : അല്ല. തുടക്കത്തിൽ പറഞ്ഞതെല്ലാം ബില്ലിനെക്കുറിച്ചാണ്. ഞാൻ ആകെ അഞ്ച് മിനിട്ടാണ് പൊളിറ്റിക്സ് പറഞ്ഞത്. ഞാൻ നിർത്താം. നിങ്ങൾ ശ്രീ. ഉമ്മൻ ചാണ്ടിയെക്കുറിച്ച് പറഞ്ഞ ആക്ഷേപം എന്താണ് ? ഞങ്ങൾക്ക് ആരുടേയും വോട്ട് വേണ്ടെന്ന് പറയാനുള്ള അഹങ്കാരമില്ല എന്ന് പറഞ്ഞതാണ്. ഇപ്പോഴോ ? ഇപ്പോൾ എന്താണ് പറഞ്ഞത് ? ഞങ്ങൾ വോട്ട് വേണ്ടെന്ന് പറയുന്നില്ല. ഇതാണ് കള്ളക്കളി.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : ആർ.എസ്.എസ്. ന്റെ വോട്ട് വേണ്ടെന്ന് പറഞ്ഞിട്ടുണ്ട്. എസ്.ടി.പി.ഐ. യുടെ വോട്ട് വേണ്ട. അതുപോലെയാണ് പി.ഡി.പി. എന്ന് പറയുന്നില്ല.

ശ്രീ. കെ. ബാബു : പി.ഡി.പി. യോടുള്ള നിങ്ങളുടെ ഈ അടവ് നയമാണ്, ഈ മൃദു സമീപനമാണ് കേരളത്തിൽ വർഗ്ഗീയത വളർത്തിയത്. മാർക്സിസ്റ്റ് പാർട്ടിയുടെ ഇരട്ടത്താപ്പ് വളരെ വ്യക്തമായിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : പറഞ്ഞു കഴിഞ്ഞു. പ്രൊഫ. എൻ. ജയരാജ്, അങ്ങേക്ക് സംസാരിക്കാം.

പ്രൊഫ. എൻ. ജയരാജ് : സർ, ഞാൻ എന്റെ ഡിസന്റ് രേഖപ്പെടുത്തുകയാണ്. ഈ ധനകാര്യ ബില്ലിൽ ഇവിടെ എനിക്ക് മുൻപ് സംസാരിച്ച പ്രിയപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ കേരള പഞ്ചായത്തീരാജ് ആക്ടിലേയും മുനിസിപ്പൽ ആക്ടിലേയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാമായിരുന്ന ഒരു പ്രധാനപ്പെട്ട വരുമാന സ്രോതസ്സ് ഇല്ലാതാക്കിക്കൊണ്ടുള്ള ഒരു നിയമനിർമ്മാണമാണ് ഇതിനകത്ത് കൊണ്ടുവന്നിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം മറ്റ് ഗ്രാന്റുകളെല്ലാം കൂട്ടിച്ചേർത്തുകൊണ്ടുള്ള ഒരു സംവിധാനമാണ്. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ മുൻകാലങ്ങളിൽ ഇത് പിരിക്കുന്നില്ലായിരുന്നു. അതുകൊണ്ടാണ് ഇത്തരം ഒരു നിയമനിർമ്മാണത്തിന് ഗവൺമെന്റ് തയ്യാറായത് എന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പക്ഷെ, എനിക്ക് സൂചിപ്പിക്കാനുള്ളത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമം മുഖേന നൽകിയിട്ടുള്ള അധികാരങ്ങളെ തിരികെ പിടിക്കുന്ന ഒരു പ്രവണതയുടെ തുടക്കമാണ് ഇത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ നിയമത്തിനകത്ത് സെക്ഷൻ 199 നിലനിൽക്കുന്നു എന്നു പറയുമ്പോഴും സെക്ഷൻ 199-നെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട കാര്യം സംസ്ഥാന ഗവൺമെന്റിന് ആവശ്യമുണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ഇതുപോലുള്ള നികുതികൾ പിരിക്കാനുള്ള നിർദ്ദേശം നൽകാമെന്നുള്ളതാണ്. യഥാർത്ഥത്തിൽ ഭരിക്കുന്ന ഗവൺമെന്റിന്റെ താൽപര്യമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനാഗമന മാർഗ്ഗങ്ങൾ നിശ്ചയിക്കേണ്ട ഒരു സാഹചര്യത്തിലേക്ക് അല്ലെങ്കിൽ അത്തരം ഒരു സ്പിരിറ്റിലേക്ക് കാര്യങ്ങൾ പോകും എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അതുകൊണ്ട് തീർച്ചയായും നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ, പഞ്ചായത്തീരാജ് സംവിധാനത്തിന്റെ സ്പിരിറ്റ് നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള പ്രധാനപ്പെട്ട നിർദ്ദേശം പിൻവലിക്കണമെന്നുള്ളതാണ് എനിക്ക് മുൻപ് സംസാരിച്ച ബഹുമാന്യരായ അംഗങ്ങളെപ്പോലെ തന്നെ എനിക്കും സൂചിപ്പിക്കാനുള്ളത്. അതോടൊപ്പം തന്നെ പാക്ക്ഡ് ഡ്രിങ്കിംഗ് വാട്ടറിന് ഇരുപത് ലിറ്റർ വരെ നാല് ശതമാനം, നേരത്തെ അത് പന്ത്രണ്ടര ശതമാനമായിരുന്നു. എനിക്ക് ചോദിക്കാനുള്ള ഒരു കാര്യം, സത്യത്തിൽ ഇന്ന് കേരളം പോലുള്ള

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങളിൽ, പകർച്ചവ്യാധി ഉൾപ്പെടെ വളരെ വ്യാപകമായിട്ടുള്ള ഒരു സാഹചര്യത്തിൽ നമ്മുടെ ഭക്ഷണ കാര്യങ്ങളിൽ വളരെ ഹൈജീനിക്കായിട്ടുള്ള ഒരു കാഴ്ചപ്പാട് പങ്ക് വയ്ക്കുന്ന ഒരു ജനസമൂഹമാണ്. അതുകൊണ്ട് നമുക്കറിയാം ഇന്ന് കുടിക്കാനുള്ള ജലത്തെ സംബന്ധിച്ചിടത്തോളം ഒട്ടേറെ മാലിന്യങ്ങൾ ഉണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ആളുകൾ നല്ല വെള്ളം കുടിക്കരുത് എന്നുള്ള ഉദ്ദേശത്തിൽ എന്തിനാണ് പാക്ക് ചെയ്ത ഡ്രിങ്കിംഗ് വാട്ടറിന് നികുതി ഏർപ്പെടുത്തുന്ന സംവിധാനം. സത്യത്തിൽ അത് ഒഴിവാക്കാൻ കഴിയുമെങ്കിൽ ഒഴിവാക്കേണ്ടതല്ലേ എന്നുള്ളതാണ് ഒരു പ്രധാനപ്പെട്ട കാര്യം. നിത്യോപയോഗ സാധനങ്ങൾ പോലെ തന്നെ ഷെഡ്യൂൾ രണ്ടിൽ പെടുത്തിക്കൊണ്ട് നികുതിയിൽനിന്ന് അത് ഒഴിവാക്കുന്നത് എത്രയും ആശ്വാസമാണെന്നാണ് എന്റെ ഒരു വ്യക്തിപരമായ അഭിപ്രായം. കാരണം യാത്രയ്ക്കിടയിലാണെങ്കിലും നല്ല ജലം അല്ലെങ്കിൽ ശുദ്ധമായ ജലം കുടിക്കാൻ കിട്ടാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് ഇരുപത് ലിറ്ററിന് മുകളിൽ നാല് ശതമാനം എന്ന് പറയുമ്പോൾ പോലും ജലത്തിന് നികുതി ഈടാക്കുന്ന സമ്പ്രദായത്തിൽ നിന്ന് പിറകോട്ട് പോകുന്നതല്ലേ നല്ലത് എന്ന് ചിന്തിക്കേണ്ട ഒരു കാര്യമാണ്. മാത്രമല്ല, ഒരു ലെജിസ്ലേച്ചർ എപ്പോഴും കാണുന്നതിനെല്ലാം ടാക്സ് ഏർപ്പെടുത്തുന്ന സംവിധാനത്തിലേക്ക് പോകുന്നതിൽ ഒരു അഭംഗി നമ്മുടെ നികുതി സമ്പ്രദായത്തിന്റെ ഘടനയിൽ ഉണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. ഇൻഡസ്ട്രിയൽ ഗ്ലൗസിനും അതുമായി ബന്ധപ്പെട്ട അനുബന്ധ സാധനങ്ങൾക്കൊക്കെ ടാക്സ് നാല് ശതമാനം കുറച്ചിട്ടുണ്ട്. പക്ഷെ, സർജിക്കൽ ഗ്ലൗസിന്റെ നികുതി പഴയ രീതിയിൽതന്നെ തുടരുകയാണ്. അത് പന്ത്രണ്ടര ശതമാനത്തിൽ നിൽക്കുകയാണ്. യഥാർത്ഥത്തിൽ നാച്വറൽ റബ്ബറിൽനിന്ന് സൃഷ്ടിക്കപ്പെടുന്ന ഇത്തരം വസ്തുക്കളെ സംബന്ധിച്ചിടത്തോളം നമുക്കറിയാം നമ്മുടെ ടാക്സേഷൻ സമ്പ്രദായത്തിന്റെ അടിസ്ഥാനപരമായ ഒരു കാഴ്ചപ്പാട് തന്നെ ടാക്സ് ചുമത്തുമ്പോൾ അത് വളരെ ലഘുവായിരിക്കണം എന്നതാണ്. അതോടൊപ്പം അത് വളരെ ട്രാൻസ്പാരന്റായിരിക്കണം. ഈ നികുതി സമ്പ്രദായത്തിന്റെ പ്രത്യേകത, ധനകാര്യ വകുപ്പുമന്ത്രി പല രൂപത്തിൽ നികുതി സമാഹരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിരിക്കും. നാച്വറൽ റബ്ബറിൽ നിന്ന് ഉണ്ടാക്കുന്ന ഇൻഡസ്ട്രിയൽ ഗ്ലൗസുകൾക്കും അഗ്രിക്കൾച്ചർ പർപ്പസിനുവേണ്ടി ഉപയോഗിക്കുന്ന ഗ്ലൗസുകൾക്കൊക്കെ ഒരു പ്രത്യേക നികുതിയും അതോടൊപ്പം സർജിക്കൽ പർപ്പസിനുവേണ്ടിയുള്ള ഗ്ലൗസിന് ഒരു പ്രത്യേക നികുതിയും. ഇതെല്ലാം ഒരേ മെറ്റീരിയൽ അല്ലെങ്കിൽ ഒരേ വസ്തുവിൽനിന്നു തന്നെ സൃഷ്ടിക്കപ്പെടുന്നതാണെന്നുള്ളതാണ് യാഥാർത്ഥ്യം. ഇത് സ്വാഭാവികമായും നികുതി നാളെ ഈടാക്കുന്ന ഒരു സംവിധാനം പ്രായോഗിക തലത്തിൽ വരുമ്പോൾ അഗ്രിക്കൾച്ചർ പർപ്പസിനുള്ള ഗ്ലൗസും ഇൻഡസ്ട്രിയൽ പർപ്പസിനുള്ള ഗ്ലൗസും, നേരത്തെ സൂചിപ്പിച്ച സർജിക്കൽ ആവശ്യങ്ങൾക്കുള്ള ഗ്ലൗസുകൾ ആ രൂപത്തിൽ ക്ലാസിഫൈ ചെയ്യാൻ വളരെയേറെ ബുദ്ധിമുട്ടുണ്ടാകും. മാത്രമല്ല, നികുതി ഈടാക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നേരത്തെ സൂചിപ്പിച്ചതുപോലെ നികുതി സമ്പ്രദായത്തിന്റെ അടിസ്ഥാന പരമായ സിംപ്ലിസിറ്റി, ട്രാൻസ്പരൻസി തുടങ്ങിയ അടിസ്ഥാന ഘടകങ്ങളോട് യോജിക്കുന്നില്ലെന്നുള്ളതുകൊണ്ട് ഒന്നുകിൽ ഇൻഡസ്ട്രിയൽ ഗ്ലൗസിന് ഉൾപ്പെടെ നൽകുന്ന ആനുകൂല്യം സർജിക്കൽ ഗ്ലൗസിന് ഉൾപ്പെടെ നൽകണമെന്നുള്ളതാണ് എനിക്ക് ഈ കാര്യത്തിൽ സൂചിപ്പിക്കാനുള്ളത്. ഇടയ്ക്ക് അവിടെനിന്നും ഇവിടെനിന്നും ചൂസ് ചെയ്യുന്ന കുറേ മെറ്റീരിയൽസിന്റെ ഇടയിൽനിന്ന് അഗ്രിക്കൾച്ചർ പർപ്പസിന് ചൂസ് ചെയ്യുന്നു, അല്ലെങ്കിൽ മറ്റ് ഗ്ലൗസുകൾ ചൂസ് ചെയ്യുന്നു. അങ്ങനെയുള്ള ഒരു പിക്കിംഗ് ആന്റ് ചൂസിംഗ് സമ്പ്രദായം ടാക്സേഷൻ സമ്പ്രദായത്തിന്റെ അടിസ്ഥാനപരമായ ചില കാഴ്ചപ്പാടുകളെ നിരാകരിക്കുന്നു എന്നുള്ളതാണ് എനിക്ക് ആ കാര്യത്തിൽ സൂചിപ്പിക്കാനുള്ളത്. അതുകൊണ്ട് ഒന്നുകിൽ എല്ലാത്തരം ഗ്ലൗസുകളേയും പൂർണ്ണമായും ഒഴിവാക്കുന്ന, അല്ലെങ്കിൽ അതിന് സമാനമായ നികുതി സംപ്രദായം ഈടാക്കുന്ന രൂപത്തിലുള്ള ചിന്തയുണ്ടാകണമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

അതോടൊപ്പം ഇമ്പോർട്ടഡ് ഷുഗർ ഭേദഗതിക്കുമുമ്പ് ഷെഡ്യൂൾ 3-ൽ നാല് ശതമാനത്തിന് വിധേയമായിരുന്നു. പുതിയ ഭേദഗതി വന്നപ്പോൾ ഇമ്പോർട്ടഡ് ഷുഗറിനെ പന്ത്രണ്ടര ശതമാനത്തിന്റെ പരിധിയിലേക്ക് കൊണ്ടുവന്നിരിക്കുകയാണ്. എനിക്ക് വളരെ സിമ്പിളായ ഒരു ചോദ്യം അങ്ങയോട് ചോദിക്കാനുള്ളത്, ഇതിന്റെ പിന്നിൽ എന്ത് ചേതോവികാരമായിരുന്നു ഉണ്ടായിരുന്നത് എന്നുള്ളതാണ്. സത്യത്തിൽ അവസാനം ബാധിക്കുന്നത് കൺസ്യൂമറെ തന്നെയായിരിക്കും. കേരളീയരെ സംബന്ധിച്ചിടത്തോളം പഞ്ചസാരയുടെ ഉപയോഗം ഇമ്പോർട്ട് ചെയ്ത പഞ്ചസാരയാണോ അല്ലെങ്കിൽ കരിമ്പിൽനിന്നുണ്ടാക്കുന്ന പഞ്ചസാരയാണോ എന്നൊക്കെയുള്ള ചിന്തകളുടെ അടിസ്ഥാനത്തിലല്ല ഇത് ഉപയോഗിക്കുന്നത്. ഇമ്പോർട്ടഡ് പഞ്ചസാരയ്ക്ക് പന്ത്രണ്ടര ശതമാനം ടാക്സ് മാറുന്നതുകൊണ്ടുള്ള പ്രശ്നം, ഇതിന്റെ ആത്യന്തികമായ ഇൻസിഡന്റ്സ് ഉണ്ടാകാൻ പോകുന്നത് യഥാർത്ഥത്തിൽ കൺസ്യൂമേഴ്സിനുതന്നെയാണ്. യഥാർത്ഥത്തിൽ അങ്ങുതന്നെ ഈ വ്യത്യസ്തത ഒഴിവാക്കാൻവേണ്ടിയാണ് ഇമ്പോർട്ടഡ് ഷുഗറിന് നേരത്തെയുണ്ടായിരുന്ന നാല് ശതമാനത്തിൽനിന്ന് പന്ത്രണ്ടര ശതമാനത്തിലേക്ക് മാറ്റിയതെന്ന് സൂചിപ്പിക്കുകയുണ്ടായി. പക്ഷേ, എനിക്ക് തോന്നുന്നത് അവസാനം കൺസ്യൂമേഴ്സിനെ പ്രതികൂലമായി ബാധിക്കുമെന്നാണ്. അല്ലെങ്കിൽ ഇൻസിഡന്റ്സ് പൂർണ്ണമായും കൺസ്യൂമേഴ്സിനെ അടിച്ചേൽപ്പിക്കുന്ന രീതിയിലേക്ക് വരുമെന്നാണ്. അതുപോലെ പ്രൊസീഡ്യൂവറുമായി ബന്ധപ്പെട്ട് ശ്രീ. കെ. ബാബു ഇവിടെ സൂചിപ്പിച്ചു. രണ്ടുകാര്യങ്ങൾ അതിലുണ്ട്. ഒന്ന്, ഇടയ്ക്കുണ്ടായിരുന്ന അപ്പലേറ്റ് സംവിധാനത്തെ മാറ്റി പൂർണ്ണമായും ട്രിബ്യൂണലിന്റെ മുമ്പിലേയ്ക്ക് അപ്പീൽ കൊടുക്കാനുള്ള സംവിധാനമുണ്ടാക്കി. അത് കഴിഞ്ഞ പ്രാവശ്യം പറഞ്ഞുവെങ്കിൽപ്പോലും നോട്ടിഫിക്കേഷനായിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ശരിക്കു പറഞ്ഞാൽ പ്രാവർത്തികമായിട്ടില്ല, മാത്രമല്ല, പുതിയ ബില്ലിൽ നേരത്തെ ഡെപ്യൂട്ടി കമ്മീഷണർമാർക്കുണ്ടായിരുന്ന അധികാരം

417/13

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ അസിസ്റ്റന്റ് കമ്മീഷണർമാർക്കുകൂടി കൊടുത്തു. ഒരു അപ്പീൽ കേൾക്കാൻ ഒരു അതോറിറ്റി വേണം. കോമ്പീറ്റന്റായ അതോറിറ്റി വേണം. കുറേ ആളുകൾക്ക് വീതംവച്ചുകൊടുക്കുന്നു എന്നതിന് അപ്പുറം അപ്പീൽ വയ്ക്കുമ്പോൾ കോമ്പിറ്റൻസി വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഡെപ്യൂട്ടി കമ്മീഷണർമാർ നേരത്തെ കേട്ടുകൊണ്ടിരുന്ന അപ്പീലുകൾ ഇപ്പോൾ അസിസ്റ്റന്റ് കമ്മീഷണർമാർക്കുകൂടി വീതംവച്ചുകൊടുക്കുമ്പോൾ അല്ലെങ്കിൽ അവരെക്കൂടി ഈ പരിധിയിൽ ഉൾപ്പെടുത്തുമ്പോൾ അതുമായി ബന്ധപ്പെട്ട നമ്മുടെ കാഴ്ചപ്പാടിൽ ഒരു മാറ്റം വരുമെന്ന പ്രശ്നം ഇതിലുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത് നേരത്തെ തന്നെ നിർദ്ദേശത്തിന്റെ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ഡെപ്യൂട്ടി കമ്മീഷണർമാരോടൊപ്പംതന്നെ അസിസ്റ്റന്റ് കമ്മീഷണർമാർക്ക് നൽകിയിട്ടുള്ള അപ്പീൽ അധികാരം പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്നുള്ളതാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം. അതോടൊപ്പം തന്നെ, ഇവിടെ സൂചിപ്പിച്ചിട്ടുള്ള കാര്യം, അപ്പീൽ കൊടുക്കുമ്പോൾ .5 ശതമാനവും അതുമായി ബന്ധപ്പെട്ട് സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കുകയെന്നുള്ളതുമാണ്. ഇവിടെ അങ്ങയുടെ ഉദ്യോഗസ്ഥൻമാർ വളരെ എക്സോർബിറ്റന്റായ ഒരു എമൗണ്ട് അസെസ്സ് ചെയ്ത് അത് അടയ്ക്കാൻ പറഞ്ഞാൽ അതനുസരിച്ച് .5 ശതമാനം അടച്ചുകഴിഞ്ഞാലുണ്ടാകുന്ന പ്രധാനപ്പെട്ട പ്രശ്നം ഓരോ സ്റ്റേജിലും .5 ശതമാനം അടയ്ക്കുകയെന്നുള്ളതാണ്. അതെല്ലാം കഴിഞ്ഞ് അടയ്ക്കാൻ തയ്യാറാകുന്ന ഒരവസ്ഥയിൽ അടച്ചുകഴിഞ്ഞാൽപ്പോലും വ്യാപാരികൾക്ക് അനുകൂലമായ വിധിയുണ്ടായാൽ ഇത് അഡ്ജസ്റ്റ് ചെയ്യുന്ന സംവിധാനം നിലവിലില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. അത് ഒരു സാമാന്യ നീതിയുടെ ഭാഗമാണ്. ഒരു അപ്പീൽ കൊടുക്കുമ്പോൾ, പണമടയ്ക്കുമ്പോൾ അത് അനുകൂലമായി വരുമ്പോൾ അത് വ്യാപാരികളുടേതല്ലാത്ത തെറ്റുകൊണ്ട് തിരികെ കൊടുക്കുമ്പോൾ അത് അഡ്ജസ്റ്റ് ചെയ്യാൻ തയ്യാറാകണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അല്ലെങ്കിൽ സെറ്റ്ഓഫ് ചെയ്യുന്ന എന്തെങ്കിലുമൊരു സംവിധാനമുണ്ടാകണം അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഡി.ടി.എച്ച്.-ന് രണ്ടുശതമാനം, ഡി.ടി.എച്ച് ഉപയോഗിക്കുന്നത് ലക്ഷ്വറിയാണെന്ന് പറയുന്നത് ശരിയല്ല. ഞാൻ അതുകൊണ്ടാണ് പറഞ്ഞത് എവിടെയൊക്കെ സ്ഥലം കിട്ടുന്നുവോ അവിടെയൊക്കെ ടാക്സ് ചെയ്യുക എന്നുപറയുന്നത് സാമാന്യമായ കാഴ്ചപ്പാടിന്റെ ഭാഗമാണ്. ഇപ്പോൾ കേബിൾ ടി.വി.-ക്കാർ 5000 കണക്ഷനുകളെന്നുള്ളത് 7500 വരെ സ്വകാര്യ കണക്ഷനുകളെ ഒഴിവാക്കിയിട്ടുണ്ട്. വളരെ നല്ല നിർദ്ദേശമാണ്. സബ്ജക്ട് കമ്മിറ്റിയിൽ ഈ നിർദ്ദേശം വന്നപ്പോൾ വളരെ അനുകൂലമായ നിലപാടാണ് എല്ലാ അംഗങ്ങളുമെടുത്തത്. പക്ഷേ, ഡി.ടി.എച്ച്-ന്റെ കാര്യത്തിൽ 2 ശതമാനം കൊണ്ട് എന്ത് കിട്ടാനാണ് ? മാത്രമല്ല, അത് ലക്ഷ്വറിയാണെന്നുള്ള കാഴ്ചപ്പാട്. വരുമാനമുണ്ടാക്കാൻവേണ്ടി ആരെ കിട്ടിയാലും അവരെയൊക്കെ പിടിച്ച് ഊറ്റിയെടുക്കുന്ന പ്രവണത ഭംഗിയല്ല. അതുകൊണ്ട് ഡി.ടി.എച്ച്-നെ ലക്ഷ്വറിയിൽപ്പെടുത്തി രണ്ടു ശതമാനം നൽകുകയെന്നുള്ളത് പിൻവലിക്കണമെന്നുള്ളതാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിക്കാനുള്ളത്. അങ്ങ് ആദ്യം ബഡ്ജറ്റ് അവതരിപ്പിച്ചത് പാത്തുമ്മയുടെ ആടിന്റെ കാര്യം പറഞ്ഞാണ്. അവസാനം വൈലോപ്പിള്ളിയിൽ വന്ന് എത്തിനിൽക്കുകയാണ്. അടുത്ത ദിവസം കേരള സാഹിത്യ അക്കാഡമിയുടെ അവാർഡ് കിട്ടിയ ബന്യാമിന്റെ 'ആടുജീവിതം' പ്രവാസികളുടെ ജീവിതത്തെ വളരെയേറെ പ്രതിഫലിപ്പിച്ച് കാണിക്കുന്ന നോവലാണ്. പ്രവാസി മലയാളികളുടെ കാഴ്ചപ്പാടിൽനിന്നുകൊണ്ട് എഴുതിയ നോവലാണ്. ഞാൻ അവാർഡിനെക്കുറിച്ചല്ല പറഞ്ഞത്, ആ ജീവിതം പാത്തുമ്മയുടെ ആട് നാലുവർഷങ്ങൾക്കുമുമ്പ് ആരംഭിച്ചിട്ട് ഇപ്പോൾ ആടുജീവിതത്തിന്റെ സാഹചര്യത്തിലേക്ക് പലപ്പോഴും കാര്യങ്ങൾ എത്തിച്ചേരുന്നുവെന്നാണ് ഞാൻ സൂചിപ്പിച്ചത്. അല്ലാതെ നോവൽ മോശമാണെന്നല്ല, വളരെ നല്ല നോവലാണ്. യഥാർത്ഥത്തിൽ വായിച്ചിരിക്കേണ്ട നോവലാണ്. വിദേശ പ്രവാസികൾ അനുഭവിക്കുന്ന ജീവിതം വളരെ ഭംഗിയായി അവതരിപ്പിച്ചിട്ടുണ്ട്. ആ ഒരു കാഴ്ചപ്പാടിലേക്കാണ് പോകുന്നത്.

എനിക്ക് ഒന്നുരണ്ട് കാര്യങ്ങൾക്കൂടി പറയാനുണ്ട്. ഡോ. കെ. എൻ. രാജ്, മലയാളിക്ക് എന്നും അഭിമാനത്തോടുകൂടി ചൂണ്ടിക്കാണിക്കാൻ കഴിയുന്ന ഒരു സാമ്പത്തിക ശാസ്ത്രജ്ഞനാണ്. മലയാളത്തിന്റെ വളരെ പ്രിയപ്പെട്ട പുത്രനായിരുന്നു. ബഹുമാന്യനായ സി. അച്ചുതമേനോന്റെയും അതോടൊപ്പം ഡോ. കെ. എൻ. രാജിന്റേയും ഏറ്റവും വലിയ സ്വപ്നസാക്ഷാത്കാരമായിരുന്നു. ഒരുപക്ഷേ, അങ്ങ് ഇന്ന് നെഞ്ചിലേറ്റിക്കൊണ്ടുനടക്കുന്ന സി.ഡി.എസ്-ന് ഡോ. കെ. എൻ. രാജിനെപ്പോലെയുള്ള ഒരു വ്യക്തിയുടെ പേര് അവിടുത്തെ ലൈബ്രറിക്ക് നാമകരണം ചെയ്യുന്നു. അങ്ങ് മറുപടി പറയുമ്പോൾ പറയുമെന്ന് ഞാൻ വിചാരിക്കുകയാണ്, സി.ഡി.എസ്-ന് ഡോ. കെ. എൻ. രാജിന്റെ പേരിൽ, ഡോ. കെ. എൻ. രാജ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് എന്നുള്ള പേര് ഇട്ടുകൂടായിരുന്നോ ? മലയാളിയെ സംബന്ധിച്ചിടത്തോളം ഏറ്റവും അഭിമാനകരമായ കാര്യമാണ്. പക്ഷേ, ഡോ. കെ. എൻ. രാജുമായി അഭിപ്രായവ്യത്യാസങ്ങളുണ്ട്. അദ്ദേഹം ആരുടേയും പ്രത്യേകമായ കാഴ്ചപ്പാടുകളുടെ ഒരു ഭാഗത്തുനിന്ന് ചിന്തിച്ചിട്ടില്ലാത്ത ഒരു സാമ്പത്തിക വിദഗ്ദ്ധനാണ്. വളരെ പ്രശസ്തനാണ്. സി.ഡി.എസ്. അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. അതിന്റെ ഓരോ ഊടുവഴികളിലും അദ്ദേഹത്തിന്റെ സ്പന്ദനങ്ങൾ കേൾക്കാം. പക്ഷേ, അദ്ദേഹത്തിന്റെ പേര് ലൈബ്രറിക്ക് മാത്രമായി ഒതുക്കിയത് ആരാണ് ; എന്താണ് അതിന്റെ പിന്നിലുള്ള ഉദ്ദേശമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. തീർച്ചയായും, അത് ഒരു പുനർചിന്തനത്തിന് വിധേയമാക്കണം. ഡോ. കെ. എൻ. രാജിന്റെ പേരിൽത്തന്നെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് എന്ന പേര് നിർദ്ദേശിക്കണം, അത് നൽകണം. അങ്ങേയ്ക്ക് ആ ക്രെഡിറ്റ് ഉണ്ടായിരിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സി.ഡി.എസ്-നെപ്പോലെ ഒരു സ്ഥാപനത്തെ, പ്രത്യേകിച്ച് കേരളത്തിൽ വളരെ ഗൗരവമായി സാമ്പത്തിക ശാസ്ത്രത്തെ സംബന്ധിച്ചും നമ്മുടെ ബഡ്ജറ്റുകളെ സംബന്ധിച്ചുമുള്ള ചർച്ചകൾ പലപ്പോഴും ബഡ്ജറ്റ് അവതരണവേളയിലും അതുമായി ബന്ധപ്പെട്ട കുറേ

LIBRARY ARCHIVES Kerala Legislative Assembly

സന്ദർഭങ്ങളിലും മാത്രം മാധ്യമങ്ങളിൽ കടന്നുവരികയും നമ്മുടെ പൊതു ധനകാര്യത്തിന്റെ ചർച്ചകൾ പലപ്പോഴും കാര്യഗൗരവത്തോടുകൂടി കേരളീയ സമൂഹം കാണാതിരിക്കുകയും ചെയ്യുന്ന ഒരവസ്ഥയുണ്ട്. അതുകൊണ്ടു തന്നെ സി.ഡി.എസ്. ആയാലും ഗുലാത്തിയുടെ പേരിലുള്ള ടാക്സേഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെയുള്ള നമ്മുടെ സ്ഥാപനങ്ങൾ തീർച്ചയായും വളർന്നു വരേണ്ടത് കേരളത്തിന്റെ അക്കാഡമിക് താൽപ്പര്യങ്ങൾക്കും കേരളത്തിന്റെ പൊതുവായ താൽപ്പര്യങ്ങൾക്കും ഗുണകരമാണ്. ഇന്ന് ഈ നിയമസഭയിൽ പല ചർച്ചകളും നടക്കുമ്പോൾ പലപ്പോഴും ഓർക്കേണ്ട ഒരു കാര്യമുണ്ട്. ഇന്ന് നമ്മൾ ഇത്രയുംകാലം ഫോളോ ചെയ്തിട്ടുള്ള സാമ്പത്തിക ക്രമങ്ങൾ, നമ്മളെ എവിടെയെത്തിക്കുന്നുവെന്നുള്ളത് തീർച്ചയായും ചിന്തിക്കേണ്ടൊരു കാര്യമാണ്. എല്ലാ കാലത്തുമുള്ള ഒരു സ്ഥിരം പാറ്റേണിലേക്ക് പോകുകയാണ്. ഇവിടെ പലപ്പോഴുമുണ്ടാകുന്ന, അല്ലെങ്കിൽ നമ്മുടെ സമൂഹത്തിൽ കണ്ടുവരുന്ന പല പ്രവണതകളുടേയും ഒരു പ്രധാന പ്പെട്ട കാര്യം നമ്മുടെ വിഭവങ്ങൾ പലപ്പോഴും, കുറേയാളുകളിലേക്ക്, ഒരു മധ്യവർഗ്ഗവിഭാഗത്തിലേക്ക് മാത്രമായി കോൺസൻട്രേറ്റ് ചെയ്യപ്പെടുന്നുവെ ന്നുള്ളത് യാഥാർത്ഥ്യമാണ്.

ശ്രീ. അൽഫോൺസ് കണ്ണന്താനം: സർ, അങ്ങ് ഇക്കണോമിക്സ് പ്രൊഫസറാണല്ലോ. അങ്ങുപറഞ്ഞത് ഇവിടെ നടക്കുന്ന സിസ്റ്റമൊന്നും ശരിയല്ലെന്നാണ്. ഒരു സാമ്പത്തിക ശാസ്ത്രജ്ഞൻ എന്ന നിലയിൽ അങ്ങയുടെ ശുപാർശയെന്താണ് ?

പ്രൊഫ. എൻ. ജയരാജ്: സർ, ഞാനൊരു സാമ്പത്തികശാസ്ത്രജ്ഞ നൊന്നുമല്ല. ഞാൻ കുറച്ചുകുട്ടികളെ സാമ്പത്തികശാസ്ത്രം പഠിപ്പിച്ചിരുന്നു, അതിനപ്പുറത്തേക്ക് സാമ്പത്തികശാസ്ത്രജ്ഞനെന്നൊക്കെ പറയുമ്പോൾ അത് കുറച്ചുകൂടി കൂടിയ ഇടപാടുകളാണ്. ഞാൻ ആ നിലയിലൊന്നു മായിട്ടില്ല. ഞാനൊരു സാധാരണ അദ്ധ്യാപകനെന്നതിനപ്പുറത്ത് എനിക്ക് എന്നെക്കുറിച്ച് ഒന്നും പറയാൻ കഴിയുകയില്ല. ഞാൻ എന്റെ വായനയിൽ നിന്നും ഞാൻ മനസ്സിലാക്കുന്നതും പല ആളുകളുമായും ചർച്ച ചെയ്തപ്പോഴുണ്ടായ ആശയങ്ങളും ഈ സഭയിൽ പങ്കുവച്ചന്നേയുള്ളൂ. നമുക്കറിയാം കേരള ത്തിലെ പൊതുവായിട്ടുള്ള മേഖലകളിൽ നമ്മുടെ ഇൻവെസ്റ്റ്മെന്റ് ഒരു മിഡിൽ ക്ലാസ്സിനെ അനുകൂലമായി നിൽക്കുന്ന ഒരു അവസ്ഥയിലേയ്ക്കാണ് വരുന്നത്. ഇപ്പോഴും നമ്മൾ കാര്യങ്ങൾ എടുത്തുനോക്കുക. ഞാൻ പറയാം കോളേജ് അദ്ധ്യാപകനെന്ന നിലയിൽ എനിക്ക് 40,000 രൂപ ശമ്പള മുണ്ട്. ഇവിടെ സാധാരണ ഒരു ആൾക്ക് 300 രൂപയേ പെൻഷൻ കിട്ടുന്നുള്ളൂ. 40,000 രൂപ ശമ്പളം കിട്ടുന്ന കോളേജ് അദ്ധ്യാപകനേയോ അല്ലെങ്കിൽ 20,000 രൂപ പെൻഷൻ കിട്ടുന്ന ഒരാളിനെയോ സംബന്ധിച്ചിടത്തോളം അയാൾ എത്ര രൂപ സാധനങ്ങൾ വാങ്ങാൻവേണ്ടി കമ്പോളത്തിലേക്ക് ഇറക്കുന്നുണ്ട് ? 300 രൂപ അല്ലെങ്കിൽ 400 രൂപ കിട്ടുന്ന സാധാരണക്കാരൻ കിട്ടുന്ന പണം മുഴുവനും സാധനങ്ങൾ വാങ്ങാൻ വേണ്ടി ചെലവഴിക്കുകയാണ്. വരുമാനം വർദ്ധിപ്പിക്കുന്നതനുസരിച്ച് യഥാർത്ഥത്തിൽ propensity to consume,

LIBRARY ARCHIVES Kerala Legislative Assembly

കൂടുന്നില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. അതൊരു പ്രധാനപ്പെട്ട കാര്യമാണ്. ഞാൻ സൂചിപ്പിച്ചത് കാലാകാലങ്ങളിലുള്ള നമ്മുടെ എക്സ്പെന്റിച്ചർ, നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ കാഴ്ച്ചപ്പാടുകളിൽ കുറേയേറെ മാറ്റങ്ങൾ തീർച്ചയായും ഉണ്ടാകേണ്ടതാണ്. എങ്ങനെ ഉണ്ടാകണമെന്നുള്ളത് നമ്മൾ ഗൗരവമായി ചിന്തിക്കേണ്ടൊരു വിഷയമാണ്. പക്ഷെ, അതിനകത്ത് നിർദ്ദേശങ്ങൾ തരാൻവേണ്ടി മാത്രം ഞാൻ കണ്ടയൊരു പ്രവണത സംബന്ധിച്ച്, അല്ലെങ്കിൽ ട്രെന്റ് അങ്ങനെ പോകുന്നുവെന്നതാണ്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, അങ്ങ് പറഞ്ഞുവന്ന് വലിയ പ്രശ്നത്തിലേക്കാണ് ചാടുന്നത്. അങ്ങ് സപ്പോർട്ട് ചെയ്യുന്ന കോൺഗ്രസ്സ് പാർട്ടിയുടെ തത്വമെന്നു പറഞ്ഞാൽ propensity to consume is bad എന്നാണ്. ആവശ്യമില്ലാതെ കൺസ്യൂമർ കമ്മ്യൂണിറ്റി ആകരുതെന്നാണ് അങ്ങ് സപ്പോർട്ട് ചെയ്യുന്ന കോൺഗ്രസ്സ് പാർട്ടി പറയുന്നത്. പക്ഷെ, അങ്ങ് പറയുന്നതെന്താണ്? ഈ propensity to consume മോശമാണ് എന്നാണ്. Propensity to consume ഉണ്ടായിരുന്നെങ്കിലല്ലേ സമൂഹത്തിൽ ഡിമാന്റ് ഉണ്ടാകുകയുള്ളു. ഡിമാന്റ് ഉണ്ടെങ്കിലല്ലേ ഇവിടെ വ്യവസായം വരികയുള്ളു, തൊഴിലുണ്ടാകുകയുള്ളു. അപ്പോൾ അങ്ങ് കോൺട്രഡിക്റ്ററി അല്ലേ പറയുന്നത് ?

പ്രൊഫ. എൻ. ജയരാജ് : സർ, കോൺഗ്രസ്സ് പാർട്ടിയുടെ എല്ലാ നില പാടുകളോടും ഞങ്ങൾ യോജിക്കണമെന്നില്ല. ശ്രീ. പി. സി. ജോർജ് എം. എൽ. എ. ഇവിടെ ഒരു കാര്യം പറഞ്ഞത് കേട്ടില്ലേ ? ഞങ്ങളെ സംബന്ധിച്ചിടത്തോളം സംതൃപ്തമായ കേരളവും വളരെ ശക്തമായ കേന്ദ്രവും എന്ന കാഴ്ച്ചപ്പാടാണ്. കേന്ദ്രസംസ്ഥാന ബന്ധങ്ങൾ പൊളിച്ചെഴു തണമെന്ന് ആവശ്യപ്പെടുന്ന രാഷ്ട്രീയ പാർട്ടിയാണ് കേരളാകോൺഗ്രസ്സ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞങ്ങളുടെ നിലപാട്, വളരെ ശക്തമായ സംസ്ഥാനം, സംതൃപ്തമായ കേന്ദ്രം അതാണ്. അതു കൊണ്ട് അങ്ങ് വിയോജിപ്പ് ഉണ്ടെന്ന് സ്ഥാപിച്ചുവയ്ക്കരുത്.

ശ്രീ. പി. സി. ജോർജ് : സർ, വിയോജിക്കാനുള്ള യോജിപ്പ്. മനസ്സിലായില്ലേ ? തർക്കം വേണ്ട. ചില കാര്യങ്ങളിൽ വിയോജിക്കാനുള്ള യോജിപ്പ് ഞങ്ങളും കോൺഗ്രസ്സുമായിട്ടുള്ളതുപോലെ.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇപ്പോൾ കേരള കോൺഗ്രസ്സിന്റെ യോജിപ്പു പോലെത്തന്നെ.

ശ്രീ. പി. സി. ജോർജ് : സർ, അത് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ സൗകര്യം പോലെ തീരുമാനിക്കാം. അങ്ങൊരു സി.പി.ഐ (എം). കാരനാണ്. ചെയറിലിരിക്കുമ്പോൾ സി.പി.ഐ. അല്ല എന്ന കാര്യം ഓർക്കുന്നത് നല്ലതാണ്. ഇവിടെ ഇത്രയേ തർക്കമുള്ളു. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ സംതൃപ്തമായ കേന്ദ്രം. ഞങ്ങൾ പറഞ്ഞത് സംതൃപ്തമായ സ്റ്റേറ്റ്. ഞങ്ങൾ പറഞ്ഞത് ഇത്രയേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

സംതൃപ്തമായൊരു സ്റ്റേറ്റ്, ശക്തമായ കേന്ദ്രം...എന്താണ് തർക്കം? ശക്തമായ കേന്ദ്രം വേണം. അത് ഇപ്പോഴത്തെ നിലയിൽ ഇന്ത്യാരാജ്യത്ത് കോൺഗ്രസ്സ് പാർട്ടിക്കേ കഴിയൂ. അതുകൊണ്ട് കോൺഗ്രസ്സ് പാർട്ടിയുടെ മുന്നണിയിൽ യോജിച്ചുനിൽക്കുന്നതിൽ ഒരു തെറ്റുമില്ല എന്നാണ് കേരള കോൺഗ്രസ്സിന്റെ കാഴ്ചപ്പാട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ജയരാജ്, അങ്ങ് പ്രസംഗം അവസാനിപ്പിക്കുക.

ശ്രീ. എം. കെ. പ്രേമനാഥ് : സർ, കേരളാകോൺഗ്രസ്സിന്റെയും അതുപോലെ കോൺഗ്രസ്സിന്റേയും രണ്ട് നയം ഇവിടെ പറഞ്ഞല്ലോ. ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ, unitary character with a Federal Constitution, യൂണിറ്ററിയും ഫെഡറലുമായിട്ടുള്ള രണ്ട് ഭരണഘടനയാണ് നമ്മൾ ഉദ്ദേശിക്കുന്നത്. ഇതിനെപ്പറ്റി താങ്കളുടെ അഭിപ്രായമെന്താണ് ?

പ്രൊഫ. എൻ. ജയരാജ് : സർ, അതുകൊണ്ടാണ് ഞങ്ങളുടെ കാഴ്ച്ചപ്പാട് പറഞ്ഞത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു ജി.എസ്.ടി. കൗൺസിലിനകത്ത് കേന്ദ്രത്തിന് വീറ്റോ പവ്വറുണ്ട് എന്നുള്ള നിലപാടിനോടൊന്നും പൂർണ്ണമായി യോജിക്കാൻ കഴിയുകയില്ല. കാരണം സംസ്ഥാനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന പണം കേന്ദ്രത്തിന്റെ കൈവശം പോയിട്ട് പിന്നെ അത് കൊടുക്കുമ്പോൾ അനാവശ്യമായ വീറ്റോ പവ്വറുകൾ തീർച്ചയായും ഇവിടെ സൂചിപ്പിച്ചതുപോലെ യൂണിറ്ററി കൺസെപ്റ്റും അതോടൊപ്പംതന്നെ ഫെഡറൽ സംവിധാനത്തിനകത്ത്, അതിനെ പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിയുകയില്ല. അക്കാര്യത്തിൽ ശ്രീ. പി. സി. ജോർജ് വളരെ വ്യക്തമായി ഇവിടെ അഭിപ്രായം സൂചിപ്പിക്കുകയുണ്ടായി. ഞാൻ സൂചിപ്പിച്ചത് സമ്പദ്‌വ്യവസ്ഥയിൽ പലപ്പോഴും മുതൽമുടക്കുകൾ അല്ലെങ്കിൽ അത് സാധാരണ ആളുകളിലേക്ക് എത്തിക്കുകയെന്ന അടിസ്ഥാനപരമായ, മർമ്മപ്രധാനമായ കർത്തവ്യങ്ങളിൽനിന്ന് പലപ്പോഴും കടന്നുപോകുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇന്ന് കേരളീയ സമൂഹത്തിൽ കണ്ടുവരുന്ന ഒരു പ്രത്യേകത, ഇവിടെ സൂചിപ്പിച്ചു, നമ്മുടെ ഭൂമി സത്യത്തിൽ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഭൂമിയെന്ന നിലയിൽ ആ അസെറ്റിനെക്കുറിച്ചുള്ള വളരെ ഗൗരവമായ പഠനം ഇവിടെ ഉണ്ടായിട്ടില്ല. കാരണം സർക്കാർ വക ഭൂമി എന്തുമാത്രം എവിടെയൊക്കെ കിടക്കുന്നു. അത് വളരെ നല്ല രീതിയിൽ യൂട്ടിലൈസ് ചെയ്യാൻ കഴിയുന്നില്ല. കുറേയൊക്കെ നീക്കങ്ങൾ ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ഇതൊന്നും വളരെ ഫ്രൂട്ട്ഫുൾ ആയി കടന്നുവരുന്നില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ ആസ്തികൾ സംരക്ഷിച്ചുകൊണ്ട് വളരെ ക്രിയാത്മകമായി നമ്മുടെ പ്രവർത്തനങ്ങൾ, ഇൻവെസ്റ്റുമെന്റുകൾ ഏറ്റവും താഴെത്തട്ടിലേക്ക് എത്തിക്കുവാൻ സാധിക്കണം. ഇത് ഇന്ന് നമ്മുടെ സമൂഹത്തിൽ കണ്ടുവരുന്ന പ്രവണതകളുടെയൊക്കെ പ്രധാനപ്പെട്ട കാര്യമാണ്. കാരണം തൊഴിലില്ലായ്മയെക്കുറിച്ച് രാവിലെ ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തൊഴിലില്ലായ്മ രൂക്ഷമായ ഒരു സമൂഹത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പണം നൽകുമ്പോൾ സ്വാഭാവികമായി വഴിവിട്ട, അല്ലെങ്കിൽ അത്തരം കാഴ്ച പാടുകളിലേക്ക് പുതിയ ജനറേഷൻ കടന്നുപോകുന്നത് കുറ്റപ്പെടുത്താൻ കഴിയുകയില്ല. അതുകൊണ്ട് വളരെ ഗൗരവമായ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് ഞാൻ വിനയപൂർവ്വം സൂചിപ്പിക്കുകയാണ്. ഞാൻ എം.എൽ.എ. ഫണ്ട് വർദ്ധിപ്പിക്കണമെന്ന് പറഞ്ഞതിനകത്തെ ഒരു പ്രധാനപ്പെട്ട കാര്യം, എം.എൽ.എ.മാർക്ക് ഇപ്പോൾ കിട്ടുന്ന 75 ലക്ഷം രൂപ പത്ത് പഞ്ചായത്തുള്ള ഒരു എം.എൽ.എ. യെ സംബന്ധിച്ചിടത്തോളം ഒരു പഞ്ചായത്തിന് 7 ലക്ഷം രൂപ. അങ്ങേയ്ക്കറിയാം ഒരു ലക്ഷം രൂപ റോഡിന് കൊടുത്താൽ 35 മീറ്ററാണ് ടാർ ചെയ്യാൻ കഴിയുന്നത്. അതിനപ്പുറത്ത് എം.എൽ.എ.യുടെ പേര് എഴുതിവയ്ക്കും. സത്യത്തിൽ വളരെയേറെ ബുദ്ധിമുട്ടുണ്ട്. ഒന്നുകിൽ അങ്ങ് ഈ പാനപാത്രം ഞങ്ങളിൽനിന്ന് എടുത്തുമാറ്റിയാലും മതി. കാരണം എം.എൽ.എ. ഫണ്ട് ഇല്ലെന്ന് നാട്ടുകാരോട് പറയാം. ഇത് പറയാനുമുണ്ട്, പക്ഷേ കൊടുക്കാനുമില്ലാത്ത അവസ്ഥയിൽ സത്യത്തിൽ വളരെയേറെ ബുദ്ധിമുട്ട് ഇക്കാര്യത്തിൽ അനുഭവിക്കുന്നുണ്ട്. ഇവിടെയിരിക്കുന്ന മുഴുവൻ ജനപ്രതിനിധികളും മന്ത്രിമാരുമുൾപ്പെടെ ആവശ്യപ്പെടുന്നതാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് ഇതുസംബന്ധിച്ച് നേരത്തെ പറഞ്ഞതാണ്.

<u>പ്രൊഫ. എൻ. ജയരാജ്</u>: സർ, ഞാൻ ഇത് നേരത്തെ പറഞ്ഞു. എങ്കിലും മന്ത്രിയുടെ മനസ്സ് മാറുമോയെന്നറിയാനാണ് ചോദിച്ചത്. അദ്ദേഹം നല്ല മനസ്സുള്ള ആൾ ആണ്. കാരണം ഒരു പക്ഷേ, വീണ്ടും വീണ്ടും ഇതു ചിന്തിക്കുമ്പോൾ ഇത് ശരിയാണെന്ന് തോന്നുമ്പോൾ.....:..

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങയുടെ സമയം കഴിഞ്ഞു. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിക്ക് സംസാരിക്കാം.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, ഇന്ന് രാവിലെ ശ്രീ. പി. ജയരാജന്റെ സബ്മിഷനിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞത് അതിനുപകരമായി മലബാർ പാക്കേജും സ്റ്റിമുലസ് പാക്കേജുമൊക്കെയുണ്ട്. അത് റോഡുകൾക്കൊക്കെ കൊടുക്കാമെന്നാണ്. ഞങ്ങളുടെ ഫണ്ടുകൾ പി.ഡബ്ല്യു.ഡി.-ക്ക് കൊടുക്കാൻ പാടില്ല, പി.ഡബ്ല്യു.ഡി. ഫണ്ടുകൾ റൂറൽ റോഡിന് കൊടുക്കാൻ പാടില്ല. അല്ലെങ്കിൽ റൂറൽ ഏരിയകളിലുള്ള സ്കൂളുകൾക്കുള്ള കമ്പ്യൂട്ടർ ഇതിനൊന്നുംതന്നെ മലബാർ പാക്കേജിൽപ്പെടുത്തിയിട്ടുള്ള ഫണ്ടുകൾ നൽകാനും പാടില്ല. അങ്ങനെയാകുമ്പോൾ അദ്ദേഹം പറഞ്ഞത് ശരിയാണോ തെറ്റാണോ ?

<u>പ്രൊഫ. എൻ. ജയരാജ്</u>: സർ, ഞാൻ അതുകൊണ്ട് അദ്ദേഹത്തിന് ഒരു മാറ്റമുണ്ടാകുമെന്ന് കരുതുന്നു. ബില്ലുമായി ബന്ധപ്പെട്ട ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. പ്രധാനപ്പെട്ടൊരു വിഷയമാണ്. കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞതാണ്. കൈകൊണ്ട് ഉണ്ടാക്കുന്ന സോപ്പ്, 2008-09-ൽ രണ്ട് കോടി രൂപയിൽ കൂടുതൽ ടേൺ ഓവറുള്ള കമ്പനിക്കാർക്ക്, കച്ചവടക്കാർക്ക് 4 ശതമാനമെന്നുള്ളത് 12.5 ശതമാനമായി

വർദ്ധിപ്പിച്ചു. ഇത് അറിഞ്ഞ് പല ആളുകളും ചെയ്തത് അവർ വേറെ രജിസ്ട്രേഷൻ ഉണ്ടാക്കിയിട്ട് രണ്ട് കോടി രൂപയിൽനിന്നും താഴ്ത്തി. ഇത് അറിയാത്ത ചില ആളുകൾ ഉണ്ട്. അവർക്ക് സംഭവിച്ചത് അവർ പുതിയ രജിസ്ട്രേഷൻ എടുത്തില്ലെന്നുള്ളതാണ്. അവർ 12.5 ശതമാനം വച്ച് അടയ്ക്കേണ്ടിവന്നിരിക്കുന്ന ഒരു സാഹചര്യം ഇന്ന് നിലവിലുണ്ട്. ഞങ്ങൾ ഈ വിഷയം സബ്ജക്ട് കമ്മിറ്റിയിൽ സൂചിപ്പിച്ചതാണ്. 2009-2010-ൽ 12.5 ശതമാനം ആളുകളും പുതിയ രജിസ്ട്രേഷനെടുത്തു. എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത് 2010-ൽ രണ്ട് കോടി രൂപ, അല്ലെങ്കിൽ നാല് ശതമാനം അടച്ചാൽ മതിയെന്നുള്ള നിർദ്ദേശമുള്ളപ്പോൾ 2008-09-ൽ ഈ പ്രൊവിഷന് മുൻകാലപ്രാബല്യം നൽകണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, എനിക്കതിനോട് അഭിപ്രായ വ്യത്യാസമില്ല. പക്ഷേ, സബ്ജക്ട് കമ്മിറ്റിയിൽ ഏകീകൃതമായ അഭിപ്രായം വരണം. ഇത് മുൻകാലപ്രാബല്യത്തിൽ കൊടുക്കുന്നത് എല്ലാവരും അംഗീകരിക്കുകയാണെങ്കിൽ ചെയ്യാം.

പ്രൊഫ. എൻ. ജയരാജ്: സർ, കെ.പി. നമ്പൂതിരിക്ക് കൊടുത്തല്ലോ.

ഡോ. തോമസ് ഐസക്: സർ, അങ്ങനെയുള്ള കാര്യങ്ങൾ ആട്ടോമാറ്റിക്കായിട്ട് ഒരു മന്ത്രിയോ ഞാനായിട്ടോ നിങ്ങളായിട്ടോ ചെയ്യുന്നതല്ല. എല്ലാ പാർട്ടികളും യോജിച്ച് ചെയ്യേണ്ട കാര്യമാണെങ്കിൽ യോജിപ്പുണ്ടെങ്കിൽ അത് ചെയ്യും. ഇക്കാര്യത്തിൽ നിർദ്ദേശം വച്ചത്, നിങ്ങളിങ്ങനെ ഉന്നയിച്ചതുകൊണ്ടാണ്. ഇക്കാര്യത്തിൽ നിർദ്ദേശം വച്ചു, ഞാൻ യോജിപ്പാണെന്ന് പറഞ്ഞു. എന്നാൽ അത് ശരിയല്ലെന്ന അഭിപ്രായം വന്നതുകൊണ്ടല്ലേ വിട്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യേണ്ട വിഷയമാണ്. അതിവിടെ ഓപ്പൺ ചെയ്യണ്ട.

പ്രൊഫ. എൻ. ജയരാജ്: സർ, ഏതായാലും ഇത് കുറേ ആളുകളെ വ്യക്തിപരമായും വളരെയേറെ ദോഷകരമായും ബാധിക്കും. 12.5 ശതമാനം അവർ അടയ്ക്കുകയും വേണം, യഥാർത്ഥത്തിൽ അവർ പിരിച്ചത് നാല് ശതമാനവുമാണ്. ഈ 8.5 ശതമാനം പണം എവിടെപ്പോയി അടയ്ക്കാൻ പറ്റും? സാധാരണ ചെറുകിട കച്ചവടക്കാരനെ സംബന്ധിച്ചിടത്തോളം, ഒരു ചെറിയ വ്യവസായിയെ സംബന്ധിച്ചിടത്തോളം വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്....ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിക്ക് സംസാരിക്കാം.

പ്രൊഫ. എൻ. ജയരാജ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. എന്റെ ഡിസെന്റ് രേഖപ്പെടുത്തുന്നു. ഇക്കാര്യത്തിൽ ഞാൻ മുമ്പോട്ട് വച്ച നിർദ്ദേശങ്ങൾ വളരെ അനുഭാവപൂർവ്വം പരിഗണിക്കണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുകയാണ്.

'ഒട്ടും ചെയ്തില്ല സുകൃതം,

ഒട്ടേറെ ചെയ്തു ദുഷ്കൃതം

രാമാ, കാലം വിളിക്കുമ്പോൾ

ഞാനെന്ത് ഓതേണ്ടതുത്തരം'. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയുടെ ആശങ്ക പ്രതിഫലിപ്പിക്കുന്ന വരികളാണിത്. അദ്ദേഹത്തിന്റെ സ്വാസ്ഥ്യം നശിക്കുന്നതെങ്ങനെയെന്നറിയാമോ ? 'ഒട്ടും ചെയ്തില്ല സുകൃതം, ഒട്ടേറെ ചെയ്തു ദുഷ്കൃതം, ഇലക്ഷൻ വന്നു വിളിക്കുമ്പോൾ ഞാനെന്ത് ഓതേണ്ടതുത്തരം.' ഈ ഗവൺമെന്റിന്റെ ദുഷ്ചെയ്തികൾക്ക് ഉത്തരം പറയേണ്ട നായകൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെയാണ്. നമ്മുടെ മുഖ്യമന്ത്രി...മുഖ്യമന്ത്രിയെന്ന് പറഞ്ഞ് അവിടെ വെറുതേ ഇരിക്കുകയാണ്. ഇമ്മിണി വലിയ മുഖ്യൻ അങ്ങുതന്നെയാണ്. അതുകൊണ്ട് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ജനങ്ങൾ നൽകിയ തിരിച്ചടി വരാൻ പോകുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും നൽകുമോ എന്ന ആശങ്കയിൽ നിൽക്കുന്ന സമയത്താണ് ഈ ബിൽ തയ്യാറാക്കിയത്. അതുകൊണ്ടുതന്നെ വലിയ ആലോചന ഉണ്ടായിരുന്നില്ല. തികച്ചും അശാസ്ത്രീയമാണ് ഈ ബിൽ. 2010-11 വർഷത്തെ ധനകാര്യ ബില്ലിൽ കാര്യമായ നികുതി നിർദ്ദേശങ്ങളോ നികുതി വർദ്ധനവോ നികുതി ഇളവോ ഇല്ല. പ്രതീക്ഷിക്കുന്ന നികുതി വരുമാനം 25 ശതമാനം ആണ് 2009-10-ൽ സാധനങ്ങൾക്ക് അഭൂതപൂർവ്വമായ വില വർദ്ധനവുണ്ടായിട്ടും പ്രതീക്ഷിച്ച വർദ്ധനവ് നികുതി വരുമാനത്തിലുണ്ടായില്ല. ഈ സാഹചര്യത്തിൽ എങ്ങനെ നികുതി വർദ്ധനവുണ്ടാക്കാൻ കഴിയുമെന്ന് മനസ്സിലാകുന്നില്ല. ഒരിക്കലും ഈ വർദ്ധനവ് ഉണ്ടാക്കിയെടുക്കാൻ കഴിയില്ല എന്നതാണ് യാഥാർത്ഥ്യം. കേരളത്തിന്റെ മൂല്യ വർദ്ധിത നിയമത്തിലെ ഡെസ്റ്റിനേഷൻ ടാക്സ് വിഭാവനം ചെയ്തതിനാൽ ഉപഭോക്താവിന് ലഭിക്കുന്ന വില വിവിധ ഘട്ടങ്ങളിലായി പിരിച്ചെടുക്കാൻ കഴിയുന്ന ഒരു സംവിധാനമുണ്ടായി. ഓരോഘട്ടത്തിലും വാല്യൂ അഡീഷൻ ലഭിക്കേണ്ടതുണ്ട് എന്നതാണ് വകുപ്പിൽ പറയുന്നത്. എന്നാൽ നികുതി വകുപ്പിന് നികുതി ചോർച്ച പൂർണ്ണമായി തടയാൻ കഴിഞ്ഞിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. അങ്ങ് അത് ശ്രദ്ധിക്കണം. വ്യാപാരികളിൽ നികുതി വെട്ടിക്കുന്നവർ വളരെ കുറവാണ്. എന്നാൽ ചിലരെങ്കിലും വെട്ടിക്കാനുള്ള ശ്രമം നടത്തും. എല്ലാ വിൽപ്പനയും ചിലരെങ്കിലും കണക്കിൽപ്പെടുത്തുന്നില്ല. കണക്കിൽപ്പെടാത്ത വിറ്റുവരവ് തുക സ്റ്റോക്കായി കാണിക്കും. പക്ഷേ. നമ്മൾ സ്റ്റോക്കൊന്നും വെരിഫൈ ചെയ്യുന്നില്ല. ആ സംവിധാനം ഇപ്പോഴില്ല. സ്റ്റോക്കാണെങ്കിൽ കടയിലോ ഗോഡൗണിലോ ഒന്നും കാണുന്നില്ല. അങ്ങനെ നികുതി അടയ്ക്കാതെ അവർ രക്ഷപ്പെടുകയാണ്. ചില പ്രത്യേക ഇനങ്ങളിലാണ് ഈ പ്രവണത കൂടുതൽ കാണുന്നത്. നിർമ്മാതാവ്, മൊത്ത വ്യാപാരി, ചില്ലറ മൊത്ത

417/13

LIBRARY ARCHIVES Kerala Legislative Assembly

വ്യാപാരി, ചില്ലറ വ്യാപാരി എന്നീ എല്ലാ ഘട്ടങ്ങളിൽനിന്നും ലഭിക്കേണ്ട മൂല്യ വർദ്ധനവിൽ നിന്നുള്ള നികുതി ചില്ലറ മൊത്ത വ്യാപാരി നേരിട്ട് ഉപഭോക്താവിന് എഴുതിക്കൊടുത്താൽ നമുക്ക് നഷ്ടപ്പെടുകയാണ്. അതിനുള്ള നമ്മുടെ മെഷിനറി ശക്തമാക്കി അത് നഷ്ടപ്പെടുത്താതെ നോക്കേണ്ടതുണ്ട്.

നികുതി എഴുതിത്തള്ളുന്നത് ഒഴിവാക്കണം. പ്രധാനമായും മാർബിൾ, തടി എന്നിവയിലാണ് ഇത് നടക്കുന്നത്. കഴിഞ്ഞ നാലു വർഷങ്ങളിൽ കിട്ടിയ അനുഭവ സമ്പത്തും പരിചയവും വിവിധ ഘട്ടങ്ങളിലുണ്ടാകുന്ന വില വർദ്ധനവിന് അനുസരിച്ച് ലഭിക്കേണ്ട മുഴുവൻ നികുതിയും പിരിച്ചെടുക്കാൻ ഉപയോഗപ്പെടുത്തുന്നില്ല എന്നാണ് മനസ്സിലാക്കുന്നത്. വാറ്റിൽ നികുതി കുറഞ്ഞുവരുന്നതിന്റെ കാരണം പഠിക്കുമ്പോഴേയ്ക്കും സംസ്ഥാനം ജി.എസ്.ടി.-യിലേക്ക് മാറും. അഞ്ചുവർഷം കഴിഞ്ഞിട്ടും വാറ്റ് നിയമത്തിലെ അപാകതകളും അവ്യക്തതകളും നിലനിൽക്കുന്നു. ജി.എസ്.ടി. നടപ്പിലാക്കുമ്പോഴെങ്കിലും മെഷിനറിയും നിയമങ്ങളും കുറേക്കൂടി ശക്തമാക്കാൻ, കുറ്റമറ്റതാക്കാൻ ശ്രമിക്കണം. കേരള മൂല്യ വർദ്ധിത നിയമം വകുപ്പ് (എഫ്) പ്രകാരം സ്വർണ്ണ വ്യാപാരികൾക്ക് കോമ്പൗണ്ടിംഗ് ടാക്സ് അടയ്ക്കാനുള്ള വ്യവസ്ഥയുണ്ട്. അതിൽ ടാക്സ് അടയ്ക്കുന്നതിന് മുന്നാണ്ടിലോ മുന്നാണ്ടുകളിലോ അടവാക്കേണ്ട നികുതിയാണ് കണക്കാക്കേണ്ടത്. സ്വർണ്ണത്തിന് വില കുതിച്ചു ചാടുകയാണ്. വലിയ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ കൊല്ലത്തെ അല്ലെങ്കിൽ അതിന്റെ മൂന്നു കൊല്ലം പിറകിലുള്ളത് കണക്കാക്കി വരുമ്പോൾ നമുക്ക് ഒരുപാട് നികുതി നഷ്ടപ്പെടുന്നുണ്ട്. കോമ്പൗണ്ടിംഗ് തികച്ചും അശാസ്ത്രീയമാണെന്നാണ് എനിക്ക് പറയാനുള്ളത്. കോമ്പൗണ്ടിംഗ് ടാക്സ് അടയ്ക്കുന്നതിന് വില വർദ്ധനവു കൂടി പരിഗണിക്കണം. സ്വർണ്ണ വ്യാപാര രംഗത്ത് കേരളത്തിൽ അഭൂതപൂർവ്വമായ വളർച്ചയുണ്ടായിട്ടുണ്ട്. അടവാക്കുന്ന നികുതിയും വ്യവസായത്തിലുള്ള വളർച്ചയും തമ്മിൽ അജഗജാന്തരമുണ്ട്. നികുതി ഇനത്തിൽ കഴിഞ്ഞ രണ്ട് വർഷം യഥാക്രമം 70 കോടി രൂപ, 90 കോടി രൂപയാണ് ലഭിച്ചത്. സ്വർണ്ണ വിൽപ്പനയാണെങ്കിൽ ഏതാണ്ട് 7500 - 8000 കോടി രൂപയായി ഉയർന്നു. അപ്പോൾ 750-800 കോടി രൂപയെങ്കിലും നമുക്ക് സ്വർണ്ണത്തിൽ ലഭിക്കേണ്ടതാണ്. നമുക്ക് 20 ശതമാനം പോലും ലഭിച്ചിട്ടില്ല. നമുക്ക് കിട്ടേണ്ട തുക വാങ്ങിയെടുക്കാനുള്ള വഴി എന്താണെന്ന് നാം അന്വേഷിക്കേണ്ടതുണ്ട്. അതുപോലെ ചില കച്ചവടത്തിന് നമ്മൾ അങ്ങോട്ട് കൊടുക്കേണ്ടിവരുന്നു. അതായത് ഉത്പാദന കേന്ദ്രങ്ങളിൽ അസംസ്കൃത സാധനങ്ങൾ വാങ്ങുമ്പോൾ കൊടുക്കുന്ന നികുതി വിൽപ്പന സമയത്തെ നികുതിയിൽ നിന്ന് ഇൻപുട്ട് ടാക്സ് കൊടുക്കുന്നതുകൊണ്ട് നഷ്ടം വരുന്നുണ്ട്. സിമന്റ് അധിഷ്ഠിത വ്യവസായങ്ങൾ പ്രത്യേകിച്ച് ഹോളോ ബ്രിക്സിന് ഇൻപുട്ട് കൊടുക്കുന്നത് 12.5 ശതമാനമാണ്. പക്ഷേ, നമുക്ക് ലഭിക്കുന്ന ടാക്സാകട്ടെ 4.5 ശതമാനമാണ്. അപ്പോൾ 8.5 ശതമാനം ഇവിടെ നഷ്ടമാകുന്നു. നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നികുതി പിരിക്കുന്നതിൽ വളരെ അധികം വിജയിച്ചിരിക്കുകയാണ്. അദ്ദേഹം പറയുന്നത് അദ്ദേഹത്തിന്റെ നികുതി പിരിവിലുള്ള പ്രാഗത്ഭ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചാരനാക്കും തേൻ പുരട്ടിയ വാക്കുകളുംകൊണ്ട് വളരെ സുന്ദരമായി വ്യാഖ്യാനിക്കുന്നുണ്ട്. അതോടൊപ്പം അദ്ദേഹത്തിന്റെ ആരേയും മയക്കുന്ന ചിരിയും മാണി സാർ പറഞ്ഞപോലെ അങ്ങ് ചിരി നിർത്തരുത്. എം.ടി-യുടെ മഞ്ഞ് എന്ന കൃതിയിൽ ഒരു കഥാപാത്രം അതിലെ കഥാനായികയോട് പറയുന്നുണ്ട് 'ടീച്ചർ അങ്ങ് വല്ലപ്പോഴുമൊന്ന് ചിരിക്കണം. ഇത് മനുഷ്യനുള്ള അപൂർവ്വ സിദ്ധിയാണ്. ചിരിക്കാതിരുന്നാൽ അത് മറന്നു പോകും' ചിരിക്കുമ്പോഴാണ് അങ്ങ് കുറച്ചുകൂടി സുന്ദരനാകുന്നത്. പ്രേംനസീറൊക്കെ അഭിനയിച്ചിരുന്ന പഴയ ചില സിനിമകളിൽ നായികയോട് പറയാറുണ്ട് 'കോപിക്കുമ്പോഴാണ് നീ സുന്ദരിയാകുന്നത് നിന്റെ സൗന്ദര്യം വർദ്ധിക്കുന്നത്' അതുകൊണ്ട് കോപിക്കുമ്പോൾ അങ്ങയുടെ സൗന്ദര്യം വർദ്ധിക്കില്ല. അതുകൊണ്ട് ചിരി നിർത്തരുത് എന്ന ഒരു അഭിപ്രായമുണ്ട്. അപ്പോൾ നമ്മൾ നികുതി പിരിച്ചതിനെക്കുറിച്ച് പറയുമ്പോൾ, അങ്ങ് നികുതി പിരിച്ചു, സമ്മതിക്കുന്നു. വളരെ വലിയ നേട്ടമാണ്. കഴിഞ്ഞ കാലത്തിൽ നിന്ന് വ്യത്യസ്തമായി കുറേയൊക്കെ നമുക്ക് മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. അതിലുണ്ടായ കാര്യങ്ങൾ ഒന്ന്, ട്രേഡ് വർദ്ധിച്ചു. അഭൂതപൂർവ്വമായ വില വർദ്ധനവുണ്ടായി. അതുപോലെ വാറ്റിനുശേഷമുണ്ടായ മാറ്റം, സെൻട്രൽ ട്രാൻസ്ഫർ. സെൻട്രൽ ഒരുപാട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. സെൻട്രലിൽ നിന്ന് ഒരു കാലത്തും കിട്ടാത്ത വിധത്തിലുള്ള സഹായം നമുക്ക് ലഭിച്ചിട്ടുണ്ട്. അതുപറയുമ്പോൾ നമ്മുടെ സഭയിൽ ബഹുമാനപ്പെട്ട അസീസ് കേന്ദ്രം എന്താ നിങ്ങളുടെ ഉപ്പാപ്പയാണോ എന്ന് ചോദിച്ചു. കേന്ദ്രം നമ്മുടെ എല്ലാവരുടെയും ഉപ്പാപ്പയാണ്. അതുകൊണ്ട് കേന്ദ്രം നമുക്ക് തരേണ്ടതാണ്. പക്ഷേ, അത് കേന്ദ്രത്തിന്റെയല്ല. ജനങ്ങളുടെയാണ്. സംസ്ഥാനം എന്നു പറയുന്നത് നിങ്ങളുടേതല്ല. ജനങ്ങളുടേതാണ്. ലഭിക്കേണ്ടതൊക്കെ ജനങ്ങൾക്ക് ലഭിക്കേണ്ടതാണ്. ശ്രീ. ശശി ഒരിക്കൽ പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുമ്പോൾ എനിക്ക് അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ട് ഒരു ഫോട്ടോ വച്ചിട്ടുണ്ട് എന്നുള്ളത്. അതിന്റെ അപ്പുറത്ത് ഞാൻ വച്ച ഒരു ബാനറുണ്ട്. ഇത് ജനങ്ങളുടെ അവകാശമാണ്, അവരാണ് ഇതിൽ അഭിനന്ദിക്കപ്പെടേണ്ടത്. നമ്മളാരും ആർക്കും ഔദാര്യമായി കൊടുക്കുന്നതല്ല. ഒരു മന്ത്രിയോ ഒരു എം.എൽ.എ.യോ ഒന്നും ഔദാര്യമായി കൊടുക്കുന്നതല്ല. അത് ജനങ്ങളുടെ അവകാശമാണ്. ആ ജനങ്ങളുടെ അവകാശം നമ്മൾ ജനപ്രതിനിധികൾ എന്ന നിലയ്ക്ക് മന്ത്രി എന്ന നിലയ്ക്ക് കൊടുക്കേണ്ടതാണ്. അല്ലാതെ നമ്മുടെ ആരുടെയും തറവാട്ടിൽ നിന്ന് എടുത്ത് ആർക്കും കൊടുക്കുന്നതല്ല. ആ തരത്തിലുള്ള ഒരു സമീപനം ഭരണപക്ഷത്തുനിന്ന് ഉണ്ടാകണം.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : അങ്ങയുടെ ഫോട്ടോ അവിടെ വച്ചതിനെ സംബന്ധിച്ചുള്ള ഒരു വിഷമംകൊണ്ടു പറഞ്ഞതല്ല. കഴിഞ്ഞ അഞ്ചു വർഷത്തിൽ ഭൂരിപക്ഷം കാലം അങ്ങ് മന്ത്രിയായിരുന്നു. അന്ന് പോലും അവിടെയൊരു ഫോട്ടോ വയ്ക്കാനുള്ള ഭാഗ്യമുണ്ടായില്ലല്ലോ ഈ ഗവൺമെന്റിന്റെ കാലത്തെങ്കിലും ഉണ്ടായല്ലോ എന്ന് വിചാരിച്ചാണ് ശ്രീ. ശശി അങ്ങനെ പറഞ്ഞത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അന്ന് ഞങ്ങൾക്കൊക്കെ ഒരു പരാതി ഉണ്ടായിരുന്നത് എന്താണെന്നറിയാമോ, ഫോട്ടോ വയ്ക്കാനുള്ള അവകാശം കൊടുത്തതും വികസനം ഒക്കെ കൊടുത്തതും പ്രതിപക്ഷ എം.എൽ.എ.-മാർക്കാണ് എന്നുള്ളതാണ്. അഭിനന്ദിക്കപ്പെടേണ്ടത് ജനങ്ങളാണ്. അതിന്റെ എല്ലാം അവകാശികൾ, പരമാധികാരികൾ ജനങ്ങളാണ്. നമ്മുടേതൊന്നുമല്ല. ജനം തെരഞ്ഞെടുത്തത് ജനപ്രതിനിധി എന്ന നിലയിൽ ഭരണ കക്ഷിക്കാർക്കുവേണ്ടി മാത്രം ചെയ്യാനല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഫോട്ടോ വയ്ക്കാതെ തന്നെ കുട്ടി അഹമ്മദ് കുട്ടി വളരെ സുന്ദരനാണ്. ഇനി ഫോട്ടോകൂടി വച്ചാലുള്ള സ്ഥിതി ഒന്നാലോചിച്ച് നോക്കൂ.

ശ്രീ. കെ കുട്ടി അഹമ്മദ് കുട്ടി: സൗന്ദര്യത്തിനല്ല സർ ഫോട്ടോ വയ്ക്കുന്നത്.

ശ്രീ. രാജു എബ്രഹാം: കഴിഞ്ഞ തവണ പ്രതിപക്ഷത്തിലെ എം.എൽ.എ.മാർക്കാണ് എല്ലാം കൊടുത്തത് എന്ന് അങ്ങ് ആധികാരികമായി പറയുന്നത് വളരെ ദൗർഭാഗ്യകരമാണ്. ഒരു പ്രധാനപ്പെട്ട വർക്കിന് എ.എസ്. കിട്ടാത്ത എം.എൽ.എ.-യാണ് ഞാൻ. നാല് വർഷം ഈ സഭയിൽ ശ്രീ. വിഷ്ണുനാഥ് ഇരിക്കുന്നിടത്ത് ഇരുന്ന് പ്രസംഗിക്കുകയും ചെയ്തതാണ്. അങ്ങ് മന്ത്രിയായിരുന്നപ്പോൾ അത് കേട്ടിട്ടുള്ളതുമാണ്. അത്രയും പറഞ്ഞ് പോകരുത്. ഇപ്പോഴത്തേപ്പോലെ പ്രതിപക്ഷ എം.എൽ.എ. മാർക്ക് സുഭിക്ഷമായ ഒരു കാലം കേരള നിയമസഭയുടെ ചരിത്രത്തിൽ ഒരിക്കലും ഉണ്ടാകില്ല എന്ന് അങ്ങേയ്ക്കറിയാമോ ?

ശ്രീ. കെ. സി. ജോസഫ്: ശബരിമല വികസന സ്കീമിന്റെ പേരിൽ ഏറ്റവും ആനുകൂല്യങ്ങൾ കിട്ടിയ എം.എൽ.എ.യാണ് റാന്നി എം.എൽ.എ. ശ്രീ. രാജു എബ്രഹാം. അദ്ദേഹം എന്തു പറഞ്ഞാലും ശബരിമല വികസനത്തിന്റെ പേരിൽ കേരളത്തിൽ ഹോസ്പിറ്റൽ, റോഡ് എല്ലാ സൗകര്യങ്ങളും നേടിയ അദ്ദേഹം തിരിച്ചുപറയുന്നത് ശരിയാണോ ?

ശ്രീ. റ്റി. എൻ. പ്രതാപൻ: ബഹുമാന്യനായ രാജു എബ്രഹാമിന്റെ മണ്ഡലത്തിൽകൂടിയാണ് നമ്മൾ പലപ്പോഴും ശബരിമലയ്ക്കൊക്കെ പോകുന്നത്. അങ്ങനെ പോകുമ്പോൾ കഴിഞ്ഞ അഞ്ച് വർഷം, ശ്രീ. രാജു എബ്രഹാമിന്റെ പുഞ്ചിരിച്ച പടങ്ങൾ അഭിവാദ്യമർപ്പിച്ചുകൊണ്ടുള്ള പടങ്ങൾ, നിരവധി ഫ്ളക്സ് ബോർഡുകളെല്ലാം കണ്ടിട്ടുണ്ട്. അത് ഈ നിയമസഭയിൽത്തന്നെ ഞങ്ങൾ ഇടയ്ക്ക് സ്വകാര്യമായി പറയും. ഏറ്റവും കൂടുതൽ കാര്യങ്ങൾ മന്ത്രിമാരുടെ അടുത്തുനിന്ന് വാങ്ങിയെടുത്തിട്ടുള്ള മിടുക്കനായ എം.എൽ.എ. ആയിരുന്നു അന്നത്തെ പ്രതിപക്ഷ എം.എൽ.എ. ആയിരുന്ന ശ്രീ. രാജു എബ്രഹാം എന്ന കാര്യം അങ്ങേയ്ക്കറിഞ്ഞുകൂടേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, സത്യത്തിൽ എനിക്ക് പറയാനുള്ളത് നികുതി വർദ്ധനവ്, സെൻട്രൽ ട്രാൻസ്ഫേഴ്സ്, ഇതിനെയൊക്കെ സെൻട്രലിനെ നിങ്ങൾ ഒരുപാട് കുറ്റം പറയുകയാണ്. പക്ഷേ, ഏറ്റവും കൂടുതൽ സെൻട്രലിന്റെ ഇൻവെസ്റ്റുമെന്റും പണവും പദ്ധതിയുമൊക്കെ കിട്ടിയത് ഈ കാലത്താണ്. ഇവിടെ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും, വിദ്യാഭ്യാസ രംഗത്ത് ഇന്ന് നിങ്ങൾ കൊണ്ടുനടക്കുന്ന എല്ലാ പ്രവർത്തനങ്ങളും സുഗമമായി നടത്താൻ സഹായിക്കുന്നത് സെൻട്രൽ സ്കീമുകളാണ്. ഇത്തരത്തിലുള്ള ഓരോന്നിന്റെയും കോൺട്രിബ്യൂഷൻ എഴുതിവച്ച് അത് പ്രത്യേകമായി പഠിച്ചതിനുശേഷം നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയുടെ കോൺട്രിബ്യൂഷൻ എന്താണെന്ന് പരിശോധിച്ച് നോക്കണം. അദ്ദേഹത്തിന്റെ തനിച്ചുള്ള മികവാണോ, മികവാണെങ്കിൽ നമുക്ക് പറയാം ഇത് ഒരു ഐസക് മാജിക് തന്നെയാണ്. പക്ഷേ, അനുകൂല സാഹചര്യങ്ങൾ ഉണ്ടായതുകൊണ്ട് റവന്യൂ വർദ്ധിപ്പിക്കാൻ നമുക്ക് കഴിഞ്ഞു എന്നതാണ്. അതിന് ഒരുപാട് കാരണങ്ങളുണ്ട്. നാഷണൽ സാമ്പിൾ സർവ്വേ കണ്ടെത്തിയ ഒരു വസ്തുത, കേരളീയർ ഭക്ഷണത്തിൽപോലും പാക്ക്ഡ് ഫുഡ് വാങ്ങുകയാണ്. അരിക്ക് വളരെ ചെറിയ ശതമാനം നികുതിയേ കൊടുക്കേണ്ടതുള്ളൂ. പക്ഷേ, പാക്ക്ഡ് ഫുഡ് വാങ്ങുമ്പോൾ കൂടുതൽ നികുതി കൊടുക്കുന്നു. ഇതിന്റെയൊക്കെ കോൺട്രിബ്യൂഷൻ കൊണ്ടാണ് നികുതി വർദ്ധിച്ചുവരുന്നത്. ഇതിന് അനുകൂലമായ മറ്റ് പല ഘടകങ്ങളുമുണ്ട്. അതൊക്കെകൊണ്ടാണ് നമുക്കിവിടെ വരുമാന വർദ്ധനവുണ്ടായത്. പിന്നെ ചെലവ് ചെയ്യുന്ന കാര്യത്തിൽ പിശുക്ക് തന്നെയാണ് നിങ്ങൾ കാണിക്കുന്നത്. എല്ലാ കാര്യങ്ങളും പോസ്റ്റ്പോൺ ചെയ്യുകയാണ്. ഇപ്പോൾ ഇവിടെ 15 കോടി രൂപയുടെ പദ്ധതി പറഞ്ഞല്ലോ. ആ 15 കോടി രൂപയുടെ പദ്ധതിയെ സംബന്ധിച്ചിടത്തോളം അതിന്റെ ചെലവ് ചെയ്യേണ്ടി വരിക, അതിന്റെ കാശ് കൊടുക്കേണ്ടി വരിക തീർച്ചയായിട്ടും അടുത്ത ഗവൺമെന്റാണ്. ഇത് മാത്രമല്ല, ധാരാളം കാര്യങ്ങൾ പോസ്റ്റ്പോൺ ചെയ്യുന്നുണ്ട്. സംസ്ഥാന ജീവനക്കാരുടെ ശമ്പള വർദ്ധനവ്, യു.ജി.സി. സ്കെയിൽ കൊടുക്കുന്നത് തുടങ്ങി ഒരുപാട് കാര്യങ്ങൾ നിങ്ങൾ പോസ്റ്റ്പോൺ ചെയ്യുന്നു. അങ്ങനെ പോസ്റ്റ്പോൺ ചെയ്തും നിങ്ങൾ ചെലവ് കുറയ്ക്കുകയാണ്. ഇവിടെ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് ഇത്രയേറെ വരുമാനം ഉണ്ടായിട്ടും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുന്നത്, അദ്ദേഹം ഏറ്റവും കൂടുതൽ ഡെവലപ്മെന്റൽ വർക്കിനാണ് പ്രാധാന്യം കൊടുത്തതെന്നാണ്.

ശ്രീ. പി. ജയരാജൻ: സർ, ഇപ്പോഴത്തെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ധനമന്ത്രിയായ ഡോ. തോമസ് ഐസക് തനതായിട്ടുള്ള ഒരു സംഭാവനയും ചെയ്തിട്ടില്ല എന്നതാണല്ലോ ബഹുമാനപ്പെട്ട കുട്ടി അഹമ്മദ് കുട്ടി ഇവിടെ പറഞ്ഞത് കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ധനകാര്യമന്ത്രിയായിരുന്നവരോട് (അവരുടെ പേര് ഞാൻ പറയുന്നില്ല) എന്തെങ്കിലും ധനകാര്യ വിഷയം ചോദിച്ചുകഴിഞ്ഞാൽ ദേവേന്ദ്രനെക്കുറിച്ചും ദേവേന്ദ്രന്റെ അച്ഛൻ മുത്തുപട്ടരെക്കുറിച്ചുമാണ് പറഞ്ഞിരുന്നത് എന്ന കാര്യം ബഹുമാനപ്പെട്ട അംഗം ഓർക്കുന്നില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, അവർക്ക് കുറെക്കൂടി സഹൃദയത്വവും നർമ്മബോധവും ഉണ്ടായിരിക്കും. അത് അങ്ങ് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും പഠിപ്പിച്ച് കൊടുക്കണം.

ശ്രീ. കെ. സി. ജോസഫ്: ഈ പറഞ്ഞ പരാമർശം എൽ.ഡി.എഫ്-ന്റെ മുൻ ധനകാര്യമന്ത്രിമാരായ ശ്രീ. ടി. ശിവദാസമേനോനും പിന്നെ ശ്രീ. വി. വിശ്വനാഥമേനോനും ബാധകമാണോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, നമ്മുടെ ഡെവലപ്മെന്റൽ എക്സ്പെൻഡിച്ചർ വളരെ കുറവാണെന്നാണ് റിസർവ് ബാങ്കിന്റെ സ്റ്റഡി. അത് അങ്ങ് അംഗീകരിക്കുമല്ലോ ? ഫെബ്രുവരി 22, 2010, അതിൽ ടോട്ടൽ ഡെവലപ്മെന്റൽ എക്സ്പെൻഡിച്ചർ 2007-2008-ൽ 10,60,822 ആണ്. അത് കഴിഞ്ഞ് 2008-2009-ൽ 13,20,917 ആണ്. അവിടെ 24.5 ശതമാനം റേറ്റ് ഓഫ് ഗ്രോത്താണ് കാണിക്കുന്നത്. 2009-2010-ലാകട്ടെ ആകെ ഡെവലപ്മെന്റ് എക്സ്പെൻഡിച്ചർ 14,70,708 ആണ്. ഇവിടെ 11.3 ശതമാനം നെഗറ്റീവ് ഗ്രോത്താണ് കാണുന്നത്. അപ്പോൾ ആർ.ബി.ഐ-യുടെ റിപ്പോർട്ട് പ്രകാരം ഡെവലപ്മെന്റൽ എക്സ്പെൻഡിച്ചറിൽ പൂർണ്ണമായും നെഗറ്റീവ് എക്സ്പെൻഡിച്ചറാണ് കാണുന്നത് എന്നാണ് വ്യക്തമാകുന്നത്. മെഡിക്കൽ ആന്റ് പബ്ലിക്ക് ഹെൽത്തിൽ, ബോത്ത് പ്ലാൻ ആന്റ് നോൺ പ്ലാനിൽ 21.9 ശതമാനമാണ്. അതുപോലെ 2009-2010-കാലയളവിൽ-63.93 ആണ്. അതായത് നെഗറ്റീവാണ്. അഗ്രിക്കൾച്ചറലിലും അങ്ങയുടെ ഡെവലപ്മെന്റിൽ എക്സ്പെൻഡിച്ചറിനുവേണ്ടി ചെലവാക്കിയത് വളരെ കുറവാണെന്ന് കാണാൻ കഴിയും. അപ്പോൾ കാർഷിക മേഖലയിലും വികസന മേഖലയിലുമൊക്കെ ഒരുപാട് കാര്യങ്ങൾ ചെയ്തുവെന്നും വളരെ വികാസം ഉണ്ടാക്കിയെന്നുമാണ് ഇവിടെ കൊട്ടിഘോഷിക്കാറുള്ളത്. അതൊന്നും തന്നെ ഇല്ല എന്നാണ് ആർ.ബി.ഐ.യുടെ റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നത്. മറ്റൊരു കാര്യം ഇവിടെ വികസനം കൊണ്ട് തൊഴിലവസരങ്ങൾ വളർന്നു വരേണ്ടതുണ്ട്. വികസനത്തിന്റെ ആത്യന്തിക ലക്ഷ്യം വെറും സാമ്പത്തികമായി ഉയർന്നവർക്കുള്ള പശ്ചാത്തല സൗകര്യമൊരുക്കലല്ല. പാവപ്പെട്ട ആളുകൾക്ക് ജീവിക്കാനുള്ള സൗകര്യങ്ങൾ, അവർക്കുള്ള ഉപജീവന മാർഗ്ഗങ്ങൾ ഉരുത്തിരിഞ്ഞ് വരുത്താൻവേണ്ടിയുള്ള പരിപാടികളാണ്. യു.എൻ.ഒ.-യിൽ വികസനത്തെക്കുറിച്ച് പറയുമ്പോൾ ചൂണ്ടിക്കാണിക്കാനുള്ളത്, ആ വേഡ് തന്നെ റീപ്ലേസ് ചെയ്യപ്പെട്ടിരിക്കുന്നു. ഉപജീവന മാർഗ്ഗങ്ങൾ സുരക്ഷിതമാക്കുക എന്നുള്ളതാണ് വികസനത്തിന്റെ ആത്യന്തികമായ ലക്ഷ്യമായി അന്താരാഷ്ട്ര രംഗത്തും ഇപ്പോഴുള്ള വികസന ശാസ്ത്രജ്ഞൻമാരുമൊക്കെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇവിടെ നമുക്ക് കാണാൻ കഴിയുന്നത് ഒരു ഇക്കണോമിക് റിവ്യൂവിൽ തന്നെയുള്ള കാര്യമാണ്.

ശ്രീ. പി. വിശ്വൻ: സർ, വികസനത്തിന്റെ ശാസ്ത്രീയമായ സമീപനം എന്ന് പറയുന്നത് നമ്മൾ ചർച്ച ചെയ്യപ്പെടേണ്ടതായിട്ടുണ്ട്. ഓരോ

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തിയുടെയും ഭൗതീക വളർച്ച ഉറപ്പുവരുത്താൻ ഉതകുന്ന രീതിയിലായിരിക്കണം വികസനം നടത്തേണ്ടത്. ആ കാഴ്ചപ്പാടോടെയാണെങ്കിൽ തീർച്ചയായും നിങ്ങൾ ഡോ. തോമസ് ഐസക് എന്നുപറയുന്ന ധനകാര്യ മന്ത്രിയുടെ സമീപനത്തെയും ലീഡർഷിപ്പിനെയും അംഗീകരിക്കേണ്ടതായി വരും.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, അതുതന്നെയാണ് ഞാൻ പറയുന്നത്. ഈ വികസനത്തിൽ പാവപ്പെട്ടവരെ, കഷ്ടപ്പെടുന്നവരെ, ദുരിതം അനുഭവിക്കുന്നവരെ ലക്ഷ്യമാക്കിക്കൊണ്ട് അവരെ ഉയർത്തിക്കൊണ്ടുവരണം. തെരുവിലെ ദുരിതം അനുഭവിക്കുന്ന, ഒന്നിനും കഴിയാത്ത സാധാരണ മനുഷ്യനെ വികസന ലക്ഷ്യത്തിന്റെ കേന്ദ്ര ബിന്ദുവായി പ്രതിഷ്ഠിക്കലാണ് വികസനത്തിന്റെ ശരിയായ സമീപനം. പക്ഷേ, അതല്ല ഇവിടെകാണുന്നത്. ഇവിടെ ഞാൻ പറയുന്നത് ഇക്കണോമിക് റിവ്യൂവിലെ കണക്കാണ്. എസ്.എസ്.എൽ.സി. മുതൽ പോസ്ററ് ഗ്രാജ്യുവേഷൻ വരെയുള്ള വ്യത്യസ്ത ഡിഗ്രി നേടിയ തൊഴിലന്വേഷകരുടെ എണ്ണം ഈ കണക്കിൽ പറയുന്നുണ്ട്. അതിൽ 2006-2007-കാലയളവിൽ കേരളത്തിൽ എസ്.എസ്.എൽ.സി. പഠനം കഴിഞ്ഞ് നിൽക്കുന്ന തൊഴിലന്വേഷകരുടെ എണ്ണം 21,10,000 ആയിരുന്നു. ഇത് 2009-ജൂൺ മാസമായപ്പോഴേയ്ക്കും 27,11,000-ആയി മാറുകയാണ്. 2006-2007 മുതൽ 2009-2010-വരെയുള്ള കാലയളവിൽ എസ്.എസ്.എൽ.സി.-ക്ക് ശേഷം തൊഴിൽ അന്വേഷിക്കുന്നവരുടെ എണ്ണത്തിൽ 17.1 ശതമാനം കണ്ട് ഉയർന്നിരിക്കുന്നു. അപ്പോൾ തൊഴിലില്ലായ്മ കുറെയധികം ക്രിയേറ്റ് ചെയ്തു എന്നാണ് ഇവിടെ കണക്കുകൾ വ്യക്തമാക്കുന്നത്. അപ്പോൾ ഒരു കണക്കിലും നമുക്ക് വലിയ വിജയം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. തൊഴിലന്വേഷകർക്ക്, തൊഴിലില്ലാത്തവർക്ക് തൊഴിൽ നൽകാനുള്ള പദ്ധതികൾ ഉണ്ടായിട്ടില്ല. അങ്ങ് പലപ്പോഴും പറയാറുണ്ട്, സാമൂഹിക ക്ഷേമ പരിപാടികൾ വളരെ വ്യാപകമായി നടപ്പാക്കിയ ആളാണ് അങ്ങ് എന്ന്. അത് എത് മാനദണ്ഡത്തിലാണ് അങ്ങ് പറയുന്നത്? പെൻഷൻ കൂട്ടുന്നു, 100 രൂപയും 200 രൂപയും പെൻഷൻ കൂട്ടുകയാണ്. ആ പെൻഷൻ കൂട്ടുന്നത് വച്ചാണ് അങ്ങ് എല്ലാ പ്രവർത്തനങ്ങളും നടത്തുന്നത്. കേരളത്തിൽ പാവപ്പെട്ടവർക്ക് സ്വയം തൊഴിൽ കിട്ടുന്നതിനുള്ള ഏറ്റവും വലിയ പദ്ധതിയായിരുന്നു കുടുംബശ്രീ. കുടുംബശ്രീക്ക് ഞങ്ങളുടെ കാലത്ത് 76 കോടി രൂപ വച്ചിരുന്നു. അങ്ങ് അത് കുറച്ച് 25 കോടി രൂപയാക്കി. അന്ന് ഞങ്ങൾ ഇത് പറഞ്ഞപ്പോൾ കുടുംബശ്രീക്കുള്ള തുക ചെലവായിട്ടില്ല എന്നാണ് അങ്ങ് പറഞ്ഞത്. ഈ പ്രാവശ്യത്തെ അങ്ങയുടെ ബഡ്ജറ്റിൽ ഒരു പദ്ധതിയുണ്ട്. കുടുംബശ്രീ രൂപീകരിച്ചതിനുശേഷം 2008-09 വരെ കേവലം 50.48 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളു. 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക, അങ്ങ് ഇത് നോക്കിയാണോ ചെയ്തത്. ഇവിടെ ബഡ്ജറ്റ് ഇൻ ബ്രീഫിലുള്ള പദ്ധതികൾ എടുത്തുനോക്കുമ്പോൾ 274.71 കോടി രൂപയാണ് കുടുംബശ്രീയുടെ ടോട്ടൽ എക്സ്പെൻഡീച്ചർ.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): അതിന് കാരണമെന്താണെന്നു വച്ചാൽ നമ്മൾ പണം ട്രാൻസ്ഫർ ചെയ്യും. അതിൽ ആക്ച്വൽ ചെലവാക്കിയ റ്റേളോ പറയും. അത് ശരിയാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അല്ല, ഇതിൽ ട്രാൻസ്ഫർ ചെയ്തതല്ല, ഇതിൽ 2002-03-ലെ എക്സ്പെൻഡിച്ചറായ 48.65 കോടി രൂപ ആണ് കാണിച്ചിരിക്കുന്നത്

ഡോ. തോമസ് ഐസക്: സംസ്ഥാന സർക്കാരിന്റെ കൺസോളിഡേറ്റ് ഫണ്ടിൽ നിന്ന് കുടുംബശ്രീയിലേക്ക് പോകുമ്പോൾ അത് സംസ്ഥാന സർക്കാരിന്റെ എക്സ്പെൻഡിച്ചറാണ്. ഇത് അവിടെ അക്യുമിലേറ്റ് ചെയ്യുകയായിരുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളിലാണ് എക്സ്പെൻഡീച്ചർ പിക്ക് ചെയ്തത്. ഈ വർഷം 2009-10-ൽ ഏതാണ്ട് നൂറ് കോടി രൂപയാണ് ചെലവായിട്ടുള്ളത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അങ്ങ് അത് ഒന്നുകൂടി പരിശോധിക്കണം. കാരണം 2002-2003-ലെ കണക്കുകളൊക്കെ ഞങ്ങളും പരിശോധിച്ചതാണ്. പക്ഷെ, അങ്ങ് വളരെ പെട്ടെന്ന് ഇത് കുറച്ചു. അങ്ങ് എപ്പോഴും പറയുന്നത് പാവപ്പെട്ടവരുടെ ഒപ്പമാണെന്നുള്ളതാണ്. പക്ഷേ, പാവപ്പെട്ടവരുടെ ഒപ്പമല്ല അങ്ങ് എന്നുള്ളതാണ് വാസ്തവം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് സഹകരിക്കണം. പ്ലീസ്.....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: എനിക്ക് മൂന്ന് മിനിറ്റു കൂടി തരണം. എല്ലാവർക്കും 25, 30 മിനിറ്റ് കൊടുക്കുമ്പോൾ എനിക്ക് മൂന്ന് മിനിറ്റ് തന്നാലെന്താണ്? ഞാൻ ഇപ്പോൾ പറഞ്ഞു തീർക്കാം. സത്യത്തിൽ ഇവിടെ വികസന രംഗത്ത് കാര്യമായ ഒന്നും ചെയ്തില്ല എന്നുതന്നെയാണ് ഞങ്ങളുടെ ആരോപണം. അങ്ങ് മൂന്ന് വർഷം വികസനത്തിന് അവധി പ്രഖ്യാപിച്ച് ശേഷം ഏതാണ്ട് മൂന്നാമത്തെ വർഷം എം.എൽ.എ.മാർക്ക് ഓരോ കോടി രൂപയെന്ന് പറഞ്ഞു. അതുകഴിഞ്ഞ ശേഷം 15 കോടി രൂപയെന്ന് പറഞ്ഞു. ഈ 15 കോടി രൂപ തന്നെ, നമ്മുടെ ഗവൺമെന്റ് മെഷിനറി തുരുമ്പിച്ചതാണെന്ന് അങ്ങ് പറഞ്ഞു. പക്ഷേ, ആ തുരുമ്പിച്ച ഗവൺമെന്റ് മെഷിനറിയുമായി വർക്ക് നടത്തുമ്പോൾ ഈ 15 കോടി രൂപ ഉപയോഗിച്ച് അങ്ങയുടെ നിയോജകമണ്ഡലത്തിൽ അടക്കമുള്ള പ്രവർത്തികൾ നടത്താൻ കഴിയുന്നില്ലായെന്ന് മാത്രമല്ല, എ.എസ്സ് ലഭിക്കലുമായി ബന്ധപ്പെട്ട് ഒരുപാട് പ്രയാസങ്ങളുമുണ്ട്. അതിനുശേഷം പറഞ്ഞ കാര്യങ്ങളോട് ഞങ്ങൾക്ക് വളരെ ഖേദവും പ്രതിഷേധവുമുണ്ട്. എം.എൽ.എ.മാർക്ക് ഇനി വർക്ക് നടത്തണമെങ്കിൽ ട്രഷറിയിലേക്ക് പണം സ്വരൂപിച്ചുതരണം. കമ്മീഷൻ ഏജന്റുമാരുടെ അത്തരം പണികൾ ചെയ്യാൻ ഞങ്ങൾക്ക് അറിയില്ല. ഞങ്ങൾക്ക്വലിയ പണക്കാരുമായിട്ടുള്ള പരിചയമില്ല. നിങ്ങൾക്ക് വലിയ മുതലാളിമാരുമായി പരിചയമുണ്ടാകും.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കുട്ടി അഹമ്മദ് കുട്ടി: അങ്ങ് അവസാനിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഒരു മിനിറ്റു കൂടി തരണം. അതു കൊണ്ട് ഞങ്ങൾക്ക് അർഹമായത് തരണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. കേരളം സമാധാനത്തിന്റെ പച്ചത്തുരുത്തായിരുന്നു. പക്ഷേ, മുഖ്യമന്ത്രിയുടെ പ്രസ്താവന വളരെ അപകടകരമായിപ്പോയി.

മി. ഡെപ്യൂട്ടി സ്പീക്കർ: രാഷ്ട്രീയത്തിലേക്ക് ഇനി പോകണ്ട.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, അതിനെക്കുറിച്ച് പറയണം. എല്ലാവർക്കും 25, 27 മിനിറ്റ് കൊടുത്തല്ലോ ? മുഖ്യമന്ത്രിയുടെ പ്രസ്താവന വളരെ ഖേദകരമായിപ്പോയി. പോപ്പുലർ ഫ്രണ്ടിനെ വലുതാക്കാൻവേണ്ടിയാണ് അത് ചെയ്തത് എന്നാണ് അദ്ദേഹം പറഞ്ഞത്. ഞങ്ങളൊക്കെ കുട്ടികളുടെ അച്ഛനാണെന്ന് ഇവിടെ ശ്രീ. ശശി പറഞ്ഞു. ഞങ്ങളുടെ കുട്ടികളുടെ അച്ഛനൊന്നുമല്ല ഈ പോപ്പുലർ ഫ്രണ്ട്. ശശിയുടെയും പാർട്ടിയുടേയും കുട്ടികളുടെ അച്ഛനാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. സി. ജോസഫ്, അങ്ങേയ്ക്ക് സംസാരിക്കാം. ഇങ്ങനെപ്പോകാൻ ആവില്ല. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അങ്ങ് അവസാനിപ്പിക്കുക.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അങ്ങനെപ്പറഞ്ഞാൽ ഒരു നീതി വേണ്ടേ ? കൺക്ലൂഡ് ചെയ്യാൻ അങ്ങ് സമ്മതിക്കില്ലായെന്ന് പറഞ്ഞാൽ............

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതിൽ തെറ്റിദ്ധാരണയൊന്നും വേണ്ട, ഈ ചെയർ സ്ട്രോങ്ങായി പറയുന്നു ഇവിടത്തെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാധാരണഗതിയിൽ ബില്ലിനെക്കുറിച്ച് സംസാരിക്കാൻ എത്ര സമയം വേണമെങ്കിലും കൊടുക്കും.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: എങ്കിൽ ഞാൻ ബില്ലിനെക്കുറിച്ച് സംസാരിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ പോയിന്റുകൂടി പറഞ്ഞ് അവസാനിപ്പിക്കുക. തർക്കിക്കാൻ നിൽക്കണ്ട. ഈ പോയിന്റ് കൂടി പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അങ്ങയോടുള്ള ബഹുമാനം നിലനിർത്തിക്കൊണ്ട് പറയട്ടേ, അങ്ങ് ഈ സംസാരിച്ച സമയത്തിനുള്ളിൽ ഞാൻ നിർത്തുമായിരുന്നു. അതുകൊണ്ട് കേരളത്തിലെ സമാധാനവും മതസൗഹാർദ്ദവും തകർക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരുങ്ങരുത്. മുഖ്യമന്ത്രി പറഞ്ഞ പല കാര്യങ്ങളും ശ്രീ. സീതാറാം യച്ചൂരിയുടെ പുസ്തകം മുഖ്യമന്ത്രി വായിക്കണം. മത തീവ്രവാദികളുമായി ഞങ്ങൾക്ക് യാതൊരു യോജിപ്പും ഉണ്ടായിട്ടില്ല. മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം വളരെ നിർണ്ണായക ഘട്ടങ്ങളിൽ മുസ്ലിം ലീഗ് ഉണ്ടായതുകൊണ്ടാണ് ഇവിടത്തെ ന്യൂനപക്ഷങ്ങൾക്കിടയിൽ തീവ്രവാദികൾ ഉണ്ടാകാത്തത് എന്ന്

417/13

ഇപ്പോഴും വിദഗ്ദന്മാരും പത്രങ്ങളും എഴുതിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ നിങ്ങളും മുസ്ലീം ലീഗിനെപ്പറ്റിപറഞ്ഞിരുന്നു. മുസ്ലീംലീഗിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ പ്രസ്താവന, ഇവിടെ ജനാധിപത്യ മാർഗ്ഗത്തിൽ ന്യൂനപക്ഷങ്ങൾക്ക് എങ്ങനെ അവകാശങ്ങൾ വാങ്ങിക്കൊടുക്കാമെന്ന് നോക്കിയവരാണ് മുസ്ലീം ലീഗുകാർ. ബാബറി മസ്ജിദ് തകർന്നപ്പോൾ സമുദായ തിന്മകൾ ഉണ്ടാകാതിരിക്കുവാൻ മുസ്ലീം ലീഗ് ശ്രമിച്ചതുകൊണ്ടാണ് കേരളം കത്താതിരുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പഴയതിലേക്ക് പോകണ്ട ശ്രീ. കുട്ടി അഹമ്മദ് കുട്ടി.........ഇങ്ങനെ സഭ നടത്താൻ കഴിയില്ല. ശ്രീ. കെ. സി. ജോസഫ്, അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: പക്ഷേ, സമാധാനവും സൗഹാർദ്ദവും ഇല്ലാതാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിക്കരുത്. കുളം കലക്കി മീൻ പിടിക്കാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ തീർച്ചയായും ആ കുളത്തിൽ നിങ്ങൾ മുങ്ങിപ്പോകും. നിങ്ങൾ ഒരിക്കലും ഉയർത്തെഴുന്നേൽക്കുകയില്ല എന്ന് മനസ്സിലാക്കാൻ തയ്യാറാകണം.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഞാൻ ഈ ഫിനാൻസ് ബില്ലിന്റെ പൊതു ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച മറ്റു കാര്യങ്ങളിലേക്ക് കടന്നുപോകുന്നില്ല. ധനകാര്യ വകുപ്പുമന്ത്രിയുടെ ഒരു ക്ലാരിഫിക്കേഷനു വേണ്ടിയാണ് എനിക്കൊരു കാര്യം ചൂണ്ടിക്കാണിക്കുവാനുള്ളത്. നാഷണൽ ഡെവലെപ്മെന്റ് കൗൺസിലിൽ മുഖ്യമന്ത്രി ചെയ്ത പ്രസംഗത്തിൽ പറയുകയുണ്ടായി. പെട്രോളിന്റെ റീട്ടെയിൽ വിൽപ്പനവിലയുടെ 51 ശതമാനവും ഡീസലിന്റെ റീട്ടെയിൽ വിലയുടെ 35 ശതമാനം സെൻട്രൽ ടാക്സാണെന്ന് പറഞ്ഞു. ഈ വിലവർദ്ധനയ്ക്കെതിരായി രണ്ട് തവണ ഹർത്താൽ നടത്തിയ സംസ്ഥാനമാണ് കേരളം. ഹർത്താൽ നടത്തുമ്പോഴും വിലവർദ്ധനവ് കൊണ്ട് കേരള ഖജനാവിന് ലഭിച്ച അഡീഷണൽ റവന്യൂ 251 കോടി രൂപയാണെന്നാണ് പറയുന്നത്. എനിക്കതിന്റെ കണക്ക് അറിയില്ല. അങ്ങ് അതിന് മറുപടി പറയണം. അഡീഷണൽ റവന്യൂ കേരളത്തിന് ലഭിച്ചത് 251 കോടി രൂപയാണെന്നാണ് കേന്ദ്ര പെട്രോളിയം മന്ത്രി പറഞ്ഞത്. വില വർദ്ധനവിനെതിരായി പോരാടുമ്പോൾ ആ വില വർദ്ധനവ് കൊണ്ടുള്ള ആനുകൂല്യമെങ്കിലും കേരളം വേണ്ടെന്ന് വയ്ക്കേണ്ടതായിരുന്നു. ആ ആനുകൂല്യം അനുഭവിച്ചുകൊണ്ട് ജനങ്ങളുടെ കണ്ണിൽ മണ്ണ് ഇടാൻ വേണ്ടിയുള്ള ഹർത്താലുമായി പോയത് ഇടതുപക്ഷ മുന്നണിയുടെ ഇരട്ടത്താപ്പ് നയത്തിന്റെ സൂചനയാണ്. തിരുവനന്തപുരത്ത് പെട്രോളിന്റെ റീട്ടെയിൽ വില 54.05 രൂപയാണ്. അതിൽ 30.4 ശതമാനം അതായത് 16.44 രൂപ സെൻട്രൽ ടാക്സാണ്. സംസ്ഥാനത്തിന്റെ ടാക്സ് 22.2 ശതമാനം അതായത് 11.09 രൂപ. തിരുവനന്തപുരത്ത് ഡീസലിന്റെ വില 41.6 രൂപ അതിൽ കേന്ദ്ര വിഹിതം 6.56 രൂപ അതായത് 16 ശതമാനം സംസ്ഥാന വിഹിതം 8.6 രൂപ, 19.6 ശതമാനം. ഇങ്ങനെ സംസ്ഥാന ഗവൺമെന്റിന് പെട്രോളിന്റെയും

LIBRARY ARCHIVES Kerala Legislative Assembly

ഡീസലിന്റെയും വില വർദ്ധനവിലൂടെ ലഭിച്ച 251 കോടി രൂപ, അതുസംബന്ധിച്ച് മുഖ്യമന്ത്രി എൻ.ഡി.സി.യിലെ പ്രസംഗത്തിനെതിരായ നിലപാട് സ്വീകരിച്ചത് എന്തുകൊണ്ടാണ്. എന്താണ് യഥാർത്ഥ അവസ്ഥ ? പെട്രോൾ ഡീസൽ വില വർദ്ധനവിലൂടെ ഈ സാമ്പത്തിക വർഷം സംസ്ഥാന ഗവൺമെന്റ് എന്താണ് പ്രതീക്ഷിക്കുന്നതെന്ന് വിശദീകരിച്ചാൽ കൊള്ളാം. ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

ശ്രീ. സാജു പോൾ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ഗവൺമെന്റിന്റെ നാലാമത് വർഷം പുതുക്കിയ ബഡ്ജറ്റ് ഉൾപ്പെടെ ഡോ. തോമസ് ഐസക് അവതരിപ്പിച്ച അഞ്ചാമത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ചയാണ് ഇത്. ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നിരയിൽ നിന്ന് ഏറ്റവും ആധികാരിക ശബ്ദങ്ങൾ ഉയർത്തി, സാമ്പത്തിക കാര്യങ്ങൾ അങ്ങേയറ്റം ആധികാരികതയോടുകൂടി വിലയിരുത്താൻ കഴിയുന്ന ആര്യാടൻ സർ മുതൽ ബഹുമാന്യനായ ശ്രീ. കെ. സി. ജോസഫ് വരെയുള്ളവർ സംസാരിച്ചിട്ടും ഇവിടെ എന്തെങ്കിലും ഒരു ചലനമുണ്ടാക്കാൻ സാധിച്ചോ ? പ്രതിപക്ഷം നിരായുധരായി നിൽക്കുകയാണ്. യാതൊരു തരത്തിലുമുള്ള ആക്രമണങ്ങൾക്കുമുള്ള സംവിധാനങ്ങളില്ലാതെ അതിനുള്ള കോപ്പുകൾ കൈവശമില്ലാതെ നിരായുധരായി നിൽക്കുകയാണ് പ്രതിപക്ഷം.

ശ്രീ. പി. സി. ജോർജ് : അപ്പോൾ അങ്ങേയ്ക്ക് കാര്യം മനസ്സിലായല്ലോ ? ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിച്ചാൽ കുറ്റം പറയും. ചീത്ത പറഞ്ഞാലേ നിങ്ങൾ സമ്മതിക്കൂ. നിങ്ങളെപ്പറ്റി ചീത്ത പറഞ്ഞാലേ നിങ്ങൾക്ക് ഇഷ്ടമുള്ളൂ എന്നാണോ അർത്ഥം.

ശ്രീ. സാജു പോൾ : ഇവിടെ ഇപ്പോൾ ഏതാണ്ട് രണ്ട് രണ്ടേകാൽ മണിക്കൂറോളം പ്രതിപക്ഷത്തുള്ള ആളുകൾ സംസാരിച്ചില്ലേ ? ഈ ഗവൺമെന്റിന്റെ ധനമാനേജ്മെന്റിനെപ്പറ്റിയോ നികുതി സംഭരണത്തെക്കുറിച്ചോ ധനവിനിയോഗത്തെ സംബന്ധിച്ചോ ഇവിടെ എന്ത് പറയാൻ കഴിഞ്ഞു ? ഇനി ഇതിലപ്പുറമുള്ള ആളുകൾ, ഏറ്റവും മുൻനിരയിൽ നിന്നും ഏത് കോണിൽ നിന്നും ഗോളടിക്കാൻ പറ്റുന്ന ആളുകൾ ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയും ശ്രീ. കെ. സി. ജോസഫും ശ്രീ. കെ. ബാബുവും പ്രൊഫ. എൻ. ജയരാജ്സാർ ഉൾപ്പെടെയുള്ളവർ, കേരള കോൺഗ്രസ്സ് പാർട്ടിയുടെ പ്രതിനിധിയെ അവഗണിക്കുന്നില്ല. ഇവരെല്ലാം ചേർന്ന് ആഞ്ഞടിച്ചിട്ടും ഇവിടെ ഒരു ചെറു ചലനംപോലും ഉണ്ടായില്ലെന്നുപറഞ്ഞാൽ, സത്യത്തിൽ എന്താണ് ഇവിടെ ബഹുമാന്യനായ ആര്യാടൻ മുഹമ്മദും ശ്രീ. കെ. ബാബുവുമൊക്കെ ചർച്ച ചെയ്തത് ; ഈ ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട് വല്ല കാര്യങ്ങളുമാണോ ? വേറെ എന്തൊക്കെയോ വിഷയങ്ങൾ, ഇതിലേക്ക് കടക്കാൻപോലുമാകാത്ത വിധത്തിൽ ദുർബലമായ, നിരായുധീകരിക്കപ്പെട്ട, നിഷ്ക്രിയമായ, നിസ്സംഗത

LIBRARY ARCHIVES Kerala Legislative Assembly

പുലർത്തുന്ന ഒരു പ്രതിപക്ഷം എന്നുള്ള നിലയ്ക്കാണ് ഇത്രയും സമയം ഇവിടെ ഉപയോഗിച്ചത്. ഇവിടെ കുഞ്ചൻ നമ്പ്യാരുടെ ഒരു കവിതയാണ് എനിക്ക് ഓർമ്മ വരുന്നത്. 'പുറംകഥകൾ' എന്ന പേരിൽ കുഞ്ചൻ നമ്പ്യാർ പ്രത്യേകം രേഖപ്പെടുത്തിയിട്ടുള്ള കവിത,

"നായർ വിശന്നൂവലഞ്ഞൂവരുമ്പോൾ
കായക്കഞ്ഞിക്കരിയിട്ടില്ല
കെട്ടിയ പെണ്ണിനെ മടികൂടാതെ
കിട്ടിയ വടികൊണ്ടൊന്നു കൊടുത്തു.
ഉരുളികൾ കിണ്ടികളൊക്കെയുടച്ചു
ഉരലുവലിച്ചു കിണറ്റിലുമിട്ടു
എന്നിട്ടരിശം തീരാഞ്ഞിട്ടാ
പ്പുരയുടെ ചുറ്റും മണ്ടിനടന്നു."

ഈ അവസ്ഥയിലാണ് ഇപ്പോൾ പ്രതിപക്ഷം.

ശ്രീ. പി. സി. ജോർജ് : സർ, സാജു പോൾ വലിയ ബുദ്ധിമുട്ടി വിമർശിക്കുകയാണ്. എന്നാൽ ഒരു വിമർശനം അങ്ങോട്ട് പറയാം. അതിന്റെ മറുപടി അങ്ങൊന്ന് പറയണം. ലിസ് ചാക്കോ, സാമ്പത്തിക രംഗത്ത് കേരളത്തിലെ ആയിരക്കണക്കായ നിക്ഷേപകരെ വഞ്ചിച്ചുകൊണ്ട് രക്ഷപ്പെട്ടവനാണെന്നും നിങ്ങളുടെ പാർട്ടി, സാജു പോൾ ഇപ്പോൾ നിൽക്കുന്ന പാർട്ടിയുടെ ഉത്തരവാദപ്പെട്ടവർ അക്കാര്യത്തിൽ സഹായിക്കുന്നുവെന്നുമുള്ള അഴിമതിയാരോപണവും ഈ രംഗത്തുണ്ടായിരുന്നു. ആ ചാക്കോ ലിസ് നിർത്തി ഇപ്പോൾ 'ജ്യോതിസ്' എന്നുപറയുന്ന ഒരു സ്ഥാപനവുമായി കച്ചവടത്തിന് ഇറങ്ങിയിരിക്കുകയാണ്. ഈ ധനകാര്യ വകുപ്പുമന്ത്രിക്കും നിങ്ങളുടെ ഗവൺമെന്റിനും എന്ത് ചെയ്യാൻ കഴിഞ്ഞു ? അതിനൊന്ന് മറുപടി പറയുക ?

ശ്രീ. സാജു പോൾ : ബഹുമാനപ്പെട്ട പി. സി. ജോർജ് ഇപ്പുറത്തിരുന്ന് അന്നത്തെ യു. ഡി. എഫ്. നിരകളോട് പിച്ച ബഷീറിനെപ്പറ്റി, പാവം പയ്യനെപ്പറ്റി അതുപോലെ തന്നെ ചാക്ക് രാധാകൃഷ്ണനെക്കുറിച്ച്, ഇങ്ങനെ എത്ര ആളുകളെക്കുറിച്ച് ആരോപണം ഉന്നയിച്ചു. എന്നിട്ട് ഇങ്ങനെയുള്ള ഒരുപാട് ചണ്ടിപണ്ടാരങ്ങളുടെ കൂടാരത്തിലല്ലേ ഇപ്പോൾ ബഹുമാനപ്പെട്ട പി. സി. പോയി ഇരിക്കുന്നത്. അവിടെ നിന്നുള്ള ചവിട്ടും തൊഴിയുമേറ്റ് ഈ രൂപത്തിൽ തന്നെ അങ്ങേയ്ക്ക് ഒരു ക്ഷീണവും സംഭവിക്കാതെ മാംസഗോപുര ശരീരിയായി ഏറ്റവും ആടയാഭരണവിഭൂഷിതനായി, അങ്ങ് ഏക വൈസ് ചെയർമാനായി, ഛത്രപതിയായി അവിടെ വിരാജിക്കുവാൻ ഇടയാകുമാറാകട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങയേക്കാൾ വലിയ വലിയ പ്രതിബന്ധങ്ങൾ ഡോക്ടർ തോമസ് ഐസക്കിന്റെ മുമ്പിൽ വന്നാലും അദ്ദേഹം ഈ ധനമാനേജ്മെന്റുമായി അഭംഗുരം അനുസ്യൂതം ഇങ്ങനെ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കും.

"നോക്കടാ നമ്മുടെ മാർഗ്ഗേ കിടക്കുന്ന
മർക്കടാ നീയങ്ങു മാറിക്കിട ശഠാ
ഒട്ടും വകതിരിവില്ലാത്ത വല്ലാത്ത
കൂട്ടത്തിൽ വന്നു പിറന്നുവളർന്നു നീ
നാട്ടിൽ പ്രഭുക്കളെ കണ്ടാലറിയാത്ത
കാട്ടിൽക്കിടക്കുന്ന മൂളിക്കുരങ്ങു നീ."

എന്ന മട്ടിൽ ഭീമസേനൻ ഗദയുമായി അങ്ങ് കാട്ടിലേക്ക് സൗഗന്ധികം തേടിപ്പോയ അതേ രീതിയിൽ ബഹുമാനപ്പെട്ട ഡോക്ടർ തോമസ് ഐസക് പൊയ്ക്കൊണ്ടിരിക്കും എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

ശ്രീ. പി. സി. ജോർജ് : ഉത്തരം പറയുക. ഞാൻ ചോദിച്ചല്ലോ ? ഈ ലിസ് ചാക്കോ ആരോപണ വിധേയനല്ലേ ? അയാൾ സാമ്പത്തിക കുറ്റാരോപിതനല്ലേ ? അയാൾ ഇപ്പോൾ വീണ്ടും രാജ്യത്തുള്ള മാധ്യമങ്ങളിൽ മുഴുവൻ പ്രചരണം കൊടുത്തുകൊണ്ട് 'ജ്യോതിസ്' എന്ന സ്ഥാപനം വേറെ പേരിൽ രജിസ്റ്റർ ചെയ്ത് ആയിരക്കണക്കിന് കോടി രൂപ കൊള്ളയടിച്ചുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക മന്ത്രിയില്ലേ ഇവിടെ ? ധനകാര്യ വകുപ്പുമന്ത്രി ഇല്ലേ ഇവിടെ ? എന്ത് നടപടി സ്വീകരിച്ചു ? പറയുക.

ശ്രീ. സാജു പോൾ : പ്രബുദ്ധ കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ തട്ടിപ്പുകാരോ, ആൾ ദൈവങ്ങളോ മറ്റ് ഏത് രൂപത്തിലുള്ള സാമ്പത്തിക കുറ്റവാളികൾ ആരുമായിക്കോട്ടേ സന്തോഷ് മാധവന്മാർ, തോക്ക് സ്വാമിമാർ അല്ലെങ്കിൽ ശബരീനാഥുമാർ ഇവരെ എല്ലാം കൈയാമം വച്ച് കൽത്തുറുങ്കിലടച്ച ഗവൺമെന്റാണ് സഖാവ് വി. എസ്. അച്ചുതാനന്ദൻ നയിക്കുന്ന ഗവൺമെന്റ്. ശ്രീ. പി. സി. ജോർജ് തട്ടിപ്പുനടത്തിയാലും ശക്തമായ കർശനമായ നടപടിയുണ്ടാകുമെന്ന്......ഇനി ഞാൻ വഴങ്ങുന്നില്ല..... പ്ലീസ്....ഞാൻ എനിക്ക് പറയാനുള്ള കാര്യങ്ങൾ ഒന്ന് പറഞ്ഞുതീർക്കട്ടെ.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, അങ്ങ് സൗഗന്ധിക പുഷ്പം തേടിപ്പോയ ഭീമനെപ്പോലെയാണ് നമ്മുടെ ബഹുമാനപ്പെട്ട തോമസ് ഐസക് എന്ന് പറഞ്ഞു. അങ്ങനെ അദ്ദേഹത്തെ അപമാനിക്കണമോ ? അവിടെ ഹനുമാന്റെ മുമ്പിൽപ്പോയി വാൽ നീക്കാൻ കഴിയാതെ വിഷമിക്കുന്ന ഒരു അവസ്ഥയിലേയ്ക്കെത്തിയ മന്ത്രി എന്നാണോ അങ്ങ് ഉദ്ദേശിച്ചത് ? അങ്ങ് പറഞ്ഞത് വളരെ മോശമായിപ്പോയി.

ശ്രീ. സാജു പോൾ : ഭീമസേനൻ പോകുമ്പോൾ,

LIBRARY ARCHIVES Kerala Legislative Assembly

"കല്ലോലജാലം കളിക്കുന്ന കണ്ടു,

കമലമണിമാരുടെ നിറയമൃതു കണ്ടു,

ചക്രവാകങ്ങളുടെ വിക്രമം കണ്ടു,

നക്രങ്ങളോടി നടക്കുന്ന കണ്ടു."

അങ്ങനെ ഒരുപാട് കാഴ്ചകൾ അദ്ദേഹം കണ്ടു. ബഹുമാനപ്പെട്ട കെ. കുട്ടി അഹമ്മദ് കുട്ടി സാഹിബ് അല്പം സഹൃദയത്വമൊക്കെ ഉള്ളൊരു മനുഷ്യനാണ്. കല്യാണസൗഗന്ധികം നല്ലതുപോലെ ഒന്ന് വായിക്കണം. ശ്രീകൃഷ്ണ ലീലയും വായിച്ചോ? എനിക്ക് സൂചിപ്പിക്കാനുള്ളത്, ഈ ഗവൺമെന്റ് മാന്ദ്യം നേരിടാൻ ആഗോള പ്രതിസന്ധി അതിജീവിക്കാൻ ഉൾപ്പെടെ ക്രിയാത്മകമായ നടപടികളുമായി മുന്നോട്ട് പോയില്ലേ? നികുതി നിർണ്ണയ സമ്പ്രദായമാകെ പരിഷ്ക്കരിച്ചു, ഇവിടെ എന്താണ്? ഇപ്പോൾ ആകെ ഷോളയാർ പെരുംകാട് എന്നുപറഞ്ഞതുപോലെ വാളയാർ ചെക്ക്പോസ്റ്റ്. ഇതായിരുന്നു ഈ കേരളത്തിന്റെ നികുതിവരുമാനത്തിന്റെ ഒരു പ്രധാന സ്രോതസ്സായി നിന്നിരുന്നത്. സത്യം വാളയാർ ചെക്ക്പോസ്റ്റിൽ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഉൾപ്പെടെ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി സാഹിബ് അടക്കം ഈ ചെക്ക്പോസ്റ്റുകളിലെല്ലാം ഞങ്ങൾ പോയി. അവിടെ വേലം-താവളം, ഗോവിന്ദപുരം, നടുപ്പുണ്ണി, വാളറ, മീനാക്ഷിപുരം, ഗോപാലപുരം, എട്ട് സാറ്റലൈറ്റ് ചെക്ക്പോസ്റ്റുകൾ ഇതെല്ലാം പോയിനോക്കി. അവിടെ വൈദ്യുതി സംവിധാനമില്ലാത്ത, വാടകക്കെട്ടിടങ്ങളിലിരുന്ന്, ഒരു ചെക്ക്പോസ്റ്റ് എന്നുപറഞ്ഞ് വെറുതെ ഒരു ഓടയുടെ മുകളിൽ ഒരു ബഞ്ച് ഇട്ട് ഇരുന്ന സാഹചര്യത്തിൽ നിന്ന് വ്യത്യസ്തമായി ഇന്ന് എയർകണ്ടിഷൻ കണ്ടെയിനറുകളിലാണ് ഈ പറഞ്ഞ ചെക്ക്പോസ്റ്റുകളിലെ, നികുതി വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ഇരിക്കുന്നത്. കുടുംബശ്രീ അംഗങ്ങൾ അവിടെ ഭക്ഷണം നൽകുന്നു. താമസ സൗകര്യം ലഭ്യമാക്കിയിരിക്കുന്നു. മഞ്ചേശ്വരം, മുത്തങ്ങ, ആര്യങ്കാവ്, അമരവിള ഇവിടെ എല്ലാം ഈ ആളുകൾ പോയി. ഇപ്പോൾ തമിഴ്നാട്ടിൽവരെ നമ്മളൊക്കെ അണ്ണന്മാരെന്ന് പറഞ്ഞ് വിളിക്കുന്ന ആ സഹോദരന്മാർവരെ ഇ-ഫൈലിംഗ് നടത്തി ഇ-പേയ്മെന്റ് ചെയ്ത് എല്ലാം ഏറ്റവും ഗംഭീരമായി നടക്കുന്നു. നമ്മുടെ പ്രിയപ്പെട്ട ശ്രീ. കെ. രാജു എം. എൽ. എ. ഉൾപ്പെടെ ഇവിടെയൊക്കെപ്പോയി. ആകെ നടക്കാത്ത ഒരു കാര്യം ഗുജറാത്തിൽ പോയി സ്കാനിംഗ് മെഷീൻ കാണുക എന്നുള്ളതു മാത്രമേയുള്ളൂ. ഈ ചെക്ക്പോസ്റ്റുകൾ അഴിമതി വിമുക്തമാക്കാൻ കഴിയുമെന്ന് ലോകത്തിന് കാണിച്ചുകൊടുത്ത ബാക്കി എത്രയോ കാര്യങ്ങൾ ചെയ്തു. അവിടെ മറ്റേതെങ്കിലും വകുപ്പിന്റെ അഴിമതിയുണ്ടോ എന്നുള്ളത് പരിശോധിക്കപ്പെടേണ്ടതുതന്നെയാണ്. അവിടെ സോഷ്യൽ ഓഡിറ്റ് നടത്തി. ആ സോഷ്യൽ ഓഡിറ്റിൽ ഏറ്റവും സിംഹ ഗർജ്ജനമായി കേരളത്തിലെ വ്യാപാരി സമൂഹത്തിനുവേണ്ടി നിലകൊള്ളുന്ന പി. നസുറുദ്ദീൻ സാഹിബ് ഉൾപ്പെടെയുള്ളവർ അവിടെ വന്ന് അഭിനന്ദിച്ചു. ഈ ചെക്ക്പോസ്റ്റിനെ

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ മാറ്റിത്തീർത്തതിൽ ബഹുമാന്യനായ ഡോ. തോമസ് ഐസക്കിനെ നിറഞ്ഞ മനസ്സോടുകൂടി അഭിനന്ദിച്ചു. ഇവിടെ കഴിഞ്ഞ ഭരണകാലത്ത് കോഴിയുടെയൊക്കെ കഥകൾ എന്തൊക്കെ ഇവിടെ സഭയിൽ ഉയർന്നുവന്നു. ഇന്ന് ഇപ്പോൾ അങ്ങനെയുള്ള ഏതെങ്കിലും കാര്യങ്ങളുണ്ടോ ? എത്രയോ മാറ്റങ്ങൾ ഇതിൽ വരുത്തി. ജനകീയമായ ധനമാനേജ്മെന്റ് എന്നുള്ള നിലയ്ക്കുതന്നെ വളരെ വലിയ വ്യത്യാസം നിശ്ചയമായിട്ടും നമുക്ക് ഇവിടെ കൊണ്ടുവരാൻ കഴിഞ്ഞില്ലേ ? നികുതി വരുമാനവുമായി ബന്ധപ്പെട്ടുതന്നെ എത്ര വലിയ വ്യത്യാസമാണ് ഇപ്പോൾ. 2005-2006 വർഷത്തിൽ 7,281 കോടി രൂപ ഉണ്ടായിരുന്നത് 2009-2010-ൽ 12,733 കോടി രൂപയായി വർദ്ധിച്ചു. നികുതി പിരിവ് 97 ശതമാനമായിരുന്നത് 104 ശതമാനമായി വർദ്ധിച്ചില്ലേ ? വാറ്റ് സമ്പ്രദായം വന്നതിനുശേഷമുള്ള കാര്യങ്ങളിൽ ഇപ്പോൾ നമ്മൾ കൊണ്ടുവന്ന എല്ലാ വ്യാപാരികളുടേയും വിവരങ്ങൾ കമ്പ്യൂട്ടറിൽ ലഭ്യമാക്കിക്കൊണ്ട് ഈ വിവര സാങ്കേതിക കാലഘട്ടത്തിൽ മൂല്യവർദ്ധിത നികുതി നിർണ്ണയിക്കുന്നതിലുള്ള കമ്പളിപ്പിക്കലുകൾ ഒഴിവാക്കിക്കൊണ്ട് അതുപോലെ തന്നെ വാങ്ങുമ്പോൾ കൊടുക്കുന്ന നികുതി പെരുപ്പിച്ചുകാട്ടി റിട്ടേൺ സമർപ്പിക്കുന്ന പ്രശ്നം പരിഹരിച്ചുകൊണ്ട് അങ്ങനെ നാനാരീതിയിൽ ഇത് കമ്പ്യൂട്ടറിൽ ലഭ്യമാകുന്നതോടെ എല്ലാ വിവരങ്ങളും വിൽപ്പനയും സ്റ്റോക്കും സംബന്ധിച്ച് ഓഫീസിൽ ഇരുന്നുതന്നെ കണക്കുകൂട്ടാൻ കഴിയുന്ന വിധത്തിൽ വലിയ മാറ്റമാണ് ഇതിൽ വരുത്തിയിട്ടുള്ളത്. 2009-2010-ൽ നികുതി വരുമാനം 13,200 കോടി രൂപയായിരുന്നു, 12,733 കോടി രൂപയായിരുന്നു ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നത്. അത് 467 കോടി രൂപ അധികം സമാഹരിച്ചു. 2008-2009-ൽ 11,571 കോടി രൂപ. അത് 1,629 കോടി രൂപ അധികമാണ്. അതുപോലെതന്നെ വാറ്റ് സംബന്ധമായ ഇനങ്ങൾ, വാറ്റിന് ബാധകമായ ഇനങ്ങൾക്ക് 6,940 കോടി രൂപയും മറ്റുള്ളവയ്ക്ക് 6,300 കോടി രൂപയും ലഭിച്ചു. പെട്രോളിയം കമ്പനികളിൽ നിന്നും മുൻവർഷത്തേക്കാൾ 425 കോടി രൂപയും വിദേശ മദ്യത്തിൽ നിന്ന് 661 കോടി രൂപയും അധികം കിട്ടി. സ്വർണ്ണ വ്യാപാരികൾക്ക് കോമ്പൗണ്ടിംഗ് ഏർപ്പെടുത്തി എന്ന് ഇവിടെ ബഹുമാനപ്പെട്ട കുട്ടി അഹമ്മദ് കുട്ടി സാഹിബ് പറഞ്ഞു. ആ കോമ്പൗണ്ടിംഗ് വഴി 4 ശതമാനമായി നികുതി നിശ്ചയിച്ചിരുന്നപ്പോൾ അന്ന് എല്ലാ ഇനങ്ങളിലും കൂടി കിട്ടിയിരുന്നതിനേക്കാളും എത്രയോ അധികമാണ്. അത്തരത്തിൽ സ്വർണ്ണത്തിന് ഉൾപ്പെടെ 143-170 കോടി രൂപവരെ സമാഹരിക്കാൻ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. 15 ശതമാനം വർദ്ധനവ് മുൻവർഷങ്ങളേക്കാൾ രേഖപ്പെടുത്താൻ കഴിഞ്ഞുവെന്നുള്ളതാണ്. അതുപോലെ തന്നെ ഇ-ഡിക്ലറേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ നികുതി വകുപ്പിൽ നടപ്പാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന സാഹചര്യം സംജാതമായി. ഇതിനെയാണോ നിങ്ങൾ ഏറ്റവും മോശമായി ചിത്രീകരിക്കുന്നത്. അതുപോലെതന്നെ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്ന പുതിയ നികുതി സംവിധാനത്തെക്കുറിച്ച് പറയുന്ന ജി.എസ്.റ്റി. 'ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ്' സംബന്ധിച്ചൊക്കെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എല്ലാത്തിനെയും' എതിർക്കുകയാണെന്നാണല്ലോ ?കേന്ദ്രഗവൺമെന്റിൽ ഒരു എംപവേഡ് കമ്മിറ്റിയാണ് ഇപ്പോൾ നിലവിലുള്ളത്. ആ കമ്മിറ്റിക്ക് പകരം കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി നേതൃത്വം നൽകുന്ന ഒരു കൗൺസിലാണ് ഇനി വരാൻ പോകുന്നത്. ആ

LIBRARY ARCHIVES Kerala Legislative Assembly

കൗൺസിലിൽ സംസ്ഥാന ധനമന്ത്രിമാർ ഉൾപ്പെടെ ഇരുന്ന് മൂന്നിൽ-രണ്ട് ഭൂരിപക്ഷത്തോടെ തീരുമാനിക്കുന്ന കാര്യങ്ങൾക്ക് മാറ്റം വരുത്താൻ ഈ കേന്ദ്ര മന്ത്രിക്ക് പ്രത്യേകം അധികാരം നൽകുന്ന രീതിയാണ്. കേരളത്തിന്റെ കാര്യങ്ങൾക്ക് വേണ്ടി ഏറ്റവും ശക്തിയായി വാദിക്കുന്ന അധ്വാനവർഗ്ഗ സിദ്ധാന്തത്തിന്റെ പിൻബലത്തിൽ പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട ഏക വൈസ് ചെയർമാന്റെ പാർട്ടിക്ക് ഇക്കാര്യത്തിൽ എന്താണ് പറയാനുള്ളത് ? കേന്ദ്ര മന്ത്രിക്ക് പ്രത്യേക വീറ്റോ അധികാരം കൊടുത്തിരിക്കുകയാണ്. ആ അധികാരം നിലനിൽക്കുമ്പോൾ എങ്ങനെയാണ് ഈ പറഞ്ഞ പ്രവർത്തനങ്ങൾ നടക്കുക ? ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള ഏറ്റവും വലിയ വ്യത്യാസം, 2005-2006-ൽ കേവലം നാലായിരം കോടി രൂപ ഉണ്ടായിരുന്ന വാർഷിക പദ്ധതി കേരളത്തിന്റെ അഞ്ച് പതിറ്റാണ്ട് കാലത്ത് ഇതഃപര്യന്തമുള്ള ചിത്രത്തിൽ ആദ്യമായി അഞ്ചക്കം കടന്ന് 10,025 കോടി രൂപയിൽ എത്തുന്ന സാഹചര്യമുണ്ടായില്ലേ ? ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 30 മാസക്കാലത്തെ പെൻഷനുകൾ, ഒരു ഗവൺമെന്റിന്റെ ആകെ കാലയളവിൽ രണ്ടര വർഷക്കാലത്തെ ആനുകൂല്യങ്ങൾ കുടിശ്ശികയായി നിൽക്കുകയും ആ ആനുകൂല്യങ്ങൾ മുഴുവൻ കൊടുത്ത് തീർത്ത്, ഇപ്പോൾ മുൻകൂറായി കൊടുക്കാനും പോകുകയാണ്. നിങ്ങൾ കേരള കോൺഗ്രസ്സുകാരോ, മുസ്ലീം ലീഗ്കാരോ, കോൺഗ്രസ്സുകാരോ ഇത് വേണ്ടായെന്ന് വയ്ക്കുമോ ? മുൻകൂറായി ഈ ഓണക്കാലത്ത് മുഴുവൻ ആളുകളുടേയും ആനുകൂല്യങ്ങൾ, എല്ലാ ആളുകളുടേയും പെൻഷൻ കൊടുത്ത് തീർത്തിട്ടേ ഞാൻ ശമ്പളം പറ്റുകയുള്ളൂ എന്ന് അന്നത്തെ മുഖ്യമന്ത്രി ഇപ്പോഴത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രഖ്യാപിച്ചല്ലോ, എവിടെ ആർക്കാണ് കിട്ടിയത് ? ഇത്രയും ജനകീയമായ ഒരു പ്രവർത്തനം ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടന്നിട്ടും അതേക്കുറിച്ചൊന്നും ഒരക്ഷരം പറയാനില്ല.

ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് കെ.എസ്.എഫ്.ഇ.യിൽ ഉണ്ടായ വളർച്ചയെങ്കിലും പരാമർശിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു. അദ്ദേഹം കെ.എസ്.എഫ്.ഇ.യിലെ സംഘടനാ നേതാവ് കൂടിയാണ്. 2005-06-ൽ 159 കോടി രൂപയായിരുന്ന കെ.എസ്.എഫ്.ഇ.യുടെ മൊത്തം വരുമാനം 515 കോടി രൂപയായി, ആകെ സല 1,786 കോടി രൂപ ഉണ്ടായിരുന്നത് 5,138 കോടി രൂപയായി, ടേൺ ഓവർ 3960 കോടി രൂപയിൽ നിന്ന് 9,683 കോടി രൂപയായി വർദ്ധിച്ചു. ബ്രാഞ്ചുകൾ 266 എണ്ണം ഉണ്ടായിരുന്നത് 339 എണ്ണമായി വർദ്ധിച്ചു, 7,78,000 ചിറ്റാളന്മാർ ചേർന്നിരുന്ന സ്ഥാനത്ത് 13,25,000 ആയി വർദ്ധിച്ചു ; ഇത് നിഷേധിക്കാൻ കഴിയുമോ ? അതുപോലെ തന്നെ കെ.എഫ്.സി.യിൽ non-performing asset 52.36 ശതമാനമായിരുന്നു, എൻ.പി.എ. 6.5 ശതമാനമായി കുറച്ചു. 14 മുതൽ 15 ശതമാനം വരെയായിരുന്ന പലിശ 7 മുതൽ 8.5 ശതമാനം വരെയാക്കി മാറ്റി. വായ്പ ആകെ 368 ആയിരുന്നത് 789 ആയി. 121 കോടി രൂപ മൊത്തം കൊടുത്തിരുന്ന സ്ഥാനത്ത് 615 കോടി രൂപയായി. ഇവിടെ ലോട്ടറിയുടെ കാര്യം എല്ലാവരും പറയുന്നുണ്ടല്ലോ ? 237 കോടി രൂപ കിട്ടിയിരുന്ന സ്ഥാനത്ത് 625 കോടി രൂപയുടെ ലോട്ടറി വിൽപ്പനയുണ്ടായി, 164 ശതമാനമാണ് വർദ്ധനവ്. ലാഭം 60 കോടിയിൽ നിന്ന് 144 കോടി രൂപയായി വർദ്ധിച്ചു. .....(തടസ്സം)..... അത്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ബഹുമാനപ്പെട്ട മന്ത്രി തന്നെ വിശദീകരിക്കും. അങ്ങനെ നാനാ മേഖലകളിൽ വന്നിട്ടുള്ള വലിയ വ്യതിയാനത്തെ സംബന്ധിച്ച് യാതൊരു തരത്തിലും സൂചിപ്പിക്കാതെ ഇവിടെ ഇത്തരത്തിൽ പരാമർശിച്ചു പോകുന്നത് ആയുധമില്ലാതെ അടരാടാൻ നിൽക്കുന്ന ആളുകളെപ്പോലെ പ്രതിപക്ഷത്തെ ഏറ്റവും മുൻനിരക്കാരായ, അങ്ങേയറ്റം ആധികാരികമായി വർഷങ്ങളുടെ, പതിറ്റാണ്ടുകളുടെ പ്രാഗല്ഭ്യം ഈ സഭയിൽ നിന്ന് ആർജിച്ച ആളുകൾക്ക് പോലും ഒരാക്ഷേപവും പറയാൻ പറ്റാത്ത രൂപത്തിൽ ഇതെല്ലാം ഈ രംഗത്തുള്ള സംഗതികളല്ലേ ? വിൽപ്പന നികുതി വകുപ്പും, ട്രഷറി സംവിധാനങ്ങൾ, കെ.എസ്.എഫ്.ഇ., കെ.എഫ്.സി., ലോട്ടറി ഇതിനെക്കുറിച്ചെല്ലാം എന്തെല്ലാം കാര്യങ്ങളിവിടെ പറയാനുണ്ടായിരുന്നു. അങ്ങനെ യാതൊന്നും പരാമർശിക്കാൻ കഴിയാതെ വളരെ നിസ്സാരമായ ചില സംഗതികൾ മാത്രം ഇവിടെ സൂചിപ്പിച്ച് നിൽക്കുന്ന ഒരു സ്ഥിതിയല്ലേ ഇവിടെ ഉണ്ടായത് ?

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്...............

ശ്രീ. സാജു പോൾ : സർ, ഇവിടെ അപ്പുറത്തു നിന്ന് ഡിസെന്റ് എന്ന് പറഞ്ഞ് രണ്ട് മണിക്കൂറിലേറെ സംസാരിച്ചതാണ്.......... നികുതി വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് ട്രെയിനിംഗ്, നൽകാനായുള്ള Gulathy Institute of Finance and Taxes (GIFT) എന്ന് പറയുന്ന സ്ഥാപനത്തെ ഒരു വരദാനം തന്നെയാക്കി മാറ്റി. അതിന് ഓൺലൈൻ പരിശീലനം കൊടുത്തുകൊണ്ട് വളരെയധികം മാറ്റങ്ങൾ നികുതി വകുപ്പിൽ വരുത്താൻ കഴിഞ്ഞു. കമ്പ്യൂട്ടറൈസേഷൻ നടത്തിക്കൊണ്ട്, അതുപോലെ ഞാൻ നേരത്തെ സൂചിപ്പിച്ച ചെക്ക് പോസ്റ്റുകളിലെ സൗകര്യം വർദ്ധിപ്പിച്ചുകൊണ്ട് കഴിഞ്ഞ കാലങ്ങളിൽ നിന്നെല്ലാം വളരെ വ്യത്യസ്തമായ ഒരു മുന്നേറ്റം നമുക്ക് സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പറഞ്ഞ പ്രവർത്തനങ്ങൾ കൊണ്ട്, സംസ്ഥാന ഗവൺമെന്റിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കാനും അതുപോലെ പദ്ധതി നിർവ്വഹണം നടത്താനുംവേണ്ടി നിലകൊള്ളുന്ന എക്സിക്യൂട്ടീവ് എന്ന് പറയുന്ന ഉദ്യോഗസ്ഥ സംവിധാനത്തിൽ ജീവനക്കാർക്ക് ആകെ കൊടുത്ത ആനുകൂല്യങ്ങളും മറ്റ് സൗകര്യങ്ങളും വർദ്ധിപ്പിക്കാൻ കഴിഞ്ഞു. കഴിഞ്ഞ മാർച്ച് മാസത്തിൽ എന്തൊരു ചർച്ചയായിരുന്നു, അപ്പുറത്തിരിക്കുന്ന ചില ബഹുമാനപ്പെട്ട മെമ്പർമാരുൾപ്പെടെ എല്ലാ ചാനലുകളിലും പോയി ഇരുന്നിട്ട്. 20,000 സർക്കാർ ജീവനക്കാരും അദ്ധ്യാപകരും റിട്ടയർ ചെയ്യുന്നതോടുകൂടി എന്താണ് സംഭവിക്കുന്നത്. ഇന്ന് ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥും പറഞ്ഞു, നിശ്ചയമായിട്ടും തൊഴിലവസരങ്ങളൊന്നും നിഷേധിക്കരുത്. അർഹതപ്പെട്ട അവകാശങ്ങൾ യുവജനസമൂഹത്തിനാണ്, ഞങ്ങളുമൊക്കെ യുവജന പ്രസ്ഥാനത്തിൽ പ്രവർത്തിച്ച ആളുകളാണ്. ഒരാൾ ഒരു ചാനലിൽ ഇരുന്ന് പറഞ്ഞ് കേട്ടതാണ്, 5 മണിക്ക് റിട്ടയർ ചെയ്യുന്ന ട്രഷറി ഉദ്യോഗസ്ഥൻ പാതിരാ വരെ നീളുന്ന ട്രഷറി ഏർപ്പാടുകളിൽ എങ്ങനെ ഒപ്പിടും ? വലിയ ഭരണഘടനാ പ്രതിസന്ധിയാണ്. കേരളം മൊത്തം സ്തംഭിക്കും, ട്രഷറികളെല്ലാം അടച്ച് പൂട്ടപ്പെടും, ഇരുപതിനായിരം പേർ റിട്ടയർ ചെയ്ത് അയ്യായിരം കോടി രൂപ കേരളത്തിന്റെ ട്രഷറിയിൽ നിന്ന് കൊടുത്തതിന്

417/13

LIBRARY ARCHIVES Kerala Legislative Assembly

ശേഷവും രണ്ട് കീശയിലും കയ്യിട്ട് ആരെങ്കിലും ഉണ്ടെങ്കിൽ കയറി വരൂ ആയിരം കോടി രൂപ കൂടി ഞാൻ നൽകാം എന്ന് പറഞ്ഞ് ഡോ. തോമസ് ഐസക് നിൽക്കുകയാണ്. കേരളത്തിൽ ഇത് ഏത് കാലത്ത് നടന്നിട്ടുണ്ട് ? 'വാടാ പോരിന് വാടാ' എന്ന് പറഞ്ഞ് ഒരു വീര യോദ്ധാവ് നിൽക്കുന്നതു പോലെ ഡോ. തോമസ് ഐസക് നിൽക്കുകയാണ്. കയറി വരൂ നിങ്ങൾക്ക് ആർക്ക് വേണം പണം. പണ്ട്, 'ഒരു നിമിഷം തരൂ നിന്നിലലിയാൻ' എന്ന് പ്രേംനസീർ പറഞ്ഞതുപോലെ 'ഒരു നൂറ് ദിവസം തരൂ വില കുറയ്ക്കാൻ' എന്ന് പറഞ്ഞ് നിങ്ങൾ നിന്നതുപോലെയല്ല, കയറി വരൂ നിങ്ങൾക്ക് ഒരു ആയിരം കോടി രൂപകൂടി ഞാൻ തരാം എന്ന് പറഞ്ഞ് നിന്നില്ലേ ? നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ ? 20000 പേർ റിട്ടയർ ചെയ്ത് പോകുന്നതിനെക്കുറിച്ച് ആശങ്കപ്പെട്ട ശ്രീ. പി. സി. വിഷ്ണുനാഥ് കേൾക്കണം. കഴിഞ്ഞ അഞ്ച് വർഷക്കാലം ഞങ്ങൾ പ്രതിപക്ഷത്തിരുന്നപ്പോൾ 32 ദിവസക്കാലം സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും സമരം നടന്ന സെക്രട്ടേറിയറ്റിന് മുന്നിലേക്ക് ഞങ്ങൾ ദിവസവും പോകുമായിരുന്നു. 11 വനിതാ ജീവനക്കാരെ മൂത്രമൊഴിക്കാൻപോലും സൗകര്യമില്ലാത്ത, വെളിച്ചമില്ലാത്ത, കുടിക്കാൻ വെള്ളം കിട്ടാത്ത രീതിയിൽ,തടങ്കലിൽ വച്ചു. ശ്രീ. പി. സി. ജോർജ് ഉൾപ്പെടെ ഞങ്ങളുടെ കൂടെ വന്നതാണ്. അന്ന് തിരുവനന്തപുരത്തെ തെരുവീഥികളിലൂടെ എൻ.ജി.ഒ. അസോസിയേഷൻകാർ ഉൾപ്പെടെ മുദ്രാവാക്യം വിളിച്ചു. കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ സഖാവ് പിണറായി വിജയൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ, ഇന്ന് നമ്മോടൊപ്പമില്ലാത്ത വർക്കല രാധാകൃഷ്ണൻ, സഖാവ് വെളിയം ഭാർഗവൻ, സഖാവ് പന്ന്യൻ രവീന്ദ്രൻ ഇവരെല്ലാം ഉൾപ്പെടെ പോയിരുന്ന് മുദ്രാവാക്യം വിളിച്ച് പാതിരായ്ക്കാണ് 11 വനിതാ ജീവനക്കാരെ അവിടെ നിന്ന് ഇറക്കി വിട്ടത്. അന്ന് തിരുവനന്തപുരത്തെ തെരുവീഥികളിൽ, ശ്രീ. പി. സി. വിഷ്ണുനാഥ് കേട്ടിട്ടുണ്ടോ എന്ന് എനിക്കറിയില്ല, അന്ന് എൻ. ജി.ഒ. അസോസിയേഷൻകാർ വിളിച്ച മുദ്രാവാക്യമുണ്ട് **** എന്ന് പറഞ്ഞ് യു.ഡി.എഫ്. അനുകൂല അദ്ധ്യാപക, എൻ.ജി.ഒ. സംഘടന, ...(ബഹളം) ..... വിളിച്ച മുദ്രാവാക്യമാണ് ഞാൻ പറഞ്ഞത്. അത് ബുദ്ധിമുട്ടായെങ്കിൽ ഞാൻ പിൻവലിച്ചു. എനിക്ക് ഏറ്റവും ബഹുമാനമുള്ളയാളാണ്. രേഖയിൽ നിന്ന് നീക്കം ചെയ്തോളു, എനിക്ക് ഒരു വിഷമവുമില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, പോയിന്റ് ഓഫ് ഓർഡർ......

മി. ഡെപ്യൂട്ടി സ്പീക്കർ : അത് പിൻവലിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : Sir, I am on a point of order. അത് ഇങ്ങനെ പറഞ്ഞ് വന്ന വഴിക്ക് അത് ബുദ്ധിമുട്ടാണെങ്കിൽ ഞാൻ പിൻവലിച്ചു എന്ന് പറഞ്ഞു, ഏത് ബുദ്ധിമുട്ട് ? ബുദ്ധിമുട്ടിന്റെയല്ല indecent ആയിട്ടുള്ള പദപ്രയോഗമാണ് പ്രധാനപ്പെട്ട പ്രശ്നം. ആ indecent ആയിട്ടുള്ള പദപ്രയോഗം ഏതാണ് പിൻവലിച്ചതെന്ന് അദ്ദേഹം കൃത്യമായി പറയണം. ഇങ്ങനെ പറഞ്ഞുപോകുകയാണ്.

**** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവനുസരിച്ച് (ഫയൽ നമ്പർ 4037/ഇ.ബി./2010 ലെജി. തീയതി 7-10-2010) നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന് ഇഷ്ടമുള്ള രീതിയിൽ എന്റെ പ്രസംഗം എഡിറ്റ് ചെയ്യാം. എനിക്ക് ഒരു വിരോധവുമില്ല. എനിക്കൊരു ദൗർബല്യമുണ്ട്........... (ബഹളം).......സമ്മതിച്ചു. ഞാനൊരു വിവാദത്തിനും തയ്യാറല്ല.......... (ബഹളം)...............

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.........ശ്രീ. പി. സി. വിഷ്ണുനാഥ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചപ്പോൾ തന്നെ അദ്ദേഹം പിൻവലിച്ചു. അദ്ദേഹം പറഞ്ഞ പ്രയോഗം പിൻവലിച്ചു. ....പ്രയോഗം പിൻവലിച്ചു. ....(ബഹളം).......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ***** (ബഹളം)............

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ആവശ്യം അത് പിൻവലിച്ചു എന്ന് പറഞ്ഞാൽ പോര, ഏതാണ് പിൻവലിച്ചതെന്ന് പറയണം. അതുകൊണ്ട് എന്താണെന്ന് അങ്ങ് പറയണം, എന്ത് പറഞ്ഞതാണ് പിൻവലിച്ചതെന്ന് വീണ്ടും പറഞ്ഞാലല്ലേ അറിയാൻ പറ്റുകയുള്ളു, അതെന്താണെന്ന് പറയു.

ശ്രീ. രാജു എബ്രഹാം: ശ്രീ. സാജു പോൾ പറഞ്ഞത് സി.പി.ഐ. (എം).-ന്റെ മുദ്രാവാക്യമല്ല. കഴിഞ്ഞ പണിമുടക്കിന്റെ സമയത്ത് എൻ.ജി.ഒ. അസോസിയേഷൻ വിളിച്ച മുദ്രാവാക്യമാണ് അദ്ദേഹം പറഞ്ഞത്. ആ മുദ്രാവാക്യം വീണ്ടും അദ്ദേഹത്തെക്കൊണ്ട് പറയിപ്പിക്കാൻ വേണ്ടിയാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പരിശ്രമിക്കുന്നതെന്ന് അങ്ങേയ്ക്ക് അറിയുമോ ?

ശ്രീ. സാജു പോൾ: സമ്മതിച്ചു. ഞാൻ പിൻവലിച്ചു. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങ് ഇതും കൂടി ഒന്ന് കേൾക്കു. എനിക്കൊരു ബലഹീനതയുണ്ട്, കേൾക്കുന്ന മുദ്രാവാക്യങ്ങൾ, നല്ല നർമ്മരസം തുളുമ്പുന്ന വാക് പ്രയോഗങ്ങൾ, ചില കവിതാ ശകലങ്ങൾ, അത്യാവശം വിളിക്കേണ്ട ഫോൺ നമ്പരുകൾ ഇതൊക്കെ നാവിൻ തുമ്പിലും വിരൽ തുമ്പിലും നിൽക്കുന്ന ഒരാളാണ് ഞാൻ. തിരുവനന്തപുരത്ത് ആ സമരം നടക്കുമ്പോൾ ഓരോരുത്തരെക്കുറിച്ചും മുദ്രാവാക്യം വിളിച്ചിരുന്നു. 'കഴുതയ്ക്കെന്തിന് കസ്തൂരി, പട്ടിക്കെന്തിന് മുഴുവൻ തേങ്ങ, സാത്താനെന്തിന് പൊൻകുരിശ്, തിരുവഞ്ചൂരിനെന്തിനീ മന്ത്രിപദം' എന്ന് തിരുവനന്തപുരത്ത് വിളിച്ചതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഇതിൽ ശ്രീ. രാജു എബ്രഹാമിന്റെ പരാമർശത്തിലാണ് വീണ്ടും പ്രശ്നം വന്നിരിക്കുന്നത്. ശ്രീ. സാജു പോൾ പറഞ്ഞത് അദ്ദേഹം പിൻവലിച്ചു. ശ്രീ. രാജു എബ്രഹാം പറഞ്ഞത് എൻ.ജി.ഒ. അസോസിയേഷൻകാർ ശ്രീ. എ. കെ. ആന്റണിയെക്കുറിച്ചും, ശ്രീ. ഉമ്മൻ ചാണ്ടിയെക്കുറിച്ചും

***** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവനുസരിച്ച് (ഫയൽ നമ്പർ 4037/ഇ.ബി./2010/ ലെജി. തീയതി 7-10-2010) നീക്കം ചെയ്തു.

അദ്ദേഹം പറഞ്ഞ പ്രകാരമുള്ള മുദ്രാവാക്യം.........എൻ.ജി.ഒ. അസോസിയേഷൻ അങ്ങനെ വിളിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ എൻ.ജി.ഒ. അസോസിയേഷൻ ശ്രീ. എ. കെ. ആന്റണിക്കെതിരെയും ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെയും ഈ പറഞ്ഞ രൂപത്തിലുള്ള മോശമായ മുദ്രാവാക്യം വിളിച്ചു എന്നത് രേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സാജു പോൾ അത് പിൻവലിച്ചല്ലോ? ഇനി ആ വിഷയം വിടു. അടുത്ത വിഷയം പറയു. അങ്ങ് അവസാനിപ്പിക്കു...........

ശ്രീ. സാജു പോൾ: ഞാൻ പറഞ്ഞ് വന്നത് 20000 പേർ റിട്ടയർ ചെയ്താൽ ആകാശം ഇടിഞ്ഞ് ചാടും എന്ന് പറഞ്ഞ ആളുകൾ, 32 ദിവസക്കാലം കേരളത്തിലെ സർക്കാർ ജീവനക്കാരും അദ്ധ്യാപകരും സമരം ചെയ്തപ്പോൾ ഈ സർക്കാർ ഓഫീസുകൾ അടഞ്ഞ് കിടന്നാൽ ഇവിടെ ഒരു ചുക്കും സംഭവിക്കില്ലായെന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞു. അന്ന് സെക്രട്ടേറിയറ്റ് ജീവനക്കാരുടെ കോൺഗ്രസ്സ് അനുകൂല സംഘടനയുടെ സമ്മേളനത്തിൽ പോയി അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. ശങ്കരനാരായണൻ നിങ്ങൾക്ക് ഒരു ആറ് - ഏഴ് മാസക്കാലം ശമ്പളം തന്നില്ലെങ്കിൽ ഇവിടെ എന്ത് സംഭവിക്കുമെന്ന് ചോദിച്ചു. 'ഉപ്പും പുളിയും തിന്നുന്ന നാവിന് തപ്പും പടിയും സ്വാഭാവികമാണ്'എന്ന് ഈ സഭയിൽ അദ്ദേഹം പറഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സാജു പോൾ പ്ലീസ്........പോയിന്റ് ഓഫ് ഓർഡറാണ്...............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ശ്രീ. സാജു പോൾ ശ്രീ. എ. കെ. ആന്റണി പറഞ്ഞു, ശങ്കരനാരായണൻ പറഞ്ഞു എന്നൊക്കെ പേര് പറയുന്നുണ്ട്. അവർ ആരും ഒന്നും പറഞ്ഞിട്ടില്ലല്ലോ. ഞാൻ ഇപ്പോൾ ശ്രീ. സാജു പോളിനോട് പറയുകയാണ്. ഞാൻ ആളുകളുടെ പേര് പറയുന്നില്ല. നമ്മുടെ സംസ്ക്കാരം തമ്മിൽ വലിയ ദൂരമുണ്ട്. അതുകൊണ്ട് ഞാൻ അത് പറയുന്നില്ല. ഞാൻ അങ്ങനെ പറയാൻ തീരുമാനിച്ചാലോ. അത് ശരിയാണോ ?

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സാജു പോൾ അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. സാജു പോൾ: എനിക്ക് ആവശ്യത്തിനുള്ള സമയം തരണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇല്ല. സമയമായി.

ശ്രീ. സാജു പോൾ: ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുന്നത് കേട്ടാൽ ശ്രീ. എ. കെ. ആന്റണിയേയും ശ്രീ. ഉമ്മൻ ചാണ്ടിയേയുമൊക്കെ ബധിരമൂക വിദ്യാലയമായ NISH-ൽ ആക്കണമെന്ന് തോന്നും. അവർ ആരും ഒന്നും സംസാരിക്കാത്തവരാണോ ? അവരൊക്കെ കേരളത്തിൽ നല്ല ആശയ സംഘട്ടനം നടത്തി ഇവിടെയിരുന്ന് നല്ല രീതിയിൽ ഞങ്ങളോട് ഒരുപാട് പോരാടിയിട്ടുള്ളവരാണ്. അതിൽ എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

തർക്കമുള്ളത്. ഞാൻ നികുതി വകുപ്പുമായി ബന്ധപ്പെട്ടും അതുപോലെ കെ.എസ്.എഫ്.ഇ., കെ.എഫ്.സി., ട്രഷറി ഇതെല്ലാമായി ബന്ധപ്പെട്ടുമുള്ള കാര്യങ്ങളാണ് പറയുന്നത്. ഇനി അവർ സമാഹരിക്കുന്ന പണത്തിന്റെ വിനിയോഗമുണ്ടല്ലോ. ആ വിനിയോഗവുമായി ബന്ധപ്പെട്ട് പറയാം, ഇപ്പോൾ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പ്രശ്നം പറഞ്ഞു. ഇവരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൃത്യമായി കൊടുക്കുന്ന കാര്യം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിഷേധിക്കുകയാണ് ചെയ്തതെങ്കിൽ ഈ പറയുന്ന 28 മാസത്തെ ശമ്പള പരിഷ്ക്കരണ ബാധ്യത ഈ ഗവൺമെന്റിന് വന്നില്ലേ. ഇപ്പോൾ 24,000 പുതിയ തസ്തികകൾ സൃഷ്ടിച്ചു. 3,000 പോലീസുകാർ, 1,600 കോളേജ് അദ്ധ്യാപകർ. ഒരു ലക്ഷത്തിലേറെ പേരെ പി.എസ്.സി. വഴി നിയമിച്ചിട്ടുണ്ട്. അതുകൂടാതെ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ഭവന വായ്പാ പദ്ധതി, അപകട ഇൻഷ്വറൻസ്, വർദ്ധിപ്പിച്ച പ്രസവാവധി, താഴ്ന്ന വിഭാഗം ജീവനക്കാർക്ക് നൽകിയ ശമ്പള വർദ്ധനവ് തുടങ്ങിയ നിരവധിയായ കാര്യങ്ങൾ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുംവേണ്ടി ഇവിടെ നടന്നില്ലേ ? അത് ചെയ്യുന്നതോടൊപ്പംതന്നെ നമ്മുടെ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക്, ഇത് മറ്റാർക്കെങ്കിലും എന്നെങ്കിലും ചെയ്യാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഭരണപരിഷ്ക്കാര നടപടികളെക്കുറിച്ച് ഞാൻതന്നെ ഈ സഭയിൽ ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നിട്ടുള്ളതാണ്. സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വന്നു. സ്റ്റേറ്റ് സിവിൽ സർവ്വീസ് ആരംഭിക്കണം. അതിനുള്ള എതിർപ്പുകൾ അതിജീവിക്കാൻ നമുക്ക് കഴിയണം. വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമ ബോർഡുകൾ, സമാനസ്വഭാവമുള്ള സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെയും പുനർവിന്യാസം നടപ്പാക്കണം. കുട്ടികൾ കുറഞ്ഞ സ്കൂളുകൾ എന്തുചെയ്യും. 40, 50 കുട്ടികളുള്ള സ്കൂളുകളെ പുനഃസംഘടിപ്പിച്ച് ഒരു സ്കൂളിലാക്കി കാലത്ത് ആറുമണിക്ക് കുട്ടികളെ ബസ്സിൽ കയറ്റിവിടുകയാണ്. ഏഴുമണിക്ക് പഠനം ആരംഭിക്കുകയാണ്. അപ്പോൾ അങ്ങനെ വരുന്ന സ്കൂളുകളിൽ നമുക്ക് നല്ല സംരംഭങ്ങൾ നമ്മുടെ കുടുംബശ്രീ പ്രസ്ഥാനവുമായി ആരംഭിക്കാൻ കഴിയും. കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ കേന്ദ്രീകൃതമായ സൗകര്യങ്ങൾ ഏകോപിതമായ സ്കൂളുകളിൽ കൂടുതൽ മെച്ചപ്പെട്ട നിലയിൽ കൊണ്ടുവരാൻ കഴിയും. അതുപോലെതന്നെ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ് തസ്തികകൾ, സർക്കാർ ഓഫീസുകളുടെ പ്രവർത്തന സമയം ഇങ്ങനെയുള്ള എത്രയോ കാര്യങ്ങൾ.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ കേരളത്തിലെ റോഡുകളുടെ നിർമ്മാണ പ്രവൃത്തികളുടെയൊക്കെ കാര്യങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ വിളിച്ചുകൂട്ടി ചർച്ച ചെയ്യുകയല്ലേ ? ഓർമ്മയിൽനിന്ന് പറയാൻ കഴിയാത്തത്ര ഏജൻസികൾ കേരളത്തിൽ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുകയല്ലേ ? ഞങ്ങൾ യോഗത്തിൽ ചോദിക്കുമ്പോൾ അത് ഞങ്ങളുടെയല്ല. അത് എൻ.എച്ച്.-എ യുടേതാണ്, അത് റോഡ് ഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബോർഡാണ് ചെയ്യുന്നത്, അത് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ്, റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനാണ്, ഇത് നിർമ്മിതി കേന്ദ്രമാണ്, അത് ഹൗസിംഗ് ബോർഡ് പണിതതാണ്, ഇത് തദ്ദേശസ്വയംഭരണ സ്ഥാപനമാണ് എന്നൊക്കെയാണ് പറയുന്നത്. ഇങ്ങനെ എത്ര ഏജൻസികളാണ്. ഇവരെക്കാരണം നാട്ടിൽ നടക്കാൻ പറ്റാത്ത സ്ഥിതിയാണ്. ഈ നിർമ്മാണ പ്രവൃത്തികൾ കേരളത്തിൽ നടത്താനുള്ള ഏജൻസികളുടെയടക്കം സമാനസ്വഭാവമുള്ള ഇലക്ട്രോണിക്കലോ ഇലക്ട്രിക്കലോ ഏത് മേഖലയിലുമുള്ളതാകട്ടെ ഇവയെ നമുക്ക് ഏകോപിപ്പിക്കാൻ കഴിയണം. ഇപ്പോൾ എല്ലാ വകുപ്പുകൾക്കും പ്രസിദ്ധീകരണമാണ്. എന്തുകൊണ്ട് കേരളത്തിലെ മുഴുവൻ വീടുകളിലും എത്താൻ കഴിയുന്ന വിധത്തിൽ ഇന്റർനെറ്റ് എഡീഷൻ അടക്കമുള്ള ഒരു പൊതുപ്രസിദ്ധീകരണത്തെക്കുറിച്ച് ആലോചിച്ചുകൂടാ. സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും എന്തിനാണ് ഇങ്ങനെ കുന്നുകൂട്ടിയിടുന്ന തരത്തിലുള്ള ഡയറികളും, കലണ്ടറുകളും മറ്റ് നിരവധിയായ ആശംസാ കാർഡുകളുമൊക്കെ തയ്യാറാക്കുന്നത് ഇത് കിട്ടിയിട്ട് എന്താണ് കാര്യം. ഒരു മെസ്സേജ് അയച്ചാൽപോരേ ? ആശംസാകാർഡുകൾക്കുവേണ്ടി ചില ആളുകളുടെ ചിത്രങ്ങൾ സഹിതം ബഹുമാനപ്പെട്ട മന്ത്രിമാർക്ക് അയയ്ക്കുന്നത് മനസ്സിലാക്കാം. പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർ, പല ചുമതലകൾ വഹിക്കുന്ന ആളുകൾ ഇവരെല്ലാം ആശംസാകാർഡും മറ്റും അടിച്ച് ദുർവിനിയോഗം ചെയ്യുകയാണ്.. ഇതിന്റെയൊക്കെ കാലംകഴിഞ്ഞു. കാലാനുസൃതമായ മാറ്റമുണ്ടാക്കണം. അതുപോലെ നമുക്ക് വാഹനങ്ങളുടെ, ടെലഫോണിന്റെ, വൈദ്യുതിയുടെ ഒക്കെ ഉപയോഗം വെട്ടിച്ചുരുക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ മാറ്റാൻ കഴിയണം. ബ്രിട്ടീഷുകാർ ബ്രിട്ടീഷ് ഭരണകാലത്ത് നികുതി പിരിക്കാൻ ഉണ്ടാക്കിയതാണ് ജില്ലാ കളക്ടർ. ഇപ്പോൾ അത് ജില്ലാ റവന്യൂ ഓഫീസർ ആയാൽ മതി. ഇപ്പോൾ ഡി.ഡി.സി. കൂടുമ്പോൾ ജില്ലാ കളക്ടറാണ് അദ്ധ്യക്ഷൻ. എന്തുകൊണ്ട് മന്ത്രി പങ്കെടുത്ത് മന്ത്രി അദ്ധ്യക്ഷനായിക്കൂടാ ? ജില്ലാതലത്തിൽ ചുമതലയുള്ള മന്ത്രിമാർ ഇല്ലേ. ആ നിലയിൽ അത് മാറ്റിതീർത്തുകൂടേ ? ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ അതിൽ ഇല്ല, മേയർ അതിൽ ഇല്ല, അല്ലെങ്കിൽ പോലീസ് സൂപ്രണ്ടും കമ്മീഷണറും ഉൾപ്പെടെയുള്ളവർ ഇല്ല. അപ്പോൾ അതുകൊണ്ട് ഇങ്ങനെ ഡി.ഡി.സി. അടക്കം നമുക്ക് മാറ്റിയെടുക്കണം. പണ്ടത്തെ രീതിയല്ല ഇപ്പോൾ user friendly ആയിരിക്കണം. User friendly ആണെങ്കിലാണ് രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും മറ്റ് സംവിധാനങ്ങളുമൊക്കെ ജനങ്ങൾ അംഗീകരിക്കുന്ന സാഹചര്യമുണ്ടാകുന്നത്. അതിനനുസൃതമായി മലയാറ്റൂരിന്റെ 'യന്ത്രം'പോലെയുള്ള അവസ്ഥയിൽനിന്ന് മാറി കുറേക്കൂടി ജീവനുള്ള, മനുഷ്യ മുഖമുള്ള ഒരു ഭരണ സംവിധാനം നമുക്ക് ഇവിടെ വാർത്തെടുക്കാൻ കഴിയണം. അതിന് ജനങ്ങൾക്ക് നിയമപരമായ അവബോധം കൊടുക്കണം. ആ അവബോധം നിയമ സാക്ഷരതാ യജ്ഞത്തിലൂടെ നമുക്ക് നേടിയെടുക്കാൻ കഴിയണം. അങ്ങനെ നാനാവിധത്തിലുള്ള പ്രവർത്തനം നടക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. സാജു പോൾ: നികുതി നൽകുന്ന വിവിധ വ്യവസായ സ്ഥാപനങ്ങളുണ്ട്. പ്ലൈവുഡ്, പ്ലാസ്റ്റിക്, അരി, കരിങ്കല്ല് എന്നിവയുടെയൊക്കെ ഒരു കേന്ദ്രം എന്നുള്ള നിലയ്ക്ക് പെരുമ്പാവൂർ. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസകിനോട് ഫോണിലൂടെ അഭ്യർത്ഥിച്ചതേയുള്ളൂ ഒരു അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് അനുവദിച്ചു. മരവ്യവസായത്തിന് അത്രയേറെ പ്രാധാന്യമുണ്ട്. മരവ്യവസായ രംഗത്ത് ഇന്ന് വലിയ പ്രതിസന്ധിയാണ്. ആ പ്രതിസന്ധി പരിഹരിക്കുന്നതിന് ഒരു പാക്കേജ് വയ്ക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സാജു പോൾ......

ശ്രീ. സാജു പോൾ: ഞാൻ അവസാനിപ്പിക്കാം. ഞാൻ ഈ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളേ പറയുന്നുള്ളൂ.........

മി. ഡെപ്യൂട്ടി സ്പീക്കർ: മതി, അത്യാവശ്യം പറഞ്ഞല്ലോ.

ശ്രീ. സാജു പോൾ: അത് അപ്പുറത്തുള്ള ആളുകളല്ലേ പറഞ്ഞുള്ളൂ. ഇത് നറുക്ക് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ പറയുന്നതല്ലേ.

മി. ഡെപ്യൂട്ടി സ്പീക്കർ: ബാക്കി മിനിസ്റ്റർ പറയും.

ശ്രീ. സാജു പോൾ: മന്ത്രി പറയേണ്ട കാര്യമൊന്നും ഞാൻ പറയുന്നില്ല. 2005-2006-ൽ കേവലം അഞ്ചുകോടി നാൽപത് ലക്ഷം രൂപ മാത്രം കിട്ടിയിരുന്ന മരവ്യവസായ മേഖലയിൽനിന്ന് 2009-2010-ൽ 28.59 കോടി രൂപ കിട്ടി. 429 ശതമാനമാണ് വർദ്ധനവ്. പ്രതിവർഷം ആവറേജ് നോക്കുമ്പോൾ 107 ശതമാനം വർദ്ധനവുള്ള പെരുമ്പാവൂരിൽ അടക്കമുള്ള മരവ്യവസായ സംരംഭകരെ വലയ്ക്കുന്ന തരത്തിൽ വിൽപ്പന നികുതി, വനം വകുപ്പിന്റെ എൻ.ഒ.സി., യൂറിയ കൊണ്ടുപോയ സംഭവമുൾപ്പെടെ ഇവിടെ ചർച്ച ചെയ്തില്ലേ. അതുപോലെതന്നെ വൈദ്യുതി ബോർഡിൽ, അന്യസംസ്ഥാന തൊഴിലാളികളെ വച്ചതിന്റെ പേരിൽ പോലീസ് ഡിപ്പാർട്ടുമെന്റ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഹെൽത്ത് ഡിപ്പാർട്ടുമെന്റ്, ബിൽഡിംഗ് റൂൾ മാറിയപ്പോഴും ബിൽഡിംഗ് ടാക്സ് വർദ്ധിച്ചപ്പോഴും വലിയ ഷെഡ്ഡുകൾക്ക് വ്യത്യാസം വന്നപ്പോഴും ഒക്കെയുണ്ടായ പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ട് ഞങ്ങൾ കുറെയേറെ പരിഹരിച്ചിട്ടുണ്ട്. മരവ്യവസായ മേഖലയിൽ കേരളത്തിൽ തെക്കൻ ജില്ലകളിൽനിന്നടക്കമുള്ള റബ്ബർ തടിയും സംസ്ക്കരിക്കുന്നത് പെരുമ്പാവൂരിലാണ്. ഇതിന്റെ പത്ത്, അറുന്നൂറ് യൂണിറ്റുകളിലായി ലക്ഷക്കണക്കിന് തൊഴിലാളികൾ അന്യസംസ്ഥാനങ്ങളിൽ നിന്നടക്കമുള്ള തൊഴിലാളികൾ ജീവിക്കുകയാണ്. അവിടെ ബസ്സുകളിലൊക്കെ ഇന്ന് ഹിന്ദിയിലും ബംഗാളിയിലുമൊക്കെ ബോർഡ് വച്ചാണ് പോകുന്നത്. ചായക്കടക്കാരും പലചരക്ക് പീടികക്കാരുമൊക്കെ നന്നായി ഹിന്ദിയും ബംഗാളിയും ഒറിയയുമൊക്കെ സംസാരിച്ച് ഈ തൊഴിലാളികളെ അവിടെ സാരക്ഷിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. സാജു പോൾ: അതുകൊണ്ട് ഒരു പ്രത്യേക പാക്കേജുതന്നെ അവിടെ വയ്ക്കണമെന്നുള്ള അഭിപ്രായം എനിക്കുണ്ട്. അതുപോലെതന്നെ മദ്യത്തിന്റെയുമൊക്കെ കാര്യങ്ങൾ ഗൗരവമായി ചർച്ച ചെയ്യുമ്പോൾ നമ്മുടെ ബാറുകളുടെ സമയപരിധി ഇപ്പോൾ സൂര്യോദയം മുതൽ സൂര്യാസ്തമയം വരെയാണ്. ഒരു സമയപരിധിയുമില്ല. അതിന് സമയപരിധി നിശ്ചയിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയപരിധിയെക്കുറിച്ചാണ് നമ്മൾ പറയുന്നത്. സമയപരിധി വേണമെന്നാണ് പറയുന്നത്.

ശ്രീ. സാജു പോൾ: അത് സമ്മതിച്ചു. ബാറുകളുടെ കാര്യമാണ് ഞാൻ പറഞ്ഞത്. അപ്പോൾ അവരുടെ പ്രവർത്തന സമയം കുറയ്ക്കുകയും ലൈസൻസ് ഫീസ് അതിനനുസരിച്ച് മാറ്റുകയും ചെയ്യും.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സാജു പോൾ, അങ്ങ് സഹകരിക്കുക.

ശ്രീ. സാജു പോൾ: മദ്യപാനവും പുകവലിയുമൊക്കെ നിർത്തുന്നവർക്ക് പ്രോത്സാഹനം കൊടുക്കണം. അങ്ങനെ വിവിധങ്ങളായ രീതിയിൽ ഈ ഗവൺമെന്റ് ഏറ്റവും ജനക്ഷേമകരങ്ങളായ പ്രവർത്തനവുമായി മുന്നോട്ടുപോകണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. സർ, ഇവിടെ ഇടയലേഖനങ്ങളെക്കുറിച്ച് പറഞ്ഞു. എനിക്ക് അതിനെക്കുറിച്ച് വേറെ കൂടുതലായിട്ട് ഒന്നും പറയാനില്ല. ആദ്യ ഇടയൻ, മഹാ ഇടയൻ, കർത്താവായ യേശു ക്രിസ്തു, ആ യേശു ദേവൻ ഭാരം ചുമക്കുന്നവരും അധ്വാനിക്കുന്നവരും തന്റെ അടുക്കൽ വരാൻ ക്ഷണിച്ചു. വഴിവാണിഭക്കാരെയും വട്ടിപ്പണിക്കാരെയും കൊള്ളപ്പലിശക്കാരെയുമൊക്കെ ജറുസലേം പള്ളിയിൽ നിന്നും അടിച്ചോടിച്ചു. ആ കർത്താവായ യേശുക്രിസ്തുവിന്റെ പിൻമുറക്കാർ വിദ്യാഭ്യാസ കച്ചവടക്കാർക്കുവേണ്ടിയാണ് ഇടയലേഖനങ്ങൾ പുറപ്പെടുവിക്കുന്നതെങ്കിൽ അത് അംഗീകരിക്കുന്നവരല്ല കേരളത്തിലെ ക്രിസ്ത്യൻ സമൂഹമെന്ന് നല്ലവണ്ണം മനസ്സിലാക്കണം. ഞാൻ ഒ.എൻ.വി.യുടെ ഒരു കവിതകൂടി പറയാം. ഒരുപാടൊരുപാട് ആഗ്രഹങ്ങൾ, സ്വപ്നങ്ങൾ, ഇങ്ങനെ മനസ്സിൽ കൊണ്ടുനടക്കുകയാണ് പലരും. അതിനുവേണ്ടിയാണ് അപ്പുറത്തേക്ക് പല ആളുകളും തവള ചാടുന്നതുപോലെ മലക്കം ചാടി പോയിരിക്കുന്നത് എന്നും നമുക്ക് അറിയാം.

"ഒരുവട്ടം കൂടി ആ പുഴയുടെ തീരത്ത്

വെറുതെയിരിക്കുവാൻ മോഹം.

ഒരുവട്ടം കൂടിയെൻ ഓർമ്മകൾ മേയുന്ന

തിരുമുറ്റത്തെത്തുവാൻ മോഹം."

എന്ന് ഒ.എൻ.വി. പാടിയിട്ടുണ്ട്. എനിക്ക് ബഹുമാനപ്പെട്ട പി.സി. ജോർജിനോടുൾപ്പെടെ പറയാനുള്ളത്,

"വെറുതെയീ മോഹങ്ങൾ എന്നറിയുമ്പോഴും

വെറുതെ മോഹിക്കുവാൻ മോഹം"എന്നാണ്.

അടുത്ത മേയ് മാസം കഴിയുമ്പോഴും ഇവിടെ വന്നിരുന്ന് മോഹിക്കാനല്ലാതെ വേറെയൊന്നും ചെയ്യാനില്ല. കേരള ജനത, അതിസുന്ദരമായ പ്രബുദ്ധ ജനത അംഗീകരിച്ചുതരാൻ വേണ്ടി പോകുന്നില്ല എന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ശ്രീ. സാജു പോളിന്റെ ആദ്യത്തെ പരാമർശം തന്നെ ഇവിടെ ആദ്യം പ്രസംഗിച്ച നമ്മുടെ ബഹുമാന്യനായ പരിണിതപ്രജ്ഞനായ ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. കെ. ബാബുവുമൊന്നും ഇടതുപക്ഷ ഗവൺമെന്റിനെ ആക്രമിച്ചില്ലായെന്നുള്ളതാണ്. അവർ അവരുടെ ഭാഷയിൽ വളരെ കൃത്യമായി അക്കാഡമിക്കായി ആക്രമിച്ചുതന്നെയാണ് പ്രസംഗിച്ചത് എന്ന് നമ്മളെല്ലാം കേട്ടതാണ്. ഞങ്ങളുടെ ടീമിലെ സച്ചിൻ ടെണ്ടുൽക്കറും വീരേന്ദ്ര സെവാഗുമൊക്കെയാണ് ശ്രീ. ആര്യാടൻ മുഹമ്മദ് സാറും ശ്രീ. കെ. ബാബുവുമൊക്കെ. ഞാൻ വാലറ്റക്കാരനാണ്, ഒരു ആശിഷ് നെഹ്റയാണ്. പക്ഷേ, ഉള്ള പ്രശ്നം ഞങ്ങൾക്ക് സെഞ്ച്വറി അടിക്കാൻ പറ്റില്ല. കാരണം സെഞ്ച്വറി അടിക്കാൻ കഴിയാത്തത് വളരെ ചെറിയ ഒരു സ്കോറിനെയാണ് ഞങ്ങൾ ചെയ്സ് ചെയ്തുകൊണ്ട് പോകുന്നത്. ചെറിയ സ്കോറിനെ ചെയ്സ് ചെയ്ത് പോകുന്നതുകൊണ്ട് സെഞ്ച്വറി അടിക്കാൻ കഴിയുന്നില്ല. ഒരു വലിയ സ്കോറുപോലും ഞങ്ങൾക്ക് ചെയ്സ് ചെയ്യാൻ വേണ്ടി ഈ ഗവൺമെന്റ് നാല് വർഷംകൊണ്ട് അവശേഷിപ്പിച്ചിട്ടില്ലായെന്നുള്ളത് പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞാനും ശ്രീ. സാജു പോളുമെല്ലാം ഒരുമിച്ച് കണ്ടതാണ്. അതവിടെ നിൽക്കട്ടെ....... ഞാൻ തുടങ്ങിയല്ലേയുള്ളൂ.

ശ്രീ. രാജു എബ്രഹാം : ഇപ്പോൾ യു.ഡി.എഫ്. കേരളത്തിൽ ഫോളോ ഓൺ ഒഴിവാക്കാനുള്ള പരിശ്രമത്തിലാണെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. പി. സി. വിഷ്ണുനാഥ് : ഞാൻ പറഞ്ഞല്ലോ ഞങ്ങൾ വളരെ ചുരുങ്ങിയ ഒരു സ്കോറിനെ പിൻതുടർന്നുകൊണ്ടിരിക്കുകയാണ് ചെയ്സ് ചെയ്യാൻ. വളരെ എളുപ്പത്തിൽ ഞങ്ങൾ അത് ചെയ്സ് ചെയ്യുകയും ചെയ്യും. നമുക്ക് അതിന്റെ റിസൾട്ട് വരുമ്പോൾ കാണാം. കളിയുടെ അവസാനം കാണാൻ കഴിയും. ഇവിടെ നിങ്ങൾ ഞങ്ങളുടെ കേന്ദ്രമന്ത്രിമാരുടെ സർട്ടിഫിക്കറ്റ് വച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് നല്ലതാണെന്ന് പറയുന്നത്. ആരാണ്? ഈ കുത്തക മുതലാളിത്തം, നിയോലിബറൽ, ഫിനാൻസ് ക്യാപിറ്റൽ ഇതിന്റെയൊക്കെ ആളുകൾ എന്ന് നിങ്ങൾ വിശേഷിപ്പിക്കുന്ന കോൺഗ്രസ് പാർട്ടിയുടെ മന്ത്രിമാർ ഡൽഹിയിൽ വച്ച് ശ്രീ. കോടിയേരി

417/13

LIBRARY ARCHIVES Kerala Legislative Assembly

ബാലകൃഷ്ണന് ആ സർട്ടിഫിക്കറ്റ് കൊടുത്തില്ലേ, ശ്രീ. സുശീൽ കുമാർ ഷിൻഡേ പാലക്കാട്ടുവച്ച് ഈ സർട്ടിഫിക്കറ്റ് തന്നില്ലേ, ശ്രീ. ഗുലാം നബി ആസാദ് ശ്രീമതി പി. കെ. ശ്രീമതി ടീച്ചറിന് അവിടെ ആ സർട്ടിഫിക്കറ്റ് നൽകിയില്ലേ. കേന്ദ്രത്തിലെ കോൺഗ്രസ് മന്ത്രിമാരുടെ സർട്ടിഫിക്കറ്റാണ് നിങ്ങൾക്കുള്ളത്. പക്ഷേ, അപ്പുറത്ത് എൽ.ഡി.എഫ്. ഘടക കക്ഷിയിലെ ചില ആളുകൾ ഈ ഗവൺമെന്റിനെക്കുറിച്ച് ചില പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. ഒരു ടെലിവിഷൻ ചാനലിന്റെ ഒരു മുഖാമുഖം പരിപാടിയിൽ ശ്രീ. വി. പി. രാമകൃഷ്ണപിള്ള ചേട്ടന്റെ പരിപാടി നമ്മളെല്ലാം കണ്ടതാണ്. ഞാനും കണ്ടതാണ്. അദ്ദേഹത്തോട് ഒരു ചോദ്യം ചോദിക്കുകയാണ്. സി.പി.എം. മായി ബന്ധപ്പെട്ട് രാജ്യസഭാ സീറ്റിന്റെ തർക്കമുണ്ടല്ലോ. സി.പി.എം. ഒരു കാര്യം പറഞ്ഞിരുന്നു. നിങ്ങൾക്ക് മൂന്ന് വർഷം കഴിഞ്ഞതിനുശേഷം രണ്ടാമത്തെ തവണ അവസാനത്തെ മൂന്ന് വർഷം നിങ്ങൾക്ക് തരാം എന്ന് പറഞ്ഞുകൊണ്ട് ഒരു ഒത്തുതീർപ്പ് വച്ചിട്ട് നിങ്ങൾ അത് സ്വീകരിച്ചില്ലല്ലോ എന്ന് അദ്ദേഹത്തോട് ചോദിച്ചപ്പോൾ അദ്ദേഹം നിഷ്ക്കളങ്കമായി സ്പൊണ്ടേനിയസായിട്ടുള്ള മറുപടിയാണ് നൽകിയത്. അദ്ദേഹം പറഞ്ഞു, അതിന് മൂന്ന് കൊല്ലം കഴിയുമ്പോൾ യു.ഡി.എഫ്. അല്ലേ അധികാരത്തിൽ വരുന്നത്, പിന്നെ ഞങ്ങൾ എങ്ങനെ രാജ്യസഭയിലേക്ക് ജയിക്കുമെന്നാണ്. വാർദ്ധക്യ സഹജം എന്നുപറഞ്ഞ് മനുഷ്യനെ ആക്ഷേപിക്കരുത്. അദ്ദേഹത്തിന്റെ പാർട്ടിയുടെ എം.എൽ.എ.മാർ ഇവിടെയുണ്ട്. നിഷ്ക്കളങ്കമായി പറഞ്ഞതാണ്. മൂന്ന് കൊല്ലം കഴിഞ്ഞ് യു.ഡി.എഫ്. വരുമ്പോൾ പിന്നെ ഞങ്ങൾക്ക് എങ്ങനെ രാജ്യസഭാ സീറ്റിൽ ജയിക്കാൻ കഴിയുമെന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. കെ. രാജു : ശ്രീ. വി.പി. രാമകൃഷ്ണപിള്ള ചേട്ടൻ അത് തിരുത്തി പത്രങ്ങൾക്ക് പ്രസ്താവന കൊടുത്തത് അങ്ങ് വായിച്ചില്ലേ.

ശ്രീ. പി. സി. വിഷ്ണുനാഥ് : അതെ, ആർ.എസ്.പി.യുടെ സംസ്ഥാന സെക്രട്ടേറിയേറ്റ് അദ്ദേഹത്തെക്കൊണ്ട് തിരുത്തിപ്പിച്ചു. എങ്ങനെ തിരുത്തിപ്പിച്ചു എന്നുള്ളതും നമ്മളെല്ലാം കണ്ടതാണ്. അദ്ദേഹം തന്നെ പറഞ്ഞു ഈ ഗവൺമെന്റ് നാറിപ്പോയി. അതിനപ്പുറത്ത് ഒരു പരാമർശം നടത്താനില്ല. ഒറ്റ വാക്കിൽ പറഞ്ഞു. ഈ ഗവൺമെന്റ് നാറിപ്പോയി എന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഒരു കക്ഷിയുടെ നേതാവ് പറഞ്ഞ സർട്ടിഫിക്കറ്റ് മതി നിങ്ങളെക്കുറിച്ച് ഞങ്ങൾക്ക് പറയാൻ. അല്ലാതെ ഞങ്ങളുടേതായിട്ടുള്ള പുതിയ സർട്ടിഫിക്കറ്റ് ഒന്നും ഇവിടെ കൊണ്ടുവരേണ്ട കാര്യമില്ല. ഒറ്റക്കാര്യം, ഏറ്റവും പ്രധാനമായിട്ട്, നിങ്ങൾ ഒരുപാട് കാര്യങ്ങൾക്ക് എതിരെ സമരം ചെയ്യുന്നവരാണ്. നിങ്ങൾ സംസാരിക്കുന്നത് കേട്ടുകഴിഞ്ഞാൽ ചിലതൊക്കെ ഞങ്ങൾ പോലും വിശ്വസിച്ചുപോകും. ചില സത്യസന്ധരായിട്ടുള്ള, നിഷ്കളങ്കരായിട്ടുള്ള, ശ്രീ. വി. ശശികുമാർ ഇതൊക്കെ സത്യമാണെന്ന് ധരിച്ച് പ്രസംഗിക്കുന്നവർ പോലും ഉണ്ട്. അവർ പ്രസംഗിക്കുന്നത് കേട്ടുകഴിഞ്ഞാൽ അവർകൂടി സത്യസന്ധമായി ധരിച്ചാണ് പറയുന്നത്. അതിലൊന്നാണ് എ.ഡി.ബി. നിങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് എ.ഡി.ബി.യെ കുറിച്ച് ഉന്നയിച്ച വിമർശനങ്ങൾ പ്രത്യയശാസ്ത്രപരമായ വിമർശനങ്ങളാണ്. എന്തുകൊണ്ടാണ്? ഈ ധനകാര്യ സ്ഥാപനങ്ങളോട് പ്രത്യയശാസ്ത്രപരമായി നിങ്ങൾക്ക് എതിർപ്പുണ്ട്. അതിന്റെ പേരിൽ പട്ടത്ത് എ.ഡി.ബി.ക്കാർ വന്നപ്പോൾ ആ എ.ഡി.ബി.ക്കാരെ ഓടിച്ചിട്ട് തല്ലി. അവരുടെ ശരീരത്തിൽ കരിഓയിൽ ഒഴിച്ചു. സെക്രട്ടേറിയേറ്റിൽ കയറി എ.ഡി.ബി.യുടെ ഓഫീസ് അടിച്ചുതകർത്തു. നിങ്ങളുടെ നേതാക്കന്മാർ, നിങ്ങൾക്കുവേണ്ടി മാധ്യമങ്ങളിലെഴുതുന്ന സാമ്പത്തിക ലേഖകന്മാർ എഴുതി, 'അർജന്റീനയിലേക്ക് നോക്കൂ. എ.ഡി.ബി.യിൽ നിന്നും വായ്പ വാങ്ങിച്ച അർജന്റീനയുടെ അവസ്ഥ എന്താണ്? അർജന്റീന പാപ്പരായി പോയി. എന്തുകൊണ്ട് പാപ്പരായി? എ.ഡി. ബി.-യുടെ വായ്പ വാങ്ങിച്ചതുകൊണ്ട് പാപ്പരായി' ഈ ഗവൺമെന്റ്, എ.ഡി.ബി. വായ്പയ്ക്ക് ഒപ്പുവച്ചില്ലേ? നിങ്ങൾ അഞ്ച് വർഷക്കാലം, ശ്രീ. ടി. ശിവദാസമേനോനും ശ്രീ. പാലോളി മുഹമ്മദ് കുട്ടിയും അന്ന് മന്ത്രിമാരായിരുന്നപ്പോൾ നിങ്ങൾ ക്ഷണിച്ചുകൊണ്ടുവന്ന എ.ഡി.ബി.യെ ഞങ്ങൾ വന്നപ്പോൾ നിങ്ങൾ എതിർത്തു. അതിനുശേഷം നിങ്ങൾ കരാർ ഒപ്പിട്ടു. ആ കരാർ ഒപ്പിട്ടിട്ട് നാല് കൊല്ലമായി. ഇത് അവസാനിക്കാൻ പോകുകയാണ്. പറയണ്ടേ ഇവിടെ. ആ കരാർ ഒപ്പിട്ടപ്പോൾ കേരളത്തിലെ ജനങ്ങളുമായി സുതാര്യമായ ഒരു കരാർ ഒപ്പിടലാണോ നടന്നത്? നിയമസഭ ചർച്ച ചെയ്തിട്ടുള്ള കരാർ ഒപ്പിടലാണോ നടന്നത്? ലോക്സഭ പല കാര്യങ്ങളും ചർച്ച ചെയ്യണം എന്നു പറഞ്ഞുകൊണ്ട് ഇവിടെ വാശിപിടിക്കുന്നുണ്ടല്ലോ. ആ കരാർ ഒപ്പിട്ടത് ആരും അറിഞ്ഞില്ല. കേരളത്തിന്റെ മുഖ്യമന്ത്രി അറിഞ്ഞോ ആ കരാർ ഒപ്പിട്ടത്? കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ അറിഞ്ഞോ കരാർ ഒപ്പിട്ടത്? ഡൽഹിയിലെ ആ തലപ്പാവുകാരൻ ശ്രീ. ഇന്ദ്രജിത് സിംഗ്, റസിഡന്റ് കമ്മീഷണർ കേരള സർക്കാരിനുവേണ്ടി എ.ഡി.ബി. വായ്പയ്ക്ക് കരാർ ഒപ്പിട്ടപ്പോൾ അതിനെതിരെ ബഹുമാന്യനായ മുഖ്യമന്ത്രി പരാമർശം നടത്തിയില്ലേ. ഒടുവിൽ പാർട്ടി അദ്ദേഹത്തെ കൊണ്ട് തിരുത്തിച്ചു. പാർട്ടി പറഞ്ഞതുകൊണ്ട് അംഗീകരിക്കുന്നു എന്ന് ഒരു വാക്കുമാത്രം അദ്ദേഹം പറഞ്ഞു. ഇവിടെ എ.ഡി.ബി. വായ്പ, നിങ്ങൾ ന്യായീകരണം കണ്ടെത്തിയത് ചരടില്ലാത്തത് എല്ലാം ഞങ്ങൾ വാങ്ങിക്കും എന്നാണ്. ചരടുണ്ടോ ഇല്ലയോ എന്നുമാത്രമേ ഞങ്ങൾ നോക്കുകയുള്ളൂ. എ.ഡി.ബി. വായ്പ, ഞാൻ ഇത് നമ്മുടെ കെ.എസ്.യു.ഡി.പി.യുടെ ലോക്കൽ സെൽഫ് ഗവൺമെന്റിന്റെ സർക്കാർ വെബ്സൈറ്റിൽ നിന്ന് എടുത്തതാണ്. ഞാൻ പറയുന്നതല്ല. എന്റെ വാദങ്ങളല്ല എ.ഡി.ബി. വായ്പയെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നു, Conditionalities of KSUDP - Mandatory increase in tariffs and conversion of public stand posts. Government of Kerala will ensure that all the Municipal Corporations will prepare and implement a financial improvement action plan to introduce a sewage charge, introduce a solid waste management charge, improve collection efficiency, by not later than one year after related sub project

LIBRARY ARCHIVES Kerala Legislative Assembly

completion. The tariff will be increased twice during the project implementation period to a level, which is sufficient to cover the O & M cost of new and existing infrastructure. By not later than March 2007 GOK (Government of Kerala) will formulate a policy on conversion of stand posts to individual metered house service connections and metering stand posts for the purpose of efficient demandside management and reduction of non revenue water.....". നിങ്ങൾ ഇവിടെ ഭൂജല വകുപ്പുമന്ത്രി വെള്ളക്കരം കൂട്ടിയത് ആർക്കുവേണ്ടിയിട്ടാണ്? എ.ഡി.ബി പറഞ്ഞിട്ടാണെന്ന് നിങ്ങളുടെ സർക്കാരിന്റെ രേഖകളാണ് പറയുന്നത്. നിങ്ങൾക്ക് മറുപടിയുണ്ടോ? എ.ഡി.ബി. വന്നാൽ, ഇവിടെ എ.ഡി.ബി. കേരളം കൊണ്ടുപോകും, രണ്ടാം സ്വാതന്ത്ര്യ സമരം നടത്തണമെന്ന് പ്രസംഗിച്ചുനടന്ന ആളുകൾ. നിങ്ങളുടെ പ്രത്യയശാസ്ത്ര വ്യതിയാനമല്ലേ, നിങ്ങളുടെ തട്ടിപ്പല്ലേ, നിങ്ങളുടെ കാപട്യമല്ലേ, നിങ്ങളുടെ ഇരട്ടത്താപ്പല്ലേ ഇത്. ആ എ.ഡി.ബി.യുടെ വായ്പ വാങ്ങിയെന്ന് മാത്രമല്ല ആ എ.ഡി.ബി. പറഞ്ഞ നിബന്ധനകളുടെ അടിസ്ഥാനത്തിൽ വെള്ളക്കരം കൂട്ടിയ ആളുകൾ ഇവിടെ വന്നുനിന്നിട്ട് നിയോലിബറലൈസേഷനെക്കുറിച്ചും ഫിനാൻസ് മൂലധനത്തെക്കുറിച്ചും ആഗോള കുത്തക സാമ്രാജ്യത്വ സ്ഥാപനത്തെ കുറിച്ചുമൊക്കെ പ്രസംഗിക്കുന്നതിൽ ഒട്ടും ആത്മാർത്ഥതയില്ല. നിങ്ങൾ ആരോപണം ഉന്നയിച്ചു, ഞങ്ങൾ നാല് കൊല്ലമായിട്ട് ആരോപണം ഉന്നയിച്ചില്ല. അതാണല്ലോ പ്രശ്നം. വലിയ പ്രശ്നമാണ്. ശ്രീ. സാജു പോൾ തന്നെ എടുത്തുപറഞ്ഞു. "കോഴിക്കോഴ" , എന്തായി കോഴിക്കോഴ? നിങ്ങൾ കേരളത്തിൽ മുഴുവൻ പ്രസംഗിച്ചു. നിയമസഭയിൽ പ്രസംഗിച്ചു. ചാനലുകളിൽ പോയി പ്രസംഗിച്ചു, കോഴിക്കോഴ. നാലുവർഷമായല്ലോ കോഴിക്കോഴ എന്തായി? കോഴിക്കോഴ അന്വേഷിച്ച് കണ്ടെത്തിയോ? അത്തരം ആരോപണം ഇവിടെ നിന്ന് പറയാനാണെങ്കിൽ പറയാമായിരുന്നു. പക്ഷേ, അത്തരം ആരോപണമല്ല, ഇവിടെ ഉത്തരവാദിത്വപ്പെട്ട ആരോപണങ്ങൾ ഉണ്ടായി. ഒന്ന് സഖാവ് ഇ.പി. ജയരാജൻ ദേശാഭിമാനിയുടെ ജനറൽ മാനേജർ ആയിരുന്നപ്പോൾ രണ്ട് കോടി രൂപ സാന്റിയാഗോ മാർട്ടിന്റെ കയ്യിൽനിന്നും വാങ്ങിയെന്ന് ഒരു പത്രം പ്രസിദ്ധീകരിച്ചു. ആ വാർത്ത ആദ്യം നിഷേധിച്ച പാർട്ടി പിന്നെ അംഗീകരിച്ചോയെന്ന് അറിയില്ല. അദ്ദേഹത്തെ മാറ്റി ഈ സഭയിലുള്ള വളരെ മുതിർന്ന പ്രഗത്ഭനായ പാർലമെന്റേറിയനായ ശ്രീ. പി. ജയരാജനെ പാർട്ടിയുടെ ജനറൽ മാനേജരാക്കി. ആ പണം തിരിച്ചുകൊടുക്കുമെന്ന് ദേശീയ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ പാർട്ടി തീരുമാനിച്ചുവെന്ന് പറഞ്ഞതൊക്കെ വാർത്തകളാണ്. വാർത്തകളെന്ന് ഞാൻ ആവർത്തിച്ചു പറഞ്ഞു. ഞാൻ അവിടെ വന്നിട്ടുള്ള ആളല്ല. ഒരു പാർട്ടിയുടെ അകത്തുനടക്കുന്ന കാര്യങ്ങൾ എനിക്ക് അറിയാൻ കഴിയില്ല. അങ്ങനെ പറയുന്നത് ഉത്തരവാദിത്വമില്ലായ്മയാണ്. അതുകൊണ്ടാണ് ആവർത്തിച്ച് പത്രങ്ങൾ എന്ന് പറയുന്നത്. ആ പണം തിരിച്ചുകൊടുക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചു. സത്യമല്ലേ ? സാന്റിയാഗോ മാർട്ടിൻ എന്നുപറഞ്ഞ ലോട്ടറി രാജാവിന്റെ കൈയിൽ നിന്നും പാർട്ടി പണം വാങ്ങിയെന്ന് സമ്മതിച്ചല്ലോ. ബോണ്ടായിട്ടാണ്. പരസ്യത്തിനുവേണ്ടിയിട്ടാണ്. ലിസിലെ ചാക്കോയിൽ നിന്നും ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ.വേണുഗോപാൽ ഒരു കോടി രൂപ വാങ്ങിയെന്ന് ആരോപണമുണ്ടായി. സത്യമല്ലേ ? കേരളത്തിൽ ചർച്ച ചെയ്തതല്ലേ ? ഒടുവിൽ അയാളെ ആ സ്ഥാനത്തുനിന്നും മാറ്റിയില്ലേ ? ആ ലിസ്, ഇവിടെ ശ്രീ. പി. സി. ജോർജ് പറഞ്ഞു. ആ ലിസ് പേര് മാറ്റി.

ശ്രീ. പി. ജയരാജൻ : ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് പറഞ്ഞുകൊണ്ടിരിക്കുന്നത് മന്ത്രിമാരെയും ഗവൺമെന്റിനെയും
2.00 PM സംബന്ധിച്ച് യാതൊരു അഴിമതി ആക്ഷേപവും ഉന്നയിക്കാൻ പ്രതിപക്ഷത്തിനു കഴിഞ്ഞില്ല എന്നുള്ള വിമർശനത്തിന് മറുപടിയായി ദേശാഭിമാനിയിൽ ഡെപ്പോസിറ്റ് വാങ്ങിയത് ഉദാഹരിക്കാൻ പറ്റുമോ ? അത് ന്യായമാണോ ? ബഹുമാനപ്പെട്ട വിഷ്ണുനാഥിനെപ്പോലുള്ള ആളുകൾ ഇത്തരത്തിൽ ഗൗരവം കുറഞ്ഞ വാദമുന്നയിക്കുന്നത് ശരിയാണോ ?

ശ്രീ. പി. സി. വിഷ്ണുനാഥ്: എന്നാൽ ഞാൻ ഗൗരവമുള്ള കാര്യം പറയാം. മന്ത്രിമാരെക്കുറിച്ച് നേരിട്ട്, മെർക്കിസ്റ്റൺ എസ്റ്റേറ്റുമായി ബന്ധപ്പെട്ട് ഇവിടെ രണ്ടു മന്ത്രിമാർ കൂടിയിരുന്നുകൊണ്ട് ആ ഭൂമി സേവി മനോമാത്യുവിന്റെ കൈയിലേക്കാക്കാൻ വേണ്ടി ഒരു ശ്രമം നടത്തി. അതു പൊളിഞ്ഞു. ഇവിടെ സർക്കാരിന് ഭൂമിയില്ലെന്ന് കളക്ടർ ശ്രീ. അയ്യപ്പൻ റിപ്പോർട്ടു കൊടുത്തു. അദ്ദേഹം തന്നെ രണ്ടാമത് വലിയമലയിൽ സർക്കാരിന് ഭൂമിയുണ്ടെന്നു കണ്ടെത്തി, ഇപ്പോൾ അവിടെ സ്പേസ് റിസർച്ച് സെന്റർ പ്രവർത്തിക്കുന്നുണ്ടല്ലോ ? മന്ത്രി ശ്രീ. ബിനോയ് വിശ്വം വഞ്ചിയൂർ കോടതിയിൽ കേസ് നടത്തുന്നുണ്ട്, ഇല്ലേ ? അങ്ങ് പറയണം. മാനനഷ്ടത്തിന്, അങ്ങേയ്ക്കെതിരെ ആരോപണമുന്നയിച്ചതിന് സേവി മനോമാത്യൂവിന് എതിരെ കേസുണ്ടെന്നു തോന്നുന്നു. സേവി മനോമാത്യു അങ്ങേയ്ക്കെതിരെയും കേസ് നടത്തുന്നുണ്ട്. എനിക്ക് കേസിന്റെ വിശദാംശങ്ങളറിയില്ല. അങ്ങ് കൊടുത്തതാണോ, അദ്ദേഹം കൊടുത്തതാണോ, എന്തായാലും കേസുണ്ട്. ആ സേവി മനോമാത്യുവിന്റെ വീട്ടിലല്ലേ ആഭ്യന്തര വകുപ്പുമന്ത്രി താമസിച്ചത്, ഇപ്പോൾ താമസിക്കുന്നത്, അത് ആരോപണമല്ലേ ? അന്ന് അദ്ദേഹം പറഞ്ഞത് എന്താണെന്ന് അറിയുമോ ? ഈ നിയമസഭയിൽ ആഭ്യന്തര മന്ത്രി പറഞ്ഞ മറുപടി, ഞാൻ ഒരു ടാക്സി കാറിൽ കയറുകയാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ആഭ്യന്തര മന്ത്രി ഈ സഭയിൽ നേരത്തെയും അതിന് തക്കതായ മറുപടി പറഞ്ഞതാണ്. ശ്രീ. പി. സി. വിഷ്ണുനാഥിന്റെ പ്രസംഗം കേട്ടാൽ തോന്നും സേവി മനോമാത്യുവിന്റെ വീട്ടിൽ പോയി സൗജന്യമായി ശ്രീ. കോടിയേരി ബാലകൃഷ്ണൻ താമസിക്കുകയാണെന്ന്. ഇവിടെ തലസ്ഥാനത്തുള്ള ഒരു കെട്ടിടം വാടകയ്ക്കെടുത്തതിന്റെ ഉടമസ്ഥൻ സേവി മനോമാത്യു തന്നെയാണ്. വാടകയ്ക്ക് ഗവൺമെന്റ് എടുത്തുകൊടുത്ത കെട്ടിടത്തിലാണ് ആഭ്യന്തര മന്ത്രി താമസിക്കുന്നത്. കെട്ടിടം ഉടമസ്ഥന്റെയൊക്കെ ബാക്ക് ലിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചിട്ടാണോ ഇവിടെ സർക്കാർ ഓരോ മന്ത്രിമാരുടെയും കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുള്ളത്? അതിനെ ഇതുമായി ബന്ധപ്പെടുത്തുന്നത് ശരിയാണോ ?

ശ്രീ. പി. സി. ജോർജ് : ഈയിനം ചർച്ച വരുന്നതിനോട് അനുകൂലിക്കുന്ന ആളല്ല ഞാൻ. പക്ഷെ, ഇങ്ങനെയൊക്കെ ചർച്ച വന്നാൽ സത്യം പറയാൻ നിർബന്ധിതമാകും. ഞാൻ സത്യസന്ധമായി പറയാം. ഞാൻ ഇതിനൊന്നും കോടിയേരി ബാലകൃഷ്ണനെ കുറ്റപ്പെടുത്തുന്നില്ല. എന്താണ് സംഭവിച്ചത്. സേവി മനോമാത്യു താമസിച്ചിരുന്ന വീട്ടിൽ നിന്നും അദ്ദേഹം വാടകയ്ക്ക് കൊടുത്തിരുന്ന വീട്ടിലേക്ക് മാറി, അദ്ദേഹത്തിന്റെ സ്വന്തം വീട്ടിലാണ് ഇപ്പോൾ കോടിയേരി ബാലകൃഷ്ണൻ താമസിക്കുന്നത്. സർക്കാർ വാടക കൊടുക്കുന്നുണ്ട്. അസത്യം പറഞ്ഞതാണ് അദ്ദേഹം അതിൽ കൂടുതൽ വല്ലതും പറഞ്ഞോ. ... (ബഹളം)... അദ്ദേഹം അത്രയല്ലേ പറഞ്ഞുള്ളൂ. അദ്ദേഹം അതേ പറഞ്ഞുള്ളൂ. ഈയിനം ചർച്ച ശരിയല്ല. മന്ത്രി മാരെപ്പറ്റി ആരോപണമല്ലല്ലോ. ശ്രീ കോടിയേരി ബാലകൃഷ്ണൻ താമസിക്കുന്നത് ഇന്ന വീട്ടിലാണെന്നു പറഞ്ഞു. അതിന് ഒരു പ്രശ്നവുമില്ല. വാടക ഗവൺമെന്റ് കൊടുക്കുന്നുമുണ്ട്. .... (ബഹളം)......

ശ്രീ. പി. സി. വിഷ്ണുനാഥ് : മെർക്കിസ്റ്റൺ ഭൂമി ഇടപാടിൽ....... അഴിമതിയാണെങ്കിൽ എഴുതി കൊടുക്കണമല്ലോ. മന്ത്രിക്കാരെ കുറിച്ച് എന്താണ് പറയാത്തതെന്നു ചോദിച്ചപ്പോൾ മന്ത്രിമാരെക്കുറിച്ച് പറയാനുള്ള ഉത്തരവാദിത്വം നമുക്കില്ലേ. പറയണ്ടേ, പറയും... പറയും. ...(ബഹളം)... അഴിമതിയാരോപണമാണെങ്കിൽ എഴുതികൊടുത്തു പറയും. ഇനിയും പറയാം. കുഴപ്പമൊന്നുമില്ല. അഴിമതിയാരോപണം ഒരു മന്ത്രിയെകുറിച്ചും ഇല്ലാത്തതു കൊണ്ടൊന്നുമല്ല. എഴുതികൊടുത്ത് ഉന്നയിക്കാൻ കഴിയുന്ന അഴിമതിയാരോപണമുണ്ട്. അത് പറയുകതന്നെ ചെയ്യും. പക്ഷെ, ഇവിടെ അതല്ല പ്രശ്നം. അതിന്റെ ചർച്ച ഇവിടെ നടക്കുമ്പോൾ മന്ത്രി അവിടെ നിന്നു പറഞ്ഞ ഒരു വാദമുണ്ട്. അദ്ദേഹം പറഞ്ഞത് ഞാൻ ഒരു ടാക്സിക്കാറിൽ കയറുകയാണ്. ടാക്സിക്കാറിൽ കയറുമ്പോൾ ആ കാറിന്റെ ഉടമസ്ഥൻ ആരാണെന്ന് എനിക്കറിയില്ല. അങ്ങനെ കയറിയ ഒരു ടാക്സിക്കാറാണെങ്കിൽ അതിന്റെ ഉടമസ്ഥൻ ഇപ്പോൾ വഞ്ചിയൂർ കോടതിയിൽ അദ്ദേഹത്തിന്റെതന്നെ ക്യാബിനറ്റിലുള്ള ഒരു മന്ത്രിക്കെതിരെ മാനനഷ്ടത്തിന് കേസു കൊടുത്തിരിക്കുകയാണ്. ഇപ്പോഴും ആ കേസ് നടക്കുകയാണ്. ശരിയല്ലേ ? ഒരു മന്ത്രിക്കെതിരെ കേസു കൊടുത്തിരിക്കുന്ന ഈ പറഞ്ഞ ആളിന്റെ ക്യാരക്ടറിനെ കുറിച്ച് മന്ത്രി പറഞ്ഞ ഒരു പേരുണ്ട്, ഷാഡോ ഡീൽ ആണ് നടത്തിയതെന്ന് ഒരു മന്ത്രി പരാമർശിച്ച ആ സ്വഭാവമുള്ള ഒരാളുടെ വീട്ടിൽ, ടാക്സിയുടെ ഉടമസ്ഥനെ ഇപ്പോൾ അറിയാമല്ലോ. ഇനിയും ആ ടാക്സിയിൽ യാത്ര ചെയ്യുന്നത് ശരിയാണോ എന്നുള്ളതാണ് ചോദിക്കേണ്ടത്..... അതിലെന്താണ് തെറ്റ്. അഴിമതിയാരോപണമല്ലെന്ന് പറഞ്ഞില്ലല്ലോ, ആണെന്നും പറഞ്ഞില്ലല്ലോ. അത് ശരിയല്ല. ഇവിടെ കുറെയാളുകളുടെ പേരു പറഞ്ഞു, പിച്ച ബഷീർ... ശ്രീ. സാജു പോൾ ഇതൊക്കെ പറയിക്കുകയാണ്. കുറെ ആളുകളുടെ പേരു പറഞ്ഞു, അങ്ങനെ കുറേ ആളുകളുണ്ട്, സാന്റിയാഗോ മാർട്ടിൻ.... ആ പേരുകൾ ഞങ്ങളും പറയും. ...(ബഹളം)....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ : ബഹുമാനപ്പെട്ട വിഷ്ണുനാഥ് അഴിമതിയെക്കുറിച്ച് പറയാനൊരുങ്ങിയിട്ട് അഴിമതിയിലേക്കെത്തുന്നില്ല. പക്ഷേ, ഈ സഭയുടെ മുമ്പിലും ജനങ്ങളുടെ മുമ്പിലും ഒരു യാഥാർത്ഥ്യമുണ്ട്. അത് എൽ.ഡി.എഫിലെ മന്ത്രിയായിരിക്കെ ഒരു മന്ത്രിക്കെതിരെ നിങ്ങളുടെ കൂടെയുള്ള ശ്രീ. പി. സി. ജോർജ് ആക്ഷേപമുന്നയിച്ചു. ജുഡീഷ്യൽ അന്വേഷണം നടക്കുകയാണ്. വിദേശമലയാളികളുമായിട്ടുള്ള സ്വത്തിടപാടിൽ ശ്രീ. ടി. യു. കുരുവിളയ്ക്കെതിരായിട്ടാണ് ആക്ഷേപമുന്നയിച്ചത്. ആ കുരുവിളയും പി. സി. ജോർജും നിങ്ങളുടെ മുന്നണിയിലാണിപ്പോൾ അഭയം തേടിയിട്ടുള്ളത് എന്നുള്ള കാര്യം വിഷ്ണുനാഥിന് നിഷേധിക്കാൻ പറ്റുമോ ?

ശ്രീ. പി. സി. ജോർജ് : പി. സി. ജോർജ് ആരോപണമുന്നയിച്ചു. ആ ആരോപണം സത്യമോ മിഥ്യയോ എന്ന് നിങ്ങൾ ഇതുവരെ പറഞ്ഞില്ലല്ലോ. ......(ബഹളം)..... അങ്ങനെ ഞാൻ ആരോപണമുന്നയിച്ചപ്പോൾ അത് ശരിയാണെന്ന് ബോദ്ധ്യമുണ്ടെങ്കിൽ നിങ്ങളാ വിഴുപ്പുകണ്ടമെന്തിനാണ് ചുമന്നത്. ഇത്രയും നാളും ചുമന്നല്ലോ. അപ്പോൾ നിങ്ങളുടെ കൈയിൽ നിന്നു പോയിക്കഴിഞ്ഞപ്പോൾ കുഴപ്പമാണ്. നിങ്ങളുടെ കൈയിലിരുന്നപ്പോൾ കൊള്ളാം. അവിടെ നിന്ന് ഇങ്ങോട്ടു ചാടിയപ്പോൾ കുഴപ്പം അല്ലേ. ആ ഇരട്ടത്താപ്പ് നിങ്ങൾ ഉപേക്ഷിക്കണം. നിങ്ങൾക്ക് നീതിബോധം ഉണ്ടാകണം. ഞാൻ ആരോപണമുന്നയിച്ചിട്ട് എന്താണ് എനിക്ക് കിട്ടിയ ലാഭം. ഞാൻ ആരോപണമുന്നയിച്ചതിന്റെ പേരിൽ ആരോപണവിധേയനായ ആൾ മന്ത്രിസ്ഥാനം രാജി വയ്ക്കുകയും ആരോപണമുന്നയിച്ചയാൾ മുന്നണിക്ക് പുറത്തും. അതല്ലേ നിങ്ങളുടെ സംസ്കാരം? ....(ബഹളം).... ആ സംസ്കാരമല്ലേ നിങ്ങൾ പ്രകടിപ്പിച്ചത്. അപ്പോൾ നിങ്ങൾ ഇങ്ങനെ വർത്തമാനം പറയേണ്ട കാര്യമില്ല. ....(ബഹളം)....

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ഇവിടെ സേവി മനോമാത്യുവിന്റെ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നമാണ് പ്രിയപ്പെട്ട വിഷ്ണുനാഥ് വളരെ ഗൗരവമായി ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. ആക്ഷേപങ്ങളും ആരോപണങ്ങളുമല്ല, അവിടെ താമസിച്ചു എന്നുള്ള നിലയിലാണ് പറയുന്നത്. ഈ ഭൂമി പാലോട് രജിസ്ട്രാർ ഓഫീസിൽ സേവി മനോമാത്യുവിന് രജിസ്റ്റർ ചെയ്തുകൊടുത്തത് അപ്പുറത്തിരിക്കുന്ന കെ. എം. മാണിസാർ റവന്യൂ മന്ത്രിയായിരിക്കുമ്പോഴാണ് എന്നുള്ള കാര്യം പ്രിയപ്പെട്ട വിഷ്ണുനാഥിന് അറിയാമോ ?

ശ്രീ. പി. സി. വിഷ്ണുനാഥ് : ഞാൻ ചോദിക്കട്ടെ, ശ്രീ. ജയചന്ദ്രൻ പറയുന്നത് അങ്ങനെയാണെങ്കിലും കുഴപ്പമുള്ളയാളാണ് സേവി മനോമാത്യു എന്നാണ്. നമ്മളൊരു പോയിന്റിലാണ് ഒടുവിൽ വന്നെത്തിയത്. നടന്നത് shadow deal ആണെന്നും shadow character ആണെന്നുമൊക്കെ പറഞ്ഞ ഒരാളുടെയടുത്ത്, കാറിന്റെ ഉടമസ്ഥനെ മനസ്സിലായിക്കഴിഞ്ഞു. അതിലേക്കൊക്കെ ഒരുപാട് പറഞ്ഞ് പോകാൻ തുടങ്ങി.... ഇവിടെ ശ്രീ. സാജു പോൾ പറഞ്ഞ കാര്യങ്ങളാണ്. കുറെ ആളുകളുടെ പേര് പറഞ്ഞിട്ട് നിങ്ങളുടെ ആളുകളല്ലേ എന്ന് ചോദിക്കുമ്പോൾ അത്ര മോശപ്പെട്ടവരല്ലാത്ത ആളുകൾ അപ്പുറത്തുമുണ്ട്

എന്നാണ്. ചാക്ക് രാധാകൃഷ്ണന്റെ കാര്യം പറഞ്ഞു. ഈ ഗവൺമെന്റിന് അഭിവാദ്യമർപ്പിച്ചുകൊണ്ട് പാലക്കാട് ചാക്ക് രാധാകൃഷ്ണന്റെ കമ്പനിയുടെ പരസ്യമുണ്ടായിരുന്നു. അറിഞ്ഞോ ? ഒറ്റപ്പാലം മുനിസിപ്പാലിറ്റി അദ്ദേഹം കൂടിയുള്ളതുകൊണ്ടാണ് നിലനിർത്തിയതെന്നാണ് അദ്ദേഹം വീമ്പടിച്ചു നടക്കുന്നത്.

ശ്രീ. പി. സി. ജോർജ് : ബഹുമാനപ്പെട്ട സഖാവ് വി.എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തപ്പോൾ ദേശാഭിമാനിയുടെ കാൽപ്പേജിൽ ഈ ഗവൺമെന്റിന് അഭിവാദ്യമർപ്പിച്ചുകൊണ്ടുള്ള പരസ്യം ചാക്ക് രാധാകൃഷ്ണന്റേതായിരുന്നു എന്ന വസ്തുത അറിയാമോ ?

ശ്രീ. പി. സി. വിഷ്ണുനാഥ് : ഇതൊക്കെ എല്ലാവർക്കും അറിവുള്ള വസ്തുതയാണ്. ഞങ്ങളോട് അതൊന്നും പറയരുത് എന്ന് പറഞ്ഞിട്ട് ഞങ്ങൾ പറഞ്ഞില്ലാ എന്നൊരു കുഴപ്പം കൊണ്ടാണ് എന്ന് അദ്ദേഹം പറഞ്ഞതുകൊണ്ടാണ് ഇതെല്ലാം പറയേണ്ടിവന്നത്. ഞാൻ വിഷയത്തിലേക്ക് കടക്കാം. നികുതിയുമായി ബന്ധപ്പെട്ട് 2008-2009 സാമ്പത്തിക വർഷത്തിൽ രണ്ടു കോടിവരെ വിറ്റുവരവുള്ള ഹാന്റ്മെയ്ഡ് സോപ്പിന് 4 ശതമാനം വാറ്റും രണ്ടുകോടിയിലധികം വിറ്റുവരവുള്ളതിന് 12 ശതമാനം വാറ്റും ഏർപ്പെടുത്തിയിരുന്നു. അത് ഈ വർഷം ഒഴിവാക്കി. അതിന് അങ്ങയെ അഭിനന്ദിക്കുകയാണ്, സ്വാഗതം ചെയ്യുകയാണ്. 2008-2009 മുതൽ മുൻകാല പ്രാബല്യം ഹാന്റ്മെയ്ഡ് സോപ്പിന്റെ ടാക്സിന്റെ കാര്യത്തിലും വാറ്റിന്റെ കാര്യത്തിലും ഉണ്ടാകണമെന്ന് ഒരു അഭ്യർത്ഥനയുണ്ട്. അതുപോലെതന്നെ ട്രാക്ടർ, ആംബുലൻസ്, വിദ്യാഭ്യാസ സ്ഥാപനത്തിനുള്ള ബസ്... നമ്മൾ സാമൂഹ്യസുരക്ഷയെ കുറിച്ചും ഭക്ഷ്യസുരക്ഷയെ കുറിച്ചുമൊക്കെ ഡിസ്ക്കസ് ചെയ്യുകയും അതിന് വലിയ പ്രാധാന്യം കൊടുക്കുകയും ചെയ്യുന്ന ഒരു സമയത്ത്, ട്രാക്ടർ കർഷകരുപയോഗിക്കുന്നതാണ്, ആ ട്രാക്ടറിനുള്ള ടാക്സ് അതുപോലെ വിദ്യാഭ്യാസ സ്ഥാപനത്തിനുള്ള അവരുടെ ബസ്സിനുള്ള നികുതിയിളവ്, ആംബുലൻസിന് നികുതിയിളവ് ഈ കാര്യങ്ങളും പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒറ്റ കാര്യം കൂടി. ഈ നിയമസഭ നടക്കുന്ന സമയത്ത് ഞാൻ ഒന്നു പുറത്തുപോയി. ഇവിടെ ഒരു നിയമസഭാ മാർച്ച് നടക്കുന്നുണ്ടായിരുന്നു. നിയമസഭാ മാർച്ച് ഒരുപാട് നടക്കുന്നുണ്ട്. പക്ഷെ, ഈ നിയമസഭാ മാർച്ച് നടത്തിയത് കാഴ്ചയില്ലാത്ത ആളുകളാണ്. കേരള ബ്ലൈന്റ് ഫെഡറേഷനാണ് നിയമസഭാ മാർച്ച് നടത്തിയത്. ഇൻഡ്യാ ഗവൺമെന്റിന്റെ 1995-ലെ Persons with Disabilities Act-ന്റെ 33-ാം അനുച്ഛേദപ്രകാരം ലഭിക്കേണ്ട മൂന്നു ശതമാനം ജോലിസംവരണം ആവശ്യപ്പെട്ടാണ് അവർ സമരം നടത്തിയതും മാർച്ച് നടത്തിയതും. അവരെ പോലീസ് ലാത്തിച്ചാർജ്ജ് ചെയ്തു. അതിലൊരാൾ ആശുപത്രിയിലുമാണ്. ആ സംഭവം ഈ സഭ നടക്കുന്ന സമയത്താണ്. അന്ധരായ, കാഴ്ചയില്ലാത്തവർ അവരുടെ മൂന്നു ശതമാനം ജോലി സംവരണത്തിനുവേണ്ടി നിയമസഭയിലേക്ക് മാർച്ച് നടത്തിയപ്പോൾ അവർക്കെതിരെ മോശമായ സമീപനം പോലീസിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടുണ്ടെങ്കിൽ അത് കൃത്യമായി പരിശോധിക്കണം എന്നുകൂടി മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ]

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, ആദ്യം വിയോജനക്കുറിപ്പിലുള്ള മൂന്ന് കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർച്ചാർജിന്റെ കാര്യം, ഒരു പ്രാവശ്യംകൂടി ഞാൻ വ്യക്തമാക്കുകയാണ്. പഞ്ചായത്തീരാജ് നിയമത്തിൽ രണ്ട് തരത്തിലുള്ള സർച്ചാർജിന് അവകാശമുണ്ട്. ഒന്ന്, പഞ്ചായത്തുകൾ പിരിക്കുന്ന നികുതിയുടെമേൽ സർച്ചാർജ് കൂട്ടാനുള്ള അവരുടെ അവകാശം. രണ്ടാമത്തേത്, മാൻഡേറ്ററിയായി സംസ്ഥാന സർക്കാർ സർച്ചാർജ് ഈടാക്കി ആധാരങ്ങളുടെ മേലുള്ള, രജിസ്ട്രേഷനുമേലുള്ള, സ്റ്റാമ്പ് ഡ്യൂട്ടിക്കുമേലുള്ള സർച്ചാർജ് ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയാണ്. എന്നാൽ രണ്ടാമത് പറഞ്ഞത്, പഞ്ചായത്തുകളല്ല പിരിക്കുന്നത്, സംസ്ഥാന സർക്കാരാണ് പിരിക്കുന്നത്. സംസ്ഥാന സർക്കാർ ഇപ്പോൾ പിരിച്ചിട്ട് പഞ്ചായത്തിന് കൊടുക്കുകയല്ല സംസ്ഥാന സർക്കാർ എടുക്കുകയാണ് ചെയ്യുന്നത്. കാരണം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്ത് വിഭവങ്ങൾ നൽകണം എന്ന് തീരുമാനിക്കുന്നത് ഫിനാൻസ് കമ്മീഷനാണ്. കഴിഞ്ഞ രണ്ട് ഫിനാൻസ് കമ്മീഷനും തീരുമാനിച്ചത് ഇങ്ങനെ ഒറ്റയ്ക്കൊറ്റയ്ക്ക് ഗ്രാന്റ് കൊടുക്കണ്ട, എല്ലാറ്റിനും പകരമായി മൂന്ന് തരത്തിലുള്ള ഗ്രാന്റ് സംസ്ഥാന വരുമാനത്തിന്റെ നിശ്ചിത ശതമാനം നിശ്ചയിച്ച് നൽകിയാൽ മതിയെന്നാണ്. ഇതാണ് ഇന്നത്തെ അവസ്ഥ. ആര്യാടൻ സർ പറഞ്ഞ ഭേദഗതി അംഗീകരിക്കുകയാണെങ്കിൽ എന്താണ് ഉണ്ടാകുക എന്ന് അറിയാമോ ? 7, 8, 9 ശതമാനം വച്ചാണ് ഡ്യൂട്ടി നിരക്കുകൾ ഇപ്പോൾ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ 10 ശതമാനം കൂട്ടുമ്പോൾ അത് 17, 18, 19 ആകും. നിലവിൽ കുറച്ച് ഡ്യൂട്ടി വർദ്ധിപ്പിക്കണമെന്നാണ് പറഞ്ഞത്. വർദ്ധിപ്പിച്ചാലും പഞ്ചായത്തിന് കൊടുക്കാൻ പറ്റില്ല. കാരണം, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എത്ര ഗ്രാന്റ് നൽകണം എന്നുള്ളത് ഫിനാൻസ് കമ്മീഷന്റെ തീർപ്പിന്റെ അടിസ്ഥാനത്തിലാണ്. ആ വ്യവസ്ഥ അവിടെ വച്ചിരുന്നാൽ അനിവാര്യമായി നികുതി പിരിക്കേണ്ടിവരും. അതുകൊണ്ടാണ് ഒഴിവാക്കിയിട്ടുള്ളത്. ഇതിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു ധനനഷ്ടവും ഉണ്ടാകുന്നില്ല, സംസ്ഥാന സർക്കാരിന് ഉണ്ടാകുന്നുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സംസ്ഥാന സർക്കാർ അത് അവിടെ വച്ചുകൊണ്ടിരുന്നാൽ ഒരു കുഴപ്പവുമില്ല എന്ന് പറഞ്ഞു. ഒരു കുഴപ്പവുമില്ലെങ്കിൽ പിന്നെ എന്തിനാണ് എടുത്തു കളയുന്നത്? ഞാൻ പറഞ്ഞ പ്രൊപ്പോസലെന്നു പറയുന്നത്, ഗവൺമെന്റ് പിരിക്കണം. അങ്ങനെ പിരിച്ചു കിട്ടുന്ന 100 ശതമാനം സർച്ചാർജ് എന്നാണ് 10 പെർസെന്റ് വരെ അവർക്ക് കൊടുക്കുക. ഓരോ കാലത്തേയും കളക്ഷനും എക്സ്പന്റിച്ചറും നോക്കി ഫിനാൻസ് കമ്മീഷൻ തീരുമാനിച്ചാലും വിരോധമില്ല. 5 ശതമാനം എന്നുള്ളത് 10 ശതമാനം വരെയാകും. അങ്ങനെ വരുമ്പോൾ ഗവൺമെന്റിന് 90 പെർസെന്റ്, ലോക്കൽ ബോഡീസിന് 10 പെർസെന്റ്. പിന്നെ എങ്ങനെയാണ് കൂടുന്നത് ?

417/13

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : കോർപ്പറേഷൻ മേഖലയിൽ സ്റ്റാമ്പ് ഡ്യൂട്ടി നിലവിലുള്ളത് എട്ടര ശതമാനം. സർച്ചാർജ് 5 ശതമാനം. രജിസ്ട്രേഷൻ ഫീസ് രണ്ടര ശതമാനം. അങ്ങനെ 15.5 ശതമാനം. സ്റ്റാമ്പ് ഡ്യൂട്ടി 9 ശതമാനമാക്കി നിജപ്പെടുത്തി, സർച്ചാർജ് 5 ശതമാനം എടുത്തു കളഞ്ഞു. രജിസ്ട്രേഷൻ ഫീസ് രണ്ട് ശതമാനമായി തുടരുന്നു. അങ്ങനെ പതിനഞ്ചര ശതമാനത്തിൽനിന്ന് 11 ശതമാനമാക്കി കുറച്ചു. ആര്യാടൻ സാർ പറഞ്ഞത് അംഗീകരിച്ചിട്ടുണ്ടെങ്കിൽ ചുരുങ്ങിയത് രണ്ട് ശതമാനമെങ്കിലും ഇനിയും കൂടും. സംസ്ഥാന സർക്കാർ സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കാൻ തീരുമാനിച്ച പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര സ്റ്റാമ്പ് ഡ്യൂട്ടി സർച്ചാർജ് പിരിച്ചു എന്നതിനെ ആശ്രയിച്ചല്ലേ ഇരിക്കുന്നത്. ഫിനാൻസ് കമ്മീഷൻ പറഞ്ഞ തുക കൊടുത്താലേ മതിയാകൂ. അത് ഭരണാഘടനാപരമായ ബാദ്ധ്യതയാണ്. അത് കൊടുത്തുകൊണ്ടിരിക്കും. സർച്ചാർജായി പിരിക്കുന്നത് സർക്കാരിന്റെ ഖജനാവിൽ വന്നുചേരുകയാണ്. അത് പഞ്ചായത്തുകൾക്കല്ല പോകുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങ് ആമുഖമായി പറഞ്ഞത്, മൂന്ന് തരത്തിലാണ് നികുതി വരുന്നതെന്നാണ്. അത് ഫിനാൻസ് കമ്മീഷൻ തീരുമാനിക്കും. ആകെയുള്ളത് കണക്കുകൂട്ടി അതിൽനിന്ന് കൊടുക്കുകയാണ്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ, പഞ്ചായത്തിന്റെ ഹൗസ് ടാക്സ്, പ്രൊഫഷണൽ ടാക്സ് ഇതൊക്കെ ആരാണ് പിരിക്കുന്നത്? അതുകൂടി കണക്കിലെടുത്തിട്ടാണോ ഫിനാൻസ് കമ്മീഷൻ അവാർഡ് കൊടുക്കുന്നത് ? അതുപോലെ ഈ നിയമത്തിൽ സ്പെസിഫിക്കായി 206 അനുസരിച്ച് പഞ്ചായത്തുകൾക്ക് കൊടുത്ത അധികാരം എടുത്തു കളയുന്നത് എന്ത് ആവശ്യമാണ് ?

ഡോ. തോമസ് ഐസക് : ഹൗസ് ടാക്സ്, പ്രൊഫഷണൽ ടാക്സ്, എന്റർടെയിൻമെന്റ് ടാക്സ് ഇതൊക്കെ പഞ്ചായത്തുകൾ നേരിട്ട് പിരിച്ച് നേരിട്ട് ചെലവാക്കുന്നതാണ്. അതോടൊപ്പം തന്നെ ബേസിക് ടാക്സിന്റെ ഇത്ര ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം. സ്റ്റാമ്പ് ഡ്യൂട്ടി സർച്ചാർജ് പിരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം. ഫിനാൻസ് കമ്മീഷൻ പറഞ്ഞത് ഇങ്ങനെ ഓരോ ഇനത്തിലായി പൈസ കൊടുക്കണ്ട, മറിച്ച് അവരുടെ അവാർഡ് പ്രകാരമുള്ള തുക കൂടി കണക്കിലെടുത്ത്, in view of these taxes, അവർ നൽകിയാൽ മതിയെന്നാണ്. അപ്പോൾ ഈ തുക പിരിച്ചാൽ സംസ്ഥാന സർക്കാരിനാണ് വരുന്നത്. സംസ്ഥാന സർക്കാർ അത് വേണ്ടെന്ന് വയ്ക്കുകയാണ്. കാരണം, ഡ്യൂട്ടി കുറയ്ക്കണം. കോർപ്പറേഷനിൽ പതിനഞ്ചര ശതമാനത്തിൽനിന്ന് 11 ശതമാനമായും മുനിസിപ്പാലിറ്റിയിൽ പതിനാലര ശതമാനത്തിൽനിന്ന് 10 ശതമാനമായും പഞ്ചായത്തുകളിൽ 12 ശതമാനത്തിൽനിന്ന് 9 ശതമാനമായും. അതാണ് യഥാർത്ഥത്തിൽ സംഭവിച്ചിട്ടുള്ളത്. ഇതു തന്നെയാണ് ഡിസന്റിലുള്ള രണ്ടാമത്തെ പോയിന്റിനുള്ള മറുപടിയും. ഈ മൂന്ന് ഇനംകൂടി ചേർത്താണ് രജിസ്ട്രേഷൻ ഫീ അടക്കം സ്റ്റാമ്പ് ഡ്യൂട്ടി പിരിക്കുന്നത്. അതിനെ അപേക്ഷിച്ച് ഞാൻ ഈ പറഞ്ഞ നികുതി കുറഞ്ഞിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടുകയല്ല ചെയ്തിട്ടുള്ളത്. അനുഭവത്തിന്റെയടിസ്ഥാനത്തിൽ ഇനിയും പടിപടിയായി അത് കുറയ്ക്കേണ്ടിവരും. കേന്ദ്ര സർക്കാരിന്റെ ധാരണ തന്നെ ഭാവിയിൽ 5 ശതമാനമായി കുറയ്ക്കണം എന്നുള്ളതാണ്. അത് ശരിയല്ല എന്ന് നമ്മളൊക്കെ പറയുന്നുണ്ടെങ്കിലും അർബൻ ഗ്രാന്റുകളൊക്കെ കിട്ടണമെങ്കിൽ കുറേശ്ശേയെങ്കിലും കുറച്ചുകൊണ്ട് വരേണ്ടിവരും. ഭാവിയിൽ വീണ്ടും കുറയ്ക്കുന്നതിനെക്കുറിച്ച് പിന്നീട് ആലോചിക്കും. മുക്ത്യാറുകൾക്ക് 1996-ലാണ് ഇന്നുള്ള നിരക്കുകൾ നിശ്ചയിച്ചത്. 14 വർഷത്തിനുശേഷമാണ് വീണ്ടും റിവൈസ് ചെയ്തത്. ഒരാൾ ദിവസവും മുക്ത്യാർ എടുക്കുന്നില്ല. ജീവിതത്തിൽ അത്യപൂർവ്വമായി ഒന്നോരണ്ടോ പ്രാവശ്യമാണ് വരുന്നത്. അപ്പോൾ ഒരു ചെറിയ തുക വർദ്ധനവ് വരുന്നതുകൊണ്ട് വലിയ നഷ്ടം വരില്ല. ഇതിനൊക്കെ നമ്മൾ തയ്യാറാകണം എന്നാണ് എനിക്ക് പറയാനുള്ളത്. മറ്റു ചില പ്രധാനപ്പെട്ട വിഷയങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. അതിൽ ഗൗരവമായിട്ടുള്ള ഒന്ന് ശ്രീ. ബാബു ഉന്നയിച്ച വാറ്റ് നികുതിയും ബിൽഡേഴ്സും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുമാണ്. ഡി.എൽ.എഫ്. പോലുള്ള വലിയ സ്ഥാപനങ്ങളെ നികുതിയിൽനിന്ന് ഒഴിവാകുന്നതിനുള്ള രീതികൾ കണ്ടുപിടിച്ചിട്ടുണ്ട്. അവർ സ്വന്തം ഉപയോഗത്തിന് എന്നു പറഞ്ഞ് പുറത്തുനിന്ന് കൺസ്ട്രക്ഷൻ മെറ്റീരിയൽസ് കൊണ്ടുവരുന്നു. എൻട്രി ടാക്സ് ഇല്ലാത്തുകൊണ്ട് നമുക്ക് നികുതി പിരിക്കാൻ പറ്റില്ല. ഇവിടെ കൊണ്ടുവന്ന് അവർ കെട്ടിടം പണിയുന്നു. പണിയുമ്പോൾ അവർ ടെനന്റിന് വിൽക്കില്ല. വിറ്റ് അതിന് രേഖയുണ്ടാക്കി രജിസ്റ്റർ ചെയ്താലല്ലേ സ്റ്റാമ്പ് ഡ്യൂട്ടി തരേണ്ടതുള്ളൂ. മറിച്ച് ഒരു ധാരണാപത്രമുണ്ടാക്കി അവിടെ താമസിക്കുകയും ചെയ്യുന്നു. ഭാവിയിൽ എന്നെങ്കിലും ഉടമസ്ഥന് അത് വിൽക്കേണ്ടി വരുമ്പോഴേ വിൽപ്പന അവകാശത്തിനുള്ള അവകാശം വേണ്ടതുള്ളൂ. കമ്പനിയിലൊക്കെ വിശ്വാസമുള്ളതുകൊണ്ട് അവർ ചോദിക്കുന്നുമില്ല, ഇത്രയും ലാഭം എന്നുള്ള രീതിയിൽ പോകുന്നു. അവർ ബോംബെയിലുമൊക്കെ ഈ രീതിയിലുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ട്. അങ്ങനെ രഹേജ കേസ്സിൽ ഇവർക്ക് എതിരായി ഒരു വിധി വന്നു. അതിന്റെയടിസ്ഥാനത്തിൽ കേരളത്തിൽ ഇവരെക്കുറിച്ച് ഒരു അസ്സസ്മെന്റ് നടത്തി അവർക്കെല്ലാം നോട്ടീസ് നൽകി. ഹൈക്കോടതി അത് സ്റ്റേ ചെയ്തിരിക്കുകയാണ്. ഇതാണ് അതിന്റെ സ്ഥിതി. ഇങ്ങനെ കേസ്സിൽ കുടുങ്ങി പോകാതെ ഒരു ധാരണയിൽ ഇപ്പോൾത്തന്നെ നികുതി പിരിക്കാൻ വേണ്ടിയാണ് ഇന്നത്തെ ബില്ലിൽ നിരക്ക് കുറച്ച് പറഞ്ഞത്. മുമ്പുള്ള ടെനന്റ്സിന് ബിൽ വന്ന് ആറ് മാസത്തിനുള്ളിൽ, എന്നായാലും അവർക്ക് രജിസ്റ്റർ ചെയ്യാമല്ലോ. ആറ് മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യുന്നെങ്കിൽ താഴ്ന്ന നിരക്ക് മതി എന്ന് പറഞ്ഞിട്ടുള്ളത് അതുകൊണ്ടാണ്. ഡി.എൽ.എഫ്.-നെ എങ്ങനേയും വിടുക എന്നുള്ളതല്ല, അവരെയൊക്കെ നികുതിയുടെ പരിധിയിൽ കൊണ്ടുവരാൻ പറ്റുമോയെന്നുള്ളതിന് കഠിന പരിശ്രമം ചെയ്തുകൊണ്ടിരിക്കുകയാണ്. രണ്ടാമത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ലോട്ടറി റെഗുലേഷൻ റൂൾസ് പ്രകാരം അന്യസംസ്ഥാന ലോട്ടറിയുടെ ട്രിക്കുകളും നമുക്ക് ഉപയോഗിച്ചു കൂടേയെന്ന് ചോദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ സ്പെസിഫിക്കായി അദ്ദേഹം പറഞ്ഞ കാര്യം കഴിഞ്ഞ സമ്മേളനത്തിലും പറഞ്ഞതാണ്. മൂന്നക്ക സംഖ്യക്ക് സമ്മാനം കൊടുക്കാൻ നിശ്ചയിച്ചു കഴിഞ്ഞാൽ ആകർഷകമായിതീരും. അങ്ങ് പറഞ്ഞപ്പോൾ തന്നെ അത് പരിശോധിക്കാൻ പറഞ്ഞിരുന്നു. ആ പരിശോധനയിൽ കണ്ടത് ഇപ്പോഴത്തെ ലോട്ടറി റെഗുലേഷൻ റൂൾസ് പ്രകാരം നാലക്കത്തിൽ കുറഞ്ഞ സമ്മാനഘടന വരാൻ പാടില്ല. അന്യസംസ്ഥാന ലോട്ടറികളെല്ലാം നാലക്കം എത്താൻവേണ്ടി മൂന്ന് അക്കത്തനു മുൻപിൽ ഒരു പൂജ്യം കൂടിചേർത്ത് നിയമവിരുദ്ധമായിട്ടുള്ള പ്രവർത്തനം നടത്തി. അത് സംസ്ഥാന സർക്കാർ നടത്തുന്ന ലോട്ടറിക്ക് ചെയ്യാൻ പറ്റില്ല. എന്നാൽ നമുക്ക് ഇത് നിയമം ലംഘിക്കുന്നു എന്ന് പറഞ്ഞ് നടപടിയെടുക്കുന്നതിനുള്ള അവകാശ വുമില്ല. ഇത്തരത്തിൽ നിയമലംഘനം നടത്തിക്കൊണ്ടിരിക്കുമ്പോൾ ഇവിടെ നടപടി സ്വീകരിക്കണമെന്നു പറഞ്ഞ് കേന്ദ്ര സർക്കാരിന് കത്ത് കൊടുത്തിട്ടുണ്ട്. സുപ്രീം കോടതിയിൽ നടക്കുന്ന കേസിലും നമ്മൾ ഒരു വാദമായി വച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സാധാരണഗതിയിൽ, law of the land ആണ്. നമ്മുടെ സംസ്ഥാനത്ത് നിയമവിരുദ്ധമായ ഒരു കാര്യം ഏതെങ്കിലും ഒരു ലോട്ടറി കച്ചവടക്കാരൻ നടത്തിയാൽ അത് സംസ്ഥാനത്ത് നിലനിൽക്കുന്ന നിയമത്തിന് വിരുദ്ധമാണെങ്കിൽ ചീറ്റിംഗിന് നമുക്ക് കേസ് എടുക്കരുതോ ?

ഡോ. തോമസ് ഐസക് : നമുക്ക് വേണമെങ്കിൽ ഒരുമിച്ച് റൂൾസ് ആന്റ് റെഗുലേഷൻസ് വായിച്ചുനോക്കാം. ലോട്ടറിയുടെ കാര്യത്തിൽ കേന്ദ്ര സർക്കാരിനോട് ഇതാ ഇയാൾ തെറ്റ് ചെയ്തിട്ടുണ്ട് എന്ന് ചൂണ്ടിക്കാണിക്കാം. അതിന്റെ അടിസ്ഥാനത്തിൽ ആ സർക്കാരിനെ അറിയിക്കാം. എന്നിട്ടും തിരുത്തിയില്ലെങ്കിൽ നടപടിയെടുക്കണം എന്നുപറഞ്ഞ് ആവശ്യപ്പെടാം. ഇതാണ് വച്ചിരിക്കുന്ന പ്രൊസീഡുവർ. കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. ബാബു : ആ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ?

ഡോ. തോമസ് ഐസക് : അറിയിച്ചിട്ടുണ്ട്. സിക്കിമിന്റേയും മറ്റും.

ശ്രീ. കെ. ബാബു : എന്ന് അറിയിച്ചു ?

ഡോ. തോമസ് ഐസക് : അത് എനിക്കറിയില്ല, എന്ന് അറിയിച്ചു എന്നുപറയാൻ പറ്റില്ല. കേന്ദ്രസർക്കാരിനെ അറിയിച്ചത് ഞാൻ തരാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇങ്ങനെ പ്രത്യക്ഷത്തിൽ ഒരു തട്ടിപ്പാണെന്ന് നമുക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ള ഒരു കാര്യം, ആ തട്ടിപ്പ് ഇല്ലാതാക്കുന്നതിനുവേണ്ടി എന്തെങ്കിലും നിയമപരമായ മാർഗ്ഗം ആരായാൻ നമുക്ക് കഴിയില്ലല്ലോ ? അതിന് എന്ത് നടപടിയെക്കുറിച്ചാണ് ഗവൺമെന്റ് ചിന്തിച്ചുകൊണ്ടിരിക്കുന്നത് ?

ഡോ. തോമസ് ഐസക് : ഇപ്പോൾ സുപ്രീം കോടതിയിൽ നിന്ന് കേസ് ചാർജ്ജ് ചെയ്യുന്നതിനുള്ള അനുവാദം കിട്ടിയിട്ടുണ്ട്. കേസ് ചാർജ്ജ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ട്. അത്രയേ അനുവാദമുള്ളൂ. ഫർദർ കാര്യങ്ങൾക്ക് വീണ്ടും സുപ്രീം കോടതിയിൽ സമർപ്പിച്ചിരിക്കുകയാണ്. കേസന്വേഷണം നടത്തി അതിന്റെ അടിസ്ഥാനത്തിൽ തെറ്റുകാരാരാണെന്ന് കണ്ടിട്ടുണ്ട്. ഞങ്ങൾ കേസ് ചാർജ്ജ് ചെയ്തിരിക്കുകയാണ്. തുടർ നടപടികൾക്ക് അനുവാദം വേണം എന്ന് സുപ്രീം കോടതിയിൽ ആവശ്യപ്പെട്ടിരിക്കയാണ്.

ശ്രീ. കെ. സി. ജോസഫ് : കേസ് ചാർജ്ജ് ചെയ്തെങ്കിൽ അവരോട് ഓപ്പറേഷൻ സ്റ്റേ വാങ്ങാൻ പറ്റില്ലേ ?

ഡോ. തോമസ് ഐസക് : സുപ്രീം കോടതി എക്സ്പ്ലിസിറ്റായി അതൊഴിച്ചുള്ള കാര്യങ്ങൾ ചെയ്യാനുള്ള അവകാശമേ തന്നിട്ടുള്ളൂ. മറ്റൊന്ന് ശ്രീ. ബാബു പറഞ്ഞ അപ്പീലിനെക്കുറിച്ചുള്ള കാര്യം. കഴിഞ്ഞ വർഷം ഫസ്റ്റ് അപ്പീൽ ട്രിബ്യൂണലിൽ വയ്ക്കാൻ ഇതുവരെ വ്യവസ്ഥ നോട്ടിഫൈ ചെയ്തിട്ടില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, സുപ്രീം കോടതിയിൽ ഈ കേസ് നേരെചൊവ്വേ നടത്തിയിട്ടില്ല എന്നുള്ള ചില റിപ്പോർട്ടുകളും പത്രങ്ങളിൽ കാണുന്നു. വേറൊരു കാര്യം ശ്രീ. സിബി മാത്യു എന്നുപറയുന്ന ഐ.ജി. യുടെ അന്വേഷണം നടന്ന ആ റിപ്പോർട്ട്, പല കാര്യങ്ങളെക്കുറിച്ചും ഇതിനകത്തു നടന്ന തകരാറുകളെക്കുറിച്ചും ചൂണ്ടിക്കാണിച്ചു എന്നു പറയുന്നുണ്ട്. അത് എത്രത്തോളം ശരിയാണ്, അങ്ങനെ വല്ലതും ചൂണ്ടിക്കാണിച്ചിട്ടുണ്ടോ ? അതും പത്ര റിപ്പോർട്ടാണ് ഞാൻ പറയുന്നത്.

ഡോ. തോമസ് ഐസക് : ശ്രീ. സിബി മാത്യുവിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സുപ്രീം കോടതിയിൽ നമ്മുടെ വാദമുഖങ്ങൾ സമർപ്പിച്ചിട്ടുള്ളത്.

ശ്രീ. കെ. ബാബു : ഗവൺമെന്റ് ഓഫ് ഇൻഡ്യ, മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സ് നോട്ടിഫിക്കേഷൻ, അതിനകത്ത് പാര 22-ൽ പറയുന്നു, Every State Government shall ensure that no lottery in any form is organised by any authority other than the organised State or its appointed distributors or selling agents within its jurisdiction." ഇതനുസരിച്ചുള്ള നടപടിയാണോ എടുത്തിട്ടുള്ളത് ?

ഡോ. തോമസ് ഐസക് : ഇങ്ങനെയുണ്ടെങ്കിൽ എന്തുചെയ്യാം ആ റെഗുലേഷൻ തന്നെ നിങ്ങൾ വായിച്ചാൽ കാണാമല്ലോ. കേന്ദ്ര സർക്കാരിനെ അറിയിക്കണം. അവർ തീരുമാനിക്കും. ഇതിങ്ങനെ ലംഘിക്കുന്നുണ്ടോ ഇല്ലയോ എന്ന് നിങ്ങൾ മേൽനോട്ടം വഹിക്കണം.

ശ്രീ. കെ. ബാബു : ഇതിനകത്ത് 22-ാം വകുപ്പിൽ പറയുന്നത് "Every State Government shall ensure that no lottery...." ബാക്കി ഞാൻ നേരത്തെ വായിച്ചത് തന്നെ. അപ്പോൾ എന്താ എൻഷ്വർ ചെയ്യുന്നതെന്നാണ് ഞാൻ ചോദിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : എൻഷ്വർ ചെയ്യാനുള്ള പ്രൊസീഡ്യുവറും ആ റെഗുലേഷനിൽ ഉണ്ട്. അപ്പോൾ നിങ്ങളുടെ റെഗുലേഷന്റെ കോപ്പി എന്റെ കൈവശം ഇല്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല, നാളത്തെ ചർച്ചയിൽ ഞാനും വായിച്ചു കേൾപ്പിക്കാം എന്താണ് എൻഷ്വർ ചെയ്യാനുള്ള പ്രൊസീഡ്യുവറെന്ന്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞാനൊരു കോമൺസെൻസ് വച്ച് ചോദിക്കുകയാണ്, ഞാൻ ആ നോട്ട് കണ്ടിട്ടില്ല. പക്ഷെ 'It shall ensure by the State Government' എന്നുവന്നാൽ സാധാരണ ഗതിയിൽ സംസ്ഥാന ഗവൺമെന്റിന് ഇതിന്മേൽ നടപടിയെടുക്കാൻ, കോഗ്നൈസിബിളായിട്ടുള്ള ഒരു ഓഫൻസാണ്. നടപടി എടുക്കുന്നതിനു വേണ്ടിയുള്ള അധികാരമില്ലേ ?

ഡോ. തോമസ് ഐസക് : സാമാന്യബുദ്ധിക്ക് എതിരായിട്ടുള്ള വ്യവസ്ഥയാണ് റെഗുലേഷനിലുള്ളത്. നിയമസഭയിൽ നാളത്തെ ചർച്ചയിൽ ഞാൻ റെഗുലേഷൻ കൊണ്ടുവന്ന് വായിച്ചു കേൾപ്പിക്കാം. ഈ ഫസ്റ്റ് ട്രിബ്യൂണൽസിനെ രൂപീകരിച്ചിട്ടില്ല. എന്നാൽ അതിന് കൂടുതൽ ബഞ്ചുകൾ അനുവദിക്കുന്നതിനുവേണ്ടി ഹൈക്കോടതിയിൽ കത്തയച്ചിട്ടുണ്ട്. അവരുടെ തീരുമാനം അല്ലെങ്കിൽ അവരുടെ റെക്കമെന്റേഷൻ നമ്മൾ കാത്തിരിക്കുകയാണ്. ആ സമയത്ത് വാറ്റ് ഇന്ന് നിലവിലുള്ള ഒരുപാട് അപ്പീൽസ് കേട്ടുനിൽക്കേണ്ടതുണ്ട്. കെ.ജി.എസ്.ടി. കേസുകൾ രണ്ട് ലക്ഷത്തിൽപ്പരമുണ്ടായത് കുറച്ച് കുറച്ച് ഇപ്പോൾ ഏതാണ്ട് നാമമാത്രമായി, ആയിരമേ ഉള്ളൂ. ഇത്രയും ബാക്കിവരാൻ കാരണം ഇത് പലതും കേസിൽ കിടക്കുകയാണ്. കേസ് സെറ്റിൽ ചെയ്താലേ തീർക്കാൻ പറ്റുകയുള്ളൂ. അപ്പോൾ ഉള്ള സ്റ്റാഫ് മുഴുവനും ഈ കേസിൽ കോൺസൻട്രേറ്റ് ചെയ്തതുകൊണ്ട് വാറ്റ് അപ്പീലുകൾ കേൾക്കുന്നതിൽ വലിയ കുടിശ്ശിക വന്നിട്ടുണ്ട്. അത് യുദ്ധകാലാടിസ്ഥാനത്തിൽ തീർക്കുന്നതിനു വേണ്ടിയാണ് അസിസ്റ്റന്റ് കമ്മീഷണർമാർക്ക് കൂടി അപ്പീൽ കേൾക്കാനുള്ള അനുവാദം നൽകിയത്.

ശ്രീ. പി. സി. ജോർജ് : അങ്ങ് സഭയിൽ ചർച്ചയ്ക്കിടയിൽ പറഞ്ഞു സോപ്പ് കമ്പനിയുടെ കാര്യം. സബ്ജക്ട് കമ്മിറ്റിയിൽ അങ്ങ് പറഞ്ഞതാണ് പന്ത്രണ്ടരയാണെങ്കിൽ നാല് ശതമാനമാക്കാം എന്ന്. സബ്ജക്ട് കമ്മിറ്റിയിൽ അങ്ങ് നാല് ശതമാനമാക്കണമെന്ന് അഭിപ്രായം പറഞ്ഞതാണ്. പക്ഷെ, മെമ്പർമാർ ഒരു തീരുമാനം പറയാത്തതുകൊണ്ടാണ് അത് കുറയ്ക്കാൻ കഴിയാത്തതെന്ന് അങ്ങ് പറഞ്ഞു. ആ കമ്മിറ്റിയിൽ അന്ന് ഉണ്ടായിരുന്ന എല്ലാവരോടും നടന്ന് അന്വേഷിച്ച് ചോദിച്ചു. അവരെല്ലാം ഇതിന് അനുകൂലമാണ്. അപ്പോൾ അങ്ങേയ്ക്ക് ഇതിനൊരു തർക്കവുമില്ല, ഇവിടെ വച്ച് അങ്ങ് പ്രഖ്യാപിച്ച് ആ പാവപ്പെട്ട ചെറുകിട സോപ്പ് കമ്പനിക്കാരെ രക്ഷിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

ഡോ. തോമസ് ഐസക് : ഞാൻ അതിന്റെ നിയമവശം ആലോചിക്കാം, എന്താണ് അതിന് കൃത്യമായിട്ട് വേണ്ടതെന്നുള്ളത്. മുൻകാല പ്രാബല്യം നൽകുന്നതിന് എന്താ ചെയ്യേണ്ടതെന്നുവച്ചാൽ നമുക്ക് നോക്കാം. എല്ലാവർക്കും സമ്മതമാണെന്നുണ്ടെങ്കിൽ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞാൻ ശ്രീ. പി. സി. ജോർജ് പറഞ്ഞതു തന്നെ പറയുകയാണ്. ഹാന്റ്മെയ്ഡ് സോപ്പ് എന്നുപറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

നാട്ടിൻപുറത്തൊക്കെ ഉണ്ടാകുന്ന എത്രയോ അധികം ആയിരക്കണക്കിന് ആളുകൾ ജോലിചെയ്തുകൊണ്ടിരിക്കുന്നതാണ്. അവർക്ക് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യം അവർക്ക് നേരത്തെ കൊടുക്കാൻ അർഹതയുള്ളതല്ലേ ? അവർക്ക് നേരത്തെ അർഹതയില്ലെങ്കിൽ ഇപ്പോഴും കൊടുക്കരുതായിരുന്നു. ഇപ്പോൾ കൊടുക്കാൻ ഗവൺമെന്റ് തീരുമാനമെടുത്താൽ അതിനർത്ഥം നേരത്തെയും കൊടുക്കാൻ അവർക്ക് കഴിയുമായിരുന്നു എന്നുള്ളതാണ്. അത് കൊടുക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്.

ശ്രീ. പി. സി. ജോർജ് : ഇത് സബ്ജക്ട് കമ്മിറ്റിയിലെ അംഗങ്ങൾ ബഹുമാനപ്പെട്ട രാജു എബ്രഹാം ഉൾപ്പെടെയുള്ളവർ, ഞാൻ എല്ലാവരോടും നടന്നു ചോദിക്കുകയുണ്ടായി എല്ലാവരും അത് എഗ്രി ചെയ്തിട്ടുണ്ട്. ഇനി അങ്ങ് ഒരു തീരുമാനം പ്രഖ്യാപിച്ചാൽ മതി.

ഡോ. തോമസ് ഐസക് : ശരി, അത് പരിശോധിക്കാം. അത് സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാം. അവിടെ വന്ന ചർച്ച ഇവിടെ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ പറഞ്ഞല്ലോ എനിക്ക് സമ്മതമായിരുന്നു. എന്നാൽ അവിടെ നടന്ന ചർച്ച ഇവിടെ പറയുന്നില്ല. പക്ഷെ, ഒരു കോൺസെൻസസിന്റെ അടിസ്ഥാനത്തിലല്ലാതെ മുൻകാല പ്രാബല്യം ഒന്നിനും കൊടുക്കാൻ തയ്യാറല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : ചർച്ചയുണ്ടാകുന്നത് ഹൗസിലാണല്ലോ വേണ്ടത്. ഇതാണല്ലോ നിയമനിർമ്മാണ സഭ. അപ്പോൾ ഇവിടെത്തന്നെയുണ്ടല്ലോ. ഈ ഹൗസാണല്ലോ ഇതിന് ഭേദഗതി കൊണ്ടുവരേണ്ടതുമെല്ലാം. ഈ ഹൗസിന്റെ കോൺസെൻസസ് ഉണ്ട്. അപ്പോൾ പിന്നെ വേറെ ഏതാ വേണ്ടത്.

ഡോ. തോമസ് ഐസക് : അതിൽ എനിക്ക് തർക്കമില്ല, പക്ഷെ, ഇങ്ങനെ ഒരു കാര്യം ചെയ്യുമ്പോൾ എല്ലാവർക്കും യോജിപ്പില്ലെങ്കിൽ നാളെ ഇത് ചെയ്തതിന് കാരണം വേറെയാണെന്നു പറയും. അതുകൊണ്ടാണ് ഇപ്പോൾ കോൺസെൻസസ് വന്നിരിക്കുന്നത്. ആ നിയമപ്രകാരം എങ്ങനെ ചെയ്യാമെന്നുള്ളത് നമുക്ക് പരിശോധിക്കാം. ആ വകുപ്പ് എടുത്ത് ചെയ്യണ്ടേ, അതിന്റെ ടെക്നിക്കലായിട്ട് ഒന്ന് നോക്കിക്കോട്ടെ. അടുത്തത് ഡി.ടി. എച്ച്.-നെകുറിച്ചുള്ളതാണ്. നികുതി ഒരു ശതമാനം എന്നുള്ളത് രണ്ട് ശതമാനമാക്കിയത്. എന്നാലും ആ സ്പെസിഫിക് ക്ലോസ് ഒന്ന് formulate ചെയ്യണ്ടേ. അവർ നോക്കട്ടെ. എന്നുപറഞ്ഞാൽ extempore ആയിട്ട് അങ്ങനെയങ്ങ് പ്രഖ്യാപിക്കാൻ പറ്റില്ലല്ലോ. ഡി.ടി.എച്ച്.-ന്റെ നികുതി അതിന്റെ പിന്നിലെ ഒരു കാഴ്ചപ്പാട്, സോപ്പിന്റെ കാര്യം, അത് ബുദ്ധിമുട്ടാണ്. എന്തുകൊണ്ടെന്നാൽ, ചില വലിയ കമ്പനികൾ സോപ്പിന്റെ നികുതി പന്ത്രണ്ടര ശതമാനം വച്ച് അടച്ചിട്ടുണ്ട്. അപ്പോൾ ഇങ്ങനെ മുൻകാല പ്രാബല്യത്തോടെ ഒരു ക്ലോസ് കൊണ്ടുവന്നുകഴിഞ്ഞാൽ അവർക്ക് റീ-ഫണ്ട് കൊടുക്കേണ്ടിവരും. ഈ പറഞ്ഞ പാവങ്ങളെ എങ്ങനെയാ സഹായിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പറ്റുക എന്നുള്ളത് നമുക്ക് വേറെ ആലോചിക്കാം. ഇതിപ്പോൾ മെഡിമിക്സ് ഒക്കെ പോലുള്ള വലിയ കമ്പനികൾക്ക് വലിയ തോതിൽ റീ-ഫണ്ട് നൽകുന്നതിലേക്ക് പോകേണ്ടിവരുമെന്നുള്ളതാണ്. അതുകൊണ്ടാണ് ഞാൻ ഹെസിറ്റേറ്റ് ചെയ്തത്. ഡി.ടി.എച്ച്.-ന്റെ പിന്നിലുള്ള സമീപനമെന്താണെന്നു വച്ചാൽ കേരളത്തിന്റെ ഒരു പ്രത്യേകതയാണ് ഇവിടത്തെ കേബിൾ ഓപ്പറേറ്റേഴ്സ് മറ്റുള്ള വലിയ കേബിൾ കമ്പനികളുടെ വെറും ഡിസ്ട്രിബ്യൂട്ടേഴ്സല്ല, കണ്ടന്റ് പ്രൊവൈഡേഴ്സ് കൂടിയാണ്. പ്രാദേശിക ന്യൂസ്, പ്രാദേശിക പരിപാടികൾ ഇതെല്ലാം പ്രൊവൈഡ് ചെയ്യുന്നതാണ്. ഇത് നമ്മുടെ ഒരു മാധ്യമ ജനാധിപത്യത്തിന് വലിയ ഒരു സംഭാവനയാണ്. ഏറ്റവും വികേന്ദ്രീകൃതമായ രീതിയിൽ പ്രാദേശികമായി വാർത്തകളും മറ്റും നൽകാൻ പറ്റുന്നു എന്നുള്ളതാണ്. സാധാരണഗതിയിൽ വിഷ്വൽ മീഡിയയിൽ കോൺസെൻട്രേഷൻ വളരെ ഹൈ ആണ്. എന്നാൽ കേരളത്തിൽ ഭാഗ്യവശാൽ ഇങ്ങനെ ഒരു സാഹചര്യമുണ്ട്. എന്നാൽ ഇതിനെതിരായി വലിയ സമ്മർദ്ദമാണ് മേജർ എം. എസ്. ഓപ്പറേറ്റേഴ്സിന്റെ സിസ്റ്റംസ് അല്ലെങ്കിൽ ശൃംഖലകൾ ഒക്കെ കൊണ്ടുവരുന്നത്. അതിന്റെ ഭാഗമായിട്ട് കൂടിയാണ് ഡി. ടി. എച്ച്.-വരുന്നത്. ഇത് ഇവരുടെ ശൃംഖലകളുടെ താല്പര്യങ്ങൾക്ക് എതിരായിട്ടുള്ള ഒന്നാണ്. സംസ്ഥാന സർക്കാർ ഇപ്പോൾ എടുക്കാൻ തീരുമാനിച്ചിരിക്കുന്ന സമീപനം കേരളത്തിലെ ചെറുകിട കേബിൾ ഓപ്പറേറ്റേഴ്സിനെ സംരക്ഷിക്കണമെന്നുള്ളതാണ്. അതുകൊണ്ടാണ് 7500 രൂപ വരെയുള്ളവരെ നികുതിയിൽ നിന്ന് പൂർണ്ണമായിട്ട് ഒഴിവാക്കുന്നതിനും ഡി.ടി.എച്ച്.-അടക്കമുള്ളതിന് ഇത്തരത്തിൽ നികുതി ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചത്. അതുകൊണ്ട് അതിൽനിന്ന് മാറാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഈ കേബിൾ ഓപ്പറേറ്റേഴ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അവരുടെ കേബിൾ വലിച്ചുകൊണ്ട് വരുന്ന ഇലക്ട്രിക്കൽ പോസ്റ്റിലെ ചാർജാണ്. ഇലക്ട്രിസിറ്റിക്ക് പ്രത്യേകിച്ച് അഡീഷണലായിട്ട് ഒരു എക്സ്പെൻഡിച്ചറും വരുന്നില്ല. നിലവിലുള്ള പോസ്റ്റിന്റെ മുകളിലാണ് ഈ കേബിൾ വലിച്ചുപോകുന്നത്. ഇലക്ട്രിസിറ്റി ചാർജ് 7 എന്നുപറയുന്ന കാറ്റഗറിയിൽപ്പെടുത്തിയാണ് ഇവരുടെ താരിഫ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്. അത് കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

<u>ഡോ. തോമസ് ഐസക്</u>: അത് സംബന്ധിച്ച് ഒരു അഷ്വറൻസും ഹൗസിന് നൽകാൻ കഴിയില്ല. അത് പരിഗണിക്കേണ്ടുന്ന ഒരു കാര്യമായിട്ടാണ് ഞാൻ കരുതുന്നത്. അത് പ്രത്യേകം പരിശോധിക്കാം. പിന്നെ ശ്രീ. ബാബു പറയുകയുണ്ടായി, ഇപ്പോൾ നികുതി പിരിവ് ഊർജ്ജിതമാക്കാൻവേണ്ടി വളരെ ഇൻഫ്ളേറ്റഡ് ആയിട്ടുള്ള അസെസ്സ്മെന്റ് കൊടുത്ത് വ്യാപാരികളെയാകെ പീഡിപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന്. യഥാർത്ഥത്തിൽ അങ്ങനെയല്ല. സെൽഫ് അസെസ്സ്മെന്റ് തന്നെയാണ്. ഞങ്ങൾ കണക്കുകൾ ആകെ പരിശോധിച്ചപ്പോൾ ഒന്നേകാൽ ലക്ഷം വ്യാപാരികളുള്ളതിൽ 25,000

LIBRARY ARCHIVES Kerala Legislative Assembly

പേർ നികുതി സർക്കാരിനു തരുന്നതിനുപകരം സർക്കാരിന്റെ കൈയിൽനിന്ന് നികുതി അങ്ങോട്ടു വാങ്ങിച്ചുകൊണ്ടിരിക്കുകയാണ്. കാരണം വാറ്റ് നികുതി സംപ്രദായമെന്നുപറഞ്ഞാൽ ഓരോ വ്യാപാരിയും ചരക്കു വിൽക്കുമ്പോൾ ഉപഭോക്താവിന്റെ കൈയിൽനിന്ന് അല്ലെങ്കിൽ വാങ്ങിക്കുന്ന ആളിന്റെ കൈയിൽനിന്ന് നികുതി വാങ്ങിക്കും. അതു മുഴുവൻ സർക്കാരിന് കൊടുക്കണ്ട, ഈ ചരക്കുകൾ വാങ്ങിയപ്പോൾ കൊടുക്കേണ്ടിവന്ന നികുതി കിഴിച്ച് ശിഷ്ടം വരുന്നത് കൊടുത്താൽ മതി. Output tax-ൽനിന്ന് input tax-കിഴിച്ച് ശിഷ്ടം വരുന്നത് സർക്കാരിന് കൊടുത്താൽ മതി. കണക്കുകൾ നോക്കിയപ്പോൾ ഇരുപത്തിയയ്യായിരം പേരാണ് സർക്കാരിനുവേണ്ടി പിരിച്ച നികുതിയേക്കാൾ കൂടുതൽ നികുതി ഞങ്ങൾ നൽകിയെന്നുപറഞ്ഞ് സർക്കാരിൽനിന്ന് പണം അങ്ങോട്ടുവാങ്ങിക്കാൻ, excess input tax ക്ലെയിം ചെയ്തിരിക്കുന്നത്. 382 കോടി രൂപ വരും, സെൽഫ് അസെസ്സ്മെന്റ്. ഇനി ഒരു പടി കൂടി കടന്ന് excess input tax-ക്ലെയിം' ചെയ്തില്ലെങ്കിലും ഏതാണ്ട് output tax-ഉം input tax-ഉം തുല്യം വരുന്ന വ്യാപാരികൾ ഭൂരിപക്ഷമാണ്. അപ്പോൾ ഇതാണ് ഇന്നത്തെ നില. നിങ്ങൾ പറഞ്ഞതുപോലെയല്ല. അപ്പോൾ ഇതിനെതിരെയുള്ള പ്രതിവിധിയെന്താണ്? ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളെ മാർ ഇവാനിയോസ് കോളേജിലേക്ക് ക്ഷണിക്കുകയാണ്. അവിടെ ഇരുന്നൂറിൽപ്പരം കമ്പ്യൂട്ടറുകൾ ഒരു ഹാൾ മുഴുവൻ വച്ച് സെയിൽസ്ടാക്സിലെ മുഴുവൻ ആഫീസർമാരും ക്ലാർക്കുമാരും ബാച്ച് ബാച്ചായിട്ടുവന്ന് രണ്ടുദിവസത്തെ പരിശീലനം നേടുകയാണ്. പണ്ടാണെങ്കിൽ ഇതിനെതിരെ ഒന്നും ചെയ്യാൻ പറ്റില്ലായിരുന്നു. ഇദ്ദേഹം പറഞ്ഞതുപോലെ ഇൻഫ്ളേറ്റ്ഡ് അസെസ്സ്മെന്റ് കൊടുത്ത് ബഹളവും തർക്കവുമായിട്ട് പോകാം. ഇപ്പോൾ കമ്പ്യൂട്ടറൈസേഷന്റെ ഫലമായിട്ട് കേരളത്തിലെ മുഴുവൻ വ്യാപാരികളുടേയും ഓരോ മാസവുമുള്ള റിട്ടേൺസ് കണക്കുകൾ ഒരു വർഷത്തേക്ക് ശേഖരിച്ചിട്ടുണ്ട്. അപ്പോൾ ഒരു വ്യാപാരി, ഞങ്ങൾ ഒരുപാട് ഇൻപുട്ട് ടാക്സ് കൊടുത്തു, അത് ക്ലെയിം ചെയ്യാൻ വന്നാൽ, വിറ്റ ആളുടെ കണക്കിൽ ഇതുണ്ടോ എന്ന് നോക്കണം. ഒരാൾ വാങ്ങുന്ന കണക്കിൽപ്പെടുത്തിയാൽ വിറ്റ ആളുടെ കണക്കിൽ കാണണമല്ലോ, അതിന്റെ ക്രോസ് വെരിഫിക്കേഷൻ. ഒരാൾ തുടർച്ചയായി ഹൈ ഇൻപുട്ട് ടാക്സ് ക്ലെയിം ചെയ്തുകൊണ്ടിരുന്നാൽ ശ്രീ. ബാബു പറഞ്ഞതുപോലെ അവിടെ സ്റ്റോക്കിൽ കാണും. ഈ രീതിയിൽ ശാസ്ത്രീയമായിട്ട് എങ്ങനെ കണക്കു നോക്കി വെട്ടിപ്പ് കണ്ടുപിടിക്കാൻ പറ്റുമെന്നുള്ളതിന് ഒരു ക്രാഷ് ട്രെയിനിംഗ് പ്രോഗ്രാം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 2009-2010-ലെ അക്കൗണ്ടുകൾ സ്ക്രൂട്ടിണി നടത്താൻ പോകുകയാണ്. ഇത് പതിവില്ലാത്ത ഒരു കാര്യമാണ്. ആകെ ഇരുപത് ഇരുപത്തിയഞ്ചു ശതമാനമാണ് സ്ക്രൂട്ടിണി ചെയ്തിട്ടുള്ളത്. അതു മാറിയിട്ട് ഈ പരിശീലനത്തിന്റെ ഫോളോ അപ് ആയിട്ട് രണ്ടു മാസത്തിനുള്ളിൽ മുഴുവൻ അക്കൗണ്ടുകളും കഴിഞ്ഞ വർഷത്തെ റിട്ടേണുകളും സ്ക്രൂട്ടിണി ചെയ്യും. അത് കേരളത്തിന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കും. ഇത് നോക്കാനാളുണ്ടെന്ന് കണ്ടാൽ മതി പിടിക്കണ്ട, നോക്കാനാളുണ്ടെന്നു കണ്ടു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞാൽ കംപ്ലയിൻസ് കൂടും അപ്പോൾ ആ രീതിയാണ് അവലംബിക്കാനുദ്ദേശിക്കുന്നത്. ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്. ചെന്നാൽ കാണാൻ നല്ലൊരു അനുഭവമായിരിക്കും. അടുത്ത ചോദ്യം കെ.ജി.എസ്.ടി.-അസെസ്സ്മെന്റ് എന്നു തീരുമെന്നുള്ളതാണ്. ചില കേസുകളുണ്ടായതുകൊണ്ടാണ് അസെസ്സ്മെന്റ് തീർക്കാൻ പറ്റാത്തത്. ഇനി ഏതാണ്ട് രണ്ടായിരമോ മൂവായിരമോ മാത്രമേ ബാക്കിയുള്ളൂ. അതുകൊണ്ട് ഒരു സംശയവും വേണ്ട പൂർണ്ണമായി ഈ വർഷം തീരും. ശ്രീ. ജയരാജ് ഉന്നയിച്ച ഒരു ചോദ്യം, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിനെക്കുറിച്ചുള്ളതാണ്. അതിന് ഉത്തരം പറയാൻ ഞാൻ ആളല്ല. ഇൻഡ്യയിൽ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് മാത്രമല്ല ഇതുപോലെ റീജിയണൽ സാമൂഹിക ഗവേഷണ പഠന സ്ഥാപനങ്ങൾ മദിരാശിയിലുണ്ട്, മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസ്, ബാംഗ്ലൂരുണ്ട്. ഇതൊക്കെ സ്ഥാപിച്ചിട്ടുള്ളത് വളരെ പ്രഗൽഭരായിട്ടുള്ള ആളുകളാണ്. ഡോ. രാജ് പോലും ഇങ്ങനെ ആഗ്രഹിക്കുന്നുണ്ടോയെന്ന് എനിക്ക് അറിയാൻ കഴിയില്ല. എന്നാൽ എന്തുകൊണ്ട് ഒരു കോടി രൂപ ലൈബ്രറിക്ക് വച്ചു എന്നുചോദിച്ചുകഴിഞ്ഞാൽ ആ സ്ഥാപനം നടത്തുന്നവർ ഇങ്ങോട്ടുപറഞ്ഞു, ഇത്തരത്തിൽ ലൈബ്രറി ശ്രീ. കെ. എൻ. രാജിന്റെ പേരിലാക്കാൻ ഉദ്ദേശിക്കുന്നു. അതിനുവേണ്ടി ഒരു കോടി രൂപ തരണമെന്നു പറഞ്ഞു. എന്റെ സംഭാവനയെന്താണെന്നുവച്ചാൽ ആ ലൈബ്രറിക്കുള്ള കോർപ്പസ് ഫണ്ട് ആയി കൊടുക്കുന്നതിനുപകരം കേരളത്തിലെ സർവ്വകലാശാലകളിൽനിന്നും പുറത്തുള്ളവർക്ക് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിൽ പോയി താമസിച്ച് പഠിക്കുന്നതിനുള്ള ചെലവ് നൽകാൻ വേണ്ടി കോർപ്പസ് ഫണ്ടായിട്ട് ഒരു കോടി രൂപ കൊടുക്കുന്നു. ഇനി മറ്റെന്തെങ്കിലും വേണമോയെന്നുള്ളത് ആ സ്ഥാപനത്തിന് ഗവേണിംഗ് ബോഡിയുണ്ട്. ഫാക്കൽറ്റി കമ്മിറ്റിയുണ്ട്. അവർ തീരുമാനിക്കുമെന്നല്ലാതെ സംസ്ഥാന സർക്കാർ ഇടപെടുന്ന പ്രശ്നമില്ല.

ശ്രീ. കെ. ബാബു : ഇതുമായി ബന്ധപ്പെട്ട കാര്യമല്ല, ചെക്ക് പോസ്റ്റുകളുടെ കാര്യമാണ്. കറുകുറ്റിയിൽ ഒരു ചെക്ക്പോസ്റ്റുണ്ടായിരുന്നു. അതുപോലെ കോട്ടപ്പുറത്തും, കോട്ടപ്പുറം അങ്ങേയ്ക്ക് നല്ലതുപോലെ അറിയാം. ഇത് എന്തുകൊണ്ടാണ് നിറുത്തലാക്കിയത് ? കറുകുറ്റി ചെക്ക്പോസ്റ്റാണെങ്കിൽ അങ്ങ് സ്ഥലം വന്നുകണ്ടു പരിശോധിച്ചു, കൂടുതൽ വിപുലീകരിക്കാൻ സ്ഥലം അക്വയർ ചെയ്യുകയും ചെയ്തു. പെട്ടെന്ന് ഒരു സുപ്രഭാതത്തിലാണ് നിറുത്തലാക്കിയത്. അത് എന്തുകൊണ്ടാണെന്ന് പറയാമോ ? അതുപോലെ വേറൊരു കാര്യം കൂടി എയർപോർട്ടുവഴിയും പോർട്ടുവഴിയും നടക്കുന്ന ഇപ്പോഴുള്ള ചരക്കു കൊണ്ടുവന്നാൽ പരിശോധിക്കാൻ യാതൊരു സംവിധാനവുമില്ല. അതുകൂടി പറയാമോ ?

ഡോ. തോമസ് ഐസക് : ചെക്ക് പോസ്റ്റ് എന്തിനാണ്? പുറത്തുനിന്ന് നമ്മുടെ സംസ്ഥാനത്തേക്കുവരുന്ന ചരക്കുകൾ അവയ്ക്ക് നിയമാനുസൃതമായ എല്ലാ രേഖകളുമായി കൊണ്ടുവരുന്നതാണോ എന്നു നോക്കാൻവേണ്ടിയാണ്. അപ്പോൾ ഈ രണ്ടു ചെക്കുപോസ്റ്റുകൾ ഇന്റേണൽ

LIBRARY ARCHIVES Kerala Legislative Assembly

ചെക്കുപോസ്റ്റുകളാണ്. മുഖ്യമായി കൊച്ചി പോർട്ടിൽനിന്ന് വരുന്ന ചരക്കുകൾ ഈ വഴി പോകുമ്പോൾ അതിന്റെ കടലാസുകൾ നോക്കാൻ വേണ്ടിയിട്ടാണ്, അതാണ് മുഖ്യമായും നോക്കുന്നത്. അവിടെ ചെക്ക്പോസ്റ്റുണ്ട്. ഇന്റേണലിന്റെ ലക്ഷ്യമിതാണ്. കറുകുറ്റിയിൽ ട്രാഫിക് ബ്ലോക്ക്, അപകടം, പ്രശ്നം എന്നു മാത്രമല്ല, കോട്ടപ്പുറമൊക്കെ നമുക്ക് നേരിട്ട് അറിയാം. അവിടെ ഈ ചെക്കിംഗ് നടക്കുന്നില്ല. അപ്പോൾ എന്തുചെയ്തു എന്നുവച്ചാൽ പോർട്ടിൽ ചെക്ക്പോസ്റ്റ് സ്ഥാപിക്കാൻ സമ്മതിക്കില്ല. പേര് മാറ്റി. ഫെസിലിറ്റേഷൻ സെന്റർ എന്നുപറഞ്ഞ് ഒരു സെന്റർ സ്ഥാപിച്ച് അവിടെനിന്ന് പുറത്തോട്ട് വരുന്ന എല്ലാ വാഹനത്തിന്റേയും പരിശോധന അവിടെവച്ച് നടത്തുന്നു. അതുകൊണ്ട് ഇവിടെ ഒരു പ്രത്യേക ഇന്റേണൽ ചെക്ക്പോസ്റ്റ് വയ്ക്കുന്നതിന് ന്യായീകരണമില്ല എന്നുള്ള നിഗമനത്തിലാണ് ഡിപ്പാർട്ട്മെന്റ് എത്തിയത്. അതുകൊണ്ടാണ് അവ ഇല്ലാതാക്കിയത്. അത് തുടർന്നുകഴിഞ്ഞാൽ വാഹനഗതാഗത തടസ്സമെന്നല്ലാതെ വേറെ ഗുണമൊന്നും അതുകൊണ്ടില്ലെന്ന് വളരെ വ്യക്തമാണ്. ജി.എസ്.ടി.-യെ സംബന്ധിച്ച് ഞാൻ ഇവിടെ ചർച്ചയിൽ പരാമർശിക്കുകയുണ്ടായി. അത് ഒന്നുകൂടി വ്യക്തമാക്കുകയാണ്. ആദ്യം വാറ്റിനെ എതിർത്തതിനെക്കുറിച്ച്, ഈ നിയമസഭയിൽ എന്റെ ഏറ്റവും നീണ്ട രണ്ടു പ്രസംഗങ്ങൾ വാറ്റിനെക്കുറിച്ചായിരുന്നു. അതിലെ വാദങ്ങളിൽനിന്ന് ഞാൻ മാറിയിട്ടില്ല. അഭിപ്രായവ്യത്യാസങ്ങളുണ്ട്. വാറ്റ് മോശം നികുതി സമ്പ്രദായം ആയതുകൊണ്ടല്ല. ഇൻഡ്യാരാജ്യത്തെ സംസ്ഥാനത്തിനുള്ള വിവേചനാധികാരം, ഏക വിവേചനാധികാരം അത് പൂർണ്ണമായിട്ട് ഇല്ലാതാകുകയാണ്. അത് ഗൗരവമായ പ്രശ്നമായിട്ട് കാണുന്നു. കാണാത്തവരുണ്ടെങ്കിൽ അത് പ്രശ്നമല്ല. ഞാൻ ഗൗരവമായിട്ട് കാണുന്നു. എന്നാൽ വാറ്റിലേക്ക് പോയിക്കഴിഞ്ഞു. ആ വാറ്റ് നന്നായിട്ട് നടത്തി എങ്ങനെ നികുതി പിരിക്കാൻ പറ്റും? അത് ചെയ്യും. രണ്ട്, വാറ്റിന്റെ പ്രിൻസിപ്പൽ തന്നെയാണ് ജി.എസ്.ടി.- വാറ്റിൽനിന്ന് ജി.എസ്.ടി.-യിലേക്ക് മൈഗ്രേറ്റ് ചെയ്തു കഴിഞ്ഞാൽ കേരളത്തിന് ചില പ്രത്യേക നേട്ടമുണ്ടാകും. അതുകൊണ്ട് വാറ്റിനെ എതിർത്തെങ്കിലും ഇപ്പോൾ ജി.എസ്.ടി.-യിലേയ്ക്കുള്ള നീക്കത്തിന് കേരളം ഏറ്റവും മുന്നിൽനിന്ന് പ്രവർത്തിക്കുന്നു. അതാണ് വ്യത്യാസം. അങ്ങനെയാണ് ജി.എസ്.ടി.-യെ നമ്മൾ സ്വാഗതം ചെയ്തത്. എന്നാൽ ഇപ്പോൾ ഭരണഘടനാ ഭേദഗതിക്കുള്ള കരട് അയച്ചുതന്നിട്ടുണ്ട്. പാർലമെന്റിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ പാസാക്കണം. മൂന്നിൽരണ്ടു സംസ്ഥാന നിയമസഭകൾ പാസാക്കണം. എങ്കിലേ നമുക്ക് ഈ ഭരണഘടനാ ഭേദഗതി കൊണ്ടുവരാൻ പറ്റൂ. കേന്ദ്രവും സംസ്ഥാനവും ഒരുമിച്ച് പിരിക്കുന്ന നികുതി ഇന്നില്ല. അപ്പോൾ പുതിയ ഭരണഘടന വ്യവസ്ഥ കൊണ്ടുവരണം. കേന്ദ്രവും സംസ്ഥാനവും ഒരുമിച്ച് പിരിക്കുന്ന ഒരു നികുതി, അല്ലെങ്കിൽ രണ്ടും രണ്ട് ലിസ്റ്റാണ്. അതാണ് ജി.എസ്.ടി.-പക്ഷേ, രണ്ടു പേരും കൂടി ചേർന്നാണ് അഡ്മിനിസ്റ്റർ ചെയ്യുന്നത്. അതിന് ആദ്യം വച്ച പ്രൊപ്പോസൽ യൂണിയൻ ഫിനാൻസ് മിനിസ്റ്റേഴ്സ് കൗൺസിൽ എന്നുള്ളതാണ്. അത് നമുക്ക് സ്വീകാര്യമല്ലെന്ന് പറഞ്ഞു. അങ്ങനെ യൂണിയൻ ഫിനാൻസ് മിനിസ്റ്ററുടെ കീഴിൽ ഒരു സംഘമായി നിൽക്കാൻ പറ്റില്ല. ഇത് സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ത്തിനും കേന്ദ്രത്തിനും തുല്യ അവകാശമുള്ള കാര്യമാണ്. അതിപ്പോൾ അംഗീകരിച്ചിരിക്കുന്നു. ഇന്ന് ഫിനാൻസ് മിനിസ്റ്റേഴ്സ് കൗൺസിലല്ല, ജി.എസ്.ടി.-കൗൺസിലാണ്. പക്ഷേ, അതിന്റെ ചെയർമാൻ യൂണിയൻ ഫിനാൻസ് മിനിസ്റ്ററാണ്. മിനിമം ഒരു സംസ്ഥാന ധനകാര്യ വകുപ്പു മന്ത്രിയോ രണ്ട് പേരോ അതിന്റെ വൈസ് ചെയർമാൻമാരായി വരണം. എന്താണ് വേണ്ടതെന്നുള്ളത് സംസ്ഥാന ധനമന്ത്രിമാരുടെ സമ്മേളനം ചർച്ച ചെയ്യും. പക്ഷേ, കൂടുതൽ ഗൗരവമായിട്ടുള്ള കാര്യമെന്താണ് ? ഈ കൗൺസിൽ കൂടിക്കഴിഞ്ഞാൽ ഭൂരിപക്ഷമല്ല തീരുമാനം. ഭൂരിപക്ഷം തീരുമാനിച്ചാലും കേന്ദ്ര സർക്കാരിന്റെ ധനകാര്യ വകുപ്പുമന്ത്രിയുടെ സമ്മത മുണ്ടെങ്കിലേ പറ്റൂ. അത് ശരിയാകില്ല. നികുതിയുടെ കാര്യത്തിൽ മൂന്നിൽ രണ്ട് ഭാഗം സംസ്ഥാനങ്ങൾ ഒരുമിച്ച് ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അത് കേന്ദ്രം അംഗീകരിച്ച് തരണ്ടേ ? അങ്ങനെ ഏകപക്ഷീയമായി വീറ്റോ അധികാരം സംസ്ഥാനത്തിന്റെ ഒരു അധികാരത്തിൽ വിട്ടുവീഴ്ച ചെയ്യുമ്പോൾ കൊണ്ടുവരുന്നത് ശരിയാകില്ല. മറ്റ് സംസ്ഥാനങ്ങളുമായി ട്ടൊക്കെ ചർച്ച ചെയ്ത് അവരുടെകൂടി അഭിപ്രായങ്ങൾ അറിഞ്ഞതിനുശേഷം മാത്രമേ കേരള സംസ്ഥാനം തീരുമാനമെടുക്കൂ. കേരള സംസ്ഥാനത്തിന് കഴിഞ്ഞ ദിവസമാണ് കിട്ടിയത്. മന്ത്രിസഭ പോലും പരിഗണിച്ചിട്ടില്ല. എങ്കിലും ഇഷ്യൂസ് എന്താണെന്ന് ഞാൻ ഇവിടെ വ്യക്തമാക്കുകയാണ്. പെട്രോളിന്റെ വിലയുടെ കാര്യത്തിൽ, കേരളത്തിലാണ് പെട്രോളിന് ഉയർന്ന വില. പക്ഷേ, ഇതൊന്നും ഞാൻ കൊണ്ടുവന്നതല്ല. നിങ്ങൾ കഴിഞ്ഞ പ്രാവശ്യം അധികാ രത്തിൽ വരുമ്പോൾ ഡീസലിന് 20 ശതമാനമായിരുന്ന നികുതി നിങ്ങൾ 24 ശതമാനമാക്കി ഉയർത്തി. പെട്രോളിന് 23 ശതമാനമായിരുന്ന നികുതി 28 ശതമാ നമായി ഉയർത്തി. ഒരു സിംഗിൾ പോയിന്റിൽ 3-4-2002 മുതൽ 11-4-2002 വരെ ബഡ്ജറ്റിൽ 44 ശതമാനമായി ഉയർത്തി. അത് കുറച്ചു. കുറയ്ക്കേണ്ടിവന്നു. 44 ശതമാനമെന്ന് പറയുന്നത് absurd ആണ്. അപ്പോൾ നിങ്ങൾക്ക് ആകെ എന്നോട് ആരോപിക്കാൻ പറ്റുന്നത്, ഞങ്ങൾ കൂട്ടിയ നികുതി നിങ്ങൾ കുറയ്ക്കുന്നില്ലെന്ന് മാത്രം. സംസ്ഥാനത്ത് കിട്ടുന്ന ഇൻക്രിമെന്റൽ ടാക്സ് വേണ്ടെന്ന് വയ്ക്കണമെന്ന വാശിയുണ്ടെങ്കിൽ ഏറ്റവും ലളിതമായ രീതിയെന്താണ് ? ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്നത് കമ്പനികളുടെ നഷ്ടം നികത്താൻ വേണ്ടി വില വർദ്ധിപ്പിച്ചു. ഞങ്ങൾക്ക് എതിർപ്പാണെങ്കിലും മനസ്സിലാക്കാം. അന്തർദേശീയമായി വില കൂടിയിട്ടില്ലെ ന്നുള്ള വാദങ്ങളൊക്കെ ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളതാണ്. അതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. പക്ഷേ, അതിനുമുൻപ് കഴിഞ്ഞ ബഡ്ജറ്റിൽ വില കൂട്ടിയതിന് എന്തടിസ്ഥാനം ? കേന്ദ്ര സർക്കാരിന് വരുമാനം വേണം, പെട്രോളിന് വില കൂട്ടി. അതല്ലേ ചെയ്തത് ? കമ്പനികൾക്ക് വേണ്ടിയല്ലല്ലോ ? വില കുറയണമെങ്കിൽ ഒറ്റ കാര്യമേയുള്ളൂ, സംസ്ഥാന ങ്ങൾക്ക് അധിക നികുതിയൊന്നും കൊടുക്കണ്ട. കേന്ദ്ര സർക്കാർ കഴിഞ്ഞ ബഡ്ജറ്റിൽ ഏർപ്പെടുത്തിയ നികുതി പിൻവലിക്കണം. അതല്ലേ വേണ്ടത് ? കമ്പനികളുടെ നഷ്ടം നികത്താൻ വേണ്ടി വില വർദ്ധിപ്പിച്ചുവെന്ന വാദം ഞങ്ങൾ അംഗീകരിച്ചില്ലെങ്കിലും വാദമുണ്ട്. കേന്ദ്ര സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കസ്റ്റംസ് ഡ്യൂട്ടിയും എക്സൈസ് ഡ്യൂട്ടിയും വർദ്ധിപ്പിച്ചത് പിൻവലിച്ചാൽ പ്രശ്നം തീർന്നല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : കേന്ദ്ര ഗവൺമെന്റ് കസ്റ്റംസ് ഡ്യൂട്ടിയും എക്സൈസ് ഡ്യൂട്ടിയും കുറച്ചു, ഉത്തേജന പാക്കേജനുസരിച്ച് കുറച്ചു. രണ്ടാമത്, റെസഷനെ വല്ലാതെ ബാധിക്കാതെ വന്നപ്പോൾ താൽക്കാലികമായിരുന്നു, അത് പുനഃസ്ഥാപിച്ചു. 2008-ൽ കേന്ദ്ര ഗവൺമെന്റ് പെട്രോളിനും ഡീസലിനും വില കുറച്ചപ്പോൾ അതുകൊണ്ട് സംസ്ഥാനത്തിന്റെ വരുമാനം കുറയുന്നു എന്നുപറഞ്ഞ് താങ്കൾ 2009 ഫെബ്രുവരി മാസത്തിൽ പെട്രോളിന് 2.98 ശതമാനവും ഡീസലിന് 2.20 ശതമാനവും വർദ്ധിപ്പിച്ചു. അത് ഇപ്പോൾ കുറയ്ക്കുമോ ? അത് കുറയ്ക്കാതെ നിങ്ങൾ അവിടത്തെ കാര്യം പറയുന്നതിൽ എന്താണ് അർത്ഥം? വെസ്റ്റ് ബംഗാൾ 12 ശതമാനം ഡീസലിന് ടാക്സ് വാങ്ങുമ്പോൾ അവർ കുറച്ചുകൊണ്ടുവന്നതാണ്. താങ്കൾ വർദ്ധിപ്പിക്കുകയാണ്. 2009 ഫെബ്രുവരിയിൽ വർദ്ധിപ്പിച്ചതെങ്കിലും കുറയ്ക്കാൻ തയ്യാറാകുമോ ?

ഡോ. തോമസ് ഐസക് : 2009 ഫെബ്രുവരി 3-ന് ഈ പറഞ്ഞ രീതിയിൽ പെട്രോളിന്റെ വില കേന്ദ്രം കുറച്ചപ്പോൾ ഇവിടത്തെ നികുതി നിരക്ക് നഷ്ടം വരാതിരിക്കാൻ കൂട്ടി എന്നുള്ളതാണ് ശ്രീ. ആര്യാടൻ മുഹമ്മദ് കണ്ട കാര്യം. അതിന് മുൻപ് എന്താണ് ചെയ്തത് ? 6-7-2008-ന് 24.69 രൂപ ആയിരുന്നു ഡീസലിന്റെ നികുതി. അത് 22.49 രൂപ ആയി കേരളം കുറച്ചു. പെട്രോളിന് മേലുള്ള നികുതി 29.1 രൂപ ആയിരുന്നു അത് 26.3 രൂപ ആയി കുറച്ചു. കാരണമെന്താണ് ? കേന്ദ്ര സർക്കാർ വില വർദ്ധിപ്പിച്ചു. അപ്പോൾ ഇൻക്രിമെന്റൽ നികുതി വേണ്ടെന്ന് വച്ചു. ശ്രീമതി സോണിയാഗാന്ധിയും പ്രധാനമന്ത്രിയും അഭ്യർത്ഥിച്ചു. കോൺഗ്രസ് സംസ്ഥാനങ്ങൾ കുറച്ചില്ല. ഡൽഹി കുറച്ചത് പാചകവാതകത്തിന്റെമേലുള്ള നികുതി മാത്രം. ആന്ധ്രാപ്രദേശ് കുറച്ചത് ഡീസലിന് മേലുള്ള നികുതി മാത്രം. അതേസമയം കേരളം രണ്ടിലും കുറച്ചു. കേന്ദ്ര സർക്കാർ വില വീണ്ടും കുറച്ചപ്പോൾ പഴയ നിരക്കിലേക്ക് മാറ്റി. അതാണ് വില കൂട്ടിയെന്ന് പറയുന്നത്. ഒരു കാര്യം ഞാൻ വ്യക്തമാക്കട്ടെ, കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് വർദ്ധിപ്പിക്കണമെന്ന് പറഞ്ഞ നികുതി വർദ്ധിപ്പിച്ചിരുന്നെങ്കിൽ ഈ വർഷം 1500 കോടി രൂപ കിട്ടുമായിരുന്നു. ജി.എസ്.ടി. തുടങ്ങുന്നതിന് കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ഒരു പ്രധാന തർക്കം എന്തായിരുന്നു എന്നറിയാമോ ? വാറ്റ് ഒരു ശതമാനം കൂട്ടണം. അങ്ങനെ സി.എസ്.ടി. കുറച്ച് നഷ്ടം നികത്തണമെന്നായിരുന്നു കേന്ദ്ര സർക്കാർ നിലപാട്. ഇത് ആന്ധ്രാപ്രദേശ് നടപ്പിലാക്കി. രണ്ട് ശതമാനം കൂട്ടി. ഗുജറാത്ത് രണ്ടര ശതമാനം കൂട്ടി.

ശ്രീ. പി. സി. ജോർജ് : അങ്ങ് പറഞ്ഞ അഭിപ്രായത്തോട് മുഴുവൻ യോജിച്ചുകൊണ്ട് നമ്മളെല്ലാവരും എപ്പോഴും മാതൃകയായി സ്വീകരിക്കുന്നത് ബംഗാളാണല്ലോ ? ബംഗാൾ ഗവൺമെന്റ് എടുത്ത സമീപനം അങ്ങ് സ്വീകരിക്കുമോ ?

ഡോ. തോമസ് ഐസക്: ബംഗാൾ ഗവൺമെന്റ് ഇപ്പോൾ എടുത്ത സമീപനമല്ല. ചില പ്രദേശങ്ങളിൽ ചില നികുതികൾ വളരെ താഴ്ന്നതാണ്.

ബംഗാളിൽ പണ്ട് മുതലേ ഇതാണ്. കേരളത്തിൽ ഇന്നല്ല, പണ്ട് മുതലേ ഇങ്ങനെയാണ്. ആ നികുതിഘടനയിൽ അഴിച്ചുപണിയൊന്നും നടത്താൻ നമ്മൾ ഉദ്ദേശിക്കുന്നില്ല. കാരണം നമ്മുടെ ബഡ്ജറ്റ് അതിനെ ആസ്പദമാക്കി വരുന്നതാണ്. നാല് ശതമാനം തുണിയുടെ മേൽ നികുതി വേണമെന്ന് പറഞ്ഞു. ഏർപ്പെടുത്തിയില്ലല്ലോ ? കാരണം എന്താണ് ? വിലക്കയറ്റമുള്ളതുകൊണ്ട്. വിലക്കയറ്റത്തിന്റെ നാളിൽ കേന്ദ്ര സർക്കാർ പറഞ്ഞാലും വാറ്റ് നികുതി കൂട്ടില്ല. ടെക്സ്റ്റൈലിന്റെ മേൽ നികുതി കൂട്ടില്ല എന്ന് തീരുമാനിച്ച സർക്കാരാണിത്. ഇവിടെ പലരും രാഷ്ട്രീയം ഒരുപാട് ചർച്ച ചെയ്തു.

ശ്രീ. പി. സി. ജോർജ് : ലിസ് ചാക്കോ ദൃശ്യ മാധ്യമങ്ങളിലൂടെയും മാധ്യമങ്ങളിലൂടെയും പ്രചരണം നടത്തി കോടിക്കണക്കിന് രൂപ തട്ടിക്കൊണ്ടുപോയ കക്ഷിയാണ്. ബഹുമാനപ്പെട്ട പി.സി. വിഷ്ണുനാഥ് പറഞ്ഞ കാര്യമാണ്. ലിസ് ചാക്കോ ജ്യോതിസ് എന്ന പേരിൽ വീണ്ടും കള്ളക്കച്ചവടം തുടങ്ങുകയാണ്. എന്തുകൊണ്ട് അങ്ങേയ്ക്ക് ഇതിനെതിരെ നിയമപരമായി നടപടിയെടുക്കാൻ സാധിക്കുന്നില്ല ? സാമ്പത്തിക ആരോപണമല്ല ? സാമ്പത്തിക ക്രൈമാണ്. അങ്ങ് ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ? ഇതുപോലെയുള്ള കള്ളക്കച്ചവടക്കാരുടെ പ്രചരണം കൊടുക്കാൻ പാടില്ലെന്ന് മാധ്യമങ്ങളെയും ബോദ്ധ്യപ്പെടുത്തണം.

ഡോ. തോമസ് ഐസക് : ഞാൻ അത് പരിശോധിച്ച് നാളെ പറയാം.

പ്രൊഫ. എൻ. ജയരാജ്: അപ്പലേറ്റ് അതോറിറ്റിയുടെ സ്റ്റാമ്പ് ഡ്യൂട്ടി സെറ്റ് ഓഫ് ചെയ്യുന്ന കാര്യം സൂചിപ്പിച്ചിരുന്നു. കഴിയുമെങ്കിൽ അത് പരിഗണിക്കണം.

ഡോ: തോമസ് ഐസക് : സർ, ഇല്ല. ജി.എസ്.ടി.-യിൽ നിന്ന് സ്റ്റാംപ് ഡ്യൂട്ടി മാറ്റി വയ്ക്കണമെന്നാണ് കേരളം തീരുമാനിച്ചിട്ടുള്ളത്. ലോട്ടറിയുടെ റെഗുലേഷൻ ഇപ്പോൾ തന്നെ തീർത്തേയ്ക്കാം, നാളത്തേയ്ക്ക് ബാക്കി വയ്ക്കണ്ടല്ലോ. ശ്രീ. കെ. ബാബുവിന്റെ കൈയിലെ കടലാസിൽ അഞ്ചാമത്തെ ക്ലോസ്. Procedure to prohibit the sale of lottery tickets by the Central Government. If a State Government is of opinion that the Organising State Government or their distributors/sole selling agents are organising lotteries in violation of the provisions of the Act and these Rules, it shall immediately bring it to the notice of the Organising State Government concerned along with the details of such violations/ irregularities noticed. The Central Government shall also be apprised of such violations/irregularities simultaneously; (2) Organising State Government shall send a suitable response on the issues raised by the State Government under Sub Rule 1, within a period of 30 days of the receipt of communication. (4) The Central Government shall after giving reasonable opportunity to Organising State of being heard either

LIBRARY ARCHIVES Kerala Legislative Assembly

in writing or person, take the final decision whether action is required to be taken, if any, against the lottery scheme of the Organising State. ഇതാണ് വ്യവസ്ഥ. ഇത് വളരെ കൃത്യമായിട്ട് എഴുതിവച്ചിരിക്കുന്നതിനെ കുറിച്ച് എന്താണ് ഇത്ര തർക്കമെന്ന് എനിക്ക് മനസിലാകുന്നില്ല.

ശ്രീ. കെ. സി. ജോസഫ് : സർ, ഇത്രയും വായിച്ച സ്ഥിതിക്ക് എന്നാണ് കേരള ഗവൺമെന്റ് കത്ത് അയച്ചത്, മറുപടി കിട്ടിയോയെന്ന് അറിയിക്കാമോ ?

